അധികാരം ജനങ്ങളിലേക്ക്

കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട്







ആവലംബം : വിദ്യാഭ്യാസവകുപ്പ്, സെന്സസ്

20-3

"എന്റെ ജീവിതമാണ്
എന്റെ സന്ദേശം"



ബഹു. കേരള മുഖ്യമന്ത്രി
ഇ. കെ. നായനാർ

ജെ. മേഴ്സിക്കുട്ടിഅമ്മ
M.L.A



എൻ. കെ. പ്രേമചന്ദ്രൻ
M.P.



എം. ജോസുകുട്ടി
ജില്ലാവികസന സ്റ്റാന്റിംഗ്
കമ്മിറ്റി ചെയർമാൻ



കെ. കെ. ബ്രഹ്മനന്ദൻ
ബ്ലോക്ക് പഞ്ചായത്ത്
വൈസ് പ്രസിഡന്റ്

അമ്മിണി വർഗ്ഗീസ്
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

കിഴക്കേ കല്ലട പഞ്ചായത്ത് ഭരണസമിതി

ജയദേവി മോഹനനൻ
പ്രസിഡന്റ്



സി. ജി. ഗോപുകൃഷ്ണൻ
വൈസ് പ്രസിഡന്റ്



വി. ദയാനന്ദൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



കെ. ജി. വർഗ്ഗീസ്
മെമ്പർ



മഠത്തിൽ എം.
ഗോപാലകൃഷ്ണപിള്ള
മെമ്പർ

റ്റി. വത്സലകുമാരി
മെമ്പർ

വൈ. സാമുവൽ
മെമ്പർ



സി. ബാബു
മെമ്പർ



ജോളി വർഗ്ഗീസ്
മെമ്പർ

രമണി സുരേന്ദ്രൻ
മെമ്പർ

എഡിറ്റോറിയൽ

സുഹൃത്തുക്കളെ!

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി ചേർന്ന ഗ്രാമസഭകളിലും വാർഡ് കൺവൻഷനുകളിലുമായി ഏതാണ്ട് 30 ലക്ഷം ജനങ്ങൾ പങ്കെടുത്തു എന്നാണ് പ്രാഥമിക വിലയിരുത്തൽ സൂചിപ്പിക്കുന്നത്. വികസന പ്രശ്നങ്ങൾ ചർച്ചചെയ്യുവാൻ ഇത്രയധികം ജനങ്ങൾ ഒത്തുകൂടിയ ഒരു സന്ദർഭം ഇതിനുമുൻപ് കേരളത്തിൽ ഉണ്ടായിട്ടില്ല. ഒരു ജനതയുടെ തീക്ഷ്ണമായ ജനാധിപത്യ വികാരത്തിന്റെ മാറ്റുരച്ച ഈ സംരഭത്തിൽ കല്ലട ഗ്രാമത്തിലെ ജനങ്ങളും അണിചേർന്നു. ഈ ഒത്തുകൂടലിൽ നിന്നും പുറത്തുവന്ന അവരുടെ ഉൽക്കടമായ ചിന്താശക്തിയുടെയും ഇച്ഛാശക്തിയുടെയും പ്രതിഫലനമാണ് ഈ വികസന റിപ്പോർട്ടിലെ പ്രതിപാദ്യം. ഈ പുസ്തകം നിങ്ങളുടെ സവിശേഷമായ പരിഗണനയ്ക്ക് സവിനയം സമർപ്പിക്കുന്നു.

ഈ പുസ്തകം തയ്യാറാക്കുന്നതിൽ ഒട്ടേറെ പേർ ഞങ്ങളോട് സഹകരിച്ചിട്ടുണ്ട്. ഒരോരുത്തരുടേയും പേരുകൾ എടുത്തു പറയുവാൻ കഴിഞ്ഞിട്ടില്ല. അവരോടെല്ലാമുള്ള നിസീമമായ കൃതജ്ഞത രേഖപ്പെടുത്താൻ ഈ അവസരം ഉപയോഗിച്ചുകൊള്ളട്ടെ.

ചീഫ് എഡിറ്റർ

എ. ജി. ശ്രീകണ്ഠൻ നായർ

എഡിറ്റോറിയൽ ബോർഡ്

കെ. തങ്കപ്പൻ ഉണ്ണിത്താൻ
പി. ബാബു
കെ. എസ്. നാരായണൻ
അന്തേൽ സദാനന്ദൻ

കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട്

ഉള്ളടക്കം

ആമുഖം

സാമൂഹ്യ സാംസ്കാരിക ചരിത്രം

ഭൂപ്രകൃതി ജനപ്രകൃതി

വിവിധ വികസന റിപ്പോർട്ടുകൾ

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
3. വ്യവസായം
4. വിദ്യാഭ്യാസം
5. കുടിവെള്ളവും പൊതുജനാരോഗ്യവും
6. ഗതാഗതവും ഊർജ്ജവും
7. പാർപ്പിടവും സാമൂഹ്യക്ഷേമവും
8. സംസ്കാരം
9. വനിത
10. സഹകരണം
11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
12. വിഭവസമാഹരണം

ഉപസംഹാരം

ആമുഖം

ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു പൊളിച്ചെഴുത്തിന് വഴിതുറക്കുന്ന നൂതനസംരഭമാണ് സംസ്ഥാനസർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും ചേർന്ന് രൂപം നൽകി നടപ്പിലാക്കിവരുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനം. പുത്തൻ വികസന സംസ്ക്കാരത്തിന് രൂപം നൽകുന്ന ഈ പ്രസ്ഥാനം നിലവിലുള്ള മാമൂലുകൾ വിട്ട് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും പ്രേരിതമാക്കുന്നതാണ്. ഓരോ പ്രദേശത്തിന്റേയും സമഗ്രവികസനം ആ പ്രദേശവുമായി ബന്ധപ്പെട്ട ഭൂപ്രകൃതി, കാലാവസ്ഥ, വിഭവലഭ്യത എന്നിവയിൽ അടിസ്ഥാനപ്പെടുത്തി കാണുവാനും പരമാവധി ജനങ്ങളെ ഈ കാര്യങ്ങളുമായി ബന്ധപ്പെടുത്തുവാനും ഈ സംരഭത്തിന് കഴിഞ്ഞിട്ടുണ്ട്. ഭരണകർത്താക്കളും ഉദ്യോഗസ്ഥൻമാരും യജമാനന്മാരല്ലെന്നും യഥാർത്ഥ അധികാരം ജനങ്ങളിലാണെന്നുമുള്ള ബോധം ശക്തിപ്പെടുത്തുവാനും അതുവഴി സന്നദ്ധ പ്രവർത്തനങ്ങൾ തന്റെ നാടിന് തുറന്ന മനസ്സാലെ വിനിയോഗിക്കാനുള്ള ഉൾക്കരുത്ത് സാധാരണ ജനതയിൽ ഉണ്ടാക്കുവാൻ ഈ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ജനസംഖ്യയിലെ 50 ശതമാനത്തിൽ കുടുതലുള്ള സ്ത്രീകളുടെ പ്രശ്നങ്ങൾ വിശാലാടിസ്ഥാനത്തിൽ കാണാനും അവർ സാമൂഹ്യ, സാമ്പത്തിക, സാംസ്ക്കാരിക മാറ്റങ്ങളിൽ പ്രേരകശക്തിയാണെന്നു വരുത്തുന്നതിലും ഈ പ്രസ്ഥാനം വിജയിച്ചിട്ടുണ്ട്.

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കിഴക്കേകല്ലട പഞ്ചായത്തിൽ ഗ്രാമസഭകൾ വിജയകരമായി വിളിച്ചു ചേർക്കുവാൻ കഴിഞ്ഞു. അതിന്റെ മുന്നോടിയായി പഞ്ചായത്ത് കമ്മിറ്റികൾ നിർദ്ദേശിച്ച ആറ് പേർക്ക് ജില്ലാതല പരിശീലനം ചിറ്റുമല ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ മൂന്ന് ദിവസമായി നടത്തി. തുടർന്ന് ഓരോ വാർഡിലും ഗ്രാമസഭകൾ വിജകരമായി നടത്തുന്നതിനായി ഒരോ വാർഡിൽ നിന്നും 4 പേരെ വീതം തെരഞ്ഞെടുത്ത് വിപുലമായി ഏകദിന സെമിനാർ നടത്തി തുടർന്ന് വാർഡുതലത്തിൽ സ്വാഗതസംഘങ്ങൾ രൂപികരിച്ചു. സ്വാഗതസംഘത്തിലെ ജനപങ്കാളിത്തവും ചർച്ചകളും ഗ്രാമസഭകളുടെ വിജയം ഉറപ്പാക്കുന്നവയായിരുന്നു. ഗ്രാമസഭകൾക്ക് ആവശ്യമായ ധനം സമാഹരിക്കുവാൻ സ്വാഗതസംഘങ്ങൾക്ക് കഴിഞ്ഞതും, ജനങ്ങൾക്ക് ഈ സംരഭത്തോടുള്ള ഉത്കടമായ താത്പര്യം പ്രകടമാക്കുന്നവയായിരുന്നു. പ്രചരണരംഗത്ത് നൂതന സമ്പ്രദായങ്ങൾ ആവിഷ്ക്കരിക്കുകയും, കുടുംബയോഗങ്ങളും വിളംബരജാഥകളും സ്കാഡ് പ്രവർത്തനങ്ങളും ഗ്രാമസഭകൾക്ക് മുൻപ് നടത്തകയും ചെയ്തു.

പിന്നീട് നടന്ന ഗ്രാമസഭകൾ അക്ഷരാർത്ഥത്തിൽ ആവേശകരവും ക്രീയാത്മകവും ആയിരുന്നു. ഗ്രാമസഭകളുടെ പഞ്ചായത്തുതല ഉദ്ഘാടനം ബഹുമാനപ്പെട്ട കൊല്ലം പാർലമെന്റ് മെമ്പർ എൻ. കെ. പ്രേമചന്ദ്രൻ II-ാം വാർഡിൽ നിർവ്വഹിച്ചു. തുടർന്ന് നടന്ന ഗ്രാമസഭകളിൽ 200 മുതൽ 500 വരെ ജനപ്രതിനിധ്യമുണ്ടായിരുന്നു. 12 വിഷയങ്ങളിൽ 12 ഗ്രൂപ്പുകളായി അംഗങ്ങളുടെ പേര് രജിസ്റ്റർ ചെയ്ത് നടത്തിയ ഗ്രൂപ്പ് ചർച്ചകളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ടുകൾ തയ്യാറാക്കി. ഈ റിപ്പോർട്ടുകളുടെ ഉള്ളടക്കം കല്ലടയുടെ ഇന്നത്തെ യഥാർത്ഥമായ വിവരങ്ങളും, ആവശ്യങ്ങളും അതിനുള്ള വിദഗ്ധ പരിഹാര നിർദ്ദേശങ്ങളും ആയിരുന്നു. ആസൂത്രണ വിദഗ്ധർ ആ പ്രദേശത്തുകാർ തന്നെയാണെന്നതിന്റെ ഉത്തമ ഉദാഹരണങ്ങളായ അനേകം റിപ്പോർട്ടുകൾ ഇവയിൽ ഉർപ്പെടുന്നുണ്ട്. തുടർന്ന് ജില്ലാ റിസോഴ്സ് പേഴ്സൺസിന് 3 ദിവസത്തെ ക്ലാസ് രണ്ടാംഘട്ട പരിശീലനത്തിന്റെ ഭാഗമായി നടപ്പിലാക്കി.

രണ്ടാംഘട്ട പരിശീലനത്തിന് മുൻപ് തന്നെ ദ്വിതീയ സ്ഥിതിവിവരശേഖരണം കാര്യക്ഷമമായും സത്യസന്ധമായും പൂർത്തിയാക്കി. തുടർന്ന് വിഭവലഭ്യതയും ജലശ്രോതസും മനസിലാക്കുന്നതിന് പഠന പര്യടനം നടത്തുകയുണ്ടായി.

ഗ്രാമത്തിലെ അറിയപ്പെടാത്ത സമ്പത്തിന്റെ അക്ഷയപാത്രങ്ങൾ കണ്ടെത്തുവാനും യഥാർത്ഥ പ്രശ്നങ്ങൾ വസ്തുനിഷ്ഠമായി മനസ്സിലാക്കുവാനും ഈ പര്യടനം സഹായിച്ചു. തുടർന്ന് വിദഗ്ധരുടെ സഹായത്തോടെയും ഉദ്യോഗസ്ഥരുടെ സഹകരണത്തോടെയും വികസന റിപ്പോർട്ടുകൾ തയ്യാറാക്കി. വികസനസെമിനാറിന്റെ വിശദമായ പരിഗണനയ്ക്ക് സമർപ്പിക്കാൻ കല്ലടയുടെ സമഗ്രവികസനറിപ്പോർട്ട് തയ്യാറാക്കി. ഈ രേഖ കല്ലടയുടെ എക്കാലത്തേയും ഒരാധികാരിക രേഖയായി പരിണമിക്കും എന്ന് വിശ്വസിക്കുന്നു.

1995-96ലെ വരവ്

1.	കെട്ടിട നികുതി	152445.60
2.	സർവീസ് നികുതി	28199.50
3.	തൊഴിൽ നികുതി	127435.00
4.	വിനോദ നികുതി	10756.00
5.	അധികവിനോദ നികുതി	6676.00
6.	കാഴ്ച നികുതി	1718.00
7.	കാഴ്ചനികുതിയിന്മേലുള്ള സർച്ചാർജ്	429.00
8.	ചന്തയിൽ നിന്നുള്ള വരവ്	162593.00
9.	ലൈസൻസ് ഫീസ്	9700.00
10.	വസ്തു കൈമാറ്റ നികുതി	209902.00
11.	ഡിപ്പോസിറ്റ്	26017.00
	മറ്റുവരവ്	73642.65
	ആകെ	**809084.75**

1995-96ൽ ലഭിച്ച ഗ്രാന്റുകൾ

1.	ചെറുകിട ജലസേചന ഗ്രാന്റ്	10150.00
2.	ഗ്രാമീണ റോഡ് സംരക്ഷണഗ്രാന്റ്	40152.00
3.	വെഹിക്കൾ ടാക്സ് കോമ്പൻസേഷൻ ഗ്രാന്റ്	300497.00
4.	ഉപാധി രഹിത ഫണ്ട്	313155.00
	ആകെ	**663954.00**

1995-96ലെ ചെലവ്

1.	സ്ഥാപന ചെലവ്	524027.00
2.	പൊതുമരാമത്തുകൾക്കുള്ള ചെലവ്	75557.00
3.	വിദ്യാഭ്യാസ ചെലവ്	2450.00
4.	തെരുവു വിളക്കുകൾക്കുവേണ്ടി മാത്രമുള്ള ചെലവ്	100401.00
5.	മറ്റ് വൈദ്യുതി ചെലവ്	6700.00
6.	മറ്റിനം	4130.77.35
	ആകെ	**1122212.35**

പൊതുവിവരം

1. പഞ്ചായത്തിന്റെ പേര്	:	കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്
2. ഉൾപ്പെടുന്ന റവന്യൂ വില്ലേജുകളുടെ പേര്	:	കിഴക്കേകല്ലട
3. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	കിഴക്കേകല്ലട-മൺട്രോതുരുത്ത്
4. ബ്ലോക്ക് പഞ്ചായത്ത്	:	ചിറ്റുമല
5. താലൂക്ക്	:	കൊല്ലം
6. ജില്ല	:	കൊല്ലം
7. അസംബ്ലിമണ്ഡലം	:	കുണ്ടറ
8. വിസ്തീർണ്ണം	:	13.2 ച. കി. മീ.
9. ജനസംഖ്യ	:	21181 (1991 സെൻസസ്)
10. വാർഡുകളുടെ എണ്ണം	:	10 (പത്ത്)
11. അതിരുകൾ	:	കിഴക്ക് പവിത്രേശ്വരം പഞ്ചായത്ത് വടക്ക് കല്ലടയാറ് പടിഞ്ഞാറ് കല്ലടയാറ്, മൺട്രോതുരുത്ത് തെക്ക് പേരയം പഞ്ചായത്ത്.

ഗതകാല ഭരണ സാരഥികൾ

തീയതി	പ്രസിഡന്റ്	വൈസ്പ്രിസിഡന്റ്	കമ്മിറ്റിഅഗംങ്ങൾ
1-8-1953	ശ്രീ.കെ.കരുണാകരൻനായർ	ശ്രീ. പി. ഡാനിയൽ	ശ്രീ. പി. മാധവൻനായർ ,, വി. ഡാനിയൽ ,, എൻ. സദാനന്ദൻ ,, എൻ. ദിവാകരൻ ,, പി. മാധവൻ
20-12-1963	ശ്രീ. എൻ. സദാനന്ദൻ	ശ്രീ. ഒ.ജി. വർഗ്ഗീസ്	ശ്രീ.ബി. പരമേശ്വരൻപിള്ള ,, കെ. നാരായണപിള്ള ,, ഈ. ഗോപാലപിള്ള ,, എൻ. ദിവാകരൻ ,, പി. മാധവൻ ,, ജി. മാധവൻ നായർ ശ്രീമതി. കമലാദേവിയമ്മ ശ്രീ. എ. രാമൻപിള്ള

28-9-1979	ശ്രീ. എൻ. സദാനന്ദൻ	ശ്രീ.എം.ഗോപാലകൃഷ്ണപിള്ള	ശ്രീ. ആർ. ഗോപാലപിള്ള
			,, എൻ. ദിവാകരൻ
			,, കെ. തങ്കപ്പനുണ്ണിത്താൻ
			,, കെ. രാഘവൻ
			,, പി. കുഞ്ഞുമോൻ
			ശ്രീമതി. ഡി. മേരിക്കുട്ടി
			,, കെ. പ്രകാശിനി
16-6-1987	ശ്രീ.ഒ. ജി. വർഗ്ഗീസ്	ശ്രീ. ബി. രാജശേഖരൻ	ശ്രീ. കെ.സി. മേരിദാസൻ
			,, എം. കോശിവൈദ്യൻ
			ശ്രീമതി. ഇ. ലിറ്റിൽഫ്ലവർ
			ശ്രീ. പി. ബാബു
			,, കെ. സത്യവർമ്മൻ
			,, എം.വി. രാധാകൃഷ്ണൻനായർ
			,, കെ, രാഘവൻ
4-10-1995	ശ്രീമതി.ജയദേവീമോഹൻ	ശ്രീ. സി.ജി.ഗോപുകൃഷ്ണൻ	ശ്രീ, വി. ദയാനന്ദൻ
			ശ്രീ. കെ. ഗീവർഗ്ഗീസ്
			,, സി. ബാബു
			കുമാരി. ജോളിവർഗ്ഗീസ്
			,, റ്റി. വത്സലകുമാരി
			ശ്രീമതി. രമണീസുരേന്ദ്രൻ
			ശ്രീ. എം.ഗോപാലകൃഷ്ണപിള്ള
			,, വൈ. ശാമുവൽ

കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് സാമൂഹ്യ സാംസ്കാരിക ചരിത്രപശ്ചാത്തലം

കല്ലടയാറിന്റെ ഓരംപറ്റി ചരിത്രത്തിന്റെ തേരുരുൾപ്പാടുകൾ ഉണ്ടാക്കിയിട്ട മുറിപ്പാടുകൾ പേറിപേരുപോലെ ഇടതൂർന്ന ഗതകാല സ്മരണകളുമായി നിത്യഹരിതയായ ഗ്രാമം സ്വയം വിളിച്ചും വിളിക്കാതെയും പ്രകൃതിക്ഷോപങ്ങളുടെ ദുരന്തങ്ങൾ വർഷം തോറും ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട കുറെ ആളുകൾ ജീവിക്കുന്ന, ജീവിതം മറന്നുപോകുന്നവരുടെ കരിവാളിച്ച മുഖങ്ങൾ തിങ്ങിനിറഞ്ഞ ഈ ഗ്രാമത്തിന് കേരളത്തിന്റെയും ഇന്ത്യയുടെയും മുൻകാലചരിത്രവുമായി കെട്ടുപിണഞ്ഞുകിടക്കുവാനേ കഴിഞ്ഞിട്ടുള്ളൂ.

കല്ലടയുടെ ചരിത്രം ആധുനിക തിരുവിതാംകൂറിന്റെ സ്ഥാപകനായ മാർത്താണ്ഡവർമ്മയുമായി ബന്ധപ്പെട്ടുകിടക്കുന്നു. കല്ലട ദേശിങ്ങനാട്ടുരാജാവിന്റെ ആധീനതയിലായിരുന്നു. 1784 ൽ മാർത്താണ്ഡവർമ്മ മഹാരാജാവ് ദേശിങ്ങനാടിനെ ആക്രമിക്കുവാനുള്ള ഒരു കാരണം കല്ലടയുടെ അവകാശത്തർക്കമായിരുന്നു. തുടർന്നുണ്ടായ യുദ്ധത്തിൽ കായംകുളവും ഇളയിത്തുസ്വരൂപവും ദേശിങ്ങനാടിനോട് ചേർന്ന് മാർത്താണ്ഡവർമ്മയ്ക്ക് എതിരെ പടനയിച്ചു. താത്ക്കാലികമായി മാർത്താണ്ഡവർമ്മ യുദ്ധം നിറുത്തിവയ്ക്കേണ്ടിവന്നു. പിന്നീട് മാർത്ത, (കരുനാഗപ്പള്ളി) കായംകുളം, കൊട്ടാരക്കര എന്നീ നാട്ടുരാജ്യങ്ങൾക്കെതിരെ പടനയിച്ചു മുന്നേറിയ കാലത്ത് അദ്ദേഹം കല്ലടയിൽ താമസിച്ചിരുന്നു. വടക്കംകൂർ രാജാവിനെ പടയിൽ തോൽപ്പിച്ച മാർത്താണ്ഡവർമ്മ വടക്കംകൂർ രാജാവിനെ കല്ലടയിൽ കൊണ്ടുവന്നു പാർപ്പിച്ചു. പടയിൽ തോൽക്കുന്ന രാജാക്കന്മാരെ വീണ്ടും സൈനിക ശേഖരണം നടത്തുന്നതിൽ നിന്നും തടയുവാനാണ് അദ്ദേഹം ഇതുപോലെ ഗ്രാമങ്ങളിൽ പാർപ്പിച്ചിരുന്നത്. അദ്ദേഹത്തിന് ആരാധന നടത്തുവാൻ ആരാധനാമൂർത്തിയില്ലാത്തതിനാൽ ഒരു ക്ഷേത്രം പണിയുവാൻ മാർത്താണ്ഡവർമ്മ തീരുമാനിച്ചു. രാമയ്യൻ ദളവയുടെ നിർദ്ദേശപ്രകാരം പണികഴിപ്പിച്ച ക്ഷേത്രമാണ് ചിരപുരാതനമായ മാർത്താണ്ഡപുരം ക്ഷേത്രം. മാർത്താണ്ഡവർമ്മ പണികഴിപ്പിച്ചതിനാലാണ് ഈ പേര് ക്ഷേത്രത്തിന് കിട്ടിയത്. ഇതേ തുടർന്ന് ക്ഷേത്രത്തിന്റെ തെക്കുവശത്ത് മനോഹരമായ ഒരു കൊട്ടാരവും ഒരു കുളിക്കടവും പണികഴിപ്പിച്ചു. ഈ കുളം കോയിയ്ക്കൽ നീരാഴി എന്ന് ഇപ്പോഴും അറിയപ്പെടുന്നു.

മാർത്താണ്ഡവർമ്മ ഒളിവിൽ കഴിഞ്ഞ കാലത്ത് കല്ലടയ്ക്ക് സമീപത്തുള്ള ചെറുപൊയ്കയിൽ ഒരു ബ്രാഹ്മണ കുടുംബത്തിൽ വിശന്ന് ക്ഷീണിതനായി കയറിച്ചെന്ന്, തനിക്ക് എന്തെങ്കിലും ഭക്ഷണം തരണമെന്ന് വീട്ടുകാരോട് അഭ്യർത്ഥിച്ചു. ആ നിർധന കുടുംബത്തിൽ ഒരു സ്ത്രീ മാത്രമേ ഉണ്ടായിരുന്നുള്ളു. അവർ ഉടൻതന്നെ കുറച്ച് കൂവരക് ഇടിച്ച് പൊടിച്ച് കാടി ഉണ്ടാക്കികൊടുത്തു. പരവശനായ രാജാവ് പ്ലാവിലകൊണ്ട് കാടി നടുക്കുന്ന് ചൂടോടെ കോരിവായിലൊഴിച്ചു. ഇതുകണ്ട ആ സ്ത്രീ ആളാരാണെന്നറിയാതെ കതക് മറഞ്ഞു നിന്നുകൊണ്ട് പറഞ്ഞു. "മാർത്താണ്ഡവർമ്മ നാടു പിടിക്കുന്നത് പോലെ അല്ല കാടിക്കുടിക്കുന്നത്" എന്ന്. ഈ ഉപദേശം രാജാവിന്റെ പിൽക്കാലത്തുള്ള ആക്രമണ തന്ത്രങ്ങളെ വളരെ സ്വാധീനിച്ചു എന്നാണ് പറയപ്പെടുന്നത്. പിന്നീട് രാജാവായി തീർന്ന മാർത്താണ്ഡവർമ്മ ഈ ഇല്ലത്ത് വരുകയും 100 ഏക്കർ കരപ്പുരയിടവും 100 ഏക്കർ നിലവും പതിച്ചുകൊടുത്തു എന്ന് പറയപ്പെടുന്നു.

കല്ലടയിൽ പുരാതന ക്ഷേത്രങ്ങളുടെ നിർമ്മാണവും അവിടങ്ങളിലെ ആചാരരീതികളും വിഗ്രഹങ്ങളുടെ നിർമ്മാണ ചാരുതയും ശ്രദ്ധിച്ചാൽ ഇവയിൽ പലതും ബുദ്ധമത വിഹാരങ്ങളായിരുന്നു എന്ന് മനസ്സിലാക്കാം. എടുപ്പ്

കുതിരകൾ തന്നെ ബുദ്ധമത വിഹാരങ്ങളെ അനുസ്മരിപ്പിക്കുന്നവയാണ്. കല്ലട ഒരു ബുദ്ധമത കേന്ദ്രമായിരുന്നതിന് വേറെയും ചില തെളിവുകളുണ്ട്. കൊടുവിളവേലൻ ചരുവിൽ പുരയിടത്തിൽ നിന്നും കണ്ടെടുത്ത ഉദ്ദേശം 3 അടി ഉയരമുള്ളതും വെള്ള മാർബിളിൽ രൂപപ്പെടുത്തിയതുമായ ബുദ്ധ വിഗ്രഹം, ഉഷ്ണീഷം, പത്മാസനം, ധ്യാന ഭാവം, ഉത്തരീയം, ജ്ഞാനമുദ്ര, മടയിൽ ഒന്നിനുമുകളിൽ ഒന്നായി നിവർത്തിവച്ചിരിക്കുന്ന ഹസ്തതലം എന്നീ ഉത്തമ ലക്ഷണങ്ങൾ ഉള്ളവയായിരുന്നു. ഈ വിഗ്രഹം 1978 ൽ കണ്ടെടുക്കുകയും 1984 ൽ കൊടുവിള ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. എന്നാൽ പിന്നീട് ഈ വിഗ്രഹം കാണാതായി.

മിത്തുകളും ചരിത്രസത്യങ്ങളും കൊണ്ട് പരിവൃതമാണ് പ്രസിദ്ധമായ ചിറ്റുമല ദുർഗ്ഗാദേവീക്ഷേത്രം. കല്ലടയിലെ സമസ്ഥജാതിക്കാരുടെയും ആശയും ആരാധനമൂർത്തിയും സംരക്ഷകയുമാണ് ദുർഗ്ഗാദേവി. മതങ്ങളുടെ അതിരുകൾക്കപ്പുറം ഒരു ഗ്രാമത്തിന്റെ ഒരുമയും ഒത്തുച്ചേരലുമാണ് ഇവിടുത്തെ ഉത്സവം. ദേശിങ്ങനാട്ടു രാജാവിന്റെ വകയായിരുന്നു ഈ ക്ഷേത്രം. അവസാനത്തെ ദേശിങ്ങനാട്ട് റാണിയാണ് ഈ ക്ഷേത്രം പണികഴിപ്പിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. കിഴക്കേ കല്ലട, പടിഞ്ഞാറെ കല്ലട, കരിന്തോട്ടുവാ, പെരുവേലിക്കര, മൺട്രോത്തുരുത്ത്, വില്ലിമംഗലം തുടങ്ങി 16 കരകൾ ഉൾപ്പെടുന്ന ഭാഗം ചേർത്ത് ഒരു കമ്മറ്റിയും അതിന്റെ രക്ഷാധികാരിയായി ഒരാളും ഉള്ള ഒരു ഭരണസമിതിയെ മാർത്താണ്ഡവർമ്മ ക്ഷേത്ര ഭരണം ഏൽപ്പിച്ചു. 4 കരകൾ ചേർന്ന് ഒരു കുതിര എന്നതാണ് ഉത്സവത്തിന്റെ പ്രധാന ഇനം. 1000 പറയ്ക്ക് ഉരിയ കുറവ് എന്ന കണക്കിൽ നിലങ്ങൾ ക്ഷേത്രത്തിനുണ്ടായിരുന്നു. ക്ഷേത്രത്തിലെ ഉത്സവത്തിന് കൊടികെട്ടുന്നതിനുവേണ്ടി നീക്കിവച്ച സ്ഥലമായിരുന്നു ചോതിരത്തിൽ പാലത്തിനടുത്തുള്ള കൊടുകൂറപ്പറമ്പ്. അമ്പലത്തിൽ എണ്ണ കൊടുക്കുന്നതിനുവേണ്ടി നീക്കിവച്ച സ്ഥലമായിരുന്നു തണ്ടുതാങ്ങിൽ പുരയിടം. കുതിര എടുപ്പുകാർക്ക് കരിക്ക് കൊടുക്കുവാൻ മൺട്രോത്തുരുത്തിൽ ഒരു പുരയിടം നീക്കിവച്ചിരുന്നു. 10,000 വരാഹൻ കെട്ടിവച്ച് ക്ഷേത്രത്തിന്റെ അധികാരിയാകുന്ന ആളിനെ "വടയാറ്റ് ഏമാൻ" എന്ന് ബഹുമാന പുരസരം നാനാജാതിക്കാർ വിളിച്ചിരുന്നു. രാജാവിന്റെ കയ്യിൽ നിന്നും അധികാര മേറ്റുവാങ്ങിയ കല്ലടയിലെ ഒരു പുരാതന ഭവനമാണ് കരോട്ട് പിള്ളവീട്.

"ചിറ്റ" എന്നുപേരുള്ള ഒരു കുറവ സ്ത്രീ തന്റെ അരിവാളിന്റെ വായ്ത്തല കൂട്ടാൻ കാട്ടിൽ കിടന്ന ഒരു കല്ലിൽ തേയ്ച്ചു എന്നും അപ്പോൾ ആ കല്ലിൽനിന്ന് ചോര ഒഴുകുന്നത് കണ്ട ചിറ്റ നിലവിളിച്ചു എന്നും ഇത് കേട്ട് ആളുകൾ ഓടിക്കൂടി ഈ കല്ല് മതിലകത്ത് പ്രതിഷ്ഠിച്ചു എന്നുമാണ് വിശ്വാസം. പിന്നീട് ഈ വിഗ്രഹം ചിറ്റുമലക്ക് മാറ്റി, ചുറ്റും കണ്ട വിഗ്രഹം കിടന്ന സ്ഥലമായതുകൊണ്ടാണ് ചിറ്റുമല എന്ന് പേരുവന്നതെന്നും. "ചിറ്റു അല" എന്ന വാക്കുകളിൽ നിന്നാണ് ചിറ്റുമല എന്ന വാക്കുണ്ടായതെന്നും വിശ്വസിക്കപ്പെടുന്നു.

വേദനയുടെയും പ്രേമത്തിന്റെയും പ്രതികാരത്തിന്റെയും കഥകളുറങ്ങുന്ന സ്ഥലമാണ് "മതിലകം." ഈ സ്ഥലം ഇളയിടത്ത് സ്വരൂപത്തിന്റെ ഭാഗമായിരുന്നു. അക്കാലത്ത് കൊട്ടാരക്കര തമ്പുരാക്കന്മാരുടെ തമ്പുരാട്ടികൾക്ക് വിശ്രമിക്കുവാൻ മതിലകത്ത് ഒരു കൊട്ടാരം രാജാവ് പണികഴിപ്പിച്ചു. കൊട്ടാരക്കരയിൽ നിന്ന് മതിലകത്ത് വരുവാൻ ഒരു രഹസ്യവഴി ഉണ്ടായിരുന്നു എന്ന് വിശ്വസിക്കുന്നു. അക്കാലത്ത് ഒരിക്കൽ ഒരു തമ്പുരാട്ടിയെ രാജാവ് മതിലകത്ത് കൊണ്ടുവിട്ടിട്ട് നായാട്ടിനെന്ന വ്യാജേനപുറത്തുപോയി. ഈ സമയത്ത് തമ്പുരാട്ടിയുടെ ഒരു ജാരൻ അന്തപുരത്തിൽ എത്തി, രാജാവ് പെട്ടന്ന് തിരികെ വന്നപ്പോൾ തമ്പുരാട്ടിയേയും അവരുടെ ജാരനേയുമാണ് കണ്ടത്. കോപാകുലനായ രാജാവ് രണ്ടുപേരേയും നിലവറക്കുഴിയിൽ കൊന്നിട്ട് നിലവറ എന്നന്നേയ്ക്കുമായി അടച്ചു എന്നാണ് ഐതീഹ്യം.

ചിറ്റുമല ക്ഷേത്രവും കല്ലട വലിയ പള്ളിയും തമ്മിൽ ആത്മീയമായ ഒരു ബന്ധം കൽപ്പിച്ചിട്ടുണ്ട്. കല്ലട വലിയപള്ളി സെന്റ് തോമസ് പണികഴിപ്പിച്ചതാണെന്നാണ് വിശ്വാസം. പോർട്ടുഗല്ലിൽ നിന്നും വന്ന ഒരു മിഷിനറി ഇവിടേയ്ക്ക് വരുന്നവഴി കപ്പലിൽ വച്ച് അറസ്റ്റ് ചെയ്യപ്പെട്ടു എന്നും അദ്ദേഹം അലഞ്ഞുതിരിഞ്ഞ്

ഈ പള്ളിക്ക് സമീപമുള്ള മണപ്പുറത്ത് എന്ന വീട്ടിൽ വന്നു എന്ന് കരുതുന്നു. തനിക്ക് ആഹാരം വേണമെന്ന് ആ വീട്ടിലെ സ്ത്രീയോട് അഭ്യർത്ഥിച്ചപ്പോൾ ഒരു പിടി അരി അവർ കലത്തിൽ ഇട്ട് അടുപ്പിൽ വച്ചു. ഈ അരി ചോറായിമാറിയപ്പോൾ എത്ര കോരിയിട്ടും തീരുന്നില്ല എന്ന് കണ്ട സ്ത്രീ ആ ദിവ്യനെ ആദരിച്ച് ബഹുമാനിച്ച് പള്ളിയിൽ കൊണ്ടുചെന്നാക്കി. ഈ പുണ്യാത്മാവാണ് പിൽക്കാലത്ത് കല്ലട വല്ല്യാപ്പൂപ്പൻ ആയിത്തീർന്നതെന്നാണ് ഐതിഹ്യം. വലിയ പള്ളിയിലെ ചാത്തത്തിന് നടക്കുന്ന "റാസ" ചിറ്റുമല ദേവീക്ഷേത്രത്തിൽ എത്തി അനുവാദം ചോദിക്കുന്ന ഒരു ചടങ്ങ് ഇപ്പോഴുമുണ്ട്. ഇത് ഈ ദേശക്കാരുടെ അടങ്ങാത്ത മതസഹിഷ്ണതയുടെ ഉത്തമോദാഹരണമാണ്.

വിശുദ്ധ സെന്റ് ഫ്രാൻസിസ് സേവ്യർ 1544 ൽ കൊച്ചി വഴി കൊല്ലത്തുവരുകയും അവിടെ നിന്ന് കല്ലടയിലെ കൊടുവിളയിൽ എത്തിച്ചേരുകയും ചെയ്തു. വിശുദ്ധന്റെ പാദസ്പർശമേറ്റ കല്ലടയിൽ അദ്ദേഹത്തിന്റെ പാവനസ്മരണ നിലനിറുത്തുവാൻ തീരുമാനിച്ചു. ഇതിന് മുമ്പ് തൊട്ടടുത്തുള്ള കായലിൽ ഒരു കൽകൂനയിൽ ഒരു കൽക്കുരിശ് സ്ഥാപിച്ചു. പള്ളിയുടെ തെക്ക് വശത്തുള്ള കൽപ്പടവുകൾ ഈ കൽക്കുരിശിലേക്കുള്ള പടവുകളായിരുന്നു. 1552 ഡിസംബർ 3 ന് സാഞ്ചിയോവിൽ ദിവംഗതനായ സെന്റ് ഫ്രാൻസിസിന്റെ ഭൗതികശരീരം മലാക്കാദേവായത്തിൽ സംസ്ക്കരിച്ചു.

1809 ൽ ധീരദേശാഭിമാനിയായ വേലുത്തമ്പി ദളവ കൊച്ചിയിലെ മെക്കാളേ പ്രഭുവിന്റെ കൊട്ടാരം ആക്രമിച്ച് തകർത്തതിനുശേഷം ആലപ്പുഴ വഴി കൊല്ലത്ത് എത്തുകയും അവിടെ നിന്ന് കുണ്ടറയിൽ എത്തി ചരിത്രപ്രസിദ്ധമായ കുണ്ടറ വിളംബരം പുറപ്പെടുവിയ്ക്കുകയും ചെയ്തു. തുടർന്ന് നടന്ന യുദ്ധത്തിൽ പരാജയപ്പെട്ട വേലുത്തമ്പി മുളവന വഴി കല്ലടയിലൂടെ ചില ഊടുവഴികളിലൂടെയാണ് മണ്ണടിയിലേക്ക് രക്ഷപ്പെട്ടത്. ഈ യാത്രയ്ക്കിടയിൽ മുളവന കടയാറ്റ് ഉണ്ണിത്താന്മാരുടെ വീട്ടിൽ അഭയം തേടിയ വേലുത്തമ്പിയെ രക്ഷിക്കാൻ കഴിയാത്തതിൽ മനം നൊന്ത് ഉണ്ണിത്താൻ ആത്മഹത്യ ചെയ്തു എന്നാണ് ചരിത്രം. തമ്പിയെ പിൻതുടർന്നുവന്ന ബ്രിട്ടീഷ് പട പല പുരാതന ക്ഷേത്രങ്ങളും ഭവനങ്ങളും തകർത്തുകളഞ്ഞു. ആ ആക്രമത്തിൽ തകർക്കപ്പെട്ടവയാണ് വേരാന്നൂർ മഹാവിഷ്ണുക്ഷേത്രവും മാർത്താണ്ഡപുരം ക്ഷേത്രവും.

ദേശീയ പ്രസ്ഥാനവുമായും ഉത്തരവാദിത്വഭരണവുമായി കല്ലട എന്നും തോളോടുതോൾ ചേർന്നുനിന്നിരുന്നു. ബാരിസ്റ്റാർ ജി.പി. പിള്ളയുടെ ജന്മം കൊണ്ട് ധന്യമായ ഭൂമിയാണ് കല്ലട. ജി.പി. പിള്ള സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയ്ക്ക് മുമ്പ് ദിവാനെ വിമർശിച്ച് പത്രത്തിൽ എഴുതിയതിന് രാജ്യം വിടേണ്ടിവന്നയാളാണ്. അദ്ദേഹം രണ്ടുതവണ കോൺഗ്രസ്സിന്റെ അഖിലേന്ത്യാ കാര്യദർശിയായിരുന്ന ആദ്യത്തെ മലയാളിയാണ്. തിരുവിതാംകൂറിൽ ഉത്തരവാദിത്വഭരണത്തിന് ബീജാപവം ചെയ്തത് ജി.പി. പിള്ളയായിരുന്നു. ആധുനിക പത്രപ്രവർത്തനത്തിന്റെ വഴികാട്ടിയായ ഇദ്ദേഹം കല്ലട പുതുമന തറവാട്ടിലെ അംഗമായിരുന്നു. പുതുമന കൊച്ചയ്യപ്പൻ പിള്ള ശ്രീമൂലം അസംബ്ലിയിലെ അംഗമായിരുന്നു.

ദേശീയ പ്രസ്ഥാനവും ഉത്തരവാദഭരണ പ്രക്ഷോഭവുമായി ബന്ധപ്പെട്ട് 1940 കളിൽ സ്റ്റേറ്റ് കോൺഗ്രസ്സ് കല്ലടയിൽ രൂപംകൊണ്ടു. അക്കാലത്ത് ചക്കുവള്ളിയിൽ ഒരു യോഗം സംഘടിപ്പിക്കുവാൻ സ്റ്റേറ്റ് കോൺഗ്രസ്സ് തീരുമാനിച്ചു. ഈ യോഗത്തിൽ പങ്കെടുക്കുവാൻ ദേശാഭിമാന പ്രചോദിതരായ ധാരാളം നാട്ടുകാർ ചക്കുവള്ളിക്ക് പുറപ്പെട്ടു. എന്നാൽ ചെമ്പകത്ത് രാഘവൻ പിള്ളയുടെ നേതൃത്വത്തിൽ നാഷണൽ കോൺഗ്രസ്സുകാർ മറ്റൊരു യോഗം ഇതേ സ്ഥലത്തുവച്ച് സംഘടിപ്പിക്കുകയും സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പ്രവർത്തകരായ വാളണ്ടിയറന്മാർക്ക് ഓരോരുത്തർക്കും ഒരു മുറിവ് വീതമേൽപ്പിക്കുവാൻ പരിപാടി തയ്യാറാക്കുകയും ചെയ്തു. ഇതറിഞ്ഞ വാളണ്ടിയറന്മാരിൽ ഒരു ഭാഗം രാഘവൻ പിള്ളയെ വഴിയിൽവച്ച് ആക്രമിച്ച് വധിച്ചു. തുടർന്ന് പോലീസ് ഇടപെട്ട് രണ്ടു യോഗങ്ങളും പിരിച്ചുവിട്ടു. യോഗത്തിൽ പങ്കെടുക്കുവാൻ പോയ വാളണ്ടിയറന്മാർക്ക് വഴിയിൽവച്ച് തീഷ്ണമായ ആക്രമണങ്ങൾ നേരിടേണ്ടിവന്നു. ഈ വാളണ്ടിയർന്മാരുടെ ക്യാപ്റ്റൻ ഇടപള്ളിയിൽ എ.കെ. നാണു ആയിരുന്നു.

1945 കളിലാണ് കല്ലടയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വേരോട്ടം ശക്തിയായത്. ധീര

നായ കോട്ടാത്തല സുരേന്ദ്രൻ ഉപ്പൂട്ടിൽ പാറയിലിരുന്നാണ് ആദ്യത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കമ്മറ്റി വിളിച്ചു ചേർത്തത്. തുടർന്ന് കല്ലടയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അഭൂതപൂർവ്വമായ വളർച്ചയുടെ കാലഘട്ടമായിരുന്നു. കേരളാ രാഷ്ട്രീയത്തിലെ ഭീഷ്മാചാര്യന്മാരായിരുന്ന എം.എൻ. ഗോവിന്ദൻ നായർ, എൻ.ഇ. ബലറാം എന്നിവർ ഇവിടെ ദീർഘകാലം ഒളിവിൽ താമസിച്ച് പാർട്ടിപ്രവർത്തനം നടത്തിയിട്ടുണ്ട്. കല്ലടയിൽ തൊഴിലാളി വർഗ്ഗത്തിന്റെ ഐതിഹാസികമായ സമരവേലിയേറ്റങ്ങൾ തന്നെ ഇവിടെ ഉണ്ടായി. കൊല്ലത്തെ തന്നെ ആദ്യത്തെ കാർഷികരംഗത്തെ യന്ത്രവൽക്കരണത്തിനെതിരായുള്ള സമരം ചിറ്റുമല പുഞ്ചയിലാണുണ്ടായത്. ഈ സമരത്തിൽ നൂറ് കണക്കിന് സമര സഖാക്കൾ കൊടിയ പോലീസ് മർദ്ദനത്തിനും കള്ളക്കേസുകൾക്കും വിധേയരായി. എന്നിരുന്നാലും ഈ സമരം ഒരു പൂർണ്ണ വിജയമായിരുന്നു. സംഘടിത അധ്യാപകരുടെ സമരത്തിന്റെ മാറ്റൊലിയും കല്ലടയിൽ പ്രതിധ്വനിച്ചിട്ടുണ്ട്.

തീഷ്ണമായ തൊഴിൽ സമരങ്ങൾ ഇവിടെ വിജയഗാഥകൾ പാടിയിട്ടുണ്ട്. ചീക്കൽ കടവിലെ ടൈൽ ഫാക്ടറിയിൽ നടന്ന സമരം തൊഴിലാളികളുടെ സംഘടനാശക്തിയുടെ വിജയമായിരുന്നു.

1959 ൽ നടന്ന വിമോചന സമരവും പ്രക്ഷോഭപരിപാടികളും കല്ലടയുടെ മുൻകാല ചരിത്രസംഭവങ്ങളിൽ നിന്നും വിഭിന്നമായിരുന്നു. ഈ പ്രക്ഷോപണത്തോടനുബന്ധിച്ചുണ്ടായ ഒരു മരണവും അനന്തര സംഭവങ്ങളും കല്ലടയിലെ സൗഹാർദാന്തരീക്ഷത്തിന് മങ്ങലേൽപിച്ചു. കേരളത്തിൽ നടന്ന ഇലക്ഷനുകളിൽ ഇരുമുന്നണികളേയും മാറിമാറി തഴുകിയും പുറന്തള്ളിയുമുള്ള ഒരു ജനാധിപത്യ കാഴ്ചപ്പാടാണ് തെരെഞ്ഞെടുപ്പിനോട് കല്ലടക്കാർ കാണിച്ചിട്ടുള്ളത്.

1926 ൽ "ഒരു ജാതി, ഒരു മതം, ഒരു ദൈവം" എന്ന മന്ത്രവുമായി ശ്രീനാരായണഗുരു കല്ലടയിൽ എത്തുകയും വിവിധ സ്ഥലങ്ങളിൽ തന്റെ പരിപാവനമായി പാദസ്പർശത്താൽ ഈ മണ്ണിനെ അനുഗ്രഹിക്കുകയും ചെയ്തു. ശ്രീ ഭട്ടാരിരാമ ചട്ടമ്പിസ്വാമി തിരുവടികൾ ശ്രീ കുമ്പളത്ത് ശങ്കരപ്പിള്ളയോടൊപ്പം കല്ലടയിൽ തങ്ങിയതായും രേഖകൾ ഉണ്ട്. ശ്രീ. കല്ലട വാസുദേവൻ, ശ്രീ. പുളിമാന പരമേശ്വരൻപിള്ള, ശ്രീ. കല്ലട ശശി എന്നീ പ്രഗ്ലഭമതികളായ സാഹിത്യകാരന്മാർക്ക് ജന്മം നൽകുവാനും, യുവകവിയായ ഡി. വിനയചന്ദ്രന് തന്റെ ബാല്യകാലം ചിലവഴിക്കുവാനും ഈ ഗ്രാമത്തിന്റെ മണ്ണ് അനുവദിച്ചിട്ടുണ്ട്.

തയ്യാറാക്കിയത് : ഏ.ജി. ശ്രീകണ്ഠൻ നായർ

വിവരങ്ങളും നിർദ്ദേശങ്ങളും :
ശ്രീ. ജനാർദ്ദനശാസ്ത്രി.
ശ്രീ. ടി. എം. അജയകുമാർ.
ശ്രീ. കൊട്ടാരത്തിൽ ഗോപാലപിള്ള.
ശ്രീ. തറയിൽ കുമാരൻ.

കിഴക്കേ കല്ലട പഞ്ചായത്ത് ഭൂപ്രകൃതി ജനപ്രകൃതി

അവതാരിക

വികേന്ദ്രീകൃത ആസൂത്രണത്തിനും വികസനത്തിനും ആവശ്യമായിട്ടുള്ള നടപടി ക്രമങ്ങളിൽ ഭൂജല സവിശേഷതകളെ കുറിച്ച് അടുക്കും ചിട്ടയുമുള്ള സമീപനവും അപഗ്രഥനവും അത്യവശ്യമാണ്. മനുഷ്യന്റെ പ്രകൃതിയോടുള്ള മനോഭാവം പരിസ്ഥിതിയിൽ പോസിറ്റീവോ, നെഗറ്റീവോ ആയിട്ടുള്ള ഫലങ്ങൾ ഉളവാകുമെന്ന് നമ്മുടെ മുൻകാല അനുഭവങ്ങൾ തെളിയിക്കുന്നു. നമ്മുടെ പ്രകൃതി സമ്പത്തിന്റെ സംരക്ഷണത്തിനുവേണ്ടി, പ്രാദേശികമായി കിട്ടുന്ന പ്രകൃതി വിഭവങ്ങളുടെ വിവേകപരമായ ഉപയോഗത്തിൽക്കൂടി സാമ്പത്തികമായി സ്വയം നിൽക്കാൻ കഴിവുള്ളതും പരിതഃസ്ഥിതി സങ്കുലിതവുമായ വികസന പദ്ധതികൾ തയ്യാറാക്കാൻ ശാസ്ത്ര സമൂഹത്തിനു ബാദ്ധ്യതയുണ്ട്.

പ്രാദേശിക തല ആസൂത്രണത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സമ്പ്രദായങ്ങൾ ചിട്ടപ്പെടുത്തുന്നതിന് നടന്നിട്ടുള്ള പ്രവർത്തനങ്ങളിൽ പ്രധാനം പഞ്ചായത്ത് തല വിഭവഭൂപട നിർമ്മാണ പദ്ധതിയാണ്. ഓരോ ഭൂപ്രദേശത്തിന്റേയും ഭൂജല വിഭവങ്ങളുടെ പ്രത്യേകതയും അവയുടെ വിനിയോഗവും സംബന്ധിച്ചുള്ള വിവരങ്ങൾ വിശകലനം ചെയ്ത് ഭൂമിയുടെ ഉയർച്ച താഴ്ചകൾ, മൺതരങ്ങൾ, ജലലഭ്യത, വിളചേരുവ, മനുഷ്യനിർമ്മിത ആസ്തികൾ ഇവയെല്ലാം വിഭവഭൂപടത്തിൽ രേഖപ്പെടുത്താവുന്നതാണ്. വിദഗ്ധരായ ശാസ്ത്രജ്ഞൻമാരും കാർട്ടോഗ്രാഫർമാരുമൊക്കെ ചേർന്ന് വിഭവഭൂപടം നിർമ്മിക്കാനുള്ള പരിശീലനം അതാതു പഞ്ചായത്തിലെ സന്നദ്ധ സേവകർക്ക് നൽകിയിട്ടുണ്ട് അവരെക്കൊണ്ടാണ് വിഭവഭൂപടം തയ്യാറാക്കിക്കുന്നത്. വിഭവഭൂപടം നിർമ്മിക്കുന്നത് കെഡേയ്ട്രൽ ചിത്രത്തിലാണ്. ഇതിന്റെ തോത് (1:4000/1:7820/1:5000) ആണ് രണ്ട് ഭൂപടമാണ് നിർമ്മിക്കുന്നത് ഒന്ന് ആസ്തിയെ സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്നതും രണ്ടാമത്തേതു ഭൂവിനിയോഗത്തെ സംബന്ധിച്ചുള്ളതുമാണ്. സർവ്വേ നമ്പർ അടിസ്ഥാനത്തിലാണ് വിവരങ്ങൾ രേഖപ്പെടുത്തുന്നത്. ആയതിനാൽ ഒരോ സർവ്വേ നമ്പരിലേയും പ്രശ്നങ്ങളും വിഭവസാദ്ധ്യതയും എളുപ്പം മനസ്സിലാക്കണം.

കൊല്ലം ജില്ലയുടെ ചിറ്റുമല ബ്ലോക്കിൽ പ്പെടുന്ന ഒരു പഞ്ചായത്താണ് കിഴക്കേകല്ലട. കൊല്ലം ടൗണിൽ നിന്നും 32 കി. മീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നു. കിഴക്കേകല്ലട വില്ലേജിൽപ്പെടുന്ന ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 12.2 ച. കി. മീറ്റാണ്. ഈ പഞ്ചായത്തിന് 10 വാർഡുകൾ ഉണ്ട്.

ഭൂമിശാസ്ത്രപരമായി, കിഴക്കേ കല്ലട ഒരു ഇടനാട് ഭൂപ്രദേശമാണ്. അക്ഷാംശം $8^{o}59'$Eനും 9^{o} Eനും രേഖാംശം $73^{o}38'$ നും $76^{o}40'$N നും ഇടയിൽ ഈ പഞ്ചായത്തു സ്ഥിതിചെയ്യുന്നു. കിഴക്കേ കല്ലട പഞ്ചായത്തിന്റെ വടക്കു കിഴക്കു ഭാഗത്തായി പവിത്രേശ്വരം പഞ്ചായത്തും, തെക്കുകിഴക്ക് ഭാഗത്തായി പേരയം പഞ്ചായത്തും, കിഴക്കുഭാഗത്തായി കുണ്ടറ പഞ്ചായത്തും, വടക്കു ഭാഗത്തായി ശാസ്താംകോട്ട പഞ്ചായത്തും, തെക്കു പടിഞ്ഞാറു ഭാഗത്തായി മൺട്രോ പഞ്ചായത്തും സ്ഥിതിചെയ്യുന്നു.(Fig. 1)

ഗതാഗതം (വിഭവഭൂപടങ്ങൾ പ്രകാരം)

ഈ പഞ്ചായത്തിനു സാമാന്യം മെച്ചപ്പെട്ട റോഡ് ശൃംഖലയുണ്ട്. ടാറിട്ട റോഡുകളുടെ ആകെ നീളം 27.2 കി. മീറ്ററാണ് ടാറിടാത്ത റോഡുകളുടെ നീളം 21.85 കി. മീറ്ററാണ്. പഞ്ചായത്തിന്റെ റോഡു സാന്ദ്രത 1.8 ച. കി. മീറ്ററാണ്. ഒരു റോഡ് വടക്ക് തെക്ക് ദിശയിൽ കൂടിയും മറ്റൊന്ന് കിഴക്കു പടിഞ്ഞാറൻ ദിശയിൽ കൂടിയും കടന്നു പോകുന്നു. റോഡ് സാന്ദ്രത കൂടുതലായി കാണുന്നത് വാർഡ് ഒന്നിലും, രണ്ടിലും, മൂന്നിലും അഞ്ചിലുമാണ്. പഞ്ചായത്തിന്റെ തെക്കുഭാഗത്തുള്ള വാർഡ് ആറിലും, ഏഴിലും, എട്ടിലും, ഒമ്പതിലും റോഡിന്റെ സാന്ദ്രത കുറവാണ്.



നിമ്നോന്നതി

പഞ്ചായത്തിന്റെ പൊതുവായ ചരിവു ഏതാണ്ട് തെക്കു നിന്നും വടക്കു ഭാഗത്തേക്കാണ്. ഈ പഞ്ചായത്തിന്റെ ഉയരം കൂടിയ സ്ഥലങ്ങൾ തെക്കുഭാഗത്തായിട്ട് കാണുന്നു. പൊതുവേ പഞ്ചായത്തിന്റെ വടക്കും മദ്ധ്യഭാഗത്തുമായി വരുന്ന ഭാഗങ്ങൾ മറ്റുഭാഗങ്ങളെ അപേക്ഷിച്ച് സമനിരപ്പിലാണ്. (Fig. 2)

നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ മൂന്നായി തിരിക്കാം. ഇരുപതു മീറ്ററിനുതാഴെ, 20 മീറ്ററിനും 40 മീറ്ററിനും ഇടയിൽ 40 മീറ്ററിന് മുകളിൽ എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്. സമുദ്രനിരപ്പിൽ നിന്നും ഏറ്റുവും ഉയരം കൂടിയ പ്രദേശം കിഴക്കു ഭാഗത്തുള്ള ചിറ്റുമലയിലെ കുന്നാണ്. നെൽവയലുകളും കായലോര പ്രദേശങ്ങളും 20 മീറ്ററിൽ താഴെയായി കാണുന്നു. നിമ്നോന്നമേഖലകളുടെ വിസ്തീർണ്ണം ചുവടെ കൊടുക്കുന്നു.

നിമ്നോന്നത മേഖലകൾ	വിസ്തൃതി ഹെക്ടറിൽ	ശതമാനം
20 മീറ്ററിൽതാഴെ	830	68.03%
20 മീറ്ററിനും 40 മീറ്ററിനും ഇടയിൽ	168	13.77%
40 മീറ്ററിനുമുകളിൽ	4.4	0.36%
ജലാശയങ്ങൾ	218	17.86%
ആകെ	**1220.4**	**100.02%**



ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് അഞ്ചായി തിരിക്കാം (Fig. 3)

1. ഉയർന്ന സമതലം
2. ഒറ്റപ്പെട്ട കുന്നുകൾ
3. ഇടത്തരം ചരിവ്
4. ചെറുചരിവ്
5. താഴ്വര

1. ഉയർന്നസമതലം

5°യ്ക്ക് താഴെ ചരിവുള്ള പ്രദേശങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ഏകദേശം 114 ഹെക്ടർ പ്രദേശം വരുന്ന ഉയർന്ന സമതലം ഈ പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ 9.34% ഉൾപ്പെടുന്നു. ഈ പ്രദേശത്ത് മണ്ണ് തീരെ കുറവായതിനാൽ മഴവെള്ളം കിനിഞ്ഞിറങ്ങുന്നത് വിരളമാണ്. ഇവിടം ചരിവ് താരതമ്യേന കുറവായതിനാൽ മണ്ണൊലിപ്പ് ചെറിയ തോതിലെ ഉള്ളു. ഈ ഭൂപ്രദേശം കൊടുവിളയ്ക്ക് വടക്കും, തെക്കും, ശിങ്കാരപ്പള്ളി അമ്പലമുക്കിലും കാണുന്നു. പൊതുവെ ജലക്ഷാമം അനുഭവപ്പെടുന്ന മേഖലയാണ്. ഇവിടുത്തെ പ്രധാന മൺതരം കനം കുറഞ്ഞ ലാറ്ററൈറ്റു മണ്ണാണ്. ഈ ഭാഗത്തെ പ്രധാന കൃഷി മിശ്രിത മരങ്ങൾ, തെങ്ങ്, മിശ്രിത കൃഷികൾ എന്നിവയാണ്.

2. ഒറ്റപ്പെട്ടകുന്നുകൾ

5°യ്ക്ക് താഴെ ചരിവുള്ള പ്രദേശങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. ഏകദേശം 15.6 ഹെക്ടർ വരുന്ന ഈ ഭൂപ്രദേശം പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ 1.28% ഉൾപ്പെടുന്നു. ഈ പ്രദേശത്ത് മണ്ണ് തീരെ കുറവായതിനാൽ മഴവെള്ളം കിനിഞ്ഞിറങ്ങുന്നത്



വിരളമാണ്. മണ്ണൊലിപ്പ് ചെറിയ തോതിലെ ഉള്ളൂ. മൂന്ന് കുന്നുകൾ ചിറ്റുമലയിലും ഒരു കുന്ന് ശിങ്കാരപ്പള്ളി റോഡ് കടവിന് സമീപത്തായും, വേറൊന്ന് പുത്തൻവിള ജംഗ്ഷനിലും കാണുന്നു. ഇവിടുത്തെ പ്രധാന മൺതരം കനം കുറഞ്ഞ ലാറ്ററൈറ്റ് മണ്ണാണ്. ഈ പ്രദേശത്തെ പ്രധാന കൃഷി മിശ്രിതകൃഷിയും തെങ്ങുമാണ്. ചില പ്രദേശങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നു.

3. ഇടത്തരംചരിവ്

5-10° ചരിവുള്ള പ്രദേശങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. ഏകദേശം 51.5 ഹെക്ടർ വരുന്ന ഈ പ്രദേശം പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ 4.2% ഉൾപ്പെടുന്നു. മണ്ണൊലിപ്പ് മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതലായി കാണുന്നു. ഈ ഭൂപ്രദേശം തെക്കു പടിഞ്ഞാറു ഭാഗത്തും, തെക്കുഭാഗത്തുള്ള കായലോര പ്രദേശങ്ങളിലും, ചിറ്റുമലയിലും കാണുന്നു. മണ്ണിന്റെ കനം താരതമ്യേന കുടുതലായതിനാൽ ജലക്ഷാമം പൊതുവേ കുറവാണ്. ഈ പ്രദേശത്തെ പ്രധാന കൃഷി മിശ്രിതകൃഷിയും, മിശ്രിതമരങ്ങളും, തെങ്ങുമാണ്. പ്രധാന മൺതരം ലാറ്ററൈറ്റ് മണ്ണാണ്.

4. ചെറുചരിവ്

ചരിവുള്ള പ്രദേശങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. താഴ്വരയ്ക്ക് അടുത്തായി കാണുന്ന ചെറിയ ചരിവുള്ള പ്രദേശങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു. ഏകദേശം 482 ഹെക്ടർ വരുന്ന ഈ പ്രദേശം പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ 39.5% ഉൾപ്പെടുന്നു. ഇവിടെ ചരിവു താരതമ്യേന കുറവായതിനാൽ മണ്ണൊലിപ്പ് ചെറിയ തോതിലെ ഉള്ളൂ. ഈ ഭൂപ്രദേശം പഞ്ചായത്തിന്റെ വിടക്കു കിഴക്കും, വടക്കു പടിഞ്ഞാറും, തെക്കു പടിഞ്ഞാറും, തെക്കു കിഴക്കുമായി കാണുന്നു. ഇവിടുത്തെ പ്രധാന കൃഷി മിശ്രിതകൃഷിയും, തെങ്ങും, മിശ്രിതമരങ്ങളുമാണ്.

5. താഴ്വര

ഈ ഭൂപ്രദേശം 5°യ്ക്ക് താഴെയായി കാണുന്നു. ഏകദേശം 339 ഹെക്ടർ വരുന്ന ഈ ഭൂവിഭാഗം പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ 27.79 ശതമാനം ഉൾപ്പെടുന്നു. ഈ പ്രദേശം പഞ്ചായത്തിന്റെ വടക്കു, മധ്യഭാഗത്തായി വ്യാപിച്ചു കിടക്കുന്നു. പഞ്ചായത്തിന്റെ തെക്കു പടിഞ്ഞാറു ഭാഗത്തുള്ള വയലുകളും ഇതിൽ ഉൾപ്പെടുന്നു. മഴവെള്ളം ശേഖരിക്കപ്പെടുന്ന ഭൂവിഭാഗമായതിനാൽ ഈ പ്രദേശത്തിലെ പ്രധാന മൺതരം എക്കൽമണ്ണാണ്. ചില സ്ഥലങ്ങളിൽ മണൽചേർന്ന എക്കൽമണ്ണ്, കളിമണ്ണ് ചേർന്ന എക്കൽ മണ്ണ് കാണപ്പെടുന്നു. വർഷംതോറും മഴവെള്ളത്തിലൂടെ ഒഴുകി വരുന്ന എക്കൽ അടിയുന്നതിനാൽ താഴ്വരയിലെ മണ്ണിന്റെ ഫലഭൂയിഷ്ഠി കൂടുതലാണ്. അതിനാൽ നെൽകൃഷിക്ക് അനുയോജ്യമാണ്. ജല ലഭ്യതയുള്ളതിനാൽ ഇരിപ്പു, മുപ്പു കൃഷിയും ഇവിടെ ചെയ്യുന്നുണ്ട്. ചില ഭാഗങ്ങളിൽ വയൽ നികത്തി തെങ്ങും, മിശ്രിതകൃഷിയും ചെയ്യുന്നു.

ഭൂപ്രകൃതി മേഖലകൾ	വിസ്തൃതി ഹെക്ടറിൽ	ശതമാനം
ഉയർന്ന സമതലം	113.9	9.34
ഒറ്റപ്പെട്ട കുന്നുകൾ	15.6	1.28
ഇടത്തരം ചരിവ്	51.5	4.22
ചെറുചരിവ്	482	39.5
താഴ്വര	339	27.79
ജലാശയങ്ങൾ	218	17.87
ആകെ	**1220**	**100.00**

കേരളത്തെ 13 കർഷിക മേഖലകളാക്കി തരം തിരിച്ചിട്ടുണ്ട്. (Land Resources of Kerala) കിഴക്കേ കല്ലട പഞ്ചായത്ത് തെക്കൻ ഇടനാടു മേഖലയിൽ ഉൾപ്പെടുന്നു.

കാലാവസ്ഥ

കൊല്ലം ജില്ലയുടെ വാർഷിക വർഷപാതത്തിന്റെ കണക്കുകൾ 89 മുതൽ 93 വരെ പരിശോധിച്ചാൽ ശരാശരി വാർഷിക വർഷപാതം 2750 മി. മീറ്ററാണ്.

താപനില



Fig 4

വർഷപാതം



Fig

വാർഷിക വർഷപാതം മി. മീറ്ററിൽ

89 - 90	—	2559
90 - 91	—	2745
91 - 92	—	2430
92 - 93	—	3265

തെക്ക്- കിഴക്കൻ മൺസൂൺ
(സെപ്റ്റംബർ- നവംബർ) (Fig. 4)

1989	-	987 മി. മീ
1990	-	585 ,,
1991	-	704 ,,
1992	-	1418 ,,
1993	-	1008 ,,

തെക്കു പടിഞ്ഞാറൻ മൺസൂൺ
(ജൂൺ- ആഗസ്റ്റ്) (Fig. 5)

1989	-	1307 മി. മീ.
1990	-	814 ,,
1991	-	1879 ,,
1992	-	1435 ,,
1993	-	1363 ,,

89 മുതലുള്ള വാർഷിക വർഷപാതത്തിൽ 92-93 ലാണ് ഏറ്റവും കൂടുതൽ മഴ ലഭ്യമായ വർഷം. 90-91ൽ കുടുന്നതായി കാണമെങ്കിലും 91-92-ൽ മഴ കുറവാണ് ലഭ്യമായത്. ഇവിടെ ലഭിക്കുന്ന മഴയുടെ 75 ശതമാനവും കാലവർഷത്തിൽ നിന്നാണ് എന്ന് കാണാം. ജൂൺ, ജൂലൈ, ഒക്ടോബർ, നവംബറാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന മാസങ്ങൾ. മഴ ഏറ്റവും കുറവ് ജനുവരി മാസത്തിലത്രെ. 89 മുതൽ 93 വരെയുള്ള തെക്ക് കിഴക്കൻ മൺസൂൺ കണക്കുകൾ പരിശോധിച്ചാൽ ഏറ്റവും കൂടുതൽ മഴ ലഭ്യമായത് 1992ലാണ്. ഏറ്റവും കുറവ് ലഭ്യമായത് 1990ലാണ്. 89 മുതലുള്ള വടക്ക് പടിഞ്ഞാറൻ മൺസൂൺ കണക്കുകൾ പരിശോധിച്ചാൽ ഏറ്റവും കൂടുതൽ മഴ ലഭ്യമായത് 1991ലാണ്. ഏറ്റവും കുറവ് ലഭ്യമായത് 90 ലാണ്.

	കൂടിയ താപനില °Cൽ				കുറഞ്ഞ താപനില °Cൽ			
മാസം	1990	1991	1992	1993	1990	1991	1992	1993
ജനുവരി	32.2	34	33.7	33.9	19.8		19.8	19.6
ഫെബ്രുവരി	35.4	36.1	36.4	35.8	22.8		24.4	20.4
മാർച്ച്	36.5	36.6	38.5	36.6	23.3		21.6	22
ഏപ്രിൽ	36.7	36.4	37.5	36.7	25.9		24.2	23.7
മെയ്	32.5	35.8	33.6	33.9	23.3		23.8	23.7
ജൂൺ	31.1	29.7	30.5	30.7	24.2		23.3	23.4
ജൂലൈ	30.1	30.4	29.7	29.4	23.6		22.5	22.3
ആഗസ്റ്റ്	30.8	30.2	30.1	30.6	23.3		22.9	23.1
സെപ്റ്റംബർ	32.9	33.7	31.3	32.1	23.6		22.8	22.9
ഒക്ടോബർ	32.6	30.8	31.7	31.3	24.2		22.5	22.8
നവംബർ	32.3	32.4	31.5	31.5	21.8		22.1	22.5
ഡിസംബർ	33.3	32.9	32.5	31.6	20.2	20.5	22.6	21.6

ശരാശരി വാർഷിക താപനില

വർഷം	കൂടിയ താപനില	കുറഞ്ഞ താപനില
90	36.7°	19.8
91	36.6	20.5
92	38.5	19.8
93	36.7	19.6

1990 മുതൽ 93 വരെയുള്ള താപനില പരിശോധിക്കുമ്പോൾ ഏറ്റവും കൂടിയ താപനില അനുഭവപ്പെട്ടത് ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ്. ഏറ്റവും കുറഞ്ഞ താപനില അനുഭവപ്പെടുന്നത് ഡിസംബർ, ജനുവരി മാസങ്ങളിലാണ്. (Fig. 6 & 7)

ജലവിഭവങ്ങൾ

കായൽ, കുളങ്ങൾ, കിണറുകൾ തോടുകൾ ഇവയെല്ലാമാണ് ഈ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ജലസ്രോതസ്സുകൾ. ഈ പഞ്ചായത്തിൽക്കൂടി പ്രധാനമായും ഒഴുകുന്ന നദി കല്ലടയാറാണ്. (Fig. 2) ഇത് പഞ്ചായത്തിന്റെ വടക്കേ അതിരിൽ നിന്നും തെക്കുഭാഗത്തേക്ക് ഒഴുകുന്നു. ഇതിന്റെ പ്രധാന കൈവഴിയായ പുത്തൻ ആറ് വഴി കല്ലട ആറ് ഒഴുകി അഷ്ടമുടി കായലിൽ വന്ന് പതിക്കുന്നു. കല്ലടയാറ്റിൽ നിന്നും അമിതമായ രീതിയിൽ മണൽവാരുന്നതുമൂലം ദൂഗർഭജലനിരപ്പിനുണ്ടാകുന്ന വ്യതിയാനം കിണറുവെള്ളത്തെ സാരമായി ബാധിക്കുന്നു. അതു കാരണം മണൽ വാരുന്നത് നിരോധിക്കേണ്ടത് അത്യാവശ്യമാണ്.



കല്ലടയാറിന്റെ സൈഡിൽ വെള്ളം വന്നു തട്ടുന്നതുകാരണം സൈഡ് ഇടിയുന്നതായി കാണുന്നു. ഇതിനു പരിഹാരമായി കൈതയും കണ്ടൽച്ചടികളും നട്ടുപിടിപ്പിക്കാവുന്നതാണ്.

തോടുകൾ

തോടുകളുടെ ആകെ നീളം 7.53 കി. മീറ്ററാണ്. ചിറ്റുമല ചിറയിൽ നിന്നും ചോതിരം അമ്പിത്തോടുവഴി ഒഴുകുന്ന നടുത്തോട് മൂഴിയിൽ പതിക്കുന്നു. ഈ തോടിന് ഏകദേശം 3.4 കി. മീറ്ററാണ് ദൈർഘ്യം. കല്ലുതുണ്ടിൽ ഭാഗത്ത് ചിറ്റുമല ചിറയിൽ നിന്നും തുടങ്ങി നിലമേൽ നാലുവരമ്പ് വഴി അഞ്ചുമൂലയിൽ വീഴുന്ന കരതോടിന് ഏകദേശം 3.5 കി. മീറ്റർ നീളം വരും ഉപ്പൂട് ലിഫ്റ്റ് ഇറിഗേഷൻ തോട് ഉപ്പൂട്ടിൽ നിന്നും തുടങ്ങി കല്ലുതുണ്ടിൽ വാതുക്കൽ വച്ച് കരത്തോട്ടിൽ പതിക്കുന്നു. തുരുത്തേൽ ഭാഗത്തുനിന്നും തുടങ്ങുന്ന തോട് കരത്തോട്ടിൽ നിന്നും തുടങ്ങി കാവരവയലിൽ കൂടി പെരുകളത്തിൽ എത്തി മാർത്താണ്ഡപുരം വഴി കല്ലടയാറ്റിൽ പതിക്കുന്നു. കാവരവയലിൽ നിന്നും തുടങ്ങുന്ന തോട് പഴയാർ ഏലായിൽക്കൂടി പെരുങ്കുളത്തുനിന്നുള്ള തോടിൽ ചേരുന്നു.

കിണറുകൾ

പഞ്ചായത്തിന്റെ വടക്കും മധ്യഭാഗത്തും തെക്കുഭാഗത്തുമാണ് വറ്റാത്ത കിണറുകൾ കാണുന്നത്. (Fig. 8 &9) വറ്റുന്ന കിണറുകൾ പടിഞ്ഞാറും, തെക്കു-പടിഞ്ഞാറും, തെക്കു കിഴക്കുമായി കാണുന്നു. വാർഡ് ഒന്നിലും, ആറിലും, ഏഴിലും, എട്ടിന്റെ തെക്കുഭാഗത്തും, ഒമ്പതിലും, പത്തിലുമാണ് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. വാർഡ് ഒന്നിലും, രണ്ടിലും മുന്നിലും, അഞ്ചിലും വറ്റാത്ത കിണറുകളാണ് കൂടുതലായി കാണുന്നത്. ഈ വാർഡുകളിൽ വറ്റുന്ന കിണറുകളും ഉണ്ട്. വാർഡ് നാലിൽ എല്ലാ കിണറുകളും വറ്റാത്തതാണ്. എന്നിരുന്നാലും പാടങ്ങൾ ഉള്ളതുകാരണം കിണറുകളുടെ എണ്ണം താരതമ്യേന കുറവാണ്. വാർഡ് അഞ്ചിൽ തെക്കുഭാഗത്തുള്ള കുഴീൽ ജംഗ്ഷനും ഇടയകടവിനും അടുത്തായി വറ്റാത്തതും വറ്റുന്നതുമായ കിണറുകൾ കണപ്പെടുന്നു. കുടിവെള്ള ക്ഷാമം ഏറ്റവും കൂടുതലായി അനുഭവപ്പെടുന്ന വാർഡാണ് ആറാം വാർഡ്. വേനൽക്കാലത്ത് വാർഡ് രണ്ടിലും, മൂന്നിലും, നാലിലും മിക്കവാറുമുള്ള കിണറുകളിൽ ജലം ഓരും, ഉപ്പുരസവും, ചവർപ്പും അനുഭവപ്പെടുന്നു.



Fig – 6

നീരുറവ

ഏഴാം വാർഡിൽ ഒരു നീരുറവ കാണുന്നു. കണ്ണങ്കര പൊയ്കയിൽ രണ്ടു നീരുറവ കാണുന്നു. ഫലപ്രദമായ രീതിയിൽ ഇവ സംരക്ഷിച്ചാൽ ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സാധിക്കും.

കുളങ്ങൾ

ഏഴാം വാർഡിൽ ഒരു കുളം കാണുന്നു. ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചാൽ വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന ഈ പ്രദേളത്തുള്ള ജനങ്ങൾക്ക് ഈ കുളം ഒരു പ്രയോജനമായിരിക്കും.

ഭൂവിനിയോഗം

വിഭവഭൂപടങ്ങൾ പ്രകാരം ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതലായി കാണുന്ന ഭൂവിനിയോഗം മിശ്രിതകൃഷിയാണ്. (Fig. 8) ഏകദേശം ഭൂപ്രദേശത്തിന്റെ 38 ശതമാനത്തിൽ മിശ്രിതകൃഷിയാണ് അടുത്ത മുഖ്യവിളയായി കാണുന്നത്. നെല്ല്, (വിരിപ്പു, മുണ്ടകൻ, പുഞ്ച) തെങ്ങ് ഇവയാണ്. ഇത് ഏകദേശം 28 ശതമാനമുണ്ട്. അവയിൽ 21 ശതമാനം വിരിപ്പുവും, മുണ്ടകനും, 7.3 ശതമാനം പുഞ്ച കൃഷിയും ചെയ്യുന്നു. മിക്കവാറുമുള്ള എല്ലാ വാർഡുകളിലും വയലുകൾ കാണുന്നു. പുഞ്ചകൃഷി വാർഡ് '6'ലും '9'ലും ആയി പരിമിതപ്പെട്ടിരിക്കുന്നു. തെങ്ങുകൃഷി ഈ പ്രദേശത്തിന്റെ 10.2% ഭാഗത്തു കാണുന്നു. ഇത് വാർഡ് 8ലും 9ലും കാണുന്നു. ഏകദേശം 4.3 ശതമാനം ബാക്കിയുള്ള പ്രദേശത്ത് കശുമാവും, വാഴകൃഷിയും ചെയ്യുന്നു. ഇടവിളകളായി കാണുന്നത് റബ്ബറും, കിഴങ്ങ്, കൊക്കോ, കമുക്, വാഴ എന്നിവയാണ്. കായലും വെള്ളക്കെട്ടുള്ള പ്രദേശവുംകൂടി 17.8 ശതമാനം വരും. 1.2 ശതമാനത്തിൽ വെള്ളക്കെട്ടുള്ള സ്ഥലമാണ്. ഇത് കല്ലടയാറിന് സമീപത്തുള്ള വാർഡ് നാലിൽ സ്ഥിതിചെയ്യുന്നു. ഇവിടെ മത്സ്യകൃഷിക്കായി വികസിപ്പിച്ചെടുക്കാം. തെങ്ങിന് മഞ്ഞളിപ്പും, കാറ്റുവീഴ്ചാ രോഗങ്ങളും ഉണ്ട്. വാർഡ് നാല് താഴ്ന്ന പ്രദേശമായതുകൊണ്ട് വെള്ളം പൊങ്ങുവാൻ വളരെ എളുപ്പമാണ്. അതുകൊണ്ട് ഇവിടെ കൃഷിചെയ്യുന്ന നെല്ലുകൾ നശിച്ചു പോകുന്നു. ആറ്റുബണ്ട് ബലപ്പെടുത്തി വെള്ളപ്പൊക്കം തടയേണ്ടതാണ്. നിലങ്ങൾ നികത്തി കെട്ടിടങ്ങൾ വച്ചിട്ടുണ്ട്. കൃഷിക്കാവശ്യമായ വെള്ളം എത്തിക്കാനുള്ള സൗകര്യം ഇല്ല. ജലസേചന സൗകര്യം ഉണ്ടാക്കുക. വയലിൽ നിന്നും മണ്ണ് എടുക്കുന്നതു കാരണം വെള്ളം കെട്ടികിടക്കുന്നു. ഇതുകാരണം കൃഷിക്ക് ഉപയുക്തമല്ലാതായി തീരുന്നു. നെല്ല് ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നിലം നികത്തുന്നതും കുഴിക്കുന്നതും തടയുക. നെൽക്കൃഷിയുടെ ഇടവേള സമയത്ത് പയർ, എള്ള് തുടങ്ങിയ ധാന്യങ്ങൾ കൃഷി ചെയ്യുന്നതിനും മലക്കറി കൃഷി നടത്തി വരുമാനം കണ്ടെത്തുന്നതിനും വേണ്ട പ്രോത്സാഹനം നൽകുക.

കല്ലട ആറ്റിൽ യോജിക്കുന്ന വെള്ളക്കെട്ട് പ്രദേശമായ ചിറ്റുമലചിറയും മൂഴിയിൽ ചിറയും (0.13 ച. കി. മീ) മത്സ്യക്കൃഷിക്ക് അനുയോജ്യമാണ്.

വാർഡ് ഒന്നിലും, ഒമ്പതിലും, പത്തിലും ഏകദേശം ഭൂപ്രദേശത്തിന്റെ എട്ടു ശതമാനം പുഞ്ചക്കൃഷി ചെയ്യുന്നു. പുഞ്ചക്കൊയ്ത്തിനു ശേഷം ഈ ഭൂവിഭാഗത്ത് വെള്ളം കെട്ടി നിൽക്കുന്നു. കിഴക്കുഭാഗത്തുകൂടി ഒഴുകുന്ന കല്ലട ആറിൽ പടിഞ്ഞാറു ഭാഗത്തായി തടയണകൾ കെട്ടിയുണ്ടാക്കിയിട്ടുണ്ട്. ഇതു പാടങ്ങളിൽ വെള്ളം കെട്ടിനിർത്തുന്നതിനുവേണ്ടിയാണ്. പുഞ്ചക്കൃഷിക്ക് ആവശ്യമായ നാലുമാസങ്ങൾക്ക് ശേഷം ഈ പ്രദേശത്ത് ചെമ്മീൻ കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. വാർഡ് നാലിലും, ഏഴിലും, എട്ടിലും, ഒൻപതിലുമുള്ള കാടുകൾ സംരക്ഷിക്കപ്പെടേണ്ടത് അത്യാവശ്യമാണ്.



Fig - 8 അവലംബം-ഗ്രിഡ്വർക്കുപദ്ധതി PRM, CESS

ഭൂവിനിയോഗം	വിസ്തീർണ്ണം ഹെക്ടറിൽ	ശതമാനം
ഒരുപ്പൂഇരുപ്പുകൃഷി	250	2049
പുഞ്ചക്കൃഷി	89	7.29
മിശ്രിതകൃഷി	461	37.79
മിശ്രിതമരങ്ങൾ	52	4.26
തെങ്ങ്		125
10.25		
വയൽനികത്തി		
തെങ്ങ് കൃഷി	5.2	0.43
കായൽ	217.6	17.84
മറ്റുള്ളവ	21.4	1.75
ആകെ	**1221.2**	**100.09**

ജനപ്രകൃതി

1991-ലെ സെൻസസ് കണക്കുകൾ പ്രകാരം കിഴക്കേ കല്ലടയിലെ ജനസംഖ്യ 21181 ആയിരുന്നു. ഇതിൽ 10302 പുരുഷൻമാരും, 10879 സ്ത്രീകളുമാണ്. പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകളാണ് കൂടുതൽ. ആകെ വീടുകൾ 4186 അതായത് ശരാശരി വീടൊന്നിന് അഞ്ച് ആളുകൾ വീതമുണ്ട്. ആകെ കുടുംബങ്ങൾ 4257 ആയിരുന്നു. ജനസാന്ദ്രത ച. കി. മീ. ന് 1707 ആയിരുന്നു. ആറുവയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 2259 ആണ്. ഇതിൽ ആൺകുട്ടികൾ 1171ഉം പെൺകുട്ടികൾ 1088ഉം ആണ്. പട്ടികജാതി ജനസംഖ്യ 4275 ആണ് അതിൽ 2074 പുരുഷൻമാരും 2201 സ്ത്രീകളും ഉണ്ട്. ആകെ ജനങ്ങളിൽ 17126 പേർ സാക്ഷരരാണ്. ഇതിൽ 8561 പുരുഷൻമാരും 8565 സ്ത്രീകളുമാണ്.

[കടപ്പാട് സെസ്സ്]

തയ്യാറാക്കിയത് :

മിനിജോസഫ് (പ്രോജക്ട് സയന്റിസ്റ്റ്)

കൃഷിയും ജലസേചനവും

അവലംബം: വിഭവ ഭൂപടങ്ങൾ, സെറ്റിൽമെന്റ് രജിസ്റ്റർ, കൃഷിഭവൻ രേഖകൾ

കൊല്ലം ജില്ലയിൽ വടക്കുകിഴക്കേ മൂലകളിൽ സ്ഥിതിചെയ്യുന്ന ഒരു ഗ്രാമപഞ്ചായത്ത് പ്രദേശമാണ് കിഴക്കേകല്ലട. ഭൂമിശാസ്ത്രപരമായി ഈ പ്രദേശം ഉത്തര അക്ഷാംശം 8^{o} .59' E നും 9^{o}E നും പൂർവ്വരേഖാംശം 76^{o}38'Nനും 76^{o}.40'N നും ഇടയിൽ സ്ഥിതിചെയ്യുന്നു. കേരളത്തെ13 കാർഷിക മേഖലകളായി തിരിച്ചിട്ടുള്ളതിൽ മൂന്നാമത്തെതായ ഈനാടിന്റെ തെക്കേയറ്റത്താണ് ഈ പ്രദേശം. (Southern mid land zome) ഈ പ്രദേശത്തെ ശരാശരി വാർഷിക മഴ 2559 മില്ലിമീറ്റും താപനില 28^{o} സെൽഷ്യസിനും 34^{o} സെൽഷ്യസിനും ഇടയിലാണ്. ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 13.02 ചതുരശ്ര കിലോമീറ്ററാണ്. ഇതിനു സമീപത്തായി കിടക്കുന്ന പഞ്ചായത്തുകൾ വടക്കു കിഴക്ക് പവിത്രേശ്വരം, തെക്കുകിഴക്ക് പേരയം, തെക്കുപടിഞ്ഞാറ് മൺട്രോത്തുരുത്ത്, പടിഞ്ഞാറ് പടിഞ്ഞാറേ കല്ലട, വടക്ക് ശാസ്താംകോട്ട പഞ്ചായത്തും സ്ഥിതിചെയ്യുന്നു. ഈ പഞ്ചായത്തിൽ പത്ത് വാർഡുകളാണുള്ളത്. ഇവിടുത്തെ 90% ആളുകളും ഒരു ഹെക്ടറിനു താഴെ മാത്രം വസ്തു ഉള്ളവരാണ്.

ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് ഈ പഞ്ചായത്തിനെ അഞ്ച് മേഖലകളായി തിരിക്കാം. മുഖ്യമായും മൂന്നാണ്.

ഉയർന്ന സമതലം: ഈ പ്രദേശത്തിന്റെ ഉയരം കൂടിയ സ്ഥലങ്ങൾ തെക്കുഭാഗത്തായി കാണുന്നു. ഏറ്റവും ഉയരം കൂടിയ പ്രദേശം ചിറ്റുമലയാണ്. ഇവിടെ ഉയരം 40 മീറ്ററാണ്. തെക്കുപടിഞ്ഞാറു ഭാഗത്തായി 30 മീറ്റർ ഉയരത്തിലും പുത്തനാറിനും (കല്ലടയാറ് മുതിരപ്പറമ്പ് ഭാഗത്തുവച്ച് പുതുതായി വെട്ടിച്ചേർത്ത ഒരു ശാഖയാണിത്) സമീപമായി ഒരു കുന്ന് സ്ഥിതിചെയ്യുന്നു. 20 മീറ്ററിനും 40 മീറ്ററിനും മദ്ധ്യേയുള്ള ഈ പ്രദേശത്തിന്റെ വിസ്തീർണ്ണം ഏകദേശം 2 ച.മീറ്ററാണ് ഭരണിക്കാവ് കുന്നിൻപുറം എന്ന പേരിൽ ഇതറിയപ്പെടുന്നു. ഈ പ്രദേശത്തു മണ്ണുകുറവായതിനാൽ മഴവെള്ളം ഊർന്നിറങ്ങുക കുറവാണ്. ചരിവു താരതമ്യേന കുറവായതിനാൽ മണ്ണൊലിപ്പ് ചെറിയ തോതിലേ അനുഭവപ്പെടുന്നുള്ളു. ജലക്ഷാമം താരതമ്യേന കൂടുതലാണ്. പ്രധാന മൺതരം വെട്ടുകല്ലാണ്. തെങ്ങ്, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, മറ്റു ഫലവൃക്ഷങ്ങൾ എന്നിവയ്ക്ക് യോജിച്ച മണ്ണാണിത്.

ചരിവുപ്രദേശം: കുന്നിൽ മുകളിനെ താഴ്ന്ന സമതലവുമായി ബന്ധിപ്പിക്കുന്ന പ്രദേശമാണിത്. ഈ ഭാഗത്തു കൃഷി ചെയ്യുന്ന ഭൂമി കുറവാണ്. മണ്ണൊലിപ്പ് ഇവിടെ കൂടുതലായി അനുഭവപ്പെടുന്നു. പ്രധാനമൺതരം വെട്ടുകല്ലാണ്. റബ്ബർ, കശുമാവ്, തെങ്ങ് തുടങ്ങിയ വൃക്ഷങ്ങളാണ് പ്രധാനമായി കാണുന്നത് ഓണമ്പലം മുതൽ ശിങ്കാരപ്പള്ളി വരെ ഈ പ്രദേശം നീണ്ടുകിടക്കുന്നു. ഇതിന്റെ വിസ്തൃതി 1.84 ച. മീറ്ററാണ്

താഴ്ന്ന സമതലപ്രദേശം: ചരിവുപ്രദേശത്തിനും കല്ലടയാറ്റിനും മദ്ധ്യേകിടക്കുന്ന ഏകദേശം 8.18ച. കി. മീറ്റർ വിസ്തീർണ്ണമുള്ള പ്രദേശമാണിത്. മഴവെള്ളം ഊർന്നിറങ്ങാത്തതിനാൽ വെള്ളക്കെട്ടുകൾ കൂടുതലുണ്ട്. പ്രധാന മൺതരം പശിമരാശി മണ്ണാണ്. എക്കൽമണ്ണും ചിലയിടങ്ങളിൽ കാണാം. ഫലഭൂഷ്ഠിയുള്ള ഈ മണ്ണ് നെൽക്കൃഷിക്ക് ഏറ്റവും യോജിച്ചതാണ്. തെങ്ങ്, വാഴ, കമുക്, ഗ്രാമ്പു, പച്ചക്കറി, പയറുവർഗ്ഗങ്ങൾ എന്നിവയ്ക്കും ഈ മണ്ണ് അനുയോജ്യം തന്നെ.

കലാവസ്ഥ

ഇവിടെ അനുഭവപ്പെടുന്നത് മൂന്നുതരം കാലാവസ്ഥയാണ്. മഴക്കാലം, വേനൽക്കാലം, തണുപ്പുകാലം.

മഴക്കാലം: ജൂൺ മുതൽ സെപ്റ്റംബർ വരെ തെക്കു പടിഞ്ഞാറാൻ കാറ്റിനെ ആശ്രയിച്ചുള്ള കാലവർഷമാണ് ഇവിടെ ലഭിക്കുന്നത്. ഇതിനെ ഇടവപ്പാതി എന്നു പറയുന്നു. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ-ജൂലൈ മാസങ്ങളിലാണ്. ഒക്ടോബർ, നവംബർ മാസങ്ങളിൽ വടക്കുകിഴക്കൻ കാറ്റിനെ ആശ്രയിച്ചുള്ള തുലാവർഷവും ലഭിക്കുന്നു. താരതമ്യേന തുലാവർഷം കുറവാണ്. മറ്റുള്ള മാസങ്ങളിൽ ഇടമഴയും കിട്ടാറില്ല.

വേനൽക്കാലം: ഡിസംബർ മുതൽ മെയ്മാസം വരെ വേനൽക്കാലം. ഏറ്റവും കൂടുതൽ ചൂടനുഭവപ്പെടുന്നത് മെയ്മാസത്തിലാണ്. 34 -36^{0} സെൽഷ്യസ് വരെയാണ് അനുഭവപ്പെടുന്ന ചൂട്.

തണുപ്പുകാലം: നവംബർ, ഡിസംബർ, ജനുവരി മാസങ്ങളാണ് തണുപ്പുകാലമായി അനുഭവപ്പെടുന്നത്. ഉത്തരേന്ത്യയിൽ അനുഭവപ്പെടുന്നതു പോലുള്ള അത്യുഷ്ണവും അതിശൈത്യവും ഇവിടെ അനുഭവപ്പെടാറില്ല.

ജലലഭ്യത

പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിലൂടെ ഒഴുകുന്ന കല്ലടയാറും, ചിറ്റുമല ചിറയുമാണ് ജലലഭ്യതയുടെ അടിസ്ഥാനം. ഉപയോഗയോഗ്യമാക്കിയാൽ പ്രയോജനപ്പെടുത്താവുന്ന മൂന്നുനാലു കുളങ്ങളും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി കാണാം. ചിറ്റുമല ചിറയിൽ നിന്നും ചോതിരത്തിൽ പാലത്തിനടിയിലൂടെ പടിഞ്ഞാറൊട്ടൊഴുകുന്ന അമ്പിത്തോട് എന്നറിയപ്പെടുന്ന നടുത്തോടും ഉപ്പൂട് ലിഫ്റ്റ് ഇറിഗേഷൻ കനാലും അതിന്റെ തുടർച്ചയായി താഴം വാർഡിൽ അഞ്ചുമൂലയിൽ അവസാനിക്കുന്ന കരത്തോടും ജലലഭ്യതയ്ക്കുള്ള മാർഗ്ഗങ്ങളാണ്.

ഭൂവിനിയോഗം

ഈ പഞ്ചായത്തിലെ മുഖ്യവിളകളായി കാണുന്നത് നെല്ല്, തെങ്ങ്, കമുക്, വാഴ, കുരുമുളക്, കിഴങ്ങുവർഗ്ഗങ്ങൾ, പയർ, പച്ചക്കറി, റബർ മുതലായവയാണ്. ചരിവുപ്രദേശങ്ങളിൽ മാത്രമാണ് റബർ കാണപ്പെടുന്നുത്. നെല്ലിന്, വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നിങ്ങനെ മൂന്നു കൃഷികളാണുള്ളത്. മിശ്രിതകൃഷിയാണ് കൂടുതലും. മത്സ്യക്കൃഷിക്കനുയോജ്യമായ വെള്ളക്കെട്ടുകളുമുണ്ട്. ഭൂപ്രദേശത്തിന്റെ 36%വും തെങ്ങുകൃഷിയാണ്. 25% നെൽക്കൃഷിക്കുപയോഗിക്കുന്നു. ഒൻപതാം വാർഡൊഴികെ മറ്റെല്ലാ വാർഡുകളിലും നെൽക്കൃഷി കാണാം.

ഭൂവിനിമയമനുസരിച്ചുള്ള വിസ്തീർണ്ണവും ഉത്പാദനവും

വിള	വിസ്തീർണ്ണം	മൊത്തഉല്പാദനം	ഉൽപാദനക്ഷമത
നെല്ല് (വിരിപ്പ്)	200 H	320 ടൺ	1600 Kg
നെല്ല് (മുണ്ടകൻ)	270 H	540 ടൺ	2000 Kg
നെല്ല് (പുഞ്ച)	55 H	82.5 ടൺ	1500 Kg
തെങ്ങ്	672 H	3897600 Nos	5800 എണ്ണം
വാഴ	105 H	1806 ടൺ	17200 Kg
കുരുമുളക്	25 H	25 ടൺ	1000 Kg (Dry)
മരച്ചീനി	60 H	720 ടൺ	12 ടൺ
കശുമാവ്	30 H	90 ടൺ	3000 Kg
പയർ	40 H	20 ടൺ	500 Kg
എള്ള്	10 H	2 ടൺ	200 Kg
പച്ചക്കറി	15 H	75 ടൺ	5000 Kg
പ്ലാവ്	25 H	90000 fruits	3600
മാവ്	21 H	157.5 ടൺ	7500 Kg
റബർ	2 H	6200 ടൺ	3100 Kg
കമുക്	40 H	720 ടൺ	18 ടൺ
ചേന	10 H	300 ടൺ	30 ,,
കാച്ചിൽ	10 H	300 ടൺ	30 ,,
ചേമ്പ്	10 H	100 ടൺ	10 ,,

കാർഷികചരിത്രം

വർഷങ്ങൾക്കുമുമ്പ് മരുമക്കത്തായം എന്ന ദായക്രമമാണ് ഇവടെ നിലനിന്നിരുന്നത്. ഭൂമി കൂട്ടുകുടുംബത്തിന്റെ അധീനതയിലും കുടുംബ കാരണവരുടെ ഭരണത്തിലുമായിരുന്നു. ഈ സമ്പ്രദായത്തിൽ ഗുണത്തേക്കാളേറെ ദോഷമാണുള്ളതെന്ന് മനസ്സിലായപ്പോൾ 1925ൽ നിയമം മൂലം ഈ സമ്പ്രദായം അവസാനിപ്പിക്കുകയും പകരം മക്കത്തായം എന്ന ദായക്രമം നിലവിൽ വരുകയും ചെയ്തു. തന്മൂലം ഭൂവുടമ സമ്പ്രദായത്തിൽ വന്ന മാറ്റം കാർഷിക മേഖലയിൽ വമ്പിച്ച മാറ്റങ്ങളുണ്ടാക്കുകയും ചെയ്തു.

ഈ പഞ്ചായത്ത് പ്രദേശത്ത് മുഖ്യമായും കൃഷിചെയ്തു വന്നിരുന്നത്. നെല്ലും തെങ്ങുമായിരുന്നു. തെങ്ങിൻതോപ്പുകളിൽ ഇന്നുകാണുന്ന ഇടവിള സമ്പ്രദായം തീരെ ഇല്ലായിരുന്നു എന്നുതന്നെ പറയാമായിരുന്നു. ആകെ വിസ്തീർണ്ണത്തിന്റെ 45 ശതമാനം വയലുകളായിരുന്നു. ഫലപുഷ്ടിയുള്ള മണ്ണായതുകൊണ്ട് സമൃദ്ധമായ വിളകിട്ടിയിരുന്നു. കിഴക്കേ കല്ലട കൊല്ലത്തിന്റെ നെല്ലറയെന്നു പരക്കെ അറിയപ്പെട്ടിരുന്നു. പാടശേഖരങ്ങൾ പൊതുവിലും ചെമ്പുപാടം അവിടുത്തെ മണ്ണിന്റെ കാര്യത്തിൽ പ്രത്യകിച്ചും എടുത്തു പറയത്തക്ക പ്രത്യകതകളുള്ളതായിരുന്നു. ഇവിടെ കുശവന്മാർ കുടിയേറി പാർത്തിരുന്നു. ഇവിടുത്തെ മണ്ണുപയോഗിച്ച് മൺപാത്രങ്ങൾ നിർമ്മിച്ചുവിറ്റാണ് ഇവർ ഉപജീവനം നടത്തി വന്നിരുന്നത്. അതിനാൽ ഈ പ്രദേശത്തെ കുശക്കുഴി എന്ന പേരിൽ അറിയപ്പെടുന്നു.

ഒരു വർഷം രണ്ട് വിളുകളായിരുന്നു ഇവിടെ നിലനിന്നിരുന്നത്. നെൽകൃഷിക്ക് പരമ്പരാഗത വിത്തുകളായിരുന്നു ഇവിടെ ഉപയോഗിച്ചിരുന്നത്. ഒന്നാം വിളയ്ക്ക് മൂപ്പുകുറഞ്ഞ ഇളവിത്ത് ഉയർന്ന നിലങ്ങളിലും നൻവിത്ത് മറ്റുള്ളിടത്തും ഉപയോഗിച്ചിരുന്നു. രണ്ടാം വിളയ്ക്ക് മൂപ്പുകൂടിയ വിത്തിനങ്ങളായ മുണ്ടകൻ, പ്രാക്കുളം വെള്ള, കൂരിച്ചെമ്പാവ്, അതിക്കിരാഴി, തവളക്കണ്ണൻ, ചേറാടി എന്നീ വിത്തുകളാണ് ഉപയോഗിച്ചിരുന്നത്. 1970 ന് ശേഷമാണ് അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളും രാസവളങ്ങളും ഉപയോഗിക്കാൻ തുടങ്ങിയത്. ജൈവവളങ്ങളായിരുന്നു പ്രധാനമായും ഉപയോഗിച്ചിരുന്നത്. ചിറ്റുമല ചിറയായിരുന്നു പ്രധാന ജലസ്രോതസ്സ്. ചിറയിൽനിന്നും ഇടത്തോടും കരത്തോടും വഴി ഒഴുകിവരുന്ന ജലം മിക്കവാറും പാടശേഖരങ്ങളിൽ എത്തിക്കുന്നതിനുള്ള കൈവഴികളും ഉണ്ടായിരുന്നു. തേക്കോണി, തേക്കൊട്ട, ചക്രം എന്നിവയും ഉപയോഗിച്ചിരുന്നു. അടുത്തകാലം മുതൽ ഉപ്പൂട്ടു ലിഫ്റ്റ് ഇറിഗേഷൻ മൂലം ആറ്റിലെ ജലവും ഉപയോഗിക്കാൻ തുടങ്ങി. ഇത് ഒരു ചെറിയ പ്രദേശത്തിന് മാത്രമേ ഇതുവരെ ഉപയോഗിക്കാൻ കഴിഞ്ഞിട്ടുള്ളു. ചെറിയ പമ്പുസെറ്റുകളും ക്രമേണ ഉപയോഗിച്ചു തുടങ്ങി. പാടശേഖരാടിസ്ഥാനത്തിൽ ഒരേ വിത്തിനമായിരുന്നു ഉപയോഗിച്ചിരുന്നത്. കൃഷിക്കാർ കാളകളെ ഉപയോഗിച്ചായിരുന്നു നിലം ഉഴുതിരുന്നത്. സ്വന്തമായി കാളയില്ലാതിരുന്ന കൃഷിക്കാർ നന്നേ വിരളമായിരുന്നു. കല്ലടയിൽ പ്രസിദ്ധമായ ഒരു കന്നുകാലിച്ചന്ത നിലവിലുണ്ടായിരുന്നു. കല്ലട വയലിലെ കാലിക്കച്ചവടവും ഒരു കാലത്ത് പ്രസിദ്ധമായിരുന്നു. പിൽക്കാലത്ത് ഇവ രണ്ടും നിന്നുപോയി. എല്ലാ പ്രവർത്തനങ്ങളിലും കൃഷിക്കാരുടെ സഹകരണം ഇന്നത്തെ ജനതയ്ക്ക് അസൂയ ഉളവാക്കുംവിധം ആയിരുന്നു. സർക്കാർ സഹായം ഒന്നും തന്നെ ലഭിച്ചിരുന്നില്ല.

കൃഷിക്കാരും കർഷകതൊഴിലാളികളും ഒത്തിണങ്ങി കൃഷിഭൂമിയിൽ പണിചെയ്തിരുന്നു. സ്വന്തം മുതൽ പോലെ കരുതി ജോലിക്കാർ സഹകരിച്ചിരുന്നു എന്നുള്ളത് ഇന്നത്തെ ജനതയ്ക്ക് അത്ഭുതമുളവാക്കും വിധമായിരുന്നു. കൂലിയായി ധാന്യങ്ങളായിരുന്നു കൊടുത്തിരുന്നത്. പകുതിവാരം, പാട്ടം എന്നീ വ്യവസ്ഥകൾ നിലവിലിരുന്നതുകൊണ്ട് കൃഷിഭൂമി സ്വന്തമായി ഇല്ലാതിരുന്ന കൃഷിക്കാർക്കും അവരവരുടെ കഴിവനുസരിച്ച് കൃഷിചെയ്യാൻ നിലം ലഭ്യമായിരുന്നു. നെൽകൃഷിയോടൊപ്പം തെങ്ങ്, വാഴ, കമുക് തുടങ്ങിയ മറ്റു വിളകളും സമൃദ്ധമായി കൃഷിചെയ്തിരുന്ന ഉൽപാദനക്ഷമതയിൽ വളരെ മുൻപന്തിയിലായിരുന്നു ഈ വിളകൾക്ക് ഇന്ന് കാണുന്നവിധത്തിലുള്ള രോഗങ്ങളൊന്നും തന്നെ ഇല്ലായിരുന്നു. കാർഷികോൽപ്പന്നങ്ങൾ വിറ്റഴിച്ചിരുന്ന ജില്ലയിലെ ചന്തകളിൽ ഒരു പ്രമുഖസ്ഥാനം കല്ലട

ചന്തയ്ക്കുണ്ടായിരുന്നു. ഇപ്പോൾ ആഴ്ചയിൽ തിങ്കൾ, വ്യാഴം എന്നീ ദിവസങ്ങളിൽ ആഴ്ച ചന്തയും അന്തിച്ചന്തയും നിലവിലുണ്ട്.

കാലം കഴിഞ്ഞതോടെ നെൽകൃഷി നഷ്ട മായി മാറി. വെള്ളപ്പൊക്കവും വരൾച്ചയും മൂല മുള്ള കൃഷിനാശം കൂടെകൂടെ ഉണ്ടാകുന്നു. ആധുനിക വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിച്ച തോടെ കൃഷിയിലുള്ള ആഭിമുഖ്യം കുറഞ്ഞുതു ടങ്ങി. കൃഷിക്കാരുടെ പിൻതുടർച്ചക്കാർ കൂടു തൽ ലാഭകരമായ മറ്റ് തൊഴിലുകളിലേക്ക് മാറി തുടങ്ങി. വിദ്യാഭ്യാസം ലഭിച്ചവർ തൊഴിലന്വേ ഷിച്ച് മറ്റു സ്ഥലങ്ങളിലേയ്ക്കും പ്രത്യേകിച്ച് ഗൾഫ് നാടുകളിലേക്കും പോയതിന്റെയും ശേ ഷിച്ചവർ കൂടുതൽ ആദായകരമായ മറ്റ് തൊഴി ലുകളിലേയ്ക്ക് മാറിയതോടെ കാർഷിക മേഖ ലയിൽ തൊഴിലാളികളുടെ ദൗർലഭ്യം ഉണ്ടാവു കയും ചെയ്തു. സ്വാഭാവികമായി കൃഷിക്കാരുടെ ശ്രദ്ധ താരതമ്യേന തൊഴിലാളികളുടെ ആവശ്യം കുറവും കൂടുതൽ ആദായകരമായ തെങ്ങുകൃഷിയിലേക്കും മാറി. നിലം നികത്തി തെങ്ങു കൃഷി തുടങ്ങിയതോടെ വയലുകളുടെ വിസ്തീർണ്ണം 25% ആയി കുറഞ്ഞു. ജനസംഖ്യയിൽ വന്ന വളർച്ച പാർപ്പിട പ്രശ്നങ്ങളും സൃഷ്ടിച്ചു. വ്യാപകമായി നിലം നികത്തി വീടുകളും റോഡുകളും ഉണ്ടാക്കി തുടങ്ങി. പാടം നികത്തലും ഇഷ്ടിക നിർമ്മാണത്തിനായി നിലം കുഴിക്കലും പുതിയ പരിസ്ഥിതി പ്രശ്നമുണ്ടാക്കി. നിലം കൃഷി ഉപേക്ഷിച്ച നിലയിലേക്ക് മാറിപോകുന്നു. തെങ്ങിന്റെ ഉല്പാദനക്ഷമത കുറഞ്ഞുതുടങ്ങി. ഉല്പാദനച്ചെലവ് കൂടുകയും ഉല്പാദനക്ഷമത കുറയുകയും ചെയ്തപ്പോൾ കൃഷി മുഖ്യവരുമാനമല്ലാതായിമാറി. വർഷംതോറും ഉണ്ടാകുന്ന നഷ്ടം കർഷകരെ ഉൽപ്പാദനത്തിൽ നിന്നും പിൻതിരിപ്പിക്കുന്നു. ഉദ്യോഗസ്ഥരായ കൃഷിക്കാരാകട്ടെ, സമയമോ താല്പര്യമോ ഇല്ലാതെ കൃഷിയുമായി മുന്നോട്ട് പോകുന്നു.

കർഷകതൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ട് വിളവെടുക്കാൻ പോലും ആളില്ലാത്ത അവസ്ഥ, കൂലി വർദ്ധനവ്, രാസവള, കീടനാശിനികളുടെ വിലവർദ്ധനവ്, ജൈവവളങ്ങളുടെ ദൗർലഭ്യം, ഉല്പാദനങ്ങളുടെ വിലയിലുള്ള കുറവ്, കാർഷിക യന്ത്രോപകര ണങ്ങളുടെ ലഭ്യതയില്ലായ്മ, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയ കാരണങ്ങളാൽ കൃഷി ഉപേക്ഷിച്ച് കൃഷിയിടങ്ങളിലെ മണ്ണ് വിറ്റു കാശാക്കുന്ന നിലയിലേക്ക് കർഷകൻ എത്തിനിൽക്കുന്ന അവസ്ഥയാണ് ഇന്ന് കർഷകനുള്ളത്.

തെങ്ങുകൃഷിയുടെ വിസ്തീർണ്ണം വർദ്ധിച്ചിട്ടുണ്ടെങ്കിലും വിവിധ രോഗങ്ങൾ മൂലം ഉല്പാദനക്ഷമത ഗണ്യമായി കുറഞ്ഞിരിക്കുന്നതു മൂലം കൃഷിക്കാർ ഈ കൃഷിയിലും നിരാശരാണ്.

നടീൽ വസ്തുക്കളുടെ കൃഷിയും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. വാഴക്കൃഷിയും ആശാവഹമല്ല. ദ്രുതവാട്ടം തുടങ്ങിയ രോഗങ്ങൾ മൂലം കുരുമുളക് കൃഷിയും നശിച്ചു കൊണ്ടിരിക്കുന്നു.

ഇഞ്ചി, മഞ്ഞൾ തുടങ്ങിയ കൃഷിയുടെ അവസ്ഥയും മേൽപറഞ്ഞവയിൽ നിന്നും വ്യത്യസ്തമല്ല.

നഴ്സറികൾ

മുഖ്യമായും ഒരുകാർഷിക പ്രദേശമാണ് ഈ പ്രദേശമെങ്കിലും ഒരു വിധമായ നഴ്സറിയും ഇവിടില്ല.

കൃഷിഭവൻ

ഈ പ്രദേശത്ത് ഏലാവികസനകേന്ദ്രം നിലവിലുണ്ടായിരുന്നു. 1987 സെപ്റ്റംബർ ഒന്നുമുതൽ കൃഷി ഭവന്റെ പ്രവർത്തനം ആരംഭിച്ചു. അത്യുല്പാദനശേഷിയുള്ള നെൽവിത്തിനങ്ങളും TXDവർഗ്ഗത്തി പെട്ടതും അതു പോലെ നാടൻ വർഗ്ഗത്തിൽ പെട്ടതുമായ തെങ്ങിൻ തൈകളും പന്നിയൂർ ഒന്ന് എന്ന കുരുമുളകുവള്ളി ഒട്ടുമാവിൽ തൈകൾ കശുമാവിൻ തൈകൾ, ജാതി, ഗ്രാമ്പു പച്ചക്കറി വിത്തുകൾ എന്നിവയുടെ വിതരണങ്ങളും കാലാകാലങ്ങളിലുണ്ടായിട്ടുണ്ട്. ഇത് കൃഷിക്കാരുടെ ഇടയിൽ ഒരു പുതിയ ഉണർവ്വ് ഉണ്ടാക്കിയിട്ടുണ്ട്. കാലാകാലങ്ങളിലുള്ള

സബ്സിഡി വിതരണവും നടക്കുന്നുണ്ട്. ഒരു കൃഷി ഓഫീസറും മൂന്നു കൃഷി അസിസ്റ്റന്റുമാരും ഒരു പാർട്ട് ടൈം സ്വീപ്പറും ജീവനക്കാരായുണ്ട്. ഈ ഓഫീസ്സിന്റെ പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമാക്കിയാൽ കൃഷിക്കാർക്ക് ആശ്വാസമായിരിക്കും

പാടശേഖരസമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കൃഷിക്കാരെ കൂട്ടി യോജിപ്പിച്ചു കൊണ്ട് രൂപീകരിക്കപ്പെട്ടിട്ടുള്ള ഒമ്പതു പാടശേഖരസമിതികൾ ഇപ്പോൾ ഉണ്ട്. പലതും വേണ്ടത്ര ഫലപ്രദമായല്ല പ്രവർത്തിക്കുന്നത്. ഒരു കേരസമതിയും നിലവിലുണ്ട്.

രാസവളം

രാസവളമേഖലയിൽ രണ്ടു വിപണനകേന്ദ്രങ്ങൾ ഇപ്പോൾ ഉണ്ട്. ഇപ്പോൾ കൃഷിയുപയോഗിക്കുന്നത് 80%വും രാസവളങ്ങളാണ്. ശാസ്ത്രീയമായ അടിസ്ഥാനത്തിലല്ല രാസവളപ്രയോഗം നടത്തുന്നത്. ഇത് കൃഷിചെലവിന്റെ വർദ്ധനയ്ക്കു കാരണമാക്കുന്നു. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലുള്ള പ്രയോഗം നടന്നിട്ടില്ല.

വളത്തിന്റെ ഉപയോഗം കാണിക്കുന്ന ചാർട്ട്

രാസവളത്തിന്റെ പേര്	1993-94	94-95	95-96
F.F.	10131 Kg	11116 Kg	17935 Kg
Uria	9461 Kg	12003 Kg	15434 Kg
MOP	2168 Kg	4461 Kg	3910 Kg
10-5-20	4534 Kg	2514 Kg	4349 Kg
A/S	406 Kg	789 Kg	4556Kg

കീടനാശിനികൾ

നെല്ല്, പച്ചക്കറി എന്നീ വിളകൾക്കാണ് കീടനാശിനികൾ പ്രത്യേകമായി ഉപയോഗിച്ചു വരുന്നത്. കീടനാശിനികൾ തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻ കരുതലുകളോ ശാസ്ത്രീയമായ രീതികളോ പരിഗണിച്ചു കാണുന്നില്ല. കൃഷിക്കാർക്കു ബോധവൽക്കരണം ആവശ്യമാണ്.

കാർഷികോപകരണങ്ങൾ

കൃഷിഭവൻ മുഖേന തെക്കേമുറിയിലുള്ള അമ്പുവിള ഹരിജൻ കോളനിക്ക് ഒരു ട്രാക്ടർ, ചെമ്പു പാടശേഖരകമ്മിറ്റിക്ക് ഒരു ട്രില്ലർ, പത്തു റോക്കർഡ്പ്രയർ, പത്തു നാപുസ്രാക്സ്പ്രയർ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ഉഴവുകാളകളുടെ എണ്ണം വളരെ പരിമിതമാണ്. ഇല്ലാത്തതിനു തുല്യം. ഈ പ്രദേശത്ത് 3473 കർഷക കുടുംബങ്ങളാണുള്ളത്. ഇവരിൽ 1200 ഓളം കുടുംബങ്ങൾ കൃഷിയെ മുഖ്യ ഉപജീവനമാർഗ്ഗമായി ആശ്രയിച്ചു ജീവിക്കുന്നു. ഇവിടെ ഏകദേശം 800ൽ പരം കർഷകത്തൊഴിലാളികളാണുള്ളത്. എന്നാൽ ഇവർ ഈ മേഖലയിൽ ഉറച്ചു നിൽക്കുന്നില്ല. ഇവരുടെ ശരാശരി കൂലി നിരക്ക് പുരുഷന്മാർക്ക് 80 രൂപായും സ്ത്രീകൾക്ക് 55 രൂപയുമാണ് നിലവിൽ ഒരു ഏകീകൃത കൂലി ഇല്ല.

കാർഷികവായ്പ

രണ്ടു സഹകരണസംഘങ്ങളും ഒരു നാഷണലൈസ്ഡ് ബാങ്കും ലഭ്യതയനുസരിച്ച് കാർഷിക വായ്പകൾ കൊടുത്തു വരുന്നുണ്ട്. നാഷണലൈസ്ഡ് ബാങ്കിന്റെ കാർഷികവായ്പാ വിതരണം ആശാവഹമോ, ആവശ്യത്തിനനുസരിച്ചോ ലഭ്യമല്ല. കൃഷി ആവശ്യങ്ങൾക്കനുവദിക്കുന്ന വായ്പകൾ മിക്കപ്പോഴും അതിനു വേണ്ടിയല്ല ഉപയോഗിക്കുന്നതെന്നുള്ളതും. ഒരു പോരായ്മയാണ്. പലിശ നിരക്ക് കൂടുതലാണ്.

ജലസേചനം

പ്രധാനമായും മഴയെ ആശ്രയിച്ചു കൃഷി ചെയ്യുന്ന ഒരു പ്രദേശമാണിത്. കാലവർഷവും തുലാവർഷവുമാണിവിടെ ലഭിക്കുന്നത്. ഇടമഴയും കിട്ടാറുണ്ട്. പ്രധാനമായും ഈ പഞ്ചായത്തിൽ നടുത്തോട് കരത്തോട് എന്നിങ്ങനെ രണ്ടു തോടുകളാണുള്ളത്. എങ്കിലും ഈ തോട്ടിൽ നിന്നും മിക്ക ഏലാകളിലും വെള്ളം കൊണ്ടു പോകുന്നതിനുള്ള കൈവഴികൾ ഉണ്ടായിരുന്നു. ഇപ്പോൾ പലതും അപ്രത്യക്ഷമായ നിലയിലാണ്.

കുളങ്ങൾ

വിവിധ പാടങ്ങളിലായി നാലുകുളങ്ങൾ ഉണ്ട്. ഇവയൊന്നും ജലസേചനത്തിന് പര്യാപ്ത

മായ രീതിയിൽ അല്ല ഇപ്പോൾ കാടണപ്പെടുന്നത്.

മണ്ണ് ജലസംരക്ഷണം

ജലസംരക്ഷണത്തിന് പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. റോഡുകളുടെ അരുകിൽ ഡ്രെയിനേജ് സൗകര്യങ്ങൾ ഇല്ലാത്തതുമൂലം റോഡുകളിലൂടെ ഒഴുകുന്ന വെള്ളം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. മഴക്കാലത്ത് ഭൂമിയിൽ വീഴുന്ന ജലം ഒഴുകിപോകാതെ മണ്ണിലേയ്ക്ക് ഊർന്നിറങ്ങി ജലാംശം പിടിച്ചു നിറുത്തത്തക്ക പദ്ധതികളൊന്നും തന്നെയില്ല.

പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. ജലസേചനസൗകര്യങ്ങൾ ഫലപ്രദമല്ല.

മതിലകം ഭാഗത്തുള്ള ഇത്തിക്കുന്നിൽ ലിഫ്റ്റ് ഇറിഗേഷനുള്ള സൗകര്യങ്ങൾ ഉണ്ടാക്കി ചിറ്റുമല ചിറയിലുള്ള വട്ടക്കായലിൽ നിന്നും വെള്ളം ലിഫ്റ്റ് ചെയ്തു പൈപ്പു വഴി ഉപ്പൂട് ലിഫ്റ്റ് ഇറിഗേഷൻകനാലിൽ എത്തിച്ചാൽ ഈ ജലം വേരാണൂർ, നിമേൽ, ത്രിവേണി എന്നീ പാടശേഖരങ്ങൾക്കു പ്രയോജനപ്പെടുത്തും.

തുരുത്തേൽ ഭാഗത്തു വരെ പണിഞ്ഞു നിറുത്തിയിരിക്കുന്ന കനാൽ അഞ്ചു മൂലവരെ പൂർത്തിയാക്കുക. ഈ കനാലിന്റെ ഇരുവശങ്ങളിലായി പാടശേഖരങ്ങളിലേയ്ക്ക് വെള്ളം തിരിയത്തക്കവിധം കൈത്തോടുകളും ഷട്ടറുകളും സ്ഥാപിക്കുക.

ചിറ്റുമല ചീപ്പിൽക്കൂടി അമ്പിത്തോട്ടിലേയ്ക്കു വരുന്ന വെള്ളം മഠത്തിൽ പുരയിടത്തിനു കിഴക്കുവശം ഒരു തടയണകെട്ടി നിറുത്തി തോടിന്റെ വടക്കു വശത്തു കൂടിയുള്ള വയലിൽക്കൂടി ഒരു തോടു വെട്ടികരത്തോട്ടിൽ എത്തിച്ചാൽ താഴോട്ടുള്ള പാടങ്ങളിൽ വെള്ളമെത്തിക്കാൻ കഴിയും.

തൊട്ടിക്കരമുതൽ മൂഴിവരെയുള്ള തോടിന്റെ രണ്ടു വശവും പാറക്കൊണ്ടു കെട്ടി ബലപ്പെടുത്തുകയും, അമ്പിത്തോട്, പരിച്ചേരി, ചെറുകര കൂനമ്പാലം എന്നീ സ്ഥലങ്ങളിൽ ഷട്ടറുകൾ ഇട്ട് നിലങ്ങളിലെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്. ചെറുകര കൂനമ്പാലം നിർമ്മിക്കണം. പരിച്ചേരിപാലത്തിനു നേരേ പടിഞ്ഞാറോട്ട് 200 മീറ്റർ നീളത്തിൽ കിഴക്കേ ചരുവു ഭാഗത്ത് കുറ്റിയിൽ പാടത്തു വെള്ളമിറക്കുന്നതീ ഒരു ഷട്ടർ സ്ഥാപിക്കണം. പറയന്റെ വളവിൽ ഒരു സ്ലാബിടുകയും വേണം.

ചിറ്റുമല പുഞ്ചയിലുള്ള നടുത്തോടിന്റെ ആഴം കൂട്ടി തോടുവരമ്പുകൾ ബലപ്പെടുത്തുത. ചിറ്റുമല ചിറയിലെ നിലവിലുള്ള ഷട്ടറുകൾ നടുത്തോടിന്റെ ലവലനുസരിച്ച് മാറ്റി സ്ഥാപിക്കുക. അതിന്റെ സമീപത്തുള്ള രണ്ടു കുഴലുകൾ സ്ഥിരമായി അടയ്ക്കുകയും ചിറയിൽ അധീകരിച്ചു വരുന്ന ജലം പലകമാറ്റി ഷട്ടറുകൾ സ്ഥാപിച്ച് ഒഴുക്കി വിടണം. ചിറ വരമ്പ് ഉയർത്തി ബലപ്പെടുത്തുകയും വേണം.

കായ്കടവിൽ ചെമ്പു പാടത്തിലേയ്ക്കുള്ള കലുങ്കിന് ഷട്ടർ ഇടണം. മൂഴിയിലെ ഷട്ടർ കേടു വന്നത് പുതുക്കി പണിയണം. K.I.P.പദ്ധതി യുടെ ഭാഗമായി ഉപ്പൂട്ടിൽ വന്നുനിൽക്കുന്ന കനാൽ അഞ്ചു മീറ്റർ കൂടി വെട്ടിചേർത്ത് ലിഫ്റ്റ് ഇറിഗേഷൻ കനാലുമായി ബന്ധിപ്പിക്കുക.

കൂരമ്പാൽ ഏലായിൽ തെക്കു പടിഞ്ഞാറേ മൂലയിൽ സ്ഥിതി ചെയ്യുന്ന കുളം ആഴത്തിൽ കുഴിച്ച് ഒരു പമ്പു സെറ്റു സ്ഥാപിച്ച്, കൂരമ്പാൽ, പെരുങ്കുളം, മാത്തുവയൽ എന്നീ ഏലാകൾക്ക് ഫലപ്രദമായി വെള്ളമെത്തിക്കാൻ തക്കവിധത്തി പണിയണം. ഈ കുളവുമായി ബന്ധിക്കുന്ന കൂരമ്പാൽ പെരുങ്കുളം തോട് ഇരുവശവും പാറകെട്ടി ബലപ്പെടുത്തണം. പെരുങ്കുളത്തിൽ നിന്നും വടക്കോട്ട് വെള്ളമെത്തിക്കുന്നതിന് മഠത്തിലഴികത്തു ഭാഗത്തുള്ള കലുങ്ക് ആവശ്യാനുസരണം പുതുക്കി പണിയുകയും മടത്തു വയലിലേക്കുള്ള തോട് ഇരുവശവും പാറകെട്ടി ബലപ്പെടുത്തുകയും വേണം.

പുല്ലേപ്പള്ളി ഏലായുടെ വടക്കു ഭാഗത്തുള്ള തോട്ടിൽ നിന്നും വടക്കോട്ടു കുളപ്പുറം കോളനിയിലൂടെ മേപ്പള്ളിൽ തെക്കുഭാഗത്തെത്തി പേഴൂർ കിഴക്കു ഭാഗത്തു ചേരുന്ന തോട് സൗകര്യപ്രദമായി താഴ്ത്തി ഇരുവശവും പാറകെട്ടി ബലപ്പെടുത്തണം.

കാവരവയലിൽ നിന്നും വരുന്ന വെള്ളം തോണ്ടന്മേൽ ഭാഗത്തുക്കൂടി പടിഞ്ഞോറോട്ടു പോയി പുല്ലേപ്പള്ളിൽ ഏലായിൽ ചേരുന്നതിനുള്ള തോട് ആവശ്യാനുസരണം പണിയേണ്ടതാണ്.

പേരേത്തഴികത്തു വടക്കു ഭാഗത്തു കൂടി മുട്ടാർ ഏലായിലേക്കു പോകുന്ന തോട് ഉപയോഗയോഗ്യമാക്കി പണിയണം.

ഉണ്ണിക്കുളം ഏലായിലുള്ള അമ്പലക്കുളം പുനരുദ്ധരിച്ച് പമ്പുസെറ്റു സ്ഥാപിച്ചാൽ ഉണ്ണിക്കുളം പെരുങ്കുളം ഏലാകളിൽ വെള്ളം എത്തിക്കാവുന്നതാണ്.

കല്ലട ഇറിഗേഷൻ ഇടതു കനാലിന്റെ കുണ്ടറ ഭാഗത്ത് വടക്കോട്ട് ഒരു കനാൽ മുളവന, ചിറ്റുമല വഴി ഇടിക്കടവും ഭാഗത്ത് എത്തിച്ചാൽ ഈ ഉടർന്ന ഭാഗങ്ങളിലുള്ള തെങ്ങു കൃഷിക്ക് പ്രയോജനപ്പെടുത്താം.

ശിങ്കാരപ്പള്ളി പള്ളത്തു പാടത്ത് ഒരു കുളം കുഴിച്ച് ഒരു പമ്പു സെറ്റു സ്ഥാപിച്ചാൽ മുണ്ടകൻ കൃഷി കഴിഞ്ഞതിനു ശേഷം പച്ചക്കറി കൃഷി നടത്താവുന്നതാണ്.

തെക്കേക്കരഭാഗത്തും, വളവിൽ ഭാഗത്തും (വാർഡ് 7) രണ്ടു കുളങ്ങൾ നിർമ്മിച്ച് പമ്പുസെറ്റു വച്ചാൽ നാവുങ്കരഭാഗത്തെ നെൽകൃഷിയും നടത്താം.

ജലനിർഗ്ഗമനം.

വർഷകാലത്ത് ചിറ്റുമലചിറയിൽ കരകവിഞ്ഞൊഴുകി കൂടുന്ന ജലം മൂലം കിഴക്കേകല്ലട ഏലാകളിലെ നെൽകൃഷി നശിക്കുന്നത് കൂടെകൂടെയുള്ള ഒരനുഭവമാണ്. ഇതൊഴിവാക്കുന്നതിന് ഓണമ്പലം പദ്ധതിയുടെ പണി എത്രയും വേഗം പൂർത്തിയാക്കണം.

വെള്ളപ്പൊക്ക സമയത്ത് മടത്തുവയൽ, പെരുങ്കുളം, മണ്ണൂർകിഴക്കുപുറം, പില്ലേപ്പള്ളി, പഴയാർ, മുട്ടാർ എന്നീ ഏലാകളിൽ വെള്ളം കെട്ടി നിന്ന് കൃഷി നാശവും കൃഷി ഇറക്കുന്ന സമയത്ത് (രണ്ടാം വിള) ചെയ്യാൻ സാധിക്കാത്തവിധത്തിൽ വെള്ളക്കൂടുതലും ഉണ്ടാകുന്നത് സ്ഥിരമായ ഒരനുഭവമാണ്. ഈ ദുരവസ്ഥ ഒഴിവാക്കുന്നതിനായി മടത്തു വയലിന്റെ കിഴക്കുഭാഗത്ത് പ്ലാപ്പള്ളി മഠത്തിനു പടിഞ്ഞാറു ഭാഗത്തായി ആറ്റുവരമ്പിൽ ഒരു കലുങ്കു നിർമ്മിച്ച് ഷട്ടർ സ്ഥാപിക്കേണ്ടതാണ്.

പെരുങ്കുളത്തിൽ നിന്നും കലുങ്കു പുതുക്കി പണിയുന്നതോടൊപ്പം മടത്തു വയലിൽ ട്രാക്കർ തുടങ്ങിയ വണ്ടികൾ ഇറക്കുന്നതിനുള്ള വഴി സൗകര്യവും ഉണ്ടാക്കണം.

പെരുങ്കുളത്തിൽ നിന്നും പടിഞ്ഞാറോട്ടുള്ള തോടിന്റെ ഇരുവശവും കെട്ടിയിട്ടുണ്ടെങ്കിലും ഫല പ്രദമല്ലാത്തിനാൽ തോടിനകത്ത് ഇരുവശവും താഴ്ത്തി സ്പ്പോർട്ടു കെട്ടി ആവശ്യാനുസരണം വെള്ളം ഒഴുകി പോകത്തക്കവിധത്തിൽ തോടു താഴ്ത്തി സൗകര്യപ്രദമാക്കണം. ഈ പണി തോടവസാനിക്കുന്ന കല്ലടയാറു വരെ നീട്ടി കെട്ടേണ്ടതാണ്. ഈ തോട്ടിൽ ആറ്റുവരമ്പിൽ ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്ന ഷട്ടർ (സ്ക്കൂയിസ്സ്) പുതുക്കി പണിഞ്ഞ് സൈഡു ബലപ്പെടുത്തേണ്ടതാണ്. മൂഴിയിലെ ഷട്ടറുകൾ പുതുക്കി പണിയേണ്ടതാണ്.

തരിശുഭൂമി

ചെളിയെടുത്തു കൃഷി യോഗ്യമല്ലാതായി കിടക്കുന്ന പടനയിൽ കിഴക്കുവശത്തു മുണ്ടകൻ നിലം, പുള്ളൂരം, കാവര, പുളിക്കമ്പുഴക്കര ഏലാ തുടങ്ങിയ ഏലാകളിൽ തരിശായി കിടക്കുന്ന നിലം നിരപ്പാക്കി ബണ്ടിട്ട് വെള്ളം വറ്റിച്ച് കൂട്ടു കൃഷി സമ്പ്രദായം നടപ്പാക്കണം. മഞ്ചാടി ഭാഗത്തു സ്ഥാപിച്ചിരിക്കുന്ന പമ്പു സെറ്റ് പ്രവർത്തനക്ഷമമാക്കി ഇത് കൃഷിക്കു പയോഗിക്കാം.

ഇതു പോലുള്ള മറ്റു ഏലാകളിൽ പുതുതായി പമ്പു സ്ഥാപിച്ച് കൃഷിക്കു പയുക്തമാക്കാം.

പടനയിൽ കിഴക്കു വശത്ത് റീസർവ്വേ നടക്കുന്ന സമയത്ത് സർവ്വേ ചെയ്യാൻ ഒക്കാത്തവിധം വെള്ളക്കെട്ടായി കിടക്കുന്ന ഈ പ്രദേശം വ്യക്തികൾക്ക് ഉടമാവകാശമുണ്ടെങ്കിലും റീസർവ്വേ നടത്താൻ സാധിക്കാതെ പുറമ്പോക്കാക്കി തള്ളിയിരിക്കയാണ്. ഇവിടെ

റീസർവ്വേ ചെയ്ത് ഉടമാവകാശം പുനഃസ്ഥാപിക്കേണ്ടതാണ്.

കൂരഞ്ചാൽ ഏലായിൽ കിഴക്കു ഭാഗത്ത് കൃഷി ചെയ്യാൻ പറ്റാത്ത വിധത്തിൽ അരഹെക്ടർ സ്ഥലവും ശിങ്കാരപ്പള്ളി വാർഡിൽ കുറവരിപാടത്ത് രണ്ടു ഹെക്ടർ പാടവും മത്സ്യകൃഷിക്ക് അനുയോജ്യമായിക്കാണുന്നു.

മണ്ണെടുത്ത് നിലം തരിശായി മാറ്റിയിടുന്ന തൊഴിവാക്കാനും കൃഷി സുഗമമാക്കാനും നിയമം മൂലം മണ്ണെടുപ്പും നിലം നികത്തലും നിരോധിക്കുകയും പഞ്ചായത്തു തലത്തിൽ ജനകീയ കമ്മറ്റി വാർഡു മെമ്പറുടെ നേതൃത്വത്തിൽ ഓരോ വാർഡിലും രൂപീകരിക്കണം. ഈ ജനകീയ കമ്മറ്റികളുടെ നിയന്ത്രണവും പ്രവർത്തനവും പഞ്ചായത്തു പ്രസിഡന്റിന്റെ നിയന്ത്രണത്തിലാക്കുകയും വേണം.

കൃഷിനഷ്ടം

നെൽകൃഷി ലാഭകരമാക്കുന്നു വേണ്ടി സത്വരമായി സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ താഴെപ്പറയുന്നു. അത്യുല്പാദനശേഷിയുള്ള നെൽവിത്തിനങ്ങളും രാസവളവും ആവശ്യനുസരണം യഥാസമയത്ത് സബ്സിഡി നിരക്കിൽ ലഭ്യമാക്കണം.

ഉല്പാദനബോണസ് ഹെക്ടറിന് 500 രൂപായാക്കി ഉയർത്താനും നടപടി ഉണ്ടാക്കണം. കൃഷിനാശം സംഭവിക്കുമ്പോൾ കർഷകർക്കുള്ള സാമ്പത്തിക സഹായം നാമമാത്രമായ ഇന്നത്തെ രീതിയിൽ നിന്നും ആശ്വാസകരമായി നിലയിൽ വർദ്ധിപ്പിക്കണം.

കാലാനുസൃതമായ യന്ത്രവത്ക്കരണം ഉടനടി നടപ്പിൽ വരുത്തണം. ട്രാക്ടർ, മെതിയന്ത്രം, കൊയ്ത്തുമെഷീൻ, നടീൽ യന്ത്രം എന്നിവ പഞ്ചായത്തു വകയായി വാങ്ങി കൃഷിക്കാരുടെ ആവശ്യാനുസരണം വാടകയ്ക്കു നൽകാനുള്ള നടപടിയുണ്ടാകണം.

വിത്ത് വളം എന്നിവ ഏലായിൽ എത്തിക്കുന്നതിനും വിളവ് വീടുകളിൽ എത്തിക്കുന്നതിനും ആവശ്യമായ വഴി സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

ചോതിരത്തിൽ ഗുരുമന്ദിരത്തിന്റെ തെക്കുവശത്തുനിന്നും പടിഞ്ഞാറോട്ട് കുന്നുതറ വരെയും പോസ്റ്റാഫീസ് ജംഗ്ഷൻ മുതൽ നാലുവരമ്പു വഴി അമ്പീതോടു കടന്ന് തെക്കേ കരകുളങ്ങരമുക്ക് മുതൽ തെക്കോട്ട് കുന്നുതറ കോളനി വഴി വരെയും പരിച്ചേരി തോടു വരെയും ഇലവൂർ കാവിൽ നിന്നും പടിഞ്ഞാറോട്ട് കരത്തോടിന്റെ വശങ്ങളിൽ കൂടി അഞ്ചുമൂലവഴി തെക്കോട്ട് ചെറുകരകൂനമ്പാലം വരെ, തച്ചറേരി മുതൽ ഇപ്പോൾ പൊയ്ക്കൊണ്ടിരിക്കുന്ന നാവരമ്പ് കിഴക്കോട്ടു കൂനമ്പാലം വരെ, പരിച്ചേരി മുതൽ മൂഴിയിൽ വരെ, മഞ്ചാടി മുതൽ തോടു വരമ്പു വരെയും ഇവിടെ പുതിയ സ്ലാബ് ഇടണം. കോഴിയാട്ടു മുക്കു മുതൽ പറയന്റെ വളവു വരെയുള്ള വഴികൾ വാഹനസൗകര്യമുള്ളതാക്കണം.

നെൽകൃഷിയ്ക്ക് വിള ഇൻഷ്വറൻസും, കൃഷിക്കാർക്ക് 60 വയസ്സു കഴിയുമ്പോൾ പെൻഷൻ, വൈദ്യസഹായം കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നിവയും നടപ്പാക്കണം.

പഞ്ചായത്തു നേതൃത്വത്തിൽ ഒരു സഹകരണ മാർക്കറ്റിംഗ് സൊസൈറ്റി, ഒരു കർഷകസംഘം എന്നിവരുപരിക്കുകയും കർഷകസംഗമവും പുതിയ കാർഷിക രീതികളുമായി പരിചയപ്പെടുന്നതിനുള്ള അവസരവും സൃഷ്ടിക്കണം.

ബാങ്ക്, സഹകരണസംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നും വായ്പാ സൗകര്യങ്ങൾ വിപുലപ്പെടുത്തുകയും പലിശനിരക്ക് ആശ്വാസകരമായനിലയിൽ പരിമിതപ്പെടുത്തുകയും വേണം.

തെങ്ങു വിളകൾക്ക് ഇപ്പോൾ നൽകുന്ന വിള ഇൻശ്വറൻസ് ഉദാരമാക്കണം. കാറ്റുവീഴ്ച, ഓലരോഗം, കൂമ്പുചീയൽ എന്നീ രോഗങ്ങൾ മൂലം നശിച്ചു പോകുന്ന തെങ്ങുകൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തണം.

രോഗം വന്ന തെങ്ങുകൾ വെട്ടിക്കളഞ്ഞ് പകരം പുതിയ സങ്കരയിനം തൈകൾ വച്ചു പിടിപ്പിക്കുന്നതിന് ഈ ഇനം തൈകൾ ലഭ്യമാകുകയും തെങ്ങൊന്നിന് നഷ്ടപരിഹാരം

500 രൂപായാക്കി ഉയർത്തുകയും ചെയ്യണം. നാളീകേരത്തിന്റെ താങ്ങു വില കുറഞ്ഞത് 600 രൂപയെങ്കിലുമാക്കണം.

രാസവളം സൗജന്യനിരക്കിൽ സഹകരണസംഘങ്ങൾ വഴി തെങ്ങിന് ഇപ്പോൾ നൽകിക്കൊണ്ടി രിക്കുന്ന ഏർപ്പാട് മാറ്റി പെർമിറ്റു മൂലം സബ്സിഡി റേറ്റിൽ അവിടെ സ്റ്റോക്കുള്ള വളങ്ങൾ ലഭ്യമാക്കണം.

ഇപ്പോൾ നെല്ലിനു മാത്രം നൽകിയിരിക്കുന്ന വൈദ്യുതിസഹായം മറ്റെല്ലാവിളകൾക്കുമായി വിപുലപ്പെടുത്തണം.

പഞ്ചായത്തു തലത്തിലുള്ള നാളീകേരം ശേഖരിച്ച് കൊപ്രായാക്കി സംസ്ക്കരണം നടത്തി വിപണനം ചെയ്യുന്നതിനാവശ്യമായ ഒരു യൂണിറ്റ് പഞ്ചായത്തു തലത്തിൽ ആരംഭിക്കുക. അതുപോലെ പഴവർഗ്ഗങ്ങൾ സംസ്ക്കരിച്ചെടു ക്കാനുള്ള ഒരു യൂണിറ്റ് ആരംഭിക്കണം.

തെങ്ങുരോഗങ്ങൾക്ക് (കൂമ്പു ചീയൽ, ഓലരോഗം എന്നിവയ്ക്ക് വാർഡിസ്ഥാനത്തിൽ മരുന്നി തളി പുഃസ്ഥാപിക്കുക. ജൈവ വളപ്രതിസന്ധി പരിഹരിക്കുന്നതിന് നല്ലയിനം പച്ചില ചെടിയുടെ വിത്ത് വിതരണം ചെയ്യുകയും കംപോസ്റ്റു നിർമ്മാണം ത്വരിതപ്പെടുത്തി കഴിയുന്ന സഹായങ്ങൾ ചെയ്യുക.

മണ്ണൊലിപ്പു തടയുന്നതിനായി മണ്ണു സംരക്ഷണ പ്രവർത്തനങ്ങളായ കയ്യാല നിർമ്മാണം, മരം വച്ചു പിടിപ്പിക്കൽ, പുൽകൃഷി തുടങ്ങിയവ നടപ്പിലാക്കി സാമ്പത്തിക സഹായം നൽകുകയും വേണം.

വാട്ടർ ഷെഡ് സ്കീം ഈ പഞ്ചായത്തിൽ നടപ്പിലാക്കണം.

കല്ലടയാറ്റിൽ നിന്നുള്ള നിയന്ത്രണാ തീതമായ മണൽവാരൽ മൂലം അഗാധ മായിക്കഴിഞ്ഞു കിടക്കുന്ന ആറ്റിൽ വെള്ളപ്പൊക്ക മുണ്ടാക്കുമ്പോൾ ഇരുകരകളും വളരെ പെട്ടെന്ന് ഇടിഞ്ഞു പോകുന്നതിന്റെ ഫലമായി തെങ്ങുകൾ ധാരാളമായി നശിക്കുന്നത് ഒരു സാധാരണ സംഭവമാണ് ഈ പഞ്ചായത്തിൽ. ഇതൊഴിവാക്കുന്നതിനായി കടപുഴപാലം മുതൽ കിഴക്കോട്ട് മൊറണോംമുക്കു വരെ ഉദ്ദേശം രണ്ടര കി.മീറ്റർ നീളത്തിലും നാലര അടി ഉയരത്തിലും പാറകെട്ടി സംരക്ഷിക്കേണ്ടതാണ്.

വെള്ളപ്പൊക്കസമയത്ത് കൃഷിനാശം ഒഴിവാക്കാനായി ഒരു മാർഗ്ഗമെന്ന നിലയിൽ കല്ലട ആറ്റിനോടു ചേർന്നുള്ള ആറ്റുവരമ്പ് ഇരുവശവും പാറകെട്ടി ഉയർത്തി ബലപ്പെടുത്തണം. കൃഷി സംരക്ഷണത്തിനു പുറമേ ഗതാഗതസൗകര്യവും ഇതിലൂടെ മെച്ചപ്പെടുത്താം.

അത്യുല്പാദനശേഷിയുള്ള മരച്ചീനി കമ്പുകൾ വരുത്തി സൗജന്യമായി കൃഷിക്കാർക്കു നൽകേണ്ടതാണ്. ഉല്പാദനവർദ്ധനയ്ക്കായി ആവശ്യമായ വളവും മറ്റുസാമ്പത്തിക സഹായവും നൽകണം.

കുരുമുളകു കൃഷിയ്ക്കുണ്ടാകുന്ന ദ്രുതവാട്ടം തുടങ്ങിയ രോഗങ്ങൾ ഒഴിവാക്കുന്നതിനായി സൗജന്യമായിത്തന്നെ മരുന്നുതളി ഏർപ്പെടുത്തണം. കേരസമിതി പോലെ കുരുമുളകു സമിതിയും രൂപീകരിക്കണം. അത്യുല്പാദനശേഷിയുള്ള കുരുമുളകുവള്ളികൾ ഉല്പാദിപ്പിക്കുന്ന നഴ്സറി തുടങ്ങുന്നതും നല്ലതാണ്.

അത്യുല്പാദന ശേഷിയുള്ള കശുമാവു തൈകൾ വിതരണം ചെയ്യുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും വേണം.

വാഴകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനായി നല്ലയിനം വാഴതൈകൾ വരുത്തി സൗജന്യമായി കൃഷിക്കാർക്കു നൽകി വാഴകൃഷി പ്രോത്സാഹിപ്പിക്കണം.

പച്ചക്കറികൃഷിക്ക് വളരെ സാധ്യതയുള്ള ഒരു പ്രദേശമാണിത്. ഓരോ വീട്ടിനും അടുക്കളത്തോട്ടമുണ്ടാക്കുന്നതിന് വിത്തും വളവും കീടനാശിനിയും പഞ്ചായത്തിൽ നിന്നും സൗജന്യമായി നൽകണം. പച്ചക്കറി ഗ്രാമങ്ങൾ രൂപീകരിച്ച് ഉല്പന്നശേഖരണവും വിതരണവും കാര്യക്ഷമമായ വിധത്തിൽ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാകണം. 10 സെന്റിനു 400 രൂപാ നിരക്കിൽ കർഷകർക്കു പ്രോത്സാഹനമായി നൽകണം. കൃഷിഭവൻ വഴി നിർദ്ദേശങ്ങളും മേൽ നോട്ടവും ഉണ്ടാകണം.

ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല, ഔഷധച്ചെടി എന്നിവയുടെ കൃഷി വികസിപ്പിക്കുന്നതിനുവേണ്ടി ഈ കൃഷിയിൽ താല്പര്യമുള്ളവരെ കണ്ടു പിടിച്ച് അവർക്കാവശ്യമായ തൈകളും പരിശീലനവും സൗജന്യമായി ലഭ്യമാക്കണം.

കൂടാതെ കാർഷിക മേളകൾ സംഘടിപ്പിച്ച് വിപണന സൗകര്യവും മത്സരവും ഏർപ്പെടുത്തണം. പഞ്ചായത്തിന്റെ ചുമതലയിൽ മരമടി മത്സരവും കാര്യക്ഷമമായി സംഘടിപ്പിക്കണം.

വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനം പഞ്ചായത്തുതലത്തിൽ ഏകീകരിച്ചാൽ മാത്രമേ കാർഷി രംഗത്ത് ഗുണകരമായ മാറ്റമുണ്ടാക്കാൻ കഴിയു. ഉദാഹരണമായി കൃഷി വകുപ്പ്, ജലസേചനം, മൃഗസംരക്ഷണം, വൈദ്യുതി എന്നീ വകുപ്പുകളിലെ പ്രവർത്തനം ചുമതലയുള്ള ആഫീസ്റന്മാരുടെ ഒരു ബാധ്യതയായി തന്നെ അവർ ഏറ്റെടുക്കണം.

കാർഷിക പുരോഗതിയിൽ അഭിമാനാർഹമായ നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിയുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഇതലടങ്ങിയിട്ടുണ്ട്. പുത്തൻ വിജനകീയ സംസ്കാരം ഉൾക്കൊള്ളാൻ നാം തയ്യാറാകേണ്ടതാണ്.

തയ്യാറാക്കിയത്

ശ്രീ. പാപ്പി.കെ.
,, കുഞ്ഞുരാമക്കുറുപ്പ്
,, കെ.കെ. ജോർജ്ജ്

സങ്കേതിക സഹായം

ശ്രീമതി ബെന്നി ജോസഫ്
(കൃഷി ആഫീസർ)
ശ്രീ. വിജയകുമാർ
(ഡമോൺസ്ട്രേറ്റർ, കൃഷിഭവൻ)

മൃഗസംരക്ഷണം മത്സ്യബന്ധനം

കിഴക്കേ കല്ലടയെ സംബന്ധിച്ചിടത്തോളം കൂടുതൽ വികസന സാധ്യത ഉള്ള ഒരു മേഖലയാണ് മൃഗസംരക്ഷണം. മനസ്സ് വച്ചാൽ ആർക്കും അന്തസ്സായി പ്രധാന തൊഴിലായും ഉപതൊഴിലായും സ്വീകരിക്കാവുന്ന ഒരു തൊഴിൽ ആണ് കാലിവളർത്തൽ മേൽത്തരം കന്നുകാലികളെ ലഭ്യമാക്കുന്നതിന് ഉള്ള സൗകര്യം പാൽ വിൽപ്പനയ്ക്ക് നിലവിലുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ ചിക്തസാ സൗകര്യങ്ങൾ വിലയേറിയാലും തീറ്റ ലഭ്യമാകുന്നതിന് ഉള്ള സൗകര്യങ്ങൾ ഈ രംഗത്ത് ഏറെ പ്രത്യാശ നൽകുന്നുണ്ട്. കൂടാതെ രാസവളങ്ങളുടെ പിന്നാലെ ഉള്ള പരക്കം പാച്ചിൽ കുറച്ച് മണ്ണിന്റെ ഫലപുഷ്ടി നിലനിറുത്തുന്നതിനുള്ള ജൈവവളത്തിന്റെ ആവശ്യം നിറവേറ്റുന്നതിനും എല്ലാ സൗകര്യങ്ങളും സമാഹരിച്ച് കാലിവളർത്തൽ പ്രോൽസാഹിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ഒരാവശ്യമാണ്. കാലിവളർത്തലിനെ സംപുഷ്ടമാക്കുക എന്ന ലക്ഷ്യത്തോടെ മൂന്ന് ക്ഷീരസംഘങ്ങൾ കല്ലടയിൽ പ്രവൃത്തിക്കുന്നുണ്ട്.

കന്നുകാലി വളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനും വേണ്ടി ഒട്ടനവധി പദ്ധതികൾ സർക്കാർ തലത്തിൽ നിലവിൽ ഉണ്ട്. ഈ രംഗത്തേയ്ക്ക് കൂടുതൽ കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി മിനി ഡയറി യൂണിറ്റു (രണ്ട് പശുക്കൾ/രണ്ട് എരുമകൾ) കൾ ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളും ബന്ധപ്പെട്ട വകുപ്പും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. ആട് വളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ, മുയൽ വളർത്തൽ, താറാവ് വളർത്തൽ എന്നീ പദ്ധതികൾക്ക് നമ്മുടെ പ്രദേശത്ത് ഏറെ സാധ്യതയുണ്ട്.

തീറ്റപ്പുല്ല് ഉൽപാദനം മറ്റ് കാർഷികവിളകൾക്ക് കൊടുക്കുന്നത് പോലുള്ള പ്രാധാന്യം നൽകി വികസിപ്പിക്കേണ്ടതാണ്. ഡയറി ഡിപ്പാർട്ടുമെന്റ്, മിൽക്ക് സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ വകുപ്പ് കൃഷിഭവൻ, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾ സംയുക്തമായി സഹകരിച്ച് ഇതിന് ആവശ്യമായ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

കിഴക്കേ കല്ലട പഞ്ചായത്തിൽ സഹകരണ അടിസ്ഥാനത്തിൽ ഒരു മിനി ഫീഡ് മിക്സിംഗ് യൂണിറ്റ് പഞ്ചായത്ത് കേന്ദ്രമാക്കി ആരംഭിക്കേണ്ടതുണ്ട്. നിലവിലുള്ള പാൽ സംഘങ്ങൾക്ക് പുറമേ കിഴക്കേ കല്ലട പഞ്ചായത്തിൽ ഒന്നാം വാർഡ് കേന്ദ്രമാക്കി ഒരു പാൽ സൊസൈറ്റി ആരംഭിക്കേണ്ടതാണ്. ഇതോടൊപ്പം നിലവിലുള്ള പാൽ സൊസൈറ്റികൾ കൂടുതൽ വ്യവസ്ഥാപിതവും ജനകീയവും ആക്കുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്.

കന്നുകാലി യൂണിറ്റുകൾ ആരംഭിക്കുന്നതിന് വായ്പ അനുവദിക്കുന്നതോടൊപ്പം കാലിത്തൊഴുത്തുകൾ നിർമ്മിക്കുന്നതിന് മതിയായ വായ്പകൾ ബന്ധപ്പെട്ട വകുപ്പുകൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

കന്നുകാലി വളർത്തലിനെ സംബന്ധിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ കാലകാലങ്ങളിൽ സംഘടിപ്പിക്കേണ്ടതുണ്ട്. നിലവിലുള്ള മൃഗാശുപത്രി പുതിയ കെട്ടിടവും ആവശ്യത്തിനുള്ള ഉപകരണങ്ങളും വേണ്ടത്ര മരുന്നും സൗജന്യമാക്കി വികസിപ്പിക്കേണ്ടതാണ്. അതോടൊപ്പം തന്നെ മൃഗാശുപത്രി കാർഷിക വിജ്ഞാന (മൃഗസംരക്ഷണ) കേന്ദ്രമാക്കി ഉയർത്തണം. ഇതോടൊപ്പം തന്നെ അറവുശാലകളിൽ നിന്ന് ഗുണനിലവാരമുള്ള മാംസം സുലഭമായി ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ മൃഗസംരക്ഷണ വകുപ്പിന്റെ ചുമതലയിൽ ഉണ്ടാവേണ്ടതാണ്.

പേവിഷ നിർമ്മാർജ്ജനപരിപാടി പ്രാധാന്യം കൊടുത്ത് ഗൗരവപൂർവ്വം നടപ്പിലാക്കേണ്ടതാണ്. സൗജന്യമായി ചികിത്സാസൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി കൊടുവിള, ഉപ്പൂട് എന്നിവിടങ്ങളിൽ മൃഗാശുപത്രികളുടെ കീഴിലുള്ള സബ്ബ് സെന്ററുകൾ ആരംഭിക്കേണ്ടതാണ്.

ഉൽപാദനശേഷിയുള്ള പുതിയതരം കോഴികളെ (വീട് ഉപ്പൽ) ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ ശ്രദ്ധിക്കണം.

കൂടുതൽ ശ്രദ്ധ മൃഗസംരക്ഷണ പദ്ധതികൾക്ക് നൽകിയാൽ തൊഴിൽസാധ്യതകളും സാമ്പത്തിക ഭദ്രതയും പുരോഗതിയും ഇതുവഴി പ്രദേശത്താകെ വ്യാപകമായി നേടാവുന്നതാണ്.

പഞ്ചായത്തുതല ക്ഷീരവികസന പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച് 1996-97

ഈസ്റ്റ് കല്ലട പഞ്ചായത്ത്, ചിറ്റുമല ബ്ലോക്ക്.

1. മാതൃകാ കന്നുകാലി തൊഴുത്ത് നിർമ്മാണം (5) 6250 രൂപ.

ശാസ്ത്രീയ കന്നുകാലി വളർത്തലിന് ഉതകുന്നവിധം സങ്കരവർഗ്ഗം പശുക്കളെ വളർത്തുന്ന ചെറുകിട പരിമിത കർഷകതൊഴിലാളി, പട്ടികജാതി, കർഷകർക്ക് തൊഴുത്ത് നിർമ്മാണത്തിന് 1250 രൂപ ധനസഹായം നൽകുന്ന പദ്ധതി. സഹകരണസംഘം മുഖേന പാൽ വിപണനം നടത്തുന്നവർക്ക് മുൻഗണന നൽകണം.

2. കർഷക സമ്പർക്ക പരിപാടി (4) 800 രൂപ.

ശാസ്ത്രീയ കന്നുകാലി വളർത്തലിന് ക്ഷീരകർഷകരെ ബോധവൽക്കരിക്കുന്നതിന് കർഷകരുടെ സംശയനിവാരണത്തിനും മറ്റുമായി 30 ൽ കുറയാതെ കർഷകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ചർച്ചാക്ലാസ്സ്, സെമിനാർ എന്നിവ സംഘടിപ്പിക്കുന്ന പരിപാടി. ഒരു പരിപാടിക്ക് 200 രൂപ നോട്ടീസ്, ചായ എന്നിവയ്ക്കായി ചെലവ് ചെയ്യണം.

3. നാടൻ ക്ഷിരോൽപ്പന്ന നിർമ്മാണ പ്രദർശന ക്ലാസ്സ് (4) 400 രൂപ.

പാലുൽപ്പന്നങ്ങളുടെ നിർമ്മാണരീതിയെപ്പറ്റി വനിതകളെയും മറ്റ് താൽപര്യമുള്ളവരെയും ബോധവൽക്കരിക്കുന്നതിനുവേണ്ടി സംഘടിപ്പിക്കുന്ന ക്ഷീരോൽപ്പന്ന നിർമ്മാണ പ്രദർശന ക്ലാസ്സ്. പ്രദർശനം നടത്തുന്നതിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന് 100 രൂപ ചെലവ് വരും.

4. പുൽകൃഷി വികസന പദ്ധതി. 2350 രൂപ (850+1500)

കർഷകർക്ക് കാലിത്തീറ്റ ചെലവ് കുറച്ച് പാലുൽപാദനം കൂടുതൽ ലാഭകരമാക്കുന്നതിനുവേണ്ടി കർഷകർക്ക് വിവിധയിനം കാലിത്തീറ്റകൾ കൃഷിചെയ്യുന്നതിന് സഹായനിരക്കിൽ വിത്തും സൗജന്യമായി വളവും വിതരണം നടത്തുന്ന പദ്ധതി. ദീർഘകാല വിളകളായി മക്കംഗോ സിഗ്നൽ, പുൽപ്പയർ മിശ്രിതം, ഗിനി എന്നിവ കൃഷിചെയ്യുന്നതിനും പുൽക്കട കൃഷിക്ക് കൃഷിചെലവിനും, കടകൾ വാങ്ങുന്നതിനും, മറ്റുമായി ഹെക്ടറിന് 2350 രൂപ ധനസഹായം നൽകുന്നതാണ്. ഹ്രസ്വകാല കാലിത്തീറ്റ വിളകളായി മത്തച്ചോളം, നൻപയർ എന്നിവ കൃഷിചെയ്യുന്നതിന് ധനസഹായം നൽകാം. കൂടാതെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പുൽകൃഷി നടത്തി കർഷകർക്ക് പച്ചപ്പുല്ല് ലഭ്യമാക്കാവുന്നതാണ്.

5. പച്ചപ്പുൽ സംസ്ക്കരണ പരിപാടി

വർഷകാലങ്ങളിൽ കൂടുതൽ ലഭ്യമാകുന്ന പച്ചപ്പുല്ല് ഗുണം നഷ്ടപ്പെടാതെ സൂക്ഷിച്ചുവെയ്ക്കുന്നതിനുവേണ്ടി നിർമ്മാണത്തിന് (പുല്ല് വെട്ടി ഉണക്കി സൂക്ഷിക്കുന്നതിന്) ധനസഹായം ഒരു ടണ്ണിന് 200 രൂപ നൽകാവുന്നതാണ്.

6. ക്ഷീരകർഷകരുടെ സങ്കരവർഗ്ഗ പശുക്കളെ ഇൻഷ്വർ ചെയ്യുന്നതിന് ധനസഹായം നൽകാവുന്നതാണ്.

7. കർഷകർക്ക് കാലിത്തീറ്റ വാങ്ങുന്നതിന് ക്ഷീരസംഘങ്ങൾ മുഖേന സഹായം നൽകാവുന്നതാണ്.

8. വൈയ്ക്കോലിന്റെ ഗുണം വർദ്ധിപ്പിക്കുന്നതിന് വൈയ്ക്കോലിൽ യൂറിയ സംപുഷ്ടീകരണം

നടത്തുന്നതിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന് ഒരാളിന് 500 രൂപ ധനസഹായം നൽകാം.

9. ശുദ്ധമായ പാലുൽപാദനത്തിന്.

പാലുൽപാദനം ശുചിയായും വൃത്തിയായും നടത്തുന്നതിന് ആവശ്യമായ സാധനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതി. പൊട്ടാസ്യം പെർമാഗനേറ്റ്, ലോഷൻ, ബ്രഷ് എന്നിവ വാങ്ങി സബ്സിഡി നിരക്കിൽ വിതരണം ചെയ്യാവുന്നതാണ്.

10. പ്രത്യേക ഘടക പദ്ധതി.
6600 X 2 = 13200 രൂപ

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വരുമാന വർദ്ധനവിനുതകുന്നതിനും മറ്റുമായി തൊഴുത്ത് നിർമ്മാണത്തിനും കറവപ്പശുവിനെ വാങ്ങുന്നതിനും ധനസഹായം നൽകുന്ന പദ്ധതി. പദ്ധതി പ്രകാരം പരിശീലനം, കാലിത്തീറ്റ സബ്സിഡി, ഇൻഷ്വറൻസ് എന്നിവ ചെയ്യേണ്ടതുണ്ട്.

11. ക്ഷീരോൽപാദക സഹകരണസംഘങ്ങൾ.

ധനസഹായം നൽകുന്ന പദ്ധതി ക്ഷീരോൽപാദക സഹകരണസംഘങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി ധനസഹായം നൽകുന്ന പദ്ധതി.

12. ക്ഷീരോൽപാദന യൂണിറ്റുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.

വനിതകളുടെ നേതൃത്വത്തിൽ ആരംഭിച്ചു പ്രവർത്തിക്കുന്ന ക്ഷീരോൽപ്പന്ന വിപണന യൂണിറ്റുകൾക്ക് സഹായനിരക്കിൽ ആവശ്യമായ സാധനങ്ങൾ വിതരണം നടത്തുന്നതിനുള്ള പദ്ധതി.

13. മാതൃകാ ഡയറി ഫാം പദ്ധതി.

രണ്ട് കറവപ്പശുക്കൾ ഉള്ള ചെറിയ മാതൃകാ ഡയറി ഫാമുകൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതി. തൊഴുത്ത് നിർമ്മാണം, 2 കറവപ്പശുവിനെ വാങ്ങി ഇൻഷ്വർ ചെയ്ത് പുൽകൃഷി, ജലസേചനം ഏർപ്പെടുത്തൽ എന്നിവയ്ക്കായി 7000 രൂപ ധനസഹായം നൽകുന്നു.

മത്സ്യബന്ധനം

മത്സ്യമേഖലയുമായി ബന്ധപ്പെട്ട തൊഴിൽ എടുക്കുന്ന 3245 തൊഴിലാളികളും അവർ ഉൾപ്പെടുന്ന 7999 കുടുംബങ്ങളും കിഴക്കേ കല്ലട പഞ്ചായത്തിലെ, 5, 6, 7, 8, 9 വാർഡുകളിലായി അധിവസിക്കുന്നു. അഷ്ടമുടി കായലിലും കല്ലട ആറ്റിലും മത്സ്യപിടിത്തതൊഴിൽ ചെയ്യുന്നതോടൊപ്പം തന്നെ ഏകദേശം 30 ശതമാനത്തോളം തൊഴിലാളികൾ ആണ്ടുവട്ടത്തിന്റെ മിക്കദിവസങ്ങളിലും വേമ്പാനാട്ട് കായൽ, പരവൂർ കായൽ, കായംകുളം കായൽ എന്നിവിടങ്ങളിൽ പണി ചെയ്ത് ഉപജീവനം പുലർത്തുന്നവരാണ്. സാമ്പത്തികമായി പരിശോധിച്ചാൽ ഇതര മേഖലകളിൽ പണി എടുക്കുന്ന തൊഴിലാളികളെ അപേക്ഷിച്ച് വളരെ പിന്നോക്കം നിൽക്കുന്ന തൊഴിലാളിവർഗ്ഗമാണ് ഇവർ. ആകെ ഉള്ള മത്സ്യതൊഴിലാളികളിൽ ബഹുഭൂരിപക്ഷവും ദാരിദ്രരേഖയ്ക്ക് താഴെ നിൽക്കുന്നവരാണ്. നിലവിലുള്ള മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വ്യവസ്ഥകളിൽ കാലോചിതമായ മാറ്റങ്ങളും പരിഷ്ക്കാരവും വരുത്തേണ്ടതാണ്.

കാലം കഴിയുന്തോറും ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വിവിധ കാരണങ്ങളാൽ കുറഞ്ഞുവരുന്നുണ്ട്. തൊഴിലാളികൾക്ക് ഉൽപാദനോപകരണങ്ങൾ ലഭിക്കുന്നതിനുള്ള സാമ്പത്തിക സഹായ പരിപാടികൾ വേണ്ടത്ര നിലവിൽ ഇല്ല. ഇതുമൂലം മത്സ്യതൊഴിലാളികൾ ബഹുഭൂരിപക്ഷവും അനുദിനം കടകെണിയിൽ പെട്ടുകൊണ്ടിരിക്കുന്നു. മത്സ്യതൊഴിലാളി നിവാസകേന്ദ്രങ്ങളിൽ വേണ്ടത്ര ഗതാഗതവിനിമയ സൗകര്യങ്ങളും, വൈദ്യുത സൗകര്യങ്ങളും ഇന്ന് നിലവിൽ ഇല്ല.

നശീകരണ വാസനയുള്ള മത്സ്യബന്ധന രീതികളും കൈയൂക്കുള്ളവർ ജലശായങ്ങൾ പിടിച്ചെടുക്കുന്ന പ്രവണതയും നിലനിൽക്കുന്നത് മത്സ്യതൊഴിലാളി മേഖലയിൽ ഇടത്തട്ടുകാരായി

പ്രവർത്തിച്ച് വ്യക്തിപരമായി ലേലവും മറ്റും നടത്തി തൊഴിലാളികളെ ചൂഷണം ചെയ്യുന്ന നടപടികൾ നിലനിൽക്കുന്നുത്. മത്സ്യതൊഴിലാളി മേഖലയിൽ വലിയ ഭീഷണിയായി ഉയർന്നിട്ടുണ്ട്. മത്സ്യതൊഴിലാളികളുടെ ക്ഷേമത്തെ ലക്ഷ്യം വച്ചു കൊണ്ട് ഈ പഞ്ചായത്ത് പ്രദേശത്ത് അഞ്ച് വികസന ക്ഷേമസഹകരണ സംഘങ്ങൾക്ക് പ്രവർത്തന അനുമതി ഗവൺമെന്റിൽനിന്നും ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ട്. (1. ശിങ്കാരപ്പള്ളി ഉൾനാടൻ വികസന ക്ഷേമ സഹകരണസംഘം, 2. കൊടുവിള ഉൾനാടൻ വികസന ക്ഷേമ സഹകരണസംഘം, 3. മുട്ടം ഉൾനാടൻ വികസന ക്ഷേമ സഹകരണസംഘം, 4. കിഴക്കേ കല്ലട വനിതാ മത്സ്യതൊഴിലാളി സഹകരണസംഘം, 5. കിഴക്കേ കല്ലട മത്സ്യ സംഭരണ-സംസ്ക്കരണ വിപണന സഹകരണസംഘം.) ഇത്തരം സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മുഖേന പഞ്ചായത്ത് പ്രദേശത്തെ മത്സ്യതൊഴിലാളികളുടെ സാമ്പത്തിക സാമൂഹിക സാംസ്കാരിക വികസനത്തിന് നിർണ്ണായകമായ സംഭാവന പ്രതീക്ഷിക്കാം. ഉൾനാടൻ മത്സ്യവിഭവ പരിപാലനനയം ഗവഃ സംസ്ഥാനതലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയാൽ മത്സ്യതൊഴിലാളികൾക്ക് നിലവിലുള്ള പരാധീനതകൾ പലതും ഒഴിവാകുന്നതാണ്.

മത്സ്യതൊഴിലാളി മേഖലയുടെ ഉയർച്ചയ്ക്ക് അടിസ്ഥാനമായി ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് ശിങ്കാരപ്പള്ളി മണക്കടവ് മുതൽ ഓണമ്പലം കട്ട് വരെ ഒരു തീരദേശ റോഡ് അനിവാര്യമാണ്. കായൽ ഓരങ്ങളിൽ തിങ്ങി പാർക്കുന്ന മത്സ്യതൊഴിലാളികൾക്ക് യാത്ര സൗകര്യം മെച്ചപ്പെടുത്തുകയും കായൽ പുറംമ്പോക്ക് നികത്തി ജലാശയത്തിന്റെ വിസ്തൃതി കുറയ്ക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിനും സഹായകരമാവും. ഇത്തരത്തിൽ ഒരു റോഡ് ഉണ്ടായാൽ മത്സ്യതൊഴിലാളി നിവാസകേന്ദ്രങ്ങളിൽ വൈദ്യുതിയും കുടിവെള്ളവും എത്തിക്കുന്നതിന് കൂടുതൽ സൗകര്യം ഉണ്ടാവുന്നതും പഞ്ചായത്തിന്റെ കായൽ തീരം വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിന് പ്രയോജനപ്പെടുത്താവുന്നതുമാണ്.

മത്സ്യതൊഴിലാളികൾക്ക് ലഭ്യമാകുന്ന മത്സ്യം കേട് കൂടാതെ സൂക്ഷിക്കുന്നതിനും സംഭരിച്ചുവയ്ക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഇന്ന് നിലവിലില്ല. അതുകൊണ്ട് ശിങ്കാരപ്പള്ളി മണക്കടവിൽ ഒരു സംഭരണ വിതരണകേന്ദ്രം ഗവൺമെന്റ് ഉടമയിൽ (സഹകരണ മേഖലയിലോ) ആരംഭിക്കേണ്ടതുണ്ട്.

തീരപ്രദേശത്തെ മത്സ്യതൊഴിലാളികൾക്ക് നൽകുന്നത് പോലെയുള്ള എല്ലാ പരിരക്ഷകളും ഉൾനാടൻ മേഖലയിൽ ലഭ്യമാക്കേണ്ടതാണ്. ഭവനനിർമ്മാണം, തീരദേശ ജോതി പഞ്ച മാസ പദ്ധതി, മത്സ്യമാവേലിസ്റ്റോർ വാട്ടർ മിഷൻ പ്രോജക്ട്, ക്ലീനർ കേരളാ എന്നീ പദ്ധതികൾ ഉൾനാടൻ മേഖലയിലും വ്യാപിപ്പിക്കേണ്ടതാണ്. മത്സ്യതൊഴിലാളികൾക്ക് കായലിൽ നിന്ന് മത്സ്യബന്ധനം കഴിഞ്ഞ് കരയ്ക്ക് അടുക്കുന്നതിനും ഉൽപാദനോപകരണങ്ങൾ സൂക്ഷിക്കുന്നതിനും നിലവിൽ സൗകര്യങ്ങൾ ഇല്ല. ഗുരുതരമായ ഈ പ്രശ്നം പരിഹരിക്കുന്നതിന് ശിങ്കാരപ്പള്ളി, കൊടുവിള, മുട്ടം, ഓണമ്പലം എന്നീ മത്സ്യതൊഴിലാളി നിവാസകേന്ദ്രങ്ങളിൽ ഓരോ ലാന്റിംഗ് സെന്റുകൾ സ്ഥാപിക്കേണ്ടതാണ്. മത്സ്യ ഉൽപാദനോപാധികൾ ലഭിക്കുന്നതിനുള്ള സൗകര്യം ഇന്ന് വളരെ വിരളമാണ് എന്നുമാത്രമല്ല അനിയന്ത്രിതമായ വില വർദ്ധനവും അഭിമുഖികരിക്കുന്നുണ്ട്. ഇതിന് പരിഹാരം എന്ന നിലയിൽ കിഴക്കേ കല്ലടയിൽ മത്സ്യബന്ധനോപകരണങ്ങൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് ആരംഭിക്കേണ്ടതാണ്. ഈ യൂണിറ്റ് ആരംഭിച്ചാൽ അനവധി ആളുകൾക്ക് തൊഴിൽ സൗകര്യവും ഉണ്ടാവും. ഗവൺമെന്റ് ഉടമയിലുള്ള ഒരു വല നിർമ്മാണ യൂണിറ്റിന്റെ സെയിൽസ് ഡിപ്പോ കല്ലടയിൽ അടിയന്തരമായി ആരംഭിക്കേണ്ടതാണ്.

മത്സ്യതൊഴിലാളി നിവാസകേന്ദ്രങ്ങളിൽ ജീർണ്ണാവസ്ഥയിൽ കിടക്കുന്ന റോഡുകളുടെ പുനരുദ്ധാരണ പരിപാടികൾ അടിയന്തരമായി നടപ്പിലാക്കേണ്ടതുണ്ട്. പൊതുവിപണത്തിനുവേണ്ടി കിഴക്കേ കല്ലടയിലുള്ള പ്രധാന സൗകര്യം കിഴക്കേ കല്ലട മാർക്കറ്റ് ആണ്. അവിടുത്തെ ജീർണ്ണാവസ്ഥ കിഴക്കേ കല്ലടയ്ക്ക് ആകമാനം അപമാനമായി തീർന്നിരിക്കുകയാണ്. ഇതിന് അടിയന്തരമായി പരിഹാരം ഉണ്ടാക്കേണ്ടതുണ്ട്. കൂടാതെ ഉപ്പൂട്, ചിറ്റുമല എന്നിവിടങ്ങളിൽ ഓരോ മത്സ്യവിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കണം.

മത്സ്യതൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിന് ഇതര മേഖലകളെ പോലെയുള്ള സൗകര്യങ്ങൾ നിലവിലില്ല. വ്യവസായ മേഖലകളിൽ നിലവിലുള്ളതുപോലെയുള്ള E. 8.1 ആനുകൂല്യങ്ങൾ മത്സ്യതൊഴിലാളി മേഖലയിലും ആരംഭിക്കേണ്ടതാണ്. മത്സ്യതൊഴിലാളികൾക്ക് അടിയന്തര ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി തെക്കേ മുറിമുട്ടം കേന്ദ്രമാക്കി കിഴക്കേ കല്ലട പബ്ലിക്ക് ഹെൽത്ത് സെന്ററിന്റെ മേൽനോട്ടത്തിൽ ഒരു ഡിസ്പെൻസറി ആരംഭിക്കേണ്ടതാണ്.

കിഴക്കേ കല്ലട പാടത്തെ കൃഷിയ്ക്ക് യോജ്യമല്ലാതെ കിടക്കുന്ന കുഴിനിലങ്ങളിലും, ചിറ്റുമല ചിറയിലും ശുദ്ധജല മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

മത്സ്യതൊഴിലാളി മേഖലയിൽ ഭവന നിർമ്മാണ പദ്ധതിയോടൊപ്പം തന്നെ നിലവിലുള്ള വീടുകളുടെ പുനരുദ്ധാരണ പരിപാടിയ്ക്കും സഹായം നൽകേണ്ടതാണ്. മത്സ്യതൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്ക് ഉപതൊഴിൽ നൽകുന്നതിനുള്ള പരിപാടികൾ സഹകരണ അടിസ്ഥാനത്തിൽ (തയ്യൽ, ആട് വളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ എന്നിവയ്ക്ക് മുൻതൂക്കം നൽകാവുന്നതാണ്) ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. മത്സ്യതൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തുന്നതിന് കൊടുവിള സെന്റ് ഫ്രാൻസിസ് സ്ക്കൂൾ അപ്പ്ഗ്രേഡ് ചെയ്യണം.

കല്ലടയിലെ ഏറ്റവും കൂടുതൽ മത്സ്യതൊഴിലാളികൾ തിങ്ങിപാർക്കുന്ന ശിങ്കാരപ്പള്ളിയിൽ ഉൾപ്പെട്ടതും പുത്തൻ ആറിന്റെയും കാഞ്ഞിരക്കോട് കായലിന്റെയും കുമ്പളം കായലിന്റെയും സംഗമസ്ഥാനവുമായ മണക്കടവ് ഒരു മിനി വിനോദസഞ്ചാരകേന്ദ്രമായി ഉയർത്തിയാൽ പഞ്ചായത്തിന് സാമ്പത്തിക പുരോഗതിയോടൊപ്പം മത്സ്യതൊഴിലാളി മേഖലയിൽ കൂടുതൽ ഉപതൊഴിലുകൾക്കുള്ള സാധ്യതയും വർദ്ധിക്കുന്നതാണ്. മത്സ്യതൊഴിലാളി നിവാസകേന്ദ്രങ്ങളിൽ പ്രവർത്തനരഹിതമായി കിടക്കുന്ന പൊതുസ്ഥലങ്ങളും കെട്ടിടങ്ങളും മത്സ്യതൊഴിലാളികളുടെ പൊതുതാൽപര്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന പ്രസ്ഥാനത്തിനുവേണ്ടി വിട്ടുകൊടുക്കേണ്ടതാണ്.

മത്സ്യതൊഴിലാളികളുടെ സർവ്വോത്മുഖമായ പുരോഗതിയെ ലക്ഷ്യം വച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുള്ള മത്സ്യഭവൻ കല്ലടയിൽ എത്രയും പെട്ടെന്ന് ആരംഭിക്കേണ്ടതാണ്.

തയ്യാറാക്കിയത് - ശ്രീ. സി. ഷാജി.
- ശ്രീ. ഏ. ജോൺ.

സങ്കേതിക സഹായം - ഡോ. എസ്. പ്രിയ.
- ഡോ. ജോസ് ജോൺ.

വ്യവസായം

കിഴക്കേ കല്ലട കാർഷിക മേഖലയാണ്. കൊല്ലത്തിന്റെ നെല്ലറയായിരുന്നു കല്ലട. കല്ലടയാറിന്റെ തീരത്തായി നെല്പാടങ്ങളും (ആകെ വിസ്തീർണ്ണത്തിന്റെ പകുതിയിലേറെ സ്ഥലം) കുറച്ച് പുഞ്ചപ്പാടങ്ങളും, വിളപ്പുരയിടങ്ങളുമുയർന്ന ഭാഗം) മാണ് ഈ പ്രദേശത്തെ മുഖ്യ രൂപങ്ങൾ കൃഷിയായിരുന്നു മുഖ്യ തൊഴിൽ. 'നെല്ല്', 'തെങ്ങ്', 'കുമുക്', 'വാഴ', 'ചീനി', 'കാച്ചിൽ', 'ചേന', 'കിഴങ്ങുവർഗ്ഗങ്ങൾ' തുടങ്ങിയവ കൃഷി ചെയ്തിരുന്നു.

വ്യവസായം എന്നു പറയാൻ നാമമാത്രമായ കാര്യങ്ങളേ ഉള്ളു. മൂന്നു കശുവണ്ടി ഫാക്ടറികൾ കുറച്ചു കാലമായി പ്രവർത്തിച്ചു വരുന്നു. ഇപ്പോൾ രണ്ടെണ്ണം കൂടി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കയറുൽപാദിപ്പിക്കൽ പരമ്പരാഗതമായി ചെയ്തു വരുന്ന ഒരു തൊഴിലാണ്. ഇത് കിഴക്കെ കല്ലടയുടെ തെക്കെ അതിരിൽ കാഞ്ഞിരകോട് കായലിനോട് ചേർന്ന ഭാഗത്തായി (ഏകദേശം 10 കി.മീ. നീളം) കേന്ദ്രീകരിച്ചിരിക്കുന്നു. ഈ കായലിൽ നിന്നും മത്സ്യം പിടിത്തം ഉപജീവമാർഗ്ഗമായി സ്വീകരിച്ചവർ കായലോരത്ത് താമസമുണ്ട്. കല്ലടയാറിന്റെ അവസാനഭാഗമായതിനാൽ ആറ്റിൽ നിന്നും മണൽ വാരൽ മറ്റൊരു തൊഴിലാണ്. ഇത് കിഴക്കെ കല്ലടയുടെ വടക്കെ അതിരായ കല്ലടയാറിന്റെ തീരത്ത് കേന്ദ്രീകരിച്ചിരിക്കുന്നു. ചുടുകട്ട വ്യവസായം ഈ അടുത്ത കാലത്തായി ഉയർന്നു വന്ന ഒന്നാണ്. നെല്പാടങ്ങൾ കുഴിച്ച് 'ചെളിയെടുത്താണ്' കട്ട ഉണ്ടാക്കുന്നത്. ഓടു നിർമ്മാണഫാക്ടറിലേക്ക് ചെളി കൊണ്ടു പോകുന്ന പതിവുമുണ്ട്. വയർ 'ബ്രിക്സ്' ഉണ്ടാക്കുന്ന ഫാക്ടറികൾ ഈ അടുത്ത കാലത്തായി പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു.

13.2 ചതു. കി.മീ.വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ 20811 ആളുകൾ പാർക്കുന്നു. (സെൻസ്സ് കണക്കുകൾ പട്ടിക I-ൽ ചേർത്തിരിക്കുന്നു.) അതിൽ 17% ആളുകൾ നിരക്ഷരരാണ്, 81% പേർ തൊഴിൽരഹിതരും. ആകെയുള്ള 4257 കുടുംബങ്ങളിൽ 1925 കുടുംബങ്ങൾ ദാരിദ്ര്യരേഖക്കു താഴെ കഴിയുന്നു.

പല കാരണങ്ങളാൽ കൃഷി ഇന്ന് ഒരു ഉപജീവനമാർഗ്ഗമല്ലാതായിരിക്കുകയാണ്. അത് ഏതാണ്ട് ഉപക്ഷിച്ച നിലയിലാണ്. വിദ്യാഭ്യാസപരമായും സാമ്പത്തികമായും വളരെ പിന്നിൽ നില്ക്കുന്ന ഈ പ്രദേശം വ്യവസായം കൊണ്ടു മാത്രമേ ഇനി ഉയർത്താൻ കഴിയുകയുള്ളു. ഇതിനായി അടിസ്ഥാനപരമായി ഉണ്ടാകേണ്ടത് വ്യവസായത്തിനു പറ്റിയ ഒരു അന്തരീക്ഷമാണ്. അതിനായി ഭരണാധികാരികളും പൊതുജനങ്ങളും രാഷ്ട്രീയപ്രസ്ഥാനങ്ങളും തൊഴിലാളി സംഘടനകളും ആത്മാർത്ഥമായി ശ്രമിക്കേണ്ടതുണ്ട്.

വ്യവസായത്തിന് 'പറ്റിയ അന്തരീക്ഷം' എന്താണെന്ന് നോക്കാം . ഉദാഹരണത്തിന് ഇവിടെ നടന്നു വരുന്ന നാടൻ ചുടുകട്ട നിർമ്മാണം എടുക്കാം. ഒരു സീസണിൽ വേണ്ടി വരുന്ന അസംസ്കൃത സാധനമായ ചെളി വാങ്ങുന്നു. നിർമ്മാണാവശ്യത്തിനുള്ള പ്രധാന തൊഴിലാളികളെ കണ്ടെത്തി അവരുമായി കൂലി, സേവനകാര്യങ്ങൾ തീരുമാനിക്കുന്നു. ആവശ്യത്തിനുള്ള വിറക് ഇടപാടാക്കുന്നു. മറ്റ് ഉപകരണങ്ങൾ സംഭരിക്കുന്നു. മഴ മാറി നില്ക്കുന്ന സമയം നോക്കി പണി ആരംഭിക്കുന്നു. വാഹനങ്ങൾ എത്തിച്ചേരാൻ സൗകര്യമുള്ള സ്ഥലം നോക്കി കട്ടചൂള ഉണ്ടാക്കുന്നു. കട്ട വെന്തു കഴിഞ്ഞാൽ മാർക്കറ്റിൽ ഡിമാന്റിനനുസരിച്ച് വിലപേശി പരമാവധി ലാഭം ഉണ്ടാക്കുന്നു. ഈ വ്യവസായത്തിൽ നഷ്ടം സംഭവിക്കുക സാധാരണമല്ല. എത്ര രൂപാ ലാഭമുണ്ടായാലും നഷ്ടമുണ്ടായാലും അത് രൂപാമുടക്കി ഈ വ്യവസായം ചെയ്യുന്ന ആളിന് തന്നെയാണ്. ആരെയും കണക്കു ബോധിപ്പിക്കേണ്ട ആവശ്യമില്ല. തൊഴിലാളികൾക്ക് അവരവരുടെ ജോലികൾ കഴിയുമ്പോൾ ഉത്പന്നവുമായി പിന്നീടുള്ള ബന്ധം തീരുന്നു. അവരവരുടെ വൈദഗ്ധ്യത്തിനനുസരിച്ച് കൂലി

കിഴക്കേക്കല്ലട പഞ്ചായത്ത് പ്രൈമറി സെൻസസ്
(നാഷണൽ ഇൻഫോർമേഷൻ സെന്ററിൽ നിന്നും ലഭിച്ചത്)

പട്ടിക - I

	ആകെ ജനസംഖ്യ			S.C.		സാക്ഷരർ		കർഷക തൊഴിലാളികൾ		കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്നവർ		മറ്റുതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ		തൊഴിൽനിന്നും വരുമാനം ഇല്ലാത്തവർ		മറ്റുവി വരങ്ങൾ
വാർഡ്	ആകെ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	
I	2146	1025	1121	153	195	887	925	82	17	57	2	740	342	578	901	
II	1771	83	940	118	111	708	785	71	17	43	4	647	253	441	748	
III	1523	726	797	117	119	630	683	33	1	38	3	507	133	405	690	
IV	2183	1069	1114	254	258	837	781	153	13	36	1	826	299	561	932	
V	2124	1004	1120	159	192	1149	885	72	14	18	17	668	314	603	721	
VI	2724	1476	1298	78	68	1238	1081	44	11	30	82	1324	506	727	997	
VII	1702	836	866	329	344	698	673	94	73	38	34	618	323	441	603	
VIII	2777	1110	1167	252	279	949	956	118	5	37	12	748	344	620	925	
IX	2335	1109	1226	324	319	934	956	86	38	39	10	766	415	609	937	
X	2026	996	1030	295	306	831	840	150	41	28	4	659	255	555	844	
ആകെ	20811	10132	10679	2074	2201	8861	8565	903	230	364	169	7525	3134	5540	11498	

നേരത്തെ തന്നെ കണക്കു പറഞ്ഞു അവർ വാങ്ങിയിരിക്കും. ഈ വ്യവസായത്തിൽ ധൈര്യമായിട്ടാണ് ആളുകൾ പണം മുടക്കുന്നത്. 06% വരെ പലിശ നല്കി രൂപാ കടം എടുത്തു പോലും ഈ വ്യവസായത്തിന് ആളുകൾ ഇറങ്ങുന്നു. ഇങ്ങനെ അസംസ്കൃത സാധനങ്ങളുടെ ലഭ്യത, ആവശ്യമായ മുടക്കുമുതൽ, വിദഗ്ധരായ തൊഴിലാളികൾ, ഉത്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യം, യാത്രാസൗകര്യം, പരമാവധി ലാഭം കിട്ടുമെന്നുള്ള വിശ്വാസം ഇവയെല്ലാം ഒത്തു ചേർന്ന സാഹചര്യമാണ് വ്യവസായത്തിന് പറ്റിയ അന്തരീക്ഷം കൊണ്ട് ഉദ്ദേശിക്കുന്നത്. ഏതു വ്യവവസായമായാലും ഈ സാഹചര്യങ്ങളെല്ലാം ഉണ്ടായിരിക്കണം.

പട്ടിക -II -

വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വിവരങ്ങൾ

Sl.No.	തൊഴിൽ വിവരങ്ങൾ	പുരുഷൻ	സ്ത്രീ
1.	കൃഷിത്തൊഴിൽ	813	69
2.	കർഷക തൊഴിലാളി	903	230
3.	മീൻ പിടുത്തം തുടങ്ങിയവ	688	11
4.	കല്ലുവെട്ട് പാറപ്പൊട്ടിക്കൽ	98	9
5.	വീട്ടുപകരണങ്ങൾ ഉണ്ടാക്കലും റിപയറും	44	26
6.	വീട്ടുപകരണങ്ങൾ അല്ലാതുള്ള ഉപകരണങ്ങൾ ഉണ്ടാക്കലും, റിപ്പയറിംഗും, സർവ്വീസിംഗും	402	495
7.	നിർമ്മാണം	104	1
8.	കച്ചവടം	364	169
9.	ഗതാഗതം തുടങ്ങിയവ	225	5
10.	മറ്റു തൊഴിലുകൾ	553	337
11.	മാർജിനൽ ജോലികൾ	394	829
12.	തൊഴിൽ ഒന്നും ഇല്ലാത്തവർ	5540	11,498

നിലവിലുള്ള വ്യവസായങ്ങൾ

1. കശുവണ്ടി.

സ്വകാര്യമേഖലയിൽ 4 ഫാക്ടറികളും കാഷ്യൂഡവലപ്മെന്റ് കോർപ്പറേഷൻ വക 1 ഫാക്ടറിയും ഇവിടെ പ്രവർത്തിച്ചു വരുന്നു. അതിൽ ജോലിയെടുക്കുന്നവരുടെ വിവരങ്ങളും, കഴിഞ്ഞ 3 വർഷമായി അവിടെ നടന്ന ജോലി ദിവസങ്ങളും കാണിക്കുന്ന പട്ടിക 3. താഴെ ചേർത്തിരിക്കുന്നു. ഈ മേഖലയിൽ 2774 സ്ത്രീകരളും 135 പുരുഷന്മാരും പണിയെടുക്കുന്നു. ഒരേ ആളുകൾ പല ഫാക്ടറികളിൽ പേരു രജിസ്റ്റർ ചെയ്തിരിക്കുന്നതിനാൽ ശരിക്കും ഇത്രയും തൊഴിലാളികൾ പ്രവർത്തിക്കുന്നണ്ടോ എന്ന് സംശയമാണ്. നല്ല ലാഭമുള്ള ഒരു വ്യവസായ

മാണ്. അസംസ്കൃത വസ്തുവായി കശുവണ്ടി കിട്ടുന്നതിലുള്ള പ്രയാസമാണ് ആ വ്യവസായത്തെ ബുദ്ധിമുട്ടിക്കുന്നത്. ഈ ഫാക്ടറികൾ പ്രവർത്തിക്കുന്നതു കൊണ്ട് ഉണ്ടാകുന്ന പരിസരമലിനീകരണം ഒരു സാമൂഹ്യപ്രശ്നമായി ഉയർന്നു വന്നിരിക്കുകയാണ്. കമ്പനികളും അധികൃതരും ഈ കാര്യത്തിൽ അടിയന്തിരമായി ശ്രദ്ധുപതിപ്പിക്കണം.

2. കയർ.

കായലോരപ്രദേശത്താണ് ഈ വ്യവസായം നിലനില്ക്കുന്നത്. തൊണ്ട് അടുക്കിയെടുക്കുന്നതിനു സൗകര്യമുള്ള തിനാൽ ഇത് അവിടെ കേന്ദ്രീകരിച്ചിരിക്കുന്നു. സഹകരണ മേഖലയും സ്വകാര്യമേഖലയും ഈ രംഗത്ത് പ്രവർത്തിച്ചു വരുന്നു. ഒരു കാലത്ത് കല്ലടയുടെ സമ്പത്ത് വ്യവസ്ഥയെ ആകെ നിയന്ത്രിച്ചിരുന്ന ഒരു വ്യവസായമായിരുന്നു ഇത്. ഈ വ്യവസായവുമായി ബന്ധമില്ലാതിരുന്ന ഒറ്റവീടും കായൽവാരങ്ങളിൽ ഇല്ലായിരുന്നു. ഇന്നു ഏതാനും ആളുകൾ മാത്രമാണ് ഈ വ്യവസായത്തിൽ ഇടപെട്ടു നില്ക്കുന്നത്. കൂടാതെ മൂന്ന് കയർ സഹകരണസംഘങ്ങളും അസംസ്കൃത സാധനമായ തൊണ്ടിന്റെ ലഭ്യത ഇന്ന് വളരെ കുറഞ്ഞിരിക്കുന്നു. ഉത്പാദനചിലവ് കൂടുകയും ചെയ്തിട്ടുണ്ട്. കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വില അന്താരാഷ്ട്ര കമ്പോളങ്ങളാണ് നിയന്ത്രിക്കുന്നത്. കയർ ഫെഡും ഗവ.കയർ ഡിപ്പാർട്ടുമെന്റും ഈ വ്യവസായവുമായി ബന്ധപ്പെട്ടു നിൽക്കുന്നു.

ഈ രംഗത്തു പ്രവർത്തിക്കുന്ന നാല് (4) സഹകരണസംഘങ്ങളുടെ വിവരങ്ങൾ പട്ടിക4ൽ ചേർത്തിരിക്കുന്നു. 1970 കളിൽ തുടങ്ങിയ സംഘങ്ങളാണ് 3 എണ്ണം. ഒരെണ്ണം പ്രവർത്തനരഹിതമാണ്. പ്രവർത്തിക്കുന്ന മൂന്ന് (3) സംഘങ്ങളും ഭീമമായ നഷ്ടത്തിലാണെന്ന് പട്ടികയിൽ നിന്നും മനസ്സിലാക്കാം. മൂന്ന് സംഘങ്ങളും വൻ തുകകൾ വായ്പ എടുത്തത് തിരിച്ചടക്കാനുള്ളതായി കാണുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ പ്രത്യേതകമായി പഠനത്തിന് വിധേയമാക്കേണ്ടതാണ്.

അയൽ സംസ്ഥാനങ്ങൾ ഈ വ്യവസായം രംഗത്തേയ്ക്ക് കടന്നു വന്നിട്ടുണ്ട്. പച്ച തൊണ്ടിൽ നിന്നും നാരുകൾ വേർതിരിക്കുന്ന ഡി.ഫൈബറിങ് മെഷീൻ വന്നതോടെ ഈ വ്യവസായം കായലോരങ്ങളിൽ നിന്ന് മാറി പൊയ്ക്കൊണ്ടിരിക്കുന്നു. കയർ പിരിയ്ക്കുന്നതിനുള്ള യന്ത്രവത്കൃതറാട്ടുകളും മറ്റ് യന്ത്രങ്ങളും ഇന്ന് സാർവ്വത്രികമാണ്. ഈ വക പല ഘടകങ്ങളും ആ വ്യവസായത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

കിഴക്കേ കല്ലടയിലെ കശുവണ്ടി ഫാക്ടറികളുടെ വിവരങ്ങൾ

പട്ടിക III

പേരുവിവരം	സ്റ്റാഫ് തൊഴിലാളി				പ്രവർത്തി ഉണ്ടായിരുന്ന ദിനങ്ങൾ			മറ്റു കാര്യങ്ങൾ
	M	F	M	F	1994 95	96-96	96-97 up to Nov.	
1.കാഷ്യൂഡവലപ്പ്മെന്റ് കോർപ്പറേഷൻ Ltd. ഫാക്ടറി നമ്പർ - 5	16	3	23	755	51	12	21	
2.എക്സലന്റ് കാഷ്യൂകമ്പനി 'Sansar' ഓണംബലം	14	1	1	423	110	82	147	
3.റീജണസി കാഷ്യൂസ് ഓണംബലം	42	2	20	1053	47	60	184	
4.വിജയചന്ദ്രകാഷ്യൂ കമ്പനി, നിലമേൽ	14	2	—	335	208	230	120	
5.റോയൽ കാഷ്യൂഫാക്ടറി ചിറ്റുമല	5	—	—	200	—	—	40	തുടങ്ങിയിട്ട് മൂന്നു
ആകെ	91	8	44	2766				മാസമായി

കയർ സഹകരണസംഘങ്ങളുടെ വിവരങ്ങൾ

പട്ടിക - 4

		438-ാം നമ്പർ ചിറ്റുമല കയർ വ്യവസായ കോ-ഓപ്പറേറ്റീവ് സൊസൈറ്റി Ltd.	144-ാം നമ്പർ കിഴക്കെക്കല്ലട കയർ വ്യവസായ സഹകരണസംഘം Ltd.	639-ാം നമ്പർ കിഴക്കെക്കല്ലട നോർത്ത് കയർ വ്യവസായ സഹകരണസംഘം Ltd.	854-ാം നമ്പർ തെക്കെമുറി ഈസ്റ്റ് കയർ വ്യവസായ സഹകരണസംഘം Ltd.
അംഗങ്ങളുടെ എണ്ണം		637	578	579	253
ഷെയർ തുക Rs.		49,850	1,78,479	2,65,300	49,850
ജീവനക്കാർ	M	1	2	2	ഇല്ല
	F	1	-	-	ഇല്ല
തൊഴിലാളികൾ	M		20	20	ഇല്ല
	F		50-80	85	ഇല്ല
വിറ്റുവരവ് Rs.	1992-93	1,32,143	47,088	6,77,000	
	93-94	5,31,151	4,39,603	6,85,000	
	94-95	7,41,370		6,75,000	
വ്യാപാരലാഭം	1992-93	10,436	18,005	വിവരങ്ങൾ കിട്ടിയില്ല	
	93-94	44,557	39,276		പ്രവർത്തനം ഇല്ല
	94-95	50,736			
അറ്റനഷ്ടം	1992-93	1,58,886	2,07,121		
	93-94	1,64,265	2,07,973		
	94-95	1,60,352		2,26,088	
തിരിച്ചടയ്ക്കാനുള്ള വായ്പാ തുക	1992-93	1,69,159	1,38,050		
	93-94	1,68,148	1,37,886		
	94-95	1,69,159		50,000	

3. ഇഷ്ടിക വ്യവസായം.

നാടൻ കട്ട നിർമ്മാണം കുടിൽ വ്യവസായം എന്ന നിലയിൽ രണ്ട് (2) വർഷം മുമ്പ് വരെ ഇവിടെ നടന്നു വന്നു. ഇപ്പോൾ അങ്ങിങ്ങായി നടക്കുന്നുണ്ട്. നെൽകർഷകരിൽ നിന്നുള്ള എതിർപ്പു മൂലം ആണ് ഈ വ്യവസായം നിലച്ചിരിക്കുന്നത്. നാലഞ്ചു വർഷം തുടർച്ചയായി നാടൻ കട്ട നിർമ്മാണം അനുവദിച്ചാൽ നിലങ്ങളെല്ലാം തന്നെ പടുകുഴികളായി മാറും. നെൽകൃഷി എന്നേയ്ക്കുമായി തടസ്സപ്പെടും.

ഈ പ്രദേശത്ത് 'ഏഴ്' ചുടുകട്ട ഫാക്ടറികൾ ഉണ്ട്. അതിൽ ഒന്ന് പ്രവർത്തനം നിർത്തി വച്ചിരിക്കുന്നു. എല്ലാം ലാഭകരമായി തന്നെ പ്രവർത്തിക്കുന്നു. അസംസ്കൃത സാധനമായ ചെളി കിട്ടാനുള്ള പ്രയാസമാണ് ഇതിന്റെയും പ്രവർത്തനത്തെ ബാധിക്കുന്നത്.

4. മണൽ വ്യവസായം

ഉപ്പൂട് മുതൽ മുതിരപ്പറമ്പ് വരെയുള്ള കല്ലടയാറ്റിൽ നിന്നു മണൽ വാരി ലോറികളിൽ കയറ്റി വിടുന്നതാണ് ഈ വ്യവസായം. 1300. ഓളം തൊഴിലാളികൾ ഈ രംഗത്ത് പ്രവർത്തിച്ചു വരുന്നു. നൂറിനു മുകളിൽ മണൽ കടവുകൾ ഇവിടുയുണ്ട്. ഒരോ കടവിനും അവരവരുടേതായ വള്ളങ്ങളും മറ്റ് ഉപകരണങ്ങളും ഉണ്ട്. കല്ലടയാറ്റിൽ തെന്മലഡാം (പാറപ്പാറഡാം) വന്നതോടു കൂടി ആറ്റിലെ ഒഴുക്ക് സാരമായി കുറഞ്ഞിരിക്കുകയാണ്. അതിനാൽ മണലിന്റെ വരവും കുറഞ്ഞു. ആവശ്യത്തിനനുസരിച്ച് മണൽ നല്കാൻ പറ്റാത്ത നിലയിലാണ് ഇന്ന് ഈ വ്യവസായം.

5 മത്സ്യബന്ധനം.

ഒരു വ്യവസായം എന്നതിലുപരി ഒരു തൊഴിൽ എന്ന നിലയിൽ ഇത് നടന്നു വരുന്നു. അഷ്ടമുടി കായലിലെ കാഞ്ഞിരകോട് ശാഖയാണ് കിഴക്കെ കല്ലടയോട് ചേർന്നു കിടക്കുന്നത്. ഏകദേശം പത്തു കി.മീ. കായൽ തീരം ഇവിടുയുണ്ട്. മത്സ്യബന്ധനത്തിൽ അറുനുറോളം പേർ പണിയെടുക്കുന്നു. പട്ടിക 2 നോക്കുക. കൂടാതെ കുറെ ആളുകൾ മത്സ്യം വില്ക്കുന്നതിലും ജോലി ചെയ്യുന്നുണ്ട്. ഇവരുടെ പ്രവർത്തനങ്ങളെ സഹായിക്കാൻ രണ്ട് സഹകരണസംഘങ്ങൾ ഉണ്ടെങ്കിലും അവ പ്രവർത്തിച്ചു തുടങ്ങിയിട്ടേയുള്ളു. വലയും വല നിർമ്മാണ സാമഗ്രികളും കുറഞ്ഞ വിലയ്ക്ക് ലഭിക്കണം എന്നുള്ളതാണ് അവരുടെ മുഖ്യ ആവശ്യം. വള്ളം അടുപ്പിക്കുന്നതിനുള്ള ലാന്റിങ്ങ് സൗകര്യങ്ങളും കുറവാണ്.

6. ആയുർവ്വേദ മരുന്നത്പാദനം.

'ഐക്കര ഫാർമസ്യൂട്ടിക്കൽസ്' എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിച്ചു വരുന്നു. ആയുർവ്വേദ മരുന്നുകൾ വ്യവസായികാടിസ്ഥാനത്തിൽ നിർമ്മിച്ചു വരുന്നു. അതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ കിട്ടാൻ ബുദ്ധിമുട്ടുണ്ട്.

7. പ്ലാസ്റ്റിക്ക് ഇൻഡസ്ട്രീ

'തറയിൽ പ്ലാസ്റ്റിക് ഇൻഡ്സട്രീസ്' എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. പ്ലാസ്റ്റിക് കൺടയിനറുകൾ, പ്ലാസ്റ്റിക് ഡബ്ബകൾ എന്നിവയാണ് ഇപ്പോൾ ഇവിടെ ഉണ്ടാക്കുന്നത്.

8. തീപ്പെട്ടിക്കൊള്ളി നിർമ്മാണം.

ചിറ്റുമലയിൽ ഇത്തരം ഒരു ഫാക്ടറി പ്രവർത്തിച്ചു വരുന്നു. സോഫ്ട് വുഡ് ഇനത്തിൽപ്പെട്ട തടികളിൽ നിന്നും തീപ്പെട്ടിക്കൊള്ളി ഉണ്ടാക്കി, തീപ്പെട്ടി കമ്പനികൾക്ക് വില്ക്കുന്ന ഒരു യൂണിറ്റാണിത്. ലാഭകരമായി പ്രവർത്തിച്ചു വരുന്നു.

9. ഗ്രീസ് ഇൻഡസ്ട്രീ

മൂന്നാം വാർഡിൽ ഗ്രീസ് ഉത്പാദിപ്പിക്കുന്ന ഒരു ഫാക്ടറി പ്രവർത്തിക്കുന്നു. വളരെ ചെറിയ തോതിലാണ് പ്രവർത്തനം നടക്കുന്നത്. ലാഭകരമാണ് എങ്കിലും പരിസരമലിനീകരണം ഒരു സാമൂഹ്യപ്രശ്നമായി ഉയർന്നിട്ടുണ്ട്.

10. തടിമില്ലുകൾ

മൂന്നു മില്ലുകൾ പ്രവർത്തിക്കുന്നു. തടി കൂലിക്ക് അറുത്തു കൊടുക്കുകയാണ് പ്രധാന ജോലി. തടി വില്പന കൂടി ഉൾപ്പെടുത്തിയാൽ നല്ല ലാഭകരമായ ഒരു വ്യവസായമാണിത്.

11. പ്രിന്റിംഗ് പ്രസ്സ്.

മൂന്നു പ്രസ്സുകൾ ഇവിടെ പ്രവർത്തിച്ചു വരുന്നു. വലിയ ലാഭനഷ്ടങ്ങൾ കൂടാതെ പ്രവർത്തിക്കുന്നു. രണ്ടോ മൂന്നോ തൊഴിലാളികൾ വീതം ജോലി ചെയ്യുന്നു.

12. ഫോട്ടോ സ്റ്റുഡിയോ

മൂന്ന് ഫോട്ടോ സ്റ്റുഡിയോകൾ ഈ പ്രദേശത്തുണ്ട്. മൂന്നും ലാഭകരമായി പ്രവർത്തിച്ചു വരുന്നു.

13. അബ്കാരി

രണ്ടു കള്ളുഷാപ്പുകൾ അതിന്റെ ഉപഷാപ്പുകൾ ഉൾപ്പെടെ പ്രവർത്തിക്കുന്നു. നല്ല ലാഭകരമായി നടന്നു വരുന്നു.

14. മറ്റു പ്രവർത്തനങ്ങൾ

ഒരു സിനിമാശാല, കച്ചവടകേന്ദ്രങ്ങൾ, എഞ്ചിനീയറിംഗ് വർക്ക്ഷോപ്പുകൾ, സൈക്കിൾ വർക്ക്ഷോപ്പുകൾ, വെൽഡിംഗ് സെന്ററുകൾ, ടാക്സിക്കാറുകൾ, ലോറി, മിനിലോറി, ബസ്സ് സർവ്വീസ് , ലക്ഷ്വറിബസ്, ആട്ടോ റിക്ഷാ, പെട്ടി ആട്ടോ, വാഹനങ്ങളുടെ സർവ്വീസിങ് സെന്റർ തുടങ്ങിയവകളും പ്രവർത്തിച്ചു വരുന്നു.

15. സാമ്പത്തിക സ്ഥാപനങ്ങൾ

a. സ്റ്റേറ്റ് ബാങ്ക് ആഫ് ട്രാവൻകൂറിന്റെ (S.B.T) ഒരു ശാഖ കല്ലട ചന്തയ്ക്ക് സമീപം കഴിഞ്ഞ 20 വർഷമായി പ്രവർത്തിച്ചു വരുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ ലാഭകരമായിട്ടാണ് നടക്കുന്നത്. പക്ഷേ ഇവിടുത്തെ ഡെപ്പോസിറ്റ് വായ്പാറേഷ്യോ നാടിന് ചേർന്ന രീതിയിലല്ല എന്നു ഖേദപൂർവ്വം എടുത്തു കാണിക്കട്ടെ. ഇവിടെ നിന്നുള്ള ഡപ്പോസിറ്റിന്റെ 75% എങ്കിലും ഇവിടെ തന്നെ വിതരണം നടത്താൻ ആ സ്ഥാപനത്തിന്റെ ചുമതലക്കാരെ പ്രേരിപ്പിക്കേണ്ടതാണ്.

b. Q 187-ാം നമ്പർ സൗത്ത് സർവ്വീസ് സഹകരണബാങ്ക് ചിറ്റുമലയിൽ പ്രവർത്തിക്കുന്നു. ഇത് വലിയ ബുദ്ധിമുട്ടുകൾ ഇല്ലാതെ കുറെക്കാലമായി പ്രവർത്തിച്ചു വരുന്നു. ഇവിടുത്തെ മൊത്തം വരവും ഈ പ്രദേശത്തിന്റെ വികസനത്തിനു വേണ്ടി വിതരണം ചെയ്തു കൊണ്ടിരിക്കുന്നു. ഈ പ്രസ്ഥാനത്തിന്റെ വളർച്ച ഇതിന്റെ പ്രവർത്തനമേഖലയിലും കാണാവുന്നതാണ്. ഇതു പോലുള്ള മറ്റൊരു സ്ഥാപനം ഇതിനെക്കാൾ മുമ്പു മുതൽ ഇവിടെ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും അതിന്റെ നിലനില്പു തന്നെ സംശയാസ്പദമായ നിലയിൽ പൊയ്ക്കൊണ്ടിരിക്കുന്നു. അതിനാൽ അതിന്റെ പ്രവർത്തനമേഖല ആകെ ഈ ബാങ്കിന്റെ പ്രവർത്തന മേഖലയെക്കാൾ വളരെ പിന്നിലാണ്.

c. 3748-ാം നമ്പർ ഈസ്റ്റ് കല്ലട സർവ്വീസ് സഹകരണബാങ്ക് കല്ലട മാർക്കറ്റിന് സമീപം പ്രവർത്തിക്കുന്നു. ചിറ്റുമല കൊടുവിള റോഡിന്റെ വടക്കു ഭാഗം (താഴംവാർഡിന്റെ കുറച്ചു ഭാഗം ഒഴികെ:) ഇതിന്റെ പ്രവർത്തന മേഖലയാണ്. വൻതുക കടത്തിലും ഡെഫിസിറ്റിലുമാണ് ഇത് പ്രവർത്തിച്ചു കൊണ്ടിരിക്കുകുന്നത്. ഇതിന്റെ അധഃപതനമാണ് കിഴക്കെ കല്ലടയുടെ മുക്കാൽ ഭാഗവും വരുന്ന ഇതിന്റെ പ്രവർത്തനമേഖലയുടെയും അധഃപതന കാരണം. ഇതിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

വ്യവസായവത്ക്കരണത്തിനുള്ള ചില നിർദ്ദേശങ്ങൾ

1. ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് / ടെകനോപാർക്ക്

ചിറ്റുമല കിഴക്ക് പഞ്ചായത്ത് വക ഇരുപത് (20) ആറിൽ കൂടുതൽ സ്ഥലം ഒന്നും ചെയ്യാതെ കിടപ്പുണ്ട്. വഴി സൗകര്യവും ശുദ്ധജലസൗകര്യവും ഇവിടെയുണ്ട്. ഇവിടെ ഒരു ഇൻഡസ്ട്രീയൽ എസ്റ്റേറ്റ്/ ടെക്നോപാർക്ക് തുടങ്ങിയാൽ കുറെ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. ഈ പ്രദേശത്തിന്റെ സാഹചര്യങ്ങൾക്കും കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കും അനുസരിച്ചുള്ള വ്യവസായങ്ങൾ ആയിരിക്കണമെന്ന് മാത്രം.

2. മത്സ്യ സംസ്ക്കരണ കേന്ദ്രം.

മത്സ്യ തൊഴിലാളികളുടെ രണ്ടു സഹകരണ സംഘങ്ങൾ V,VI,VII, VIII വാർഡുകളിലായി പ്രവർത്തിച്ചു വരുന്നു. കാഞ്ഞിരകോടു കായലിലെ കരിമീനും മറ്റു മത്സ്യങ്ങളും രുചിയുടെ കാര്യത്തിൽ വളരെ പ്രസിദ്ധമാണ്. ആയതു സംസ്ക്കരിച്ചു കേടു വരാതെ പായ്ക്കു ചെയ്തു വിപണനം നടത്താവുന്നതാണ്. സഹകരണാടിസ്ഥാനത്തിലോ അല്ലാതെയോ ഇതു തുടങ്ങാവുന്നതേയുള്ളു.

3. ഗാർമെന്റ് മേയ്ക്കിംഗ് യൂണിറ്റുകൾ

തയ്യൽ അറിയാവുന്ന വളരെയധികം വനിതകൾ ഈ പ്രദേശത്തുണ്ട്. കൂടാതെ കമ്മ്യൂണിറ്റി പോളിടെക്നിക്കിന്റെ എക്സ് ടെൻഷൻ സെന്ററിൽ (ശ്രീനാരായണ ഗുരുകുലം) തയ്യൽ പഠിപ്പിക്കുന്നു. മുപ്പതു പേർക്കു വീതം അഞ്ചു മാസത്തെ കോഴ്സാണ് അവിടെ നടത്തപ്പെടുന്നത്. റെഡിമേയ്ഡ് വസ്ത്രങ്ങൾ ഇന്ന് വളരെയധികം ചിലവാകുന്ന ഒരിനമാണ്. സഹകരണമേഖലയിലോ വ്യക്തികൾക്കോ ഗാർമെന്റ് മേയ്ക്കിംഗ് യൂണിറ്റുകൾ ലാഭകരമായി നടത്താവുന്നതാണ്. റെഡിമെയ്ഡ് സാധനങ്ങൾ വിദേശരാജ്യത്തു കയറ്റി അയയ്ക്കാവുന്നതാണ്.

4. കക്കാ സംസ്ക്കരണം (കുമ്മായ നിർമ്മാണം)

കാഞ്ഞിരോടു കായലിൽ നിന്നും കക്കാ സമൃദ്ധമായി ലഭിക്കുന്നുണ്ട്. ഇതിന്റെ തോട് സംഭരിച്ചു കുമ്മായ നിർമ്മാണത്തിന് ഒരു യൂണിറ്റ് തുടങ്ങാവുന്നതാണ്. കുമ്മായത്തിന് ആവശ്യക്കാർ കൂടുതലുണ്ട്.

5. പെട്രോൾ പമ്പ്.

മുന്നൂറോളം മോട്ടോർ വാഹനങ്ങൾ കിഴക്കെ കല്ലടയിലുണ്ട്. ഇരുപത്തിയഞ്ചു പ്രൈവറ്റ് ബസ്സുകൾ ദിവസം നാലു സർവ്വീസുകൾ വച്ചു ഇതു വഴി ഓടുന്നുണ്ട്. മണൽ, കട്ട, പാറ എന്നിവ കൊണ്ടു പോകുന്നതിനും വിറക്, വ്യാപാരസാധനങ്ങൾ തുടങ്ങിയവ കൊണ്ടു വരുന്നതിനും മറ്റുമായി മറ്റൊരു നൂറുനൂറ്റമ്പതു വാഹനങ്ങൾ വന്നു പോകുന്നു. കൊല്ലം പട്ടണത്തിന് ഒരു ബൈപാസായ കൊട്ടിയം കുണ്ടറ കല്ലടഭരണിക്കാവ്പുതിയകാവ്റോഡ് ഇതു വഴി നൂറു കണക്കിന് വാഹനങ്ങൾ ദിവസവും ഓടുന്നുണ്ട്. ഈ വാഹനങ്ങൾ പെട്രോൾ ഉത്പന്നങ്ങൾക്ക് എട്ടു കി.മീ. അകലെയുള്ള കുണ്ടറയിലോ ഭരണിക്കാവിലോ പോകണം,. ഒരു പെട്രോൾ പമ്പ് നല്ല രീതിയിൽ നടക്കും. ചിറ്റുമലയ്ക്കും രണ്ടു റോഡിനും ഇടയ്ക്ക് ആയാൽ മൻട്രോതുരുത്തുകാർക്കും ഉപകാരമായി. അതിനാൽ ഒരു പെട്രോൾ പമ്പ് ഈ ഭാഗത്ത് അനുവദിക്കാവുന്നതാണ്.

6. കൊഞ്ചുവളർത്തൽ

ഇന്ന് നല്ല ആദായകരമായ ഒരു വ്യവസായമായിട്ട് വളർന്നു വന്നിരിക്കുന്ന ഒന്നാണ് കൊഞ്ചു വളർത്തൽ. താഴം വാർഡിൽ വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലവും കെ.പി.എസ്സ്.പി.എം. ഹൈസ്കൂളിന് പിറകുവശമുള്ള കുളവും, അതുപോലുള്ള മറ്റുകുളങ്ങളും, ചിറ്റുമല ചിറയും, കണ്ണങ്കര പൊയ്കയും കൊഞ്ചു വളർത്തൽ കേന്ദ്രങ്ങളാക്കി മാറ്റാവുന്നതാണ്.

മറ്റൊരു നിർദ്ദേശം കായൽ വാരത്തുള്ള അവരവരുടെ വസ്തുവിനോടു ചേർന്നു തന്നെ കായലിൽ കുറെ സ്ഥലം വളഞ്ഞു കെട്ടി (വലവച്ച്) കൃഷി ചെയ്യാൻ അനുവദിച്ചാൽ കൊഞ്ചുകൃഷി ആദായകരമായി നടത്താവുന്നതാണ്.

7. ഡയറിയൂണിറ്റുകൾ

ഗ്രാമപ്രദേശമായതു കൊണ്ട് ഒരോ വീട്ടിലും ഒന്നോ രണ്ടോ ഉരുക്കളെ വീതം വളർത്താവുന്നതാണ്. . ആട്, പശു, എരുമ എന്നിവകളെ അവരവരുടെ സൗകര്യാർത്ഥം വളർത്താം. ഉത്പാദിപ്പിക്കപ്പെടുന്ന പാൽ വിതരണം ചെയ്യുവാൻ സഹകരണസംഘങ്ങൾ (കല്ലട ചന്ത, ചിറ്റുമല, കൊടുവിള) ഇവിടങ്ങളിൽ പ്രവർത്തിക്കുന്നു. സംഘങ്ങളുടെ പ്രവർത്തനങ്ങൾ എടുത്തു കാണിക്കുന്ന പട്ടിക 5 പ്രത്യേകമായി താഴെ ചേർത്തിരിക്കുന്നു.

കൂടുതൽ ഉരുക്കളെ ചേർത്ത് ഡയറി യൂണിറ്റുകളായിട്ട് നടത്താവുന്നതാണ്.

മൃഗാശുപത്രി ഒരെണ്ണം ഇവിടെ പ്രവർത്തിക്കുന്നതു കൊണ്ട് അത്യുൽപാദനശേഷിയുള്ള ബീജം കുത്തിവയ്ക്കുന്നതിനും മൃഗങ്ങളുടെ രോഗചികിത്സയ്ക്കും വളരെ സഹായകരമാണ്.

8. പാലിൽ നിന്നുള്ള ഉത്പന്നങ്ങൾ

പാലിൽ നിന്നും വെണ്ണ, നെയ്യ്, തൈര്, മോര് എന്നിവ ഉത്പാദിപ്പിച്ച് വ്യവസായിക അടിസ്ഥാനത്തിൽ വിപണനം നടത്താവുന്നതാണ്. മോര് ഒരു ശീതള പാനീയം എന്ന ലേബലിലും വിപണനം നടത്താം. ഇവയെല്ലാം തന്നെ ആവശ്യക്കാർ ധാരാളം ഉള്ള ഇനങ്ങളാണ്.

9. കോഴി വളർത്തൽ (പൗൾട്രിഫാം)

ഇറച്ചിയ്ക്കും മുട്ടയ്ക്കുമായി കോഴി വളർത്തൽ കേന്ദ്രങ്ങൾ ലാഭകരമായി പ്രവർത്തിപ്പിക്കാം. മുട്ട, അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്. ഇറച്ചിക്കും ആവശ്യക്കാർ ദിനം പ്രതി കൂടി കൊണ്ടിരിക്കുന്നു. രോഗചികിത്സയ്ക്കും മറ്റുമാർഗ്ഗ നിർദ്ദേശങ്ങൾക്കുമായി, മൃഗാശുപത്രി സഹായമായിട്ടുണ്ട്. ഫാമായിട്ടല്ലാതെ ഓരോ വീട്ടിലും നാലോ, അഞ്ചോ കോഴികളെ വീതം വളർത്താവുന്നതാണ്. താറാവിനെയും ഇതു പോലെ ആദായകരമായ രീതിയിൽ വളർത്താവുന്നതാണ്.

ക്ഷീരോത്പാദക സഹകരണസംഘങ്ങളുടെ വിവരങ്ങൾ

പട്ടിക - 5

		Q23 (D) APCOS ഈസ്റ്റ് കല്ലട ക്ഷീരോത്പാദന സഹകരണസംഘം Ltd. ചിറ്റുമല.	Q283(D) APCOS കൊടുവിള ക്ഷീരോത്പാദന സഹകരണസംഘം Ltd. കൊടുവിള.	Q55(D) APCOS ക്ഷീരോത്പാദന സഹകരണ സംഘം Ltd. ഈസ്റ്റ് കല്ലട.
അംഗങ്ങളുടെ എണ്ണം		370	22	95
ഷെയർ തുക Rs.		5,430	220	51,750
ജീവനക്കാരുടെ എണ്ണം	M	3	-	താൽക്കാലികം
	F	-	2	do
വിറ്റുവരവ് Rs.	1992-93	4,72,014	-	1,79,389
	93-94	7,06,108	-	-
	94-95	8,85,920	1,99,310	-
പ്രവർത്തന ലാഭം	1992-93	74,191	-	27,125
	93-94	1,11,498	-	-
	94-95	1,21,498	21,764	-
നിർബന്ധ ചെലവും തൊഴിലും	1992-93	36,102	-	8,186
	93-94	44,936	-	-
	94-95	72,692	16,794	-
			1995 മാർച്ചിൽ പ്രവർത്തനം തുടങ്ങി	

10. ഓടു നിർമ്മാണ ഫാക്ടറി

മുതിരപ്പറമ്പിൽ സഹകരണാടിസ്ഥാനത്തിൽ ഓടു നിർമ്മാണഫാക്ടറി തുടങ്ങുന്നതിന് കുറെ വർഷങ്ങൾക്കു മുമ്പ് ഒരു ശ്രമം നടന്നിരുന്നു. അതിനായി കുറെ സ്ഥലം വാങ്ങിയത് ഒന്നും ചെയ്യാതെ കിടപ്പാണ്. ആ സഹകരണ സംഘത്തിൽ കുറെ അംഗങ്ങളെകൂടി ചേർത്ത് വർക്കിംഗ് ക്യാപ്പിറ്റൽ ഉണ്ടാക്കി ഓടു വ്യവസായമോ മറ്റ് ഏതെങ്കിലും വ്യവസായമോ നടത്താവുന്നതാണ്.

11. കുടിൽ വ്യവസായങ്ങൾ

ഓരോ വീടും ഓരോ കുടിൽ വ്യവസായ യൂണിറ്റുകളാക്കി മറ്റേണ്ടതാണ്. ചന്ദനത്തിരി നിർമ്മാണം മെഴുകിതിരി നിർമ്മാണം തീപ്പെട്ടിനിർമ്മാണം, ധാന്യങ്ങൾ പൊടിച്ച് കവറിലാക്കി വിപണനം നടത്തുക, സോപ്പു നിർമ്മാണം, സോപ്പു പൊടി നിർമ്മാണം, കറിപ്പൊടി നിർമ്മാണം, സ്ക്വാഷ്, ജാം, അച്ചാറുകൾ എന്നിവയുടെ നിർമ്മാണം, കശുവണ്ടി ഉപയോഗിച്ചുള്ള പലഹാരനിർമ്മാണം, ബേക്കറി സാധനനിർമ്മാണം തുടങ്ങിയവ കുടിൽ വ്യവസായമായി ഓരോ വീടിന്റെയും സാഹചര്യങ്ങൾക്കും താത്പര്യങ്ങൾക്കും അനുസരണമായി നടത്താവുന്നതാണ്.

12. ടൂറിസ്റ്റ് കേന്ദ്രം

പ്രകൃതിയുടെ മനോഹരദൃശ്യങ്ങളാൽ അനുഗ്രഹീതമാണ് ചിറ്റുമല. ചിറയും നെൽപ്പാടങ്ങളും തോടും തെങ്ങിൽ തോപ്പുകളും വളരെ അകലെയായി കാണുന്ന കുന്നിൽ പുറങ്ങളും താഴ്വരകളും ഇവയെല്ലാം ചേർന്നൊരുക്കിയതാണ് ഈ മനോഹാരിത.

ചിറ്റുമലചിറയിൽ വർഷത്തിന്റെ പകുതിയിലേറെയും വെള്ളമുണ്ട്. ഇവിടെ ബോട്ടിംങ്ങിന് നല്ല സാധ്യതയുണ്ട്. മോട്ടോർ ബോട്ടുകളും തുഴഞ്ഞു നടക്കാവുന്ന ബോട്ടുകളും ഒക്കെയാകാം. ടൂറിസത്തിന് നല്ല രീതിയിലുള്ള പരസ്യം ആവശ്യമാണ്. പഞ്ചായത്ത് ആ ചുമതല ഏറ്റെടുക്കുകയും ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുകയും വേണം.

13. പബ്ലിക് മാർക്കറ്റ്

ചിറ്റുമലയിൽ ഒരു പബ്ലിക് മാർക്കറ്റ് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ തുടങ്ങണം. ഇപ്പോൾ റോഡിലാണ് കച്ചവടം. എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ ഇവിടെ ചന്ത നടക്കുന്നു.

14. സബ്സ്റ്റേഷൻ

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഒരു വൈദ്യുതി സബ്സ്റ്റേഷൻ ചിറ്റുമലയ്ക്ക് കിഴക്ക്, ള്ളം കുണ്ടറ പവ്വർ ലൈനിനു താഴെയായി സ്ഥാപിക്കണം. ഇവിടുത്തെ വ്യവസായങ്ങളുടെ വളർച്ചയ്ക്ക് ഇതത്യാവശ്യമാണ്. എനർജി എന്ന വിഷയത്തിൽ ഇതിന്റെ വിശദവിവരങ്ങൾ ചേർത്തിട്ടുണ്ട്.

15. ബാങ്ക്

ദേസ സാത്കൃത ബാങ്കിന്റെ ഒരു ശാഖ ചിറ്റുമലയിൽ തുടങ്ങാവുന്നതാണ്. എസ്.ബി.ടിയുടെ ശാഖ കല്ലട ചന്തയിൽ ഉണ്ടെങ്കിലും ഒരു ശാഖ കൂടി ആകാവുന്നതാണ്. എസ്.ബി.ടി.ശാഖയിൽ വളരെ തിരക്കാണ്. അവിടുത്തെ നിക്ഷേപങ്ങൾ വളരെ വർദ്ധിച്ചിരിക്കുന്നു. നാലു കശുവണ്ടി ഫാക്ടറികൾ, കുറെ കച്ചവടസ്ഥാപനങ്ങൾ, സിനിമാ തീയേറ്റർ ഒക്കെ ചിറ്റുമലയ്ക്ക് ചുറ്റുമായി പ്രവർത്തിക്കുന്നു. ഈ ഭാഗത്തുള്ള ആളുകളുടെ സാമ്പത്തിക നില ഉയർന്നതുമാണ്. ഇതെല്ലാം ഒരു ബാങ്ക് ശാഖ അനിവാര്യമാക്കുന്നു.

1. I.T.I/I.T.C.

കിഴക്കെക്കല്ലട മതിലകത്ത് ഒരു I.T.C. പ്രവർത്തിച്ചു വരുന്നു. അവിടെ ഇപ്പോൾ നാലും സാധാരണ കോഴ്സുകൾ നടക്കുന്നു. ഇലക്ട്രോണിക്സും, കമ്പ്യൂട്ടറും, കോഴ്സുകൾ കൂടി ഉടനെ തുടങ്ങാനുള്ള നടപടി ഏടുക്കേണ്ടതാണ്. ഒരു I.T.I. പഞ്ചായത്തു തലത്തിൽ തുടങ്ങാവുന്നതാണ്.

2. വൊക്കേഷണൽ ഹയർ സെക്കണ്ടറി

ഇവിടെ അടുത്തെങ്ങും തന്നെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. അതിനാൽ കിഴക്കെ കല്ലടയുള്ള എല്ലാ ഹൈസ്കൂളുകളും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെയും ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ ആട്ടോമൊബൽ, ഇൻഡസ്ട്രുമെന്റേഷൻ, സെക്രട്ടറിയറ്റ് പ്രാക്ടീസ് തുടങ്ങിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.

3. കമ്മ്യൂണിറ്റി പോളി ടെക്നിക്കിന്റെ എക്സ്റ്റെൻഷൻ സെന്റർ

ഇവിടെ ശ്രീനാരായണ ഗുരുകുലത്തിൽ ഇത്തരമൊരു സ്ഥാപനം നടന്നു വരുന്നു. കേന്ദ്ര ഗവർമെന്റാണ് ഇതിന് സാമ്പത്തിക സഹായം നല്കുന്നത്. കൊട്ടിയം എസ്.എൻ പോളിടെക്നിക് പ്രിൻസിപ്പാളിന്റെ ചുമതലയിൽ ഇതിന്റെ പ്രവർത്തനം നടന്നു വരുന്നു. മൂന്ന്, അഞ്ച് മാസങ്ങൾ വീതം കാലാവധിയുള്ള കോഴ്സുകളാണ് ഇവിടെ നടത്തപ്പെടുന്നത്. വിദ്യാഭ്യാസം സൗജന്യമാണ്. മാർജിനൽ രേഖയ്ക്ക് താഴെയുള്ളവർക്കും എസ്.സി.എസ്.ടി. വിഭാഗങ്ങൾക്കുമാണ് അഡ്മിഷന് മുൻഗണന. അവരുടെ അഭാവത്തിൽ മറ്റുള്ളവർക്കും അഡ്മിഷൻ നല്കാവുന്നതാണ്. പതിനഞ്ചു പേർക്കാണ് ഒരു ബാച്ചിൽ അഡ്മിഷൻ നല്ക്കുന്നത്. ഈ റിപ്പോർട്ടിൽ കുടിൽ വ്യവസായം എന്ന തലക്കെട്ടിൽ കാണിച്ചിരിക്കുന്ന ഏതു വിഷയത്തെയും ആസ്പദമാക്കി കോഴുസുകൾ നടത്താം. വിഷയം തിരഞ്ഞെടുത്ത് പോളിടെകനിക് പ്രിൻസിപ്പാളിനെ അറിയിച്ചാൽ ബാക്കി കാര്യങ്ങൾ അദ്ദേഹം ഏർപ്പാടാക്കി തരുന്നതാണ്. ഇപ്പോൾ രണ്ടു കോഴ്സുകൾ നടന്നു വരുന്നു.

4. ട്രൈസം

ഓരോ ബ്ലോക്കിൽ നിന്നും പ്രത്യേക വിഷയങ്ങളിൽ പരിശീലനം നല്കുന്നുണ്ട്. തൊഴിലധിഷ്ഠിത വിഷയങ്ങൾക്കാണ് പരിശീലനം നല്കുന്നത്. I.T.I/I.T.C.പോളിടെകനിക്, എൻജിനിയറീങ് കോളേജ് തുടങ്ങിയ സാങ്കേതിക സ്ഥാപനങ്ങളിലാണ് പരിശീലനം എസ്.സി. എസ്.ടി. വിഭാഗത്തിലും മാർജിനൽ രേഖയ്ക്കു താഴെയുള്ളവർക്കും വേണ്ടിയാണ് ഈ കോഴ്സുകൾ നടത്തുന്നത്. വിദ്യാഭ്യാസം സൗജന്യമാണ്, സ്കോളർഷിപ്പുമുണ്ട്.

വ്യവസായത്തിനുള്ള സാമ്പത്തിക സഹായം

ഏതു വ്യവസായം തുടങ്ങുന്നതിനും സാമ്പത്തികസഹായം നല്കുന്ന പല ഏജൻസികളും നിലവിലുണ്ട്. ദേശസാത്കൃത ബാങ്കുകൾ, സഹകരണബാങ്കുകൾ പട്ടികജാതി വികസനകോർപ്പറേഷൻ, പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ തുടങ്ങി പല ഏജൻസികളും വായ്പ നല്കുന്നുണ്ട്.

ഒരു വൻകിട വ്യവസായത്തിനുള്ള നിർദ്ദേശം

കല്ലടയാറ്റിൽ നിന്നും ചിറ്റുമലചിറയിൽ നിന്നും ഉള്ള ശുദ്ധജലം, നല്ല ഉറപ്പുള്ള വെട്ടുകൽപ്രദേശം, 500-800 ഏക്കർ സ്ഥലം സി.വി.കെ. ഹൈസ്കൂളിന് തെക്കുവശം. മലിനജലം ഒഴുക്കി വിടുന്നതിന് സൗര്യപ്രദമായി അഷ്ടമുടികായലിന്റെ സാമീപ്യം, കിഴക്കൻ മലകളിൽ നിന്നും അസംസ്കൃത സാധനങ്ങൾ കൊണ്ടു വരാൻ കൊല്ലം ചെങ്കോട്ട റയിൽവേ ലൈനിൽ ഇവിടെ നിന്നും 7 കി.മീ. അകലെ കുണ്ടറ റയിൽവേ സ്റ്റേഷൻ. ഇവിടെ നിന്ന് അഞ്ചു കി.മീ. അകലെ കൊല്ലം എറണാകുളം ബ്രോഡ്ഗേജ് ഡബിൾ ലൈനുള്ള മൺട്രോത്തുരുത്ത് റെയിൽവേസ്റ്റേഷൻ നിന്നും കുണ്ടറയ്ക്കും മൺട്രോതുരുത്ത് റയിൽവേ സ്റ്റേഷനിലേക്കും ഉറപ്പുള്ള റോഡ് സൗകര്യം. കല്ലട നിന്നും മറ്റു ഭാഗത്തേക്ക് പോകുന്നതിന് നല്ല റോഡുകൾ സർവ്വോപരി ഗ്രാമപ്രദേശം. ഈ സൗകര്യങ്ങളെല്ലാം തന്നെ ഒരു വൻകിട വ്യവസായം ആരംഭിക്കുന്നതിന് യോജിച്ചതാണ്. നല്ല പേപ്പറുകൾ നിർമ്മിക്കുന്ന ഫാക്ടറി തുടങ്ങുന്നതിന് അഭിപ്രായഗതി ഉണ്ടായിരുന്നെങ്കിലും അതു പ്രാവർത്തികമായില്ല. ഈ പ്രദേശത്തോട് താത്പര്യമുള്ള എല്ലാവരും ഇവിടെയൊരു വൻകിട ഫാക്ടറി തുടങ്ങാൻ പരിശ്രമിക്കേണ്ടതാണ്.

ഉപസംഹാരം

ഒരു പ്രദേശത്തെ ഏതു പദ്ധതിയും വിജയിക്കണമെങ്കിൽ അവിടുത്തെ ജനങ്ങൾ വിദ്യാസമ്പന്നരായിരിക്കണം. വിദ്യാഭ്യാസമാണ്. ഏതു കാര്യത്തിന്റെയും അടിസ്ഥാനം. ഈ നാടിന്റെ വിദ്യാഭ്യാസനിലവാരം ഉയർത്തുകയാണ് എല്ലാറ്റിനും മുമ്പേ നടത്തേണ്ടത്. വിദ്യാഭ്യാസത്തിന് എത്ര രൂപാ മുടക്കിയാലും അത് ഒട്ടും തന്നെ അധികമാകുന്നില്ല. "വിദ്യാധനം സർവ്വധനാൻ പ്രാധാനം", "വിദ്യകൊണ്ട് പ്രബുദ്ധരാകുക."

തയ്യാറാക്കിയത്

ശ്രീ: അന്തേൽസദാനന്ദൻ

വിമലാസദാനന്ദൻ

വിദ്യാഭ്യാസം

'കയർ' എന്ന നോവലിൽ ശ്രീ. തകഴി ശിവശങ്കരപ്പിള്ള, തന്റെ ഗ്രാമത്തിലെ വിദ്യാഭ്യാസ സംരംഭങ്ങളുടെ ചരിത്രം തുടങ്ങുന്നതു പോലെ തന്നെയാണ് ഈ ഗ്രമത്തിലെയും പൊതുവിദ്യാഭ്യാസം ആരംഭിക്കുന്നത്.

പണ്ട് രാജവാഴ്ചക്കാലത്ത് സമ്പന്നർക്കും ഉയർന്ന ജാതിക്കാർക്കും മാത്രമേ സർക്കാർ വക വിദ്യാലയത്തിൽ പ്രവേശനമുണ്ടായിരുന്നുള്ളു. അദ്ധ്യാപകർക്കും അന്ന് ഉയർന്ന ജാതിക്കാരായിരുന്നു. കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കണമെന്ന് ആഗ്രഹിക്കുന്നവർ അവരെ 'നാട്ടാശാന്മാരുടെ' എഴുത്തുപള്ളിക്കൂടത്തിൽ നിലത്തെഴുത്തിനിരുത്തും. തറയിൽ മണൽ വിരിച്ച് അതിൽ കൈ വിരൽ കൊണ്ടു അക്ഷരങ്ങൾ എഴുതി പഠിപ്പിച്ചു തുടങ്ങും. പിന്നീട് എഴുത്തോലയിൽ (താളിയോല) നാരായം കൊണ്ട് അക്ഷരവും വാക്കുകളും എഴുതി പഠിപ്പിക്കും. ഇങ്ങനെ എഴുതാനും വായിയ്ക്കാനും കണക്കുകൂട്ടാനും, കുറയ്ക്കാനും പഠിപ്പിക്കും. അതോടെ തീർന്നു അക്കൂട്ടരുടെ വിദ്യാഭ്യാസം.

വർഷങ്ങൾ കഴിഞ്ഞു. മറ്റുള്ളവർക്കും സർക്കാർ സ്കൂളുകളിൽ പഠിയ്ക്കാമെന്നായി. ഇവിടെ നാലാം ക്ലാസ്സുവരെ പഠിച്ചശേഷം ഒട്ടുമുക്കാൽ കുട്ടികളും പഠനം മതിയാക്കും. രാജാവിനെയും രാജ്യത്തെയും പ്രകീർത്തിച്ചു കൊണ്ടുള്ള ഗീതങ്ങൾ നിർബ്ബന്ധമായും പാഠപുസ്തകത്തിൽ ഉണ്ടാകും. ഭാഷാപുസ്തകവും രാജ്യചരിത്രവും ഭൂമിശാസ്ത്രപഠനവും, കുറെ കണക്കും (കൂട്ടാനും കുറയ്ക്കാനും, ഗുണിക്കാനും ഹരിക്കാനും) ഇത്രയുമൊക്കെ ആയിരുന്നു നാലാം ക്ലാസ്സു വരെയുള്ള വിദ്യാഭ്യാസം. എന്നാലും അക്ഷരത്തെറ്റില്ലാതെ എഴുതുവാനും അർത്ഥം മനസ്സിലാക്കുവാനും അർത്ഥസ്പുടതയോടെ കൂടി വായിക്കുവാനും, ആശയവിഷ്കരണം നടത്തുവാനും, സാമന്യവ്യവഹാരത്തിനു വേണ്ട കണക്കുകൾ കൈകാര്യം ചെയ്യുവാനും അന്നത്തെ പഠിതാവിനു കഴിയുമായിരുന്നു.

പ്രാഥമിക പാഠശാലാവിദ്യാഭ്യാസം കഴിഞ്ഞാൽ അഞ്ച്, ആറ്, ഏഴ്, എട്ട്, ഒമ്പത്, എന്നിങ്ങനെ മലയാളം ക്ലാസ്സുകളുള്ള സ്കൂളുകളും, പ്രഥമം, ദ്വിതീയം, ത്രിതീയം ചതുർത്ഥി, പഞ്ചമം, ശാസ്ത്രി, വിദ്വാൻ, ഉപാദ്ധ്യായ, മഹോപാദ്ധ്യായ എന്നിങ്ങനെ സംസ്കൃത വിദ്യാഭ്യാസം നടത്തുന്ന സ്കൂളുകളും ഉണ്ടായിരുന്നു. മലയാളം ഒമ്പതാം ക്ലാസ്സുകഴിഞ്ഞ് മലയാളം വിദ്വാൻ എന്ന ക്ലാസ്സുണ്ടായിരുന്നു.

ബ്രിട്ടീഷുകാരുടെ ഭരണത്തിൽ ഇംഗ്ലീഷു വിദ്യാഭ്യാസം ലഭിച്ചവർക്കേ ജോലി സാധ്യതയുള്ളുവെന്നു വന്നപ്പോൾ ഇംഗ്ലീഷുവിദ്യാഭ്യാസം പുരോഗമിയ്ക്കാൻ തുടങ്ങി. നാലാം ക്ലാസ്സു വരെയുള്ള പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞാൽ ഇംഗ്ലീഷ് സ്കൂളിൽ പ്രിപ്പാറട്ടറി, ഫസ്റ്റ്ഫാറം, സെക്കന്റ് ഫാറം, തേഡ്ഫാറം എന്നീ ഇംഗ്ലീഷ് 'മിഡിൽ സ്കൂളും' ഫോർത്തുഫാറം, ഫിഫ്ത് ഫാറം, സിക്സ്ത് ഫാറം എന്നീ ഹൈസ്കൂളുകളും നിലവിൽ വന്നു. ക്രമേണ മലയാളം സ്കൂളുകളും സംസ്കൃതം സ്കൂളുകളും നിർത്തലാക്കപ്പെട്ടു. പതിനൊന്നു ക്ലാസ്സിൽ അവസാനിക്കുന്ന അന്നത്തെ ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞാൽ ഒരു ജോലി ഉറപ്പായിരുന്നു. കിഴക്കേ കല്ലടയിൽ ഇന്നും ഹൈസ്കൂൾ വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളേ ഉള്ളൂ.

കൊടുവിളയിൽസെന്റ് ഫ്രാർസിസ്സ് എൽ.പി. സ്കൂളാണ് ആദ്യമായി കിഴക്കേ കല്ലടയിലുണ്ടായ പൊതുവിദ്യാബ്യാസസ്ഥാപനം. പിന്നീട് കല്ലടയുടെ വടക്കുഭാഗത്ത് പുതമനകുടുംബം വക കുറേ സ്ഥലം സർക്കാരിലേക്ക് വിട്ടു കൊടുക്കുകയും അവിടെ ഒരു സർക്കാർ പ്രാഥമീക വിദ്യാലയം ആരംഭിക്കുകയും ചെയ്തു. കല്ലടമാർക്കറ്റിനു തൊട്ടു കിഴക്കു ഭാഗത്ത് ഇപ്പോൾ 'കുമാർ മന്ദിരം' നിൽക്കുന്ന സ്ഥലത്ത് 'ഒരു പള്ളിക്കൂടം' കൂടി ഉണ്ടായിരുന്നു.

നിലമേൽ ഭാഗത്ത് ശ്രീചിത്തിര വിലാസം എന്ന ഒരു ലോവർ പ്രൈമറി സ്കൂൾ ശ്രീമാൻ കോട്ടൂർ ഗോപാലപിള്ള (ആറ്റുപുറത്തു ചെല്ലപ്പൻപിള്ള) സ്ഥാപിച്ചു. പിൽക്കാലത്ത് അത് ശ്രീമാൻ ആറ്റുപുറത്ത് മാധവൻനായർ യു.പി.സ്കൂളായി ഉയർത്തുകയും കുറെക്കാലത്തിനുശേഷം അതേ സ്കൂൾ ശ്രീമാൻ മഠത്തിൽ ഉണ്ണികൃഷ്ണപിള്ള വിലക്കു വാങ്ങുകയും ഇന്ന് അത് പുതുമനമാധവൻ നായർ മെമ്മോറിയൽ (P.M.N.M.UP.)യു.പി.സ്കൂൾ എന്ന് അറിയപ്പെടുകയും ചെയ്യുന്നു.

മേൽപ്പറഞ്ഞ ശ്രീചിത്തിരവിലാസം എൽ.പി.സ്കൂൾ തുടങ്ങുന്ന കാലത്ത് തന്നെ കൈലാത്തു മുക്കിനു കിഴക്കുഭാഗത്ത് വെള്ളന്നൂർ പുരയിടത്തിൽ പുളിയറകുടുംബം വക വി.വി. വിലാസം എന്ന ഒരു സ്കൂൾ പ്രവർത്തിക്കുകയും പിൽക്കാലത്ത് അത് ഇല്ലാതായിപ്പോകയുമുണ്ടായി.

ഇംഗ്ലീഷ് വിദ്യാഭ്യാസം തുടങ്ങുന്ന കാലത്ത് കല്ലടയിലുള്ള വിദ്യാർത്ഥികൾ കുണ്ടറ എം.ജി.ഡി.യിലും ശാസ്താംകോട്ട റസിഡൻഷ്യൽ ഹൈസ്കൂളിലും മറ്റും പോയി പഠിച്ചിരുന്നു. ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് തെക്കേക്കര ശ്രീമാൻ ടി.ജി. കുഞ്ഞുപിള്ള അവർകൾ പ്രിപ്പാറേറ്ററി, ഫസ്റ്റ്ഫാറം, സെക്കന്റ്ഫാറം, തേഡ്ഫാറം എന്നിവ ചേർന്നുള്ള ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ സ്ഥാപിക്കുകയും വളരെ പ്രഗത്ഭരായ അദ്ധ്യാപകരെ വിളിച്ചു കൊണ്ടു വന്ന് നിയമിക്കയും ചെയ്തു. 1951ൽ ഈ മിഡിൽ സ്കൂൾ ഫോർത്തുഫാറം, ഫിഫ്ത്ത്ഫാറം, സിക്സ്ത്ത് ഫാറം എന്നിവ ചേർന്നുള്ള ഹൈസ്കൂളാക്കി ഉയർത്തുകയുമുണ്ടായി. അങ്ങനെ കിഴക്കെ കല്ലട ഇംഗ്ലീഷ് മിഡിൽ സ്കൂൾ സി.വി. കുഞ്ഞുരാമമെമ്മോറിയൽ ഹൈസ്കൂൾ എന്ന (C.V.K.M.H.S.) എന്ന പേരിൽ നിലവിൽ നിൽക്കുന്നു. പഴയകാലത്ത് പ്രസിദ്ധസാഹിത്യകാരനും കവിയും പത്രപ്രവർത്തകനും സർവ്വോപരി അനുഗ്രഹീത വാഗ്മീയുമായിരുന്ന സി.വി. കുഞ്ഞുരാമനുമായി ശ്രീമാൻ ടി.ജി. കുഞ്ഞുപിള്ളയ്ക്കുണ്ടായിരുന്ന വ്യക്തിപരമായ അടുപ്പവും കടപ്പാടും മൂലമാണ് ഈ സ്കൂളിന് സി.വി. കുഞ്ഞുരാമമെമ്മോറിയൽ എന്ന നാമകരണം ചെയ്തത്.

എൽ. പി. സ്കൂളുകളുടെ കുറവു പരിഹരിക്കുന്നതിന് കൊടുവിള ഒരു ഗവ.എൽ.പി.എസ്. സർക്കാർ മേഖലയിലും ചിറ്റുമലയ്ക്ക് തെക്കുഭാഗത്തായി സി. എം. എസ് സഭക്കാർ മറ്റൊരു എൽ.പി.എസും സ്ഥാപിച്ചു. വർഷങ്ങൾക്കു ശേഷം ചിറ്റുമലയ്ക്ക് പടിഞ്ഞാറും കൊടുവിളക്ക് കിഴക്കും കൊച്ചുപ്ലാംമൂടിന് തെക്കുമായി സ്ഥിതി ചെയ്യുന്ന മുട്ടം എന്ന ഭാഗത്ത് ഒരു എൽ.പി.എസ്. ശ്രീമാൻ. കന്നിമേൽ ദിവാകരൻ തന്റെ അച്ഛനായ കന്നിമേൽ നാരായണൻ ചാന്നാർ മെമ്മോറിയലായി സ്ഥാപിക്കുകയുണ്ടായി. മത്സ്യത്തൊഴിലാളികളും ഹരിജനങ്ങളും ധാരാളമായി പാർക്കുന്ന ആപ്രദേശത്തെ കുട്ടികൾക്ക് ഈ സ്കൂൾ വലിയ ഒരു അനുഗ്രഹമായി.

കിഴക്കേ കല്ലടയുടെ വടക്കുകിഴക്കുഭാഗമായ ഉപ്പൂട് പ്രദേശത്ത് വിദ്യാഭ്യാസ സൗകര്യം തീരെ ഇല്ലാതെരുന്നതിനാൽ 1957ൽ ശ്രീമാൻ കളീലിൽ ഏ. ശങ്കരപ്പിള്ള മഹാത്മജി മെമ്മോറിയൽ എൽ.പി.എസ്. സ്ഥാപിക്കുകയും 1965ൽ അത് M.M.U.P.S. എന്ന പേരിൽ ഉയർത്തുകയും ചെയ്തു. പിന്നീട് 1985ൽ അദ്ദേഹത്തിന്റെ മകൻ. ശ്രീമാൻ കെ.എസ്. രവീന്ദ്രൻനായർ ഇത് ഹൈസ്കൂളാക്കി ഉയർത്തുകയും M.M.H.S. ഉപ്പൂട് എന്ന പേരിൽ ഈ സ്കൂൾ അറിയപ്പെടുകയും ചെയ്യുന്നു. ഹൈസ്കൂളിന്റെ ആവിർഭാവത്തോടു കൂടിത്തന്നെ ഒരു കിലോമീറ്റർ അകലത്തിൽ ചീക്കൽകടവിനു സമീപം ശ്രീമാൻ ഉണ്ണികൃഷ്ണപിള്ളയുടെ ശ്രമഫലമായി തന്റെ ഭാര്യ ശ്രീമതി പ്രസന്നകുമാരിയുടെ മാനേജ്മെന്റിൽ കുമ്പളത്തു പൊന്നമ്മപിള്ള ശഷ്യൂപ്പിപൂർത്തി മെമ്മോറിയൽ ഹൈസ്കൂൾ എന്ന പേരിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടു.

M.M.H.S-ന് അരകിലോമീറ്റർ തെക്കുമാറി, ചരിത്രപ്രസിദ്ധമായ മതിലകം എന്ന സ്ഥലത്ത് മാർ ഗ്രീഗോറിയോസ് തിരുമേനി ഒരു I.T.I സ്ഥാപിക്കുകയും കിഴക്കേകല്ലടയിലെ ആദ്യത്തെ സാങ്കേതിക വിദ്യാലയം എന്ന നിലയിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. ഈ I.T.Iയോടൊപ്പം ഒരു അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളും നടത്തപ്പെടുന്നു. L.K.G. മുതൽ 10-ാം തരം വരെയുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളാണ് ഇവിടെയുള്ളത്.

കിഴക്കേ കല്ലട പഞ്ചായത്തിൽ 10 സ്ക്കൂളുകളാണുള്ളത് ഇവയിൽ 4 എണ്ണം ഹൈസ്ക്കൂളുകളാണ്. യു.പി. വിഭാഗം മാത്രമുള്ള ഒരു സ്ക്കൂളും എൽ.പി.യു.പി. വിഭാഗങ്ങളുള്ള ഒരു യു.പി. സ്ക്കൂളും, യു.പി. മാത്രമുള്ള ഒരു സ്ക്കൂളും 4 എൽ.പി. വിഭാഗങ്ങൾ മാത്രമുള്ള സ്ക്കൂളുകളുമാണുള്ളത്. മൊത്തം കുട്ടികളുടെ സ്റ്റാൻഡേർഡ് തിരിച്ചുള്ള ലിസ്റ്റ് ചുവടെ കൊടുക്കുന്നു. പട്ടിക No. 1

ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണവും പത്താം സ്റ്റാൻഡേർഡിലെ കുട്ടികളുടെ എണ്ണവും തമ്മിലുള്ള അന്തരം പഠന വിധേയമാക്കേണ്ടതാണ്.

പട്ടിക No: 1

കിഴക്കേ കല്ലട പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളിൽ വിവധ സ്റ്റാന്റേഡുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം.

കുട്ടികളെ സംബന്ധിക്കുന്ന വിവരം.
അവലംബം - 1996-97 സ്ക്കൂൾ വർഷ കണക്കുകൾ.

സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ			SC/ST കുട്ടികൾ			തോറ്റു പഠിയ്ക്കുന്നവർ						പഠനം നിറുത്തിയവർ
							SC, ST			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14
I	115	132	247	31	40	71	-	-	-	-	-	-	
II	132	137	269	28	35	63	2	3	5	8	1	9	
III	166	120	286	41	33	74	7	1	8	6	3	9	
IV	160	163	323	30	32	62	1	4	5	13	5	18	2
V	239	196	435	39	49	88	2	1	3	1	6	7	
VI	237	216	453	44	32	76	7	2	9	6	5	11	4
VII	262	235	497	47	21	68	4	4	8	8	4	12	5
VIII	352	236	588	87	54	141	3	2	5	9	1	10	22
IX	350	305	655	89	69	158	3	9	12	5	1	6	6
X	311	279	590	73	52	125	-	-	-	-	-	-	
ആകെ	2324	2019	4344	509	417	926	29	26	55	56	26	82	39

പട്ടിക No: 3
സ്ക്കൂളിന്റെ പൊതുവിവരം

		സ്ക്കൂളിന്റെ ഉടമസ്ഥത				കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം							
സ്ക്കൂളിന്റെ പേര്	HS/ UP/ LP/ Pre-Primary	സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	അംഗീകാരമില്ലാത്തത്	ആൺ	പെൺ	ആകെ	സ്ഥിരം ആകെ അധ്യാപകർ	നിലവിലുള്ളവരുടെ എണ്ണം	ഒഴിവുകളുടെ എണ്ണം	ദീർഘകാല ലീവിലുള്ളവരുടെ എണ്ണം	സ്ക്കൂൾ ഉച്ചഭക്ഷണ പദ്ധതി	കിണർ/കുടിവെള്ളത്തിന്റെ ലഭ്യത	ടോയ്ലറ്റ് സൗകര്യം	സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
C.V.K.M.H.S	H.S		എയ്ഡഡ്			773	666	1439	61	61	ഇല്ല	ഇല്ല	4ഏക്കർ 24 സെന്റ്	3 ഏക്കർ		
M.C.E.M.H.S	do			അൺ എയ്ഡഡ്		152	108	260	-	11	-	-	6ഏക്കർ	1ഏക്കർ		ചുറ്റുമതിലുണ്ട്
M.M.H.S	do		എയ്ഡഡ്			274	230	504	23	21	2	2	3 ഏക്കർ 36 സെന്റ്	-	2ഏക്കർ	
K.P.S.P.M.H.S	do		do			336	276	612	24	-	1	-				
L.M.S.L.P.S	L.P		do			100	116	216	5	5	-	-	47 സെന്റ്	16 സെന്റ്		
M.G.L.P.S	do	സർക്കാർ				53	52	105	5	5	-	-	50 സെന്റ്	15 സെന്റ്	10 സെന്റ്	
Govt. L.P.S	do	സർക്കാർ				140	150	296	8	9	-	-	36 സെന്റ്			ചുറ്റുമതിലുണ്ട്
N.C.M.L.P.S	do		എയ്ഡഡ്			88	71	159	4	5	-	-	1ഏക്കർ	50 സെന്റ്		
P.M.N.M.L.P.S	U.P		do			143	190	383	15	15	-	-	37 സെന്റ്			
St. Francis U.P.S	do		do			189	175	364	11	11	-	-	1.50ഏക്കർ			ഫർണിച്ചർ റിപ്പയർ ഉണ്ട്

ഹൈസ്ക്കൂൾ തലം പൂർണ്ണമായും എയിഡഡ് അൺ എയിഡഡ് വിഭാഗത്തിൽപ്പെട്ടവയാണ്. വർഷംതോറും എയിഡഡ് സ്കൂളുകളിൽ കുട്ടുകളുടെ എണ്ണം കുറഞ്ഞുവരുന്നതായും അൺ എയിഡഡ് സ്ക്കൂളിനോട് ഭ്രമം കൂടുന്നതായും കാണുന്നു. ഗ്രാമത്തിലെ 10% കുട്ടികൾ ഈ പഞ്ചായത്തിന് പുറത്തുള്ള സ്ക്കൂളുകളിൽ പഠിക്കുന്നതായാണ് കണക്കുകൾ. ഉള്ള എയിഡഡ് സ്ക്കൂളുകൾ കൂടുതൽ കാര്യക്ഷമവും വർണ്ണാഭവുമാക്കിയാൽ ഈ മേഖലയിൽ ആശാവഹമായ പുരോഗതി ഉണ്ടാകും. UP.L.P വിഭാഗങ്ങൾ മാത്രമുള്ള സ്ക്കൂളുകൾ നാരോൻമുഖാവസ്ഥയിലാണ്. വേണ്ട പരിചരണവും കർശന മേൽനോട്ടവും ഇവയുടെ പുരോഗതിക്ക് അത്യാവശ്യമാണ്.

ഇപ്രകാരം ഈ ഗ്രാമത്തിൽ ഇപ്പോൾ സ്വകാര്യമേഖലയിൽ 4 ഹൈസ്കൂളും 4 യു.പി.സ്കൂളും 3 എൽ.പി.സ്കൂളും, സർക്കാർ മേഖലയിൽ 2 എൽ.പി.സ്കൂളും മറ്റു രണ്ടു അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം എൽ.പി.സ്കൂളും പ്രവർത്തിക്കുന്നു.

312 ലക്ഷം ജനങ്ങളുള്ള കേരളത്തിൽ 20% പേർ വിദ്യാർത്ഥികളാണ്. വിദ്യാർത്ഥികളിൽ 57 ലക്ഷം പേർ സ്കൂളിൽ പഠിയ്ക്കുന്നവരും 7 ലക്ഷം പേർ സ്കൂൾ വിദ്യാഭ്യാസാനന്തരമുള്ള വിവിധ കോഴ്സുകളിൽ ചേർന്നു പഠിക്കുന്ന വരുമാകുന്നു. പൊതു വിദ്യാഭ്യാസരംഗത്തു തന്നെ 1,91,000 അദ്ധ്യാപകർ ജോലി ചെയ്യുന്നു. ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ കേരളത്തിലെ മുഴുവൻ കുടുംബങ്ങളുമായി ബന്ധപ്പെട്ട ഒന്നാണ് വിദ്യാഭ്യാസമേഖല സർക്കാരിന്റെ വരുമാനത്തിന്റെ നല്ലൊരു ഭാഗം ചെലവഴിയ്ക്കപ്പെടുന്നത് കുട്ടികളുടെ വിദ്യാഭ്യാസത്തിനാണ്. 1994-95-ലെ ആളോഹരി വിദ്യാഭ്യാസച്ചെലവ് 454.12 രൂപയാകുന്നു. സ്കൂളിൽ പോകുന്ന ഓരോ പ്രൈമറി വിദ്യാർത്ഥിക്കും വേണ്ടി 1579 Rs.. ഹൈസ്കൂൾ വിദ്യാർത്ഥിക്കു വേണ്ടി 2633 രൂപയും, സവ്വകലാശാലാവിദ്യാർത്ഥിക്കു വേണ്ടി 6312 രൂപയും പ്രതിവർഷം സർക്കാർ ചെലവാക്കുന്നു. കേരളത്തിലെ 9991 ഗ്രാമപഞ്ചായത്തുകളിലും 57 മുനിസിപ്പാലിറ്റികളിലും 3 കോർപ്പറേഷനുകളിലുമായി 12,092 സ്കൂളുകൾ വ്യാപിച്ചു കിടക്കുന്നു. സ്കൂളിൽ പഠിയ്ക്കുന്ന കുട്ടികളിൽ 51% ആൺകുട്ടികളും 49% പെൺകുട്ടികളുമാണ്. സാക്ഷരതയിലും പൊതു വിദ്യാഭ്യാസത്തിലും സ്ത്രീ വിദ്യാഭ്യാസത്തിലും കേരളത്തിന്റെ നേട്ടം ഈ ഗ്രാമത്തേയും അനുഗമിച്ചിട്ടുണ്ട്.

സമൂഹത്തിൽ ഉണ്ടായ മാറ്റങ്ങൾ

ഈ ഗ്രാമത്തിലെ ജനങ്ങളിൽ 95 ശതമാനവും ഇന്ന് സാക്ഷരരാണ് എസ്.എസ്.എൽ.സി. വരെ പഠിക്കുന്നതിനുള്ള സൗകര്യം ഗ്രാമത്തിൽ തന്നെ ഉള്ളതു കൊണ്ട് ജനങ്ങൾ കൂടുതലും വിദ്യാഭ്യാസപരമായും, സാമൂഹ്യപരമായും സാംസ്ക്കാരികമായും മുൻപന്തിയിൽ നിൽക്കുന്നവരാണ്. മറ്റെങ്ങും അധികം കാണാൻ കഴിയാത്ത തരത്തിൽ മതസൗഹാർദ്ദവും സാഹോദര്യവും ഈ പ്രദേശത്തിന്റെ അനുഗ്രഹമാണ്.

പ്രശ്നങ്ങൾ

വിദ്യാലയങ്ങൾ വേണ്ടുവോളമുണ്ടെങ്കിലും പൊതുവിൽ വിദ്യാഭ്യാസനിലവാരം മോശമായിക്കാണുന്നു. റിസോഴ്സ് ഗ്രൂപ്പു വിലയിരുത്തൽ, പൊതുപരീക്ഷയിലെ നിലവാരം, പരീക്ഷാരീതിയും, ക്രമക്കേടുകളും, അദ്ധ്യായനനിലവാരം, പാഠ്യേതരപ്രവർത്തനങ്ങൾ തുടങ്ങിയകാര്യങ്ങളിലെ വിലയിരുത്തൽ, സ്കൂൾ ലൈബ്രറികൾ എങ്ങനെ എത്രത്തോളം ഉപയോഗിക്കുന്നു) എന്നീ വാർഡുതല വിലയിരുത്തലിൽ നിന്നും സ്കൂളുകളുടെ പ്രവർത്തനങ്ങളിൽ ധാരാളം പോരായ്മകൾ ചൂണ്ടിക്കാണിയ്ക്കപ്പെടുന്നു.

സ്കൂളുകളിലെ അക്കാഡമിക് നിലവാരം എന്ന ചാർട്ടു നോക്കിയതിൽ ഭൂരിപക്ഷം കുട്ടികളും 40% കുറച്ചുമാർക്കു വാങ്ങുന്നവരാണ്. 60% കൂടുതൽ വാങ്ങുന്നവർ വെറും 10%ത്തിൽ താഴെയാണ്.

ഇന്നത്തെ കുട്ടികൾ പൊതുവെ അക്ഷരത്തെറ്റു കൂടാതെ പത്ത് വാചകം സ്വന്തമായി എഴുതാൻ കഴിയാത്തവരായി കാണുന്നു. സ്കൂൾ ലൈബ്രറികൾ ഉള്ള ഹൈസ്കൂളുകളിൽ തന്നെ അത് കുട്ടികൾക്കു വിതരണം ചെയ്യുന്നില്ല. വായനാശീലം വളർത്തുവാൻ ഒരു പ്രേരണയും സ്കൂളുകളിൽ നിന്നും ലഭിക്കുന്നില്ല.

പല സ്കൂളുകളിലും പ്ലേഗ്രൗണ്ട് ഉണ്ട്. പക്ഷേ, കളിയും വിനോദവും കുറവാണ്. സ്പോർട്ടസിനും ഗെയിംസിനുമുള്ള ഉപകരണങ്ങൾ സ്കൂളിൽ ഉണ്ടെങ്കിലും അത് കുട്ടികൾ കാണാറില്ല. ആരും അഭ്യസിപ്പിക്കാതെ കുട്ടികൾ ക്രിക്കറ്റുകളിക്കുന്നതല്ലാതെ മറ്റു കളികളെക്കുറിച്ചൊന്നും കുട്ടികൾക്ക് വേണ്ടത അറിവില്ല.

സ്കൂളുകളിൽ കാര്യക്ഷമമായി പി.ടി.എ. പ്രവർത്തിക്കുന്നില്ല. രണ്ടുടമാസത്തിൽ ഒരിക്കൽ പോലും പി.ടി.എ. കൂടുന്ന പതിവ് ഒരു സ്കൂളിലും ഇല്ല. മാതൃസംഗമം എന്ന ഒരു പരിപാടിയുണ്ടെങ്കിലും കൃത്യമായി അതു നടക്കുന്ന സ്കൂളുകൾ കുറവാണ്. പ്രത്യേകിച്ച് ഹൈസ്കൂളുകളിൽ.

പട്ടിക No: 2
സാമ്പത്തിക ആനുകൂല്യം ലഭിയ്ക്കുന്ന. വിദ്യാർത്ഥികളുടെ വിവരം

ക്രമനമ്പർ	സ്ക്കൂളിന്റെ പേര്	മെരിറ്റ് സ്ക്കോളർഷിപ്പ്	ലംസംഗ്രാന്റ്	വികലാംഗ സ്ക്കോളർഷിപ്പ്	ജവാന്മാരുടെ മക്കൾക്കുള്ള ആനുകൂല്യം	മത്സ്യതൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്ക്കോളർഷിപ്പ്
1	2	3	4	5	6	7
1	CVKMHS. ചിറ്റുമല.	5	359	6	-	219
2	MCEMHS. മതിലകം.	-	58	1	30	-
3	MMHS. ഉപ്പൂട്.	12	130	-	-	-
4	KPSPMHS. ചീക്കൻക്കടവ്.	2	145	-	-	31
5	LMS LPS. ചിറ്റുമല.	-	92	-	-	7
6	MGLPS കാട്ടുവിള.	-	23	-	-	1
7	Govt. LPS. കിഴക്കേക്കല്ലട.	-	50	-	3	1
8	NCM LPS.	-	48	-	4	27
9	PMNM UPS. കിഴക്കേക്കല്ലട.	9	101	-	-	9
10	St. Francis UPS. കൊടുവിള.	1	7	4	3	158

സ്ക്കൂളുകളുടെ പഠന നിലവാരവും പൊതുവായ ഒരു അവലോകനവും വിവിധ സ്ക്കോളർഷിപ്പുകൾ നൽകുന്നത് സംബന്ധിച്ചുള്ള വിവരങ്ങളും പട്ടിക No: 2 ചേർത്തിരിക്കുന്നു.

പട്ടിക No: 4
അക്കാദമിക് സൗകര്യങ്ങൾ

സ്ക്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട്/ഇല്ല	ലാബോറട്ടറി ഉണ്ട്/ഇല്ല	പഠനോപകരണങ്ങൾ (മാപ്പ്, ചാർട്ട്, ഗ്ലോബുകൾ) ഉണ്ട്/ഇല്ല	ദൃശ്യശ്രവ്യ ഉപകരണങ്ങൾ - എണ്ണം								ബ്ലാക്ക് ബോർഡ്		95-96 -ൽ ലഭിച്ച അദ്ധ്യായന ദിവസം.	സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യായന ദിനങ്ങൾ	പ്രയോഗ പൊതുഅവധിയിലൂടെ നഷ്ടപ്പെട്ട അദ്ധ്യായന ദിവസങ്ങൾ	മാതൃസംഘം സജീവം/സജീവമല്ല	P.T.A. പ്രവർത്തിക്കുന്നു
				റേഡിയോ	ടേപ്പ് റിക്കാർഡ്	ടി.വി. സെറ്റ്	വി.സി.ആർ/വി.സി.പി.	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ഓവർഹെഡ് പ്രൊജക്ടർ	കമ്പ്യൂട്ടർ	ആവശ്യമുള്ളത്	നിലവിലുള്ളത്					
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19
C.V.K.M.H.S	ഉണ്ട്	ഉണ്ട് പ്രവർത്തിക്കുന്നു.	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	-	50	193	2	3	അല്ല	പ്രവർത്തിക്കുന്നു
M.C.E.M.H.S	do	do	do	ഉണ്ട്	ഉണ്ട്	ഉണ്ട്	do	ഇല്ല	do	do	do	-	10	177	ഇല്ല	5	സജീവം	do
M.M.H.S	do	do	do	ഇല്ല	ഇല്ല	ഇല്ല	do	ഇല്ല	do	do	do	-	17	198	ഇല്ല	3	സജീവം	do
K.P.S.P.M.H.S	do	do	do	-	ഉണ്ട്	ഇല്ല	do	ഇല്ല	do	do	do	-	15	162	-	4	-	do
L.M.S.L.P.S	ഇല്ല	-	do	-	-	ഇല്ല	do	ഇല്ല	do	do	do	3	5	192	-	6	-	do
M.G.L.P.S	do	ഇല്ല	do	ഉണ്ട്	-	ഇല്ല	do	ഇല്ല	do	do	do	5	8	196	1	3	അല്ല	ഇല്ല
Govt. L.P.S	do	ഇല്ല	-	ഉണ്ട്	ഉണ്ട്	ഇല്ല	do	ഇല്ല	do	do	do	-	10	189	-	-	അല്ല	സജീവമായി പ്രവർത്തിക്കുന്നു.
N.C.M.L.P.S	do	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	do	ഇല്ല	do	do	do		8	194	-	6	സജീവം	പ്രവർത്തിക്കുന്നു.
P.M.N.M.U.P.S	do	ഇല്ല	do	ഉണ്ട്	ഇല്ല	ഇല്ല	do	ഇല്ല	do	do	do		11	195	2	2	do	do
St. Francis U.P.S	do	ഇല്ല	do	ഇല്ല	ഇല്ല	ഇല്ല	do	ഇല്ല	do	do	do		11	194	-	20	do	do

കുട്ടികളിൽ അച്ചടക്കം, ഗുരുഭക്തി, രാജ്യസ്നേഹം, സ്വാശ്രയശീലം, വായനാശീലം മുതലായവ വളർത്തിയെടുക്കുവാനുള്ള ഒരു പരിശ്രമവും അദ്ധ്യാപകരിൽ നിന്നോ രക്ഷകർത്താക്കളിൽ നിന്നോ ഉണ്ടാകുന്നില്ല. കായിക വിനോദം ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമാണെന്നും ശാരീരികവും മാനസ്സികവും വൈകാരികവുമായ വളർച്ചക്ക് അത്യാന്താപേക്ഷിതമാണെന്നും സ്കൂൾ അധികൃതർ പലപ്പോഴും ഓർക്കുന്നില്ല. വൈജ്ഞാനിയ വളർച്ചയ്ക്കും മാനസിക സംസ്കരണത്തിനും ഉതകുന്ന ഗ്രന്ഥശാലകളുടെ കാര്യത്തിൽ പരിതാപകരമായ പാപ്പരത്വമാണ് വിദ്യാലയത്തിൽ കാണുന്നത്.

L.M.S.L.P.S.-ൽ കുട്ടികൾക്കിരിക്കാൻ ബഞ്ചില്ല, പഠനോപകരണങ്ങളില്ല. കുട്ടികൾക്ക് മൂത്രപ്പുരയില്ല അദ്ധ്യാപകർക്ക് ഇരിക്കാൻ കസേര ഇല്ല. സ്കൂളിൽ മേശയില്ല.

കിഴക്കേ കല്ലട ഗവ. L.P.Sലെ പടിഞ്ഞാറെകെട്ടിടത്തിന്റെ മേൽകൂരബലമല്ല. ഓട് ഇളകി വീഴാറായി, ബഞ്ചും കസേരകളും കുറവുണ്ട്. പാചകപ്പുര ചോർന്നൊലിക്കുന്നു.

കൊടുവിള ഗവ. L.P.S റോഡിന്റെ വക്കിലാണ് ചുറ്റുമതിലില്ല. ഒരു അലമാരയും, അഞ്ചു കസേരയും വേണം. കുട്ടികൾക്കും അദ്ധ്യാപകർക്കും കുടിവെള്ളത്തിന് വേനൽക്കാലത്ത് വിഷമമുണ്ട്. കിണർ വളരെ ആഴമുള്ളതാണ് ഒരു പമ്പു സെറ്റു സ്ഥാപിച്ചു കിട്ടണം, പഠനോപകരണങ്ങളോ, കളിക്കും കായിക വിനോദത്തിനുമുള്ള ഉപകരണങ്ങളോ ഇല്ല. എന്നിങ്ങനെ ആവശ്യങ്ങളുടെ പട്ടികയും ഇല്ലായ്മയുടെ വിഷമങ്ങളും ഉണ്ട്.

അംഗനവാടികൾ

കിഴക്കേ കല്ലട ഗ്രാമത്തിൽ മൊത്തം 22 അംഗനവാടികൾ ഉണ്ട് ഒന്നാം വാർഡിൽ രണ്ടാം വാർഡിൽ മൂന്നാം വാർഡിൽ നാലാംവാർഡിൽ അഞ്ചാം വാർഡിൽ ആറാം വാർഡിൽ ഏഴാം വാർഡിൽ എട്ടാം വാർഡിൽ ഒമ്പതാം വാർഡിൽ പത്താം വാർഡിൽ. ഏഴ്, എട്ട് എന്നീ വാർഡുകളിലെ അംഗനവാടികൾക്ക് സ്വന്തമായ കെട്ടിടമില്ല. കുഞ്ഞുങ്ങൾക്ക് ഇരിക്കുന്നതിനോ, ഗർഭിണികളായ സ്ത്രീകൾ വന്നാൽ ഇരുന്നു വിശ്രമിക്കുന്നതിനോ, സൗകര്യം മിക്കവാറും അംഗനവാടികളിൽ ഇല്ല. സി.എസ്.ബി (സോയാബീൻ പൊടി) വേവിക്കുന്നത് വെള്ളത്തിലാണ്. മുമ്പ് എണ്ണയുണ്ടായിരുന്നു. ഇപ്പോൾ അത് ലഭിക്കുനനില്ല. കുട്ടികൾക്ക് പഠനോപകരണങ്ങൾ മിക്കവാറും അംഗനവാടികളിൽ വേണ്ടത്ര ഇല്ല. കുഞ്ഞുങ്ങൾക്കും മുലയൂട്ടുന്ന അമ്മമാർക്കും, ഗർഭിണികൾക്കും ചിത്സികാസഹായം ഉറപ്പു വരുത്തണം, മാസത്തിലൊരിക്കൽ ഡോക്ടർ പരിശോധന വേണം. ഇവർക്ക് കൊടുക്കുന്ന ആഹാരം ശരിയായ രീതിയിൽ പാകം ചെയ്ത് നിശ്ചിത അളവിൽ കൊടുക്കുന്നുണ്ടോ, വേണ്ട ചേരുവകൾ എല്ലാം ചേർക്കുന്നുണ്ടോ എന്നും പരിശോധിക്കേണ്ടവർ പരിശോധിക്കുന്ന പതിവ് കാണുന്നില്ല. അംഗനവാടി രജിസ്റ്ററുകളിൽ ഇല്ലാത്ത അംഗനമാരും കുട്ടികളും വെറുതെ എഴുതിചേർക്കപ്പെട്ടിട്ടുണ്ടോ എന്നും ഫീഡിംഗിന് യഥാർത്ഥത്തിൽ എത്ര പേർ ഹാജരാണ്ടെന്നും പരിശോധിയ്ക്കപ്പെടേണ്ടി വരാം. ഇവകളുടെ നടത്തിപ്പു തൃപ്തികരമാണോ പോരായ്മകൾ പരിഹരിക്കേണ്ടതെങ്ങനെ എന്നീ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിലേക്ക് പഞ്ചായത്തു തല ജനകീയ കമ്മിറ്റികൾ ഉണ്ടാകണം എന്നിങ്ങനെ അഭിപ്രായമുണ്ട്. വിറകിനും മറ്റും തീവിലയായി രിക്കുന്നതിനാൽ എല്ലാ അംഗനവാടികളിലും പരിഷത് അടുപ്പുകൾ ഉണ്ടാക്കിക്കൊടുക്കുവാൻ പഞ്ചായത്ത് ശ്രമിക്കേണ്ടതാണ്.

ഗ്രന്ഥശാലകളും വായനശാലകളും

വിദ്യാഭ്യാസത്തിൽ പരമപ്രധാനമാണ് ഔപചാരിക വിദ്യാഭ്യാസം. ഇതിൽ പ്രധാനം പുസ്കതപാഠായണ മാണല്ലോ. നമ്മുടെ ഗ്രാമത്തിൽ ഗ്രന്ഥശാലകളും വായനശാലകളും വളരെക്കുറവാണ്. ഒന്നാം വാർഡിൽ പ്രോഗ്രസ്സീവ് യൂത്ത് ലൈബ്രറി (Thinkers of progress) എന്ന് ഒരു ലൈബ്രറിയുണ്ട്. അതിനോട് ചേർന്ന് ഒരു റേഡിയോ പാർക്കുമുണ്ട്. പക്ഷേ അവിടെ ഇപ്പോൾ പ്രവർത്തനമോ വായനക്കാരോ ഇല്ലാത്ത അവസ്ഥയാണ്. ഗ്രന്ഥശാലാ യൂണിയനുമായി അഭിലിയേഷൻ ഉള്ളതും ഗ്രാന്റുള്ളതുമാണ്.

മൂന്നാം വാർഡിൽ K.M.Y.M.A. എന്നൊരു ഗ്രന്ഥശാലയുണ്ട്. അതും ഗ്രാന്റുള്ളതാണ്. ഏഴാം വാർഡിൽ വളരെ പഴക്കമുള്ള ഒരു വായനശാലയാണ് K.P.P. Union വായനശാല പക്ഷേ സ്വന്തമായി കെട്ടിടമില്ലാത്തതു കൊണ്ടു തന്നെ വായനക്കാരും കുറവാണ്. വികസനത്തിനു വേണ്ടി ദാഹിക്കുന്ന ഒരു വായനശാലയും ശുഷ്കാന്തിയുള്ള പ്രവർത്തകരും ഉണ്ട്. പക്ഷേ ആളുകൾക്ക് വായനാശീലം കുറഞ്ഞു വരുന്നു. പത്താം വാർഡിൽ S.M.Y.M.A.എന്ന വായനശാല അഫിലിയേഷനുള്ളതാണ് പ്രവർത്തനം മോശം. എട്ടാം വാർഡിലെ കലാകൈരളിക്ക് അഫിലിയേഷൻ കിട്ടിയിട്ടില്ല, 2,4,5,6,9 എന്നീ വാർഡുകളിൽ വായനശാലയേ ഇല്ല. എല്ലാവാർഡുകളിലും വായനശാലകളും കെട്ടിടമില്ലാത്തതിന് കെട്ടിടവും വേണം. ആവശ്യത്തിനു പുസ്കതങ്ങളും കുറഞ്ഞത് മൂന്ന് പ്രധാനദിനപത്രങ്ങളും ഒരു വായനശാലക്ക് ഒഴിച്ചു കൂടാത്തതാണ്. ഗ്രാമീണർക്ക് അറിവും വിനോദവും സംസ്കാരവും, കൂട്ടായ്മയും വളർത്തി ക്കൊണ്ടുവരേണ്ടതിനു വായന അത്യാവശ്യമാണ്. വിനോദത്തിനും വിജ്ഞാനത്തിനും വേണ്ടി ഇന്ന് കുഞ്ഞുങ്ങൾ മുതൽ വൃദ്ധജനങ്ങൾ വരെ ടി.വി.യെ ശരണം പ്രാപിക്കുന്നു. അതുകൊണ്ട് ഗുണമില്ലെന്നല്ല ഗുണത്തേക്കാൾ ഏറെ ദോഷം പ്രദാനം ചെയ്യുന്നതാണീ മാധ്യമമെന്നു വന്നിരിക്കുന്നു. കുഞ്ഞുങ്ങളിലും ചെറുപ്പക്കാരിലും കുറ്റവാസന, അടിപിടി, അക്രമം, കൊലപാതകം, അനുസരണയില്ലായ്മ, വിദഗ്ദ്ധമായ മോഷണം തട്ടിക്കൊണ്ടു പോക്ക് തുടങ്ങി പല അനുകരണ മനോഭാവവും വളർന്നു വരുന്നതിന് ഈ മാധ്യമം കാരണമാകുന്നു. വായിക്കാൻ നല്ല പുസ്തകവും വായിയ്ക്കാനുള്ള താല്പര്യവും ഉണ്ടാക്കി കൊടുത്താൽ കുട്ടികളുടെയും ചെറുപ്പകാരുടെയും ശ്രദ്ധ വായനയിലേക്കു തിരിയും. ചിന്താ ശക്തിയും, കാര്യകാരണശേഷിയും സന്മനോ ഭാവവും സംസ്കാരവും ഉള്ള ജനത രാജ്യത്തുണ്ടാകും.

ഇതുപോലെ കായിക വിദ്യാഭ്യാസവും പ്രോത്സാഹിപ്പിയ്ക്കപ്പെടേണ്ടതാണ്. ഓരോ വാർഡുകളിലും സ്പോർട്ട്സ് ക്ലബുകളും ആർട്ട്സ് ക്ലബുകളും പ്രവർത്തിക്കണം. ഈ പഞ്ചായത്തിൽ നല്ല സൗകര്യമുള്ള സ്ഥലത്ത് സ്പോർട്ട്, അഭ്യസിക്കുന്നതിനുള്ള ഒരു പൊതുവേദി യുണ്ടായിരിക്കുന്നത് നല്ലതാണ്. കേന്ദ്രയുവജന ക്ഷേമബോർഡിന്റെ ധനസഹായം ചിറ്റുമല വികസനബോർഡുമുഖാന്തിരം C.V.K.M.H.S.നു ഒരു ലക്ഷം രൂപാ ഗ്രൗണ്ടുലവലിംഗിനും നാലു തരം കോർട്ടുണ്ടാക്കുന്നതിനും കൊടുത്തിട്ടുണ്ട്. ഫുട്ബോൾ, ബോളിബാൾ, ബാസ്ക്കറ്റ്ബാൾ, ബാഡ്മിന്റൺ എന്നീ കോർട്ടുകൾ ഉണ്ടാക്കുവാ നുള്ളതാണീ ധനസഹായം. അതു പോലെ യുവജനക്ഷേമബോർഡിൽ നിന്നും ധനസഹായം സ്വീകരിച്ച് ഒരു പൊതു കളിസ്ഥലം ഉണ്ടാക്കുന്നത് നല്ലതാണ്. അതിനു വേണ്ടി പഞ്ചായത്ത് ശ്രമിയ്ക്കേണ്ടിയിരിക്കുന്നു.

C.V.K.M.H.S.ൽ സ്കൂൾ കെട്ടിടങ്ങളും ബഞ്ചു ഡസ്ക് ഉപകരണങ്ങളും അധികമായി കിടപ്പുണ്ട്. ആയതിനാൽ അവിടെ ഒരു പ്ലസ് ടൂ അനുവദിക്കുന്നതിഓടൊപ്പം കല്ലടയുടെ സാങ്കേതികസ്ഥാപനങ്ങളുടെ കുറവു പരിഹരിക്കുന്നതിന് ഒരു സാങ്കേതിക വിദ്യാഭ്യാസസ്ഥാവനം അനുവധിക്കുവാൻ വേണ്ട നടപടിയും പഞ്ചായത്തിനു ചെയ്യാൻ കഴിയും. കല്ലടയിലെ സൗകര്യമുള്ള എല്ലാ ഹൈസ്കൂളിനോടും ചേർന്ന് പ്ലസ് ടൂ അനുവദിച്ചു കിട്ടേണ്ടതാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒന്നാം സ്റ്റാന്റാഡിലെ കുട്ടികളുടെ എണ്ണവും പത്താം സ്റ്റാ: കുട്ടി കളുടെ എണ്ണവും തമ്മിൽ (I-247/X-590) ലുള്ള അന്തരം സ്കൂളുകളുടെ നിലനില്പിനു പ്രശ്നമാകുന്നു. എന്നാൽ ജനസംഖ്യയിൽ വർഷം തോറും വർദ്ധന ഉണ്ടാകുന്നുമുണ്ട്.
2. ഒന്നാം സ്റ്റാൻഡേർഡിൽ എത്തിച്ചേരുന്ന കുട്ടികളുടെ പഠനനിലവാരത്തിലുള്ള അന്തരം.
3. ചില സ്കൂളുകളിൽ നിലനില്ക്കുന്ന ആരോഗ്യകരമല്ലാത്ത അദ്ധ്യാപക മാനേജ്മെന്റ് ബന്ധങ്ങൾ ആവശ്യത്തിനുള്ള അദ്ധ്യാപകനിയമത്തിന് വിഘാതം സൃഷ്ടിക്കുന്നു.
4. പ്രീപ്രൈമറി സ്കൂളികളുടെ അഭാവവും, അതിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള അറിവിന്റെ പരിമിതികളും.

5. മാതൃഭാഷയുടെ പ്രാധാന്യം കുറച്ചു കാണുന്ന രക്ഷിതാക്കളുടെ മനോഭാവം

6. സ്പോർട്ട്സ്, കലാ അഭിരുചി ഇവ പ്രോത്സാഹിപ്പിക്കുന്ന പഠനരീതിയുടെ അഭാവം.

7. സ്കൂൾ നടത്തിപ്പിലും ഗുണനിലവാര സംരക്ഷണത്തിലും ജനപ്രതിനിധികൾക്കുള്ള മേൽനോട്ടാധികാരക്കുറവ്.

8. കുട്ടികൾക്ക് ഒന്നര കി. മീ. കൂടതുൽ നടന്ന് പോയി പഠിയ്ക്കേണ്ട സാഹചര്യം.

9. പി.ടി.എ. മാതൃസംഗമം മുതലായവയുടെയും സന്നദ്ധ പ്രവർത്തനങ്ങൾ ചെന്ന് എത്താത്തതിന്റെയും അഭാവം.

10. വിദ്യാർത്ഥികളിൽ വ്യാപകമായി വന്നു കൊണ്ടിരിക്കുന്ന നിലവാരത്തകർച്ചയും രാഷ്ട്രീയാതിപ്രസരവും, പരീക്ഷകളിലെ വ്യാപകമായി ഉണ്ടാകുന്ന ക്രമക്കേടും.

11. അംഗൻവാടികളിലെ കുട്ടികളുടെ എണ്ണവും രജിസ്റ്ററിലെ എണ്ണവും തമ്മിലുള്ള അന്തരം, അവിടങ്ങളിലെ പഠനോപകരണങ്ങളുടെ അഭാവവും, മരുന്നുകൾ, പോഷകാഹാര വിതരണം ഇവയിലുള്ള ക്രമക്കേടുകൾ

12. അദ്ധ്യാപകർക്ക് ഇൻസർവ്വീസുകൾ നൽകുന്നതിലുള്ള കാലതാമസവും അതിന്റെ അശാസ്ത്രീയതയും

13. കളിസ്ഥലങ്ങൾ, സ്പോർട്ട്സ് ഉപകരണങ്ങൾ, അദ്ധ്യാപകർ ഇവയുടെ അപര്യാപ്തത.

14. അൺ എയ്ഡഡ് സ്കൂളുകളിൽ നടക്കുന്ന അമിതമായ പണപ്പിരിവ്, ഫീസ്സുകളുടെ ഏകീകരണമില്ലായ്മ, യോഗ്യതയുള്ള അദ്ധ്യാപകരുടെ കുറവ്.

15. പ്രമോഷൻ കൊടുക്കുന്നതിന്റെ അശാസ്ത്രീയത.

16. ഉച്ചഭക്ഷണത്തിലുള്ള അശാസ്ത്രീയത, അതിനാവശ്യമായ ഫണ്ടുകളുടെ ദൗർലഭ്യം.

17. വിദ്യാലയാരോഗ്യപരിപാടിയുടെ അപര്യാപ്തത.

18. സ്കൂൾ ലൈബ്രറി ലബോട്ടറി എന്നിവയുടെ ഉപയോഗത്തിലുള്ള പരിമിതികൾ.

19. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള അസൗകര്യങ്ങളും, സ്കൂളിളുകളിൽ അതിനുള്ള സൗകര്യക്കുറവും.

20. മന്ദബുദ്ധികൾ, ബധിരർ, അന്ധർ ഇവർക്കുള്ള സ്കൂളുകളുടെ അഭാവം.

21. ഫർണീച്ചർ, പഠനോപാധികൾ ഇവയുടെ ദൗർലഭ്യം

22. കുട്ടികൾക്ക് കായിക പരശീലനം നൽകുവാൻ പറ്റുന്ന ഒരു സ്റ്റേഡിയത്തിന്റെയും നീന്തൽക്കുളത്തിന്റെയും അഭാവം.

23. ഉന്നതവിദ്യാഭ്യാസത്തിനു ശേഷമുള്ള മത്സരം പരീക്ഷയ്ക്കുള്ള പരിശീലനക്ലാസ്സുകളുടെ അഭാവം.

24. വിദ്യാലയങ്ങളിലെ ശുചീകരണക്കുറവ്, അടിസ്ഥാനസൗകര്യക്കുറവ്, ചുറ്റുമതിലിന്റെ അഭാവം.

25. ഉന്നതവിദ്യാഭ്യാസത്തിനു വേണ്ട കോളേജിന്റെ അഭാവം.

26. സാക്ഷരതാ പ്രവർത്തനത്തിന്റെ തുടർച്ചയായ തുടർവിദ്യാഭ്യാസ പരിപാടികൾ ജനങ്ങളിൽ എത്താത്തത്.

27. കൃഷിക്ക് പ്രോത്സാഹനം നൽകുന്ന തരത്തിലും വിദ്യാർത്ഥികൾക്ക് ഈ കാര്യത്തിൽ പ്രചോദനം നൽകുന്ന തരത്തിലുള്ളമുള്ള വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത.

28. കുട്ടികളുടെ ഇടയിലെ രോഗനിർണ്ണയ സൗകര്യങ്ങളുടെ അപര്യപ്തത.

29. സാങ്കേതിക വിദ്യാലയങ്ങളുടെ അഭാവം.

നിർദ്ദേശങ്ങൾ

1. ഇംഗ്ലീഷ് മീഡിയം സ്കൂളുകളും അൺഎയ്ഡഡ് സ്കൂളുകളും നിരുത്സാഹപ്പെടുത്തുകയും മനുഷ്യനെ പല തട്ടിൽ തരം തിരിക്കുന്ന വിദ്യാഭ്യാസരീതിക്കു പകരം ഒരേ തരത്തിലുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന തിരി നടപ്പാക്കണം.

2. സ്കൂളുകളിലെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് സഹായിക്കണം.

3. പ്രൈമറി വിദ്യാഭ്യാസത്തിനു കൂടുതൽ ഊന്നൽ നൽകണം.

4. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കണം.

5. സ്കൂളിൽ യൂണിഫോറം ഏർപ്പെടുത്തണം. വസ്ത്രം വാങ്ങാൻ കഴിവില്ലാത്ത കുട്ടികളെ കണ്ടെത്തി അവർക്ക് അതേ യൂണിഫോറം പഞ്ചായത്തോ സന്നദ്ധ സംഘടനകളോ നൽകണം.

6. സ്കൂളിലെ അദ്ധ്യാപകരുടെ നിയമനവും സ്ഥലം മാറ്റവും ജൂൺ മാസാരംഭത്തിൽ തന്നെ നടത്തണം.

7. സർക്കാർ സ്കൂളുകളുടെ ജീർണ്ണാവസ്ഥ സത്വരമായി പരിഹരിക്കണം. കല്ലട ഗവ എൽ.പി.എസ് അപകടം നേരിടുന്നു. എയ്ഡഡ് സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ നേരത്തെ നടത്തിക്കുകയും ജൂൺമാസത്തിൽ തന്നെ അധികാരസ്ഥാനത്തു നിന്നും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് കൊടുക്കുകയും വേണം.

   മാനേജർ യഥാസമയം അറ്റകുറ്റപ്പണി നടത്തിച്ച് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് വാങ്ങാത്തതിന് അദ്ധ്യാപകരുടെ ശമ്പളം തടയുന്ന അന്യായമായ നടപടി അവസാനിപ്പിക്കണം.

8. സ്റ്റാഫ് ഫിക്സേഷൻ മൂലം സാങ്ഗ്ഷനായ പോസ്റ്റുകൾ പോലും നികത്താതെ നിലവിലുള്ള അദ്ധ്യാപകർക്ക് ജോലിയില്ലാതാക്കുകയും ജോലിയുള്ള മറ്റുള്ളവർക്ക് അധിക ജോലി ഏർപ്പെടുത്തുകയും ചെയ്യുന്നത് സംതൃപ്തമായ അദ്ധ്യാപനത്തിനു വിഘാതമായതിനാൽ സാങ്ഗ്ഷൻ ആയ പോസ്റ്റുകളിൽ ഇടനെ നിയമനം നടത്താൻ വേണ്ട നടപടി യുണ്ടാക്കണം.

9. സ്കൂളികളിൽ അദ്ധ്യാപക രക്ഷാകർത്തൃ സംഘടനഫലപ്രദമായും കാര്യക്ഷമമായും നടത്തണം. മാസത്തിൽ ഒരു പ്രാവശ്യം നിർബ്ബന്ധമായും രക്ഷാകർത്തൃ സംഘടന വിളിച്ചു കൂട്ടാത്ത ഹെഡമാസ്റ്ററുടെ മേൽ കർശനമായ നടപടയുണ്ടാകണം.

10. മാതൃസംഗമം എന്ന പരിപാടി കാര്യക്ഷമവും അർത്ഥപൂർണ്ണവുമാക്കണം.

11. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ അക്ഷരലോകത്തിലേക്ക് കൈ പിടിച്ചു കൊണ്ടു വരുന്നതിന് അക്ഷരപുലരി പരിപാടി (കാസർഗോഡ്) ഇവിടെ നടപ്പിലാക്കണം.

12. എല്ലാ സ്കൂളുകളിലും കുട്ടികൾക്ക് വായിക്കാൻ കൊള്ളാവുന്ന നല്ല പുസ്തകങ്ങളുടെ ശേഖരമുണ്ടെന്നുറപ്പു വരുത്തണം. പുസ്തകം സൂക്ഷിക്കാൻ ചുമതലയുള്ള അദ്ധ്യാപകനും ഉണ്ടാകണം. ഹൈസ്കൂളുകളിൽ പ്രത്യേകം ഒരു ലൈബ്രേറിയനെ നിയമിക്കാൻ സർക്കാരിൽ സമ്മർദ്ദം ഉണ്ടാകണം. കൂടുതൽ പുസ്തകം വായിക്കുകയും വായിച്ച് പുസ്തകത്തെക്കുറിച്ച് ചുരുങ്ങിയ വിവരണം എഴുതുകയും ചെയ്യുന്ന കുട്ടിക്ക് പ്രോത്സാഹനസമ്മാനം കൊടുക്കുന്ന ഏർപ്പാടുണ്ടാകണം.

13. ഹൈസ്കൂളുകളിൽ വിജയശതമാനം പെരുപ്പിച്ചുകാണിക്കുന്നതിനു വേണ്ടി സ്കൂൾ അധികൃതരുടെ ഒത്താശയോടു കൂടിയുള്ള കുറിപ്പെഴുത്തും മറ്റു ക്രമക്കേടുകളും കർശനമായി നിർത്തലാക്കണം. താഴ്ന്ന ക്ലാസ്സു മുതൽ കർശനമായി കുട്ടികളെ ഇതിൽ നിന്ന് പിൻതിരിപ്പിയ്ക്കണം.

14. ഓരോ സ്കൂളിനെയും കേന്ദ്രീകരിച്ച് ഒരു സ്കൂൾ വിദ്യാഭ്യാസസമിതി രൂപീകരിക്കണം. ഒരു പൊതു പ്രവർത്തകൻ (അയാൾ വിദ്യാഭ്യാസവിഷയങ്ങളിൽ പ്രാവീണ്യമുള്ള ആളായിരിക്കണം) ചെയർമാനും ഹെഡമാസ്റ്റർ കൺവീനറുമായി പ്രവർത്തിക്കണം. പി.ടി.എ. പ്രിസഡന്റ്, മറ്റ് അംഗങ്ങൾ. മാതൃസംഗമ അംഗങ്ങൾ, സ്കൂളിലെ അദ്ധ്യാപകൾ ഇവർ അംഗങ്ങളായിരിക്കണം. വിദ്യാഭ്യാസ വിഷയങ്ങളിൽ പ്രാവീണ്യമുള്ള ഇതരസ്കൂളുകളിലെ അധ്യാപകരെ

പട്ടിക No: 5
സ്ക്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

സ്ക്കൂളിന്റെ പേര്	ആകെ ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങളുടെ എണ്ണം			മുറികളുടെ എണ്ണം			ഇനി മുറി ആവശ്യമുണ്ടെങ്കിൽ-എണ്ണം	കെട്ടിടം ആവശ്യമുണ്ടോ ഭൂമിയുണ്ടോ ഉണ്ട്/ഇല്ല	നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം	മൂത്രപ്പുര ഒരുസമയം എത്ര കുട്ടികൾ ഉപയോഗിക്കും	ഇനി ആവശ്യമുള്ളതിന്റെ എണ്ണം	നിലവിലുള്ള കക്കൂസുകളുടെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം	കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല	വൈദ്യുതീകരണം ഉണ്ട്/ഇല്ല	പാചക മുറി	സ്റ്റാഫ്റൂം	ഫർണിച്ചർ മതിയാകും/ഇല്ല	ആവശ്യമുള്ളവയുടെ എണ്ണം				
		സ്ഥിരം	അർദ്ധ സ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധ സ്ഥിരം	താൽക്കാലികം													ഡസ്ക്	ബെഞ്ച്	മേശ	കസേര	ഓഫീസ് ഫർണിച്ചർ
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25
C.V.K.M.H.S	35	15	-	-	66	-	-	-	-	4	75	-	3	-	ഉണ്ട്	ഉണ്ട്	ഉണ്ട്	2	മതിയാകും	-	-	-	-	-
M.C.E.M.H.S	6	2	1	1	20	1	1	വേണ്ട	ഉണ്ട്	4	25	1	2	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	do					
M.M.H.S	17	5	-	-	31	-	-	-	ഉണ്ട്	2	4	1	1	1	ഉണ്ട്	ഉണ്ട്	ഉണ്ട്	2	ഇല്ല	25	5	5		
K.P.S.P.M.H.S	14	5	-	-	18	-	-	-	-	2	-	-	-	-	do	do	-	ഉണ്ട്	-	-	-	-		
L.M.S.L.P.S	7	2	-	-	-	-	-	-	-	ഇല്ല	-	2	1	-	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	-	20	8	5	
M.G.L.P.S	4	1	-	-	5	-	-	വേണ്ട	-	1	14	ആവശ്യമില്ല	1	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	-	ഇല്ല	3	5	അലമാര
Govt. L.P.S	8	2	-	-	-	-	-	2	ഉണ്ട്	1	5	-	1	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	15	5	11	-
P.M.N.M.U.P.S	11	3	-	-	1	-	-	1	ഇല്ല	3	12	-	1	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	60	-	-	-	-
N.C.M.L.P.S	4	1	1	-	6	3	-	-	-	1	20	1	2	2	do	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	40	-	-	-	അലമാര
St. Francis U.P.S	11	3	-	-	ഇല്ല	-	-	-	ജീർണ്ണിച്ചത്	2	10	5	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	50	50	11	11	അലമാര Sta-nd-2

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ രക്ഷിതാക്കളേയും കുട്ടികളേയും വിദ്യാലയങ്ങളിലേക്ക് ആകർഷിക്കുന്ന ഘടകങ്ങളാണ്. ഇവ ഒരു പരിധിവരെ നമ്മുടെ ഗ്രാമത്തിലുണ്ടെങ്കിലും മറ്റു സ്ഥലങ്ങളിലെ മെച്ചപ്പെട്ട ഈ സൗകര്യങ്ങൾ കുട്ടികളെ അവിടങ്ങളിലേക്ക് ആകർഷിക്കുന്നു. ഗവൺമെന്റുടമസ്ഥതയിലുള്ള Govt. L.P.S കല്ലടയുടെ കെട്ടിടങ്ങൾ അറ്റകുറ്റപ്പണി തീർക്കേണ്ടതാണ്. ഈ സൗകര്യങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക No: 5 ചേർത്തിരിക്കുന്നു.

പട്ടിക No: 3
സ്ക്കൂളുകളുടെ ചെലവ് സംബന്ധിച്ച വിവരങ്ങൾ
(ആവർത്തന സ്വഭാവമുള്ളത്)

സ്ക്കൂളുകളുടെ പേര്	കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിക്ക്	ഉപകരണങ്ങൾ/ഫർണിച്ചറുകൾ അറ്റകുറ്റപ്പണിക്ക്	ഉപകരണങ്ങൾ മാസവസ്തുക്കൾ ഉപയോഗിക്കുന്നതിനുള്ള സാധനങ്ങൾ	സ്പോർട്സ്	കല-വിനോദങ്ങൾക്ക്	ലൈബ്രറികൾക്ക്	ഉച്ചക്കഞ്ഞിക്ക്	മറ്റിനങ്ങൾക്ക്	സർക്കാർ	തദ്ദേശസ്ഥാപനങ്ങൾ	ആകെ	ഫീസിനത്തിൽ	എൻഡോവ്മെന്റ്	PTA ഫണ്ട്	മറ്റുമാർഗ്ഗത്തിലൂടെ വരവ്	ആകെ വരവ്
1	2 Rs.	3 Rs.	4 Rs.	5 Rs.	6 Rs.	7 Rs.	8 Rs.	9 Rs.	10 Rs.	11 Rs.	12 Rs.	13 Rs.	14 Rs.	15 Rs.	16 Rs.	17 Rs.
C.V.K.M.H.S	25000	10000	5000	2000	1500	500	3000	5000	18000	-	180000	85000	2250	ഇല്ല	500	
M.C.E.M.H.S	15000	10000	5000	8000	6000	-	-	-	-	-	-	20000	-	-	-	
M.M.H.S	23000	1000	-	500	150	1000	4000	2000				3500	100	-	-	
K.P.S.P.M.H.S	-	-	700	-	-	850	-	-	-	-	-	6083	-	-	-	
L.M.S.L.P.S	-	-	-	-	-	-	1500	-	200	-	200	-	-	-	-	
M.G.L.P.S	-	-	-	-	-	-	2440	-	588	-	588	-	-	825	-	
Govt: L.P.S	-	-	-	-	-	-	4025	-	850	-	850	-	-	2000	-	
N.C.M.P.L.S	650	175	-	-	-	-	1850	750	1355	-	1355	-	-	835	1035	
P.M.N.M.U.P.S	4000	2000	-	75	55	-	3700					2279	425	300	-	
St. Francis U.P.S																

ഈ ഗ്രാമത്തിലെ വിവിധ സ്ക്കൂളുകൾക്ക് ഒരു വർഷത്തേക്കുവേണ്ട മതിപ്പ് വരവ്, ചെലവുകണക്കുകൾ പട്ടിക No: 6-ൽ ചേർത്തിരിക്കുന്നു.

പങ്കെടുപ്പിച്ച് ഓരോടേം അവസാനിക്കുന്നതിനു മുമ്പ് അതാതു ടേമിലെ സിലബസ്സ് അനുസരിച്ച് പാഠഭാഗം പഠിപ്പിച്ചിട്ടുണ്ടോ, നോട്ടുകൾ കൊടുത്തിട്ടുണ്ടോ രചനവർക്കുകൾ തൃപ്തികരമായി നിർവ്വഹിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തണം.

15. സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാകുന്ന ഒരു കുട്ടി സ്കൂൾ വിടുന്നതിനു മുമ്പ് ജീവിക്കുവാൻ ഇതകുന്നതും തന്റെ അഭിരുചിക്കും സാഹചര്യത്തിനും പറ്റിയതുമായ ഒരു തൊഴിൽ പരിശീലിച്ചിരിക്കണം. അതിനുതകും വിധം ഓരോ വിദ്യാലയത്തിലും തൊഴിലധിഷ്ഠിതവിദ്യാഭ്യാസവും നൽകുവാനുള്ള സാഹചര്യം ഉണ്ടാക്കണം.

17. അംഗനവാടികൾക്ക് കെട്ടിടവും കുട്ടികൾക്ക് ഇരിക്കുവാൻ ബഞ്ചുകളും പഠനോപകരണങ്ങളും കളിക്കോപ്പുകളും ലഭ്യമാക്കണം.

18. അംഗനവാടികളിൽ അടിയന്തിരമായും സാർവ്വത്രികമായും രോഗപ്രതിരോധ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ടി. പരിപാടിക്ക് സന്നദ്ധ സംഘടനകളെ പങ്കെടുപ്പിക്കുകയും ചെയ്യണം.

19. അംഗനവാടികളിൽ നിന്നും കുഞ്ഞുങ്ങൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആരോഗ്യപരിപാലനത്തിനായി വിതരണം ചെയ്യപ്പെടുന്ന പദാർത്ഥങ്ങളുടെ വിവരം നോട്ടീസ് ബോർഡിൽ നേരത്തെ പതിപ്പിച്ചിരിക്കണം. ഈ വക കാര്യങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്ന് പരിശോധിയ്ക്കാൻ ജനകീയ കമ്മിറ്റിയെ ചുമതലപ്പെടുത്തണം.

20. അംഗനവാടിയിലെ പാചകത്തിന് പഴയമാതിരി സസ്യഎണ്ണ വിതരണം ചെയ്യണം.

21. അംഗനവാടിജീവനക്കാരെ സർക്കാർ ജീവനക്കാരായി പരിഗണിക്കുകയും അവർക്ക് പെൻഷൻ ഏർപ്പെടുത്തുകയും വേണം.

പട്ടിക - 7

കഴിഞ്ഞ 4 വർഷങ്ങളിലെ S.S.L.C പരീക്ഷയ്ക്ക് ഉണ്ടായ വിജയശതമാനം

ക്രമനമ്പർ	സ്ക്കൂളിന്റെ പേര്	92-93	93-94	94-95	95-96
1	C.V.K.M.H.S	72%	77.50%	79.8%	92.2%
2	M.M.H.S	79%	81%	85%	91.4%
3	K.P.S.P.M.H.S	76%	84%	70%	87%
4	M.C.E.M.H.S	100%	100%	100%	100%

തയ്യാറാക്കിയത് : ശ്രീ. ഇടപ്പള്ളിൽ വിജയൻ കുട്ടി.
,, P. രാമചന്ദ്രൻപിള്ള
,, Y. തമ്പി.

സാങ്കേതിക സഹായം : ശ്രീ. വാസു (HM. Govt LPS East Kallada)
,, മിറാൾഡ് (HM MGLPS Koduvila), കല്ലട

പൊതുജനാരോഗ്യവും കുടിവെള്ളവും

കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്

1.	വിസ്തൃതി	:	12.2.Sq.K.M.
2.	ജനസംഖ്യ	:	21218
3.	ജനസാന്ദ്രത	:	1739
4.	സ്ത്രീകൾ	:	10681
	പുരുഷന്മാർ	:	10537
5.	സാക്ഷരത	:	78%
6.	ജനനിരക്ക്	:	
7.	മരണനിരക്ക്	:	
8.	ശിശുമരണനിരക്ക്	:	
9.	മാതൃമരണ നിരക്ക്	:	
10.	ദമ്പതി സംരക്ഷണനിരക്ക്	:	

ആരോഗ്യസ്ഥാപനങ്ങൾ

വാർഡ് നമ്പർ	നിലവിലുള്ള സർക്കാർ സ്ഥാപനം	ആവശ്യമുള്ള സർക്കാർ സ്ഥാപനം	സ്വകാര്യസ്ഥാപനങ്ങൾ സർക്കാർ
1.	ഉപകേന്ദ്രം	ഇല്ല	കൃഷ്ണ ആശുപത്രി
2.	ഇല്ല.	ഹോമിയോ ആശുപത്രി	ഇല്ല.
3.	ഉപകേന്ദ്രം	ഇല്ല.	ഇല്ല.
4.	1. പ്രാഥമികരോഗ്യകേന്ദ്രം 2. ശ്രീവിലാസം ആയുർവേദാ ഡിസ്പെൻസറിൽസെന്റർ	കമ്മ്യൂണിറ്റി ഹെൽത്ത്	ഇല്ല
5.	ഉപകേന്ദ്രം	ഇല്ല.	ഉപകാരമത ആശുപത്രി
6.	ഇല്ല	ഉപകേന്ദ്രം	ഇല്ല.
7.	ഇല്ല.	ഇല്ല.	ഇല്ല.
8.	ഉപകേന്ദ്രം	ഇല്ല.	എം.ജി.എം. ആശുപത്രി
9.	ഇല്ല.	ഇല്ല.	ഇല്ല.
10.	ഗവ. ആയുർവേദ ഡിസ്പെൻസറി	ഉപകേന്ദ്രം	ഐക്കര ഫാർമസി

പൊതുജനാരോഗ്യം

"എല്ലാവർക്കും ആരോഗ്യം രണ്ടായിരാമാണ്ടിൽ"

രണ്ടായിരമാണ്ടിൽ ആരോഗ്യപൂർണ്ണമായ ഒരു ലോകസമൂഹം ഉണ്ടാകണമെന്ന ലക്ഷ്യത്തോടു കൂടിയുള്ള ലോകാരോഗ്യ സംഘടനയുടെ മുദ്രാവാക്യമാണ് ഇത്. വികസ്വരരാജ്യമായ ഭാരതത്തിൽ ഈ ലക്ഷ്യത്തിന് വളരെ പ്രാധാന്യമുണ്ട്. ഈ ലഭ്യം നേടുവാൻ മൂന്ന് കാര്യങ്ങളാണ് അത്യാവശ്യമായിട്ടുള്ളത്. നമ്മുടെ ഗ്രാമത്തിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനാവശ്യമായ പോഷകാഹാരം, ശുദ്ധജലം, ശുചിയായ പരിസരം എന്നിവയും രോഗങ്ങൾ കുത്തിവയ്പുകളും ചികിത്സാ സേവനസൗകര്യങ്ങളും ലഭ്യമാക്കുകയാണ് ഇവയിൽ പ്രധാനം. ആരോഗ്യമുള്ള യുവജനങ്ങളെ വാർത്തെടുക്കുന്നതിൽ കളികൾക്കും, കായികപരിശീലനത്തിനും വളരെ പ്രാധാന്യമുണ്ട്. ലോകാരോഗ്യസംഘടന ആരോഗ്യത്തെ നിർവചിച്ചിരിക്കുന്നത് ശാരീരികവും, മാനസികവും സാമൂഹികവുമായ സുസ്ഥിതി എന്നാണ്. ആ ലക്ഷ്യം നേടണമെങ്കിൽ നമ്മുടെ സാമൂഹിക ജീവിതത്തിലെ പാകപ്പിഴകൾ മാറ്റി ആരോഗ്യകരമായ ജീവിതത്തിനുള്ള സാഹചര്യം വളർത്തിയെടുക്കുകയും ഗ്രാമത്തിലെ ജനങ്ങളിലേക്ക് ആരോഗ്യവിദ്യാഭ്യാസം എത്തിക്കുകയും വേണം. ആരോഗ്യമുള്ള ചെറിയ കുടുംബം എന്നതാകട്ടെ നമ്മുടെ ലക്ഷ്യം.

നമ്മുടെ സാമൂഹത്തിൽ ആരോഗ്യ സംബന്ധമായി നിലനിൽക്കുന്ന ധാരണയിൽ ഒരു പൊളിച്ചെഴുത്ത് ആവശ്യമായിരിക്കുന്നു. ആരോഗ്യരംഗത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ വലിയ ആശുപത്രികളെ ക്കുറിച്ചുള്ള ബോധമാണ് നമ്മിൽ രൂഢമൂലമായിരിക്കുന്നതെന്ന് കാണാനാകും. എന്നാൽ രോഗികൾക്കുള്ളതാണ് ആശുപത്രി കളെന്നും രോഗം വരാതെ നോക്കിയാൽ ഒരു വലിയ അളവ് ആശുപത്രികളെ അഭയം പ്രാപിക്കേണ്ട ആവശ്യമുണ്ടാകുകയില്ല എന്ന കാര്യം വേണ്ടത്ര ഗൗരവത്തോടെ നാം കണക്കിലെടുക്കാറില്ല. വ്യക്തിയും സമൂഹവും നല്ല ആരോഗ്യശീലങ്ങൾ പാലിക്കുന്ന കാര്യം കണക്കിലെടുത്താൽ ഒപ്പം ചില ചുമതലകളും വന്നു ചേരും. ഈ ചുമതലകൾ ഏറ്റെടുക്കാൻ തയ്യാറാവുന്നതിലൂടെ ആരോഗ്യസംരക്ഷണത്തിലുണ്ടാകാനാകുന്ന മുന്നേറ്റം വമ്പിച്ചതായിരിക്കുമെന്നുള്ളതു മാത്രമല്ല, ആശുപത്രികളെ അഭയം പ്രാപിക്കുനന സ്ഥിതി ഒഴിവാക്കാനും സാധിക്കും. ഈ നില കൈവരിക്കുകയാണ് രണ്ടായിരാമാണ്ടോടെ എല്ലാവർക്കും ആരോഗ്യമെന്നതിലൂടെ ലക്ഷ്യമാക്കുന്നതും.

ആരോഗ്യപരിപാലനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള അറിവ് അടുത്ത കാലത്തായി വിപുലപ്പെട്ടു വരുന്നുണ്ട്. എങ്കിൽ പോലും ഇനിയും വളരെയേറെ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. നല്ല ആരോഗ്യശീലങ്ങൾ പാലിക്കാൻ സമൂഹം തയ്യാറാവുന്നതിലൂടെയാണ് ഇതിന്റെ വിജയം ഉറപ്പു വരുന്നതാനാകുന്നത്. ഇതിനായി ആരോഗ്യപ്രവർത്തകരും ബഹുജനങ്ങളും സഹകരിച്ചുള്ള നീക്കം അത്യാവശ്യമാണ്. അങ്ങനെയായാൽ ആരോഗ്യസംരക്ഷണം എന്നതിനെ ഒരു ജനകീയ പ്രസ്ഥാനമാക്കി വളർത്തിയെടുക്കാൻ സഹായിക്കും.

സ്ഥിതി വിവരങ്ങൾ	A.D.200-ൽ നേടേണ്ട ലക്ഷ്യം	ഭാരതം ഇപ്പോഴത്തെ അവസ്ഥ	കേരളം ഇപ്പോൾ	കിഴക്കേ കല്ലട	കൊല്ലം ജില്ല
ജനനിരക്ക്	21	30	19		17
മരണനിരക്ക്	9	9	5.6		5.9
ശിശുമരണനിരക്ക്	60	87	15		14
മാതൃമരണനിരക്ക്	1	3.4	0.8		0.67

ഗ്രാമപ്രദേശത്തെ അടിസ്ഥാന ആരോഗ്യസേവനങ്ങൾ

ഉപകേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യകേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയുടെ ശൃംഖല വഴി എല്ലാ ഗ്രാമീണർക്കും അടിസ്ഥാനപരമായ ചില ആരോഗ്യ സേവനങ്ങൾ എത്തിക്കുകയാണ് ഈ സ്ഥാപനങ്ങളുടെ ഉദ്ദേശം.

കിഴക്കേ കല്ലട ഗ്രാമത്തിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രം 19-08-1995 മുതൽ പ്രവർത്തനം തുടങ്ങി. ഏകദേശം മുപ്പതിനായിരം ആളുകളുടെ ആരോഗ്യപരമായ ആവശ്യങ്ങൾ നിറവേറ്റാൻ ഈ സ്ഥാപനത്തിന് കഴിവുണ്ട്. ഏതാണ്ട് 16 സർക്കാർ ജീവനക്കാർ ഇവിടെ സേവനം അനുഷ്ഠിക്കുന്നു. ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ നാല് ഉപകേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

സാധാരണ അസുഖങ്ങൾക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും ചികിത്സ ലഭിക്കും. ഔഷധങ്ങൾ ചെറിയ അളവിൽ ഇവിടെ നിന്നും ലഭ്യമാക്കും. കുട്ടികൾ, ഗർഭിണികൾ, പകർച്ച രോഗബാധിതർ എന്നിവർക്കാവശ്യമായ പ്രത്യേക ആരോഗ്യസേവനങ്ങൾ ലഭ്യമാണ്. അമ്പതിൽ അധികം ഇനം ഔഷധങ്ങൾ ആരോഗ്യകേന്ദ്രത്തിലൂടെ ലഭ്യമാണ്. ചികിത്സാരംഗത്തെ അടിയന്തിര സാഹചര്യങ്ങളെ നേരിടാനുള്ള കുത്തിവയ്പുകളും ഇവിടെ നടത്തുന്നു. ഔഷധങ്ങളുടെ പട്ടികയും, സ്റ്റോക്കും, നിലയും കെട്ടിടത്തിന്റെ മുഖ്യസ്ഥാനത്ത് പരസ്യപ്പെടുത്തിയിരിക്കണം.

കുഷ്ഠം, ക്ഷയം, മലമ്പനി, മന്ത് തുടങ്ങിയുള്ള പകർച്ചരോഗങ്ങളുടെ ചികിത്സ ഇവിടെ നടക്കുന്നു. നേത്രരോഗ ചികിത്സ ഇവിടെ ലഭ്യമാണ്. സാർവ്വത്രിക രോഗപ്രതിരോധ വൽക്കരണപരിപാടി പ്രകാരം ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ്, പിള്ളവാതം, ക്ഷയം, അഞ്ചാംപനി എന്നീ മാരകരോഗങ്ങൾക്ക് എതിരെയുള്ള പ്രതിരോധ ചികിത്സ ഇവിടെ നടന്നു വരുന്നു. നവജാത ശിശുക്കളെ നിയോനേറ്റൽ ടെറ്റനസിൽ നിന്നും രക്ഷിക്കാൻ ഗർഭിണികൾക്ക് ടെറ്റനസ് ടോക്സോയിഡ് കുത്തിവയ്പ്പ് കൊടുക്കുന്നു. ശിശുക്കളിൽ അന്ധത തടയുന്നതിനുള്ള ജീവകം എയും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷക ദാരിദ്ര്യം അനുഭവപ്പെടാതിരിക്കാൻ അയൺ ഫോളിക് ആസിഡ് ഗുളികകൾ നൽകി വരുന്നു.

പ്രാഥമിക ആരോഗ്യ. കേന്ദ്രത്തിലെ ഡോക്ടർ ഈ ഗ്രമത്തിൽ സേവനമനുഷ്ഠിക്കുന്ന ടീമിന്റെ പ്രവർത്തനങ്ങളെ ഏകോപിക്കുന്നു. മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുന്നു. അസുഖങ്ങൾ സംബന്ധിച്ച് വൈദ്യോപദേശം നൽകണം. ലഘുവായ ശസ്ത്രക്രിയകൾ നടത്തുന്നു. ഗർഭകാല, മുലയൂട്ടൽ എന്നിവയെക്കുറിച്ച് ഉപദേശം, കുട്ടികളെയും ഗർഭിണികളെയും രോഗപ്രതിരോധ വൽക്കരിക്കൽ, കുടുംബാസൂത്രണം സംബന്ധിച്ച് വൈദ്യോപദേശ സേവനങ്ങളും, കുഷ്ഠം ക്ഷയം തുടങ്ങിയുള്ള രോഗങ്ങളെ സംബന്ധിക്കുന്ന കേസുകളിൽ രോഗനിർണ്ണയം, ദേശീയ ആരോഗ്യപരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുകയും കൂടാതെ കിടത്തി ചികിത്സിക്കുകയും ചെയ്യുന്നു.

കിഴക്കേ കല്ലട പ്രാഥമിക ആരോഗ്യ കേന്ദ്രം 19-08-1995-ൽ താത്ക്കാലിക വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. ഇതുവരെയും സ്വന്തമായി സ്ഥലമോ, കെട്ടിടമോ ഉണ്ടാകാത്തതു കൊണ്ട് ഇതിന്റെ പ്രവർത്തനം പൂർണ്ണതോതിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഗ്രാമവാസികൾക്ക് പരാതികൾ ഉണ്ടാകുന്നത് സ്വാഭാവികം മാത്രം. കഴിയുന്നതും വേഗത്തിൽ സ്വന്തമായി ഒരു കെട്ടിടമുണ്ടാക്കുന്നതിന് ആവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കണം.

രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാകുന്നതോടു കൂടി മുഴുവൻ സമയവും പ്രവർത്തിക്കുന്നതിനുള്ള ഒരു പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയരും. ഗ്രാമവാസികളുടെ അഗ്രഹങ്ങൾക്കും അഭിലാഷങ്ങൾക്കും അനുസരിച്ച് പൂർണ്ണതോതിലുള്ള സേവനങ്ങൾ ഇവിടെ നിന്നും ലഭ്യമാകും. ഇപ്പോഴുള്ള പരിമിതികൾ കണക്കിലെടുത്തു കൊണ്ട് പകൽ സമയം മുഴുവനും ഈ സ്ഥാപനം തുറന്നു പ്രവർത്തിക്കണമെന്ന് ഗ്രാമവാസികൾ ആവശ്യപ്പെടുന്നു.

(സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയം) ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കണം.

ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആയി ഉയർത്തിയാൽ കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാകും. വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനവും ഉറപ്പു വരുത്താൻ കഴിയും. ഇപ്പോൾ വിദഗ്ദ്ധ ചികിത്സയ്ക്കു വേണ്ടി ഏറ്റവും അടുത്തുള്ള സ്ഥാപനം കൊല്ലം ജില്ലാ ആശുപത്രിയാണ്. ഇത് വളരെ ദൂരത്താണല്ലോ സ്ഥിതി ചെയ്യുന്നത്. കല്ലട പ്രാഥമികാരോഗ്യ കേന്ദ്രം ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആയി ഉയർത്തുന്നതിനുള്ള നടപടികർ കാലതാമസം കൂടാതെ ആരംഭിക്കണം. പരിസരത്തുള്ള അഞ്ചു പഞ്ചായത്തുകളിലെ ജനങ്ങൾക്ക് ഇതിന്റെ സേവനം ലഭ്യമാകും.

നമ്മുടെ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ആശുപത്രി വികസനസമതിയോ, സൗഹൃദസമിതിയോ ഇപ്പോൾ നിലവിലില്ല. അത് രൂപീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

വസൂരി രോഗം ലോകത്തു നിന്നും വേരറ്റു പോയിക്കഴിഞ്ഞു. എല്ലാവർക്കും ഗോവസൂരി പ്രയോഗം നടത്താൻ കഴിഞ്ഞതാണ് പൊതുജനാരോഗ്യരംഗത്തുണ്ടായ ഈ വമ്പിച്ച നേട്ടത്തിന് കാരണം. തൊണ്ടമുള്ള്, വില്ലൻചുമ, സന്നി, പിള്ളവാതം, അഞ്ചാം പനി, എന്നീ രോഗങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. ഇവയിൽ പലതും അപകടക്കാരികളാണ്. ഇത്തരം രോഗങ്ങളിൽ നിന്നും നമ്മുടെ ഗ്രാമത്തിലെ കുട്ടികളെ പരിരക്ഷിക്കേണ്ടതുണ്ട്. നമ്മുടെ കുഞ്ഞുങ്ങളെ ഈ രോഗത്തിൽ നിന്നും രക്ഷിക്കാൻ കാലാകാലങ്ങളിലുള്ള പ്രതിരോധ ചികിത്സയാണ് വേണ്ടത്. കല്ലട പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പരിധിയിൽ കൂടുതൽ പ്രതിരോധ കുത്തിവയ്പ്പു കേന്ദ്രങ്ങൾ കാലതാമസം കൂടാതെ തുടങ്ങണം. (പത്താം വാർഡിലെ ബംഗ്ലാം ചരിവ്, രണ്ടാം വാർഡിലെ ജയന്തി കോളനി). മുടക്കം കൂടാതെയും ഗ്രാമവാസികളെ മുൻകൂട്ടി അറിയിച്ചു കൊണ്ടും രോഗപ്രതിരോധ പരിപാടി നടപ്പിലാക്കണം. ജീവനക്കാരുടെ ഉത്തരവാദിത്തപൂർണ്ണമായ പ്രവർത്തനം ഇക്കാര്യത്തിൽ ഉണ്ടാകണം.

മദ്യവും, മയക്കുമരുന്നുകളും മനുഷ്യസംസ്കാരത്തിന്റെ ആദിമഘട്ടം മുതൽ ഒട്ടേറെ സാമൂഹിക പ്രശ്നങ്ങൾക്ക് കാരണമായിത്തീർന്നിട്ടുണ്ട്. ഇവയുടെ ഉപയോഗം പാടെ വർജ്ജിക്കാൻ മനുഷ്യരാശിയെ ഏക്കാലവും മഹാത്മാക്കൾ ഉദ്ബോധിപ്പിച്ചു പോന്നു. എങ്കിലും ദുഃശ്ശീലകാരികളായ പദാർത്ഥങ്ങളുടെ പിടിയിൽ നിന്നും വിമുക്തമാകാൻ മനുഷ്യന് കഴിഞ്ഞിട്ടില്ല. നാഗരികതയുടെയും, പരിഷ്കാരത്തിന്റെയും പേരിൽ ജീവിത സങ്കീർണ്ണതകളിൽ നിന്നും ഒളിച്ച് ഓടാനുള്ള വ്യഗ്രതയിൽ അപകടമതികളായ ദുർബലമനസ്സുകൾ എത്തിപ്പെടുന്നത്, മദ്യത്തിന്റെയും, മയക്കുമരുന്നുകളുടെയും നീരാളിപ്പിടുത്തത്തിലാണ്. ഇത് ഉളവാക്കുന്ന ദുരന്തം അപരിഹാര്യമാണ്. അത് വ്യക്തിയെ മാത്രമല്ല സമൂഹത്തെയാകെ ഗ്രസിക്കുന്നു. ഇതിനെ ചെറുക്കുവാൻ ആസൂത്രിതമായ അടിയന്തിരശ്രമം വേണം. ഗ്രാമപഞ്ചായത്ത് ഈ വഴിക്ക് ഗൗരവപൂർവ്വം ചിന്തിക്കുകയും ഫലപ്രദമായ കർമ്മ പരിപാടികൾ ആവിഷ്കരിക്കുകയും വേണം.

ഗ്രാമപഞ്ചായത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലൂടെ നടപ്പിലാക്കേണ്ട പരിപാടികൾ

1. മലേറി രോഗനിയന്ത്രണ പരിപാടി
2. ക്ഷയരോഗ നിർമാർജ്ജനം
3. കുഷ്ഠരോഗ നിർമാർജ്ജദനം
4. ഗോയിറ്റർ (തൊണ്ടമുഴ) നിയന്ത്രണം
5. അന്ധതാ നിവാരണം
6. ലൈംഗിക രോഗബോധവൽക്കരണം
7. എയ്ഡ്സ് രോഗ ബോധവൽക്കരണം
8. കുടുംബാസൂത്രണ പരിപാടി
9. പോഷകാഹാര പരിപാടി.
10. സ്കൂൾ ആരോഗ്യ പരിപാടി.
11. മാതൃശിശു സംരക്ഷണ പരിപാടി
12. രോഗപ്രതിരോധ പരിപാടി
13. മന്ത് നിയന്ത്രണം
14. വയറിളക്ക രോഗനിയന്ത്രണം

15. ക്യാൻസർ രോഗനിയന്ത്രണ പരിപാടി
16. മാനസിക രോഗ ചികിത്സാ പദ്ധതി
17. മദ്യത്തിനും അയക്കുമരുന്നിനും എതിരെയുള്ള ബോധവൽക്കരണപരിപാടി
18. സമ്പൂർണ്ണ സുചിത്വ പരിപാടി
19. ശുദ്ധ ജലവിതരണ പദ്ധതി.

നമ്മുടെ ഗ്രാമത്തിൽ നാല് കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഉണ്ട്. 5000 ജനങ്ങൾക്ക് ഒന്ന് എന്ന നിരക്കിൽ ആണ് ഉപകേന്ദ്രങ്ങൾ ഇവിടെ പ്രവർത്തിക്കുന്നത്. ഈ ഉപകേന്ദ്രങ്ങളിൽ നിന്നും രണ്ട് ജീവനക്കാരുടെ സേവനം ജനങ്ങൾക്ക് ലഭ്യമാകേണ്ടതാണ്. ഒരു ഉപകേന്ദ്രത്തിന്റെ സേവനപരിധിയ്ക്ക കത്തുള്ള എല്ലാ സ്ഥലങ്ങളും അവർ കൃത്യമായി സന്ദർശിക്കേണ്ടതുണ്ട്. ഡോക്ടർ, ഉപകേന്ദ്രങ്ങൾ സന്ദർശിക്കുന്നു. ഈ വിവരം ജനങ്ങളെ മുൻകൂട്ടി അറിയിക്കുന്നു.

ഉപകേന്ദ്രത്തിൽ നിന്നും ഗ്രാമവാസികൾക്ക് ലഭിക്കുന്ന സേവനങ്ങളിൽ ചിലത്.

1. പനിയ്ക്കുള്ള മരുന്നുകൾ
2. വയറിളക്കരോഗത്തിനുള്ള പാനീയ ചികിത്സ
3. പകർച്ച രോഗങ്ങളെക്കുറിച്ചുള്ള ജനങ്ങളുടെ സംശയനിവാരണവും, രോഗനിയന്ത്രണ ഉപദേശങ്ങളും.
4. രോഗപ്രതിരോധ കുത്തിവയ്പുകൾ
5. കുടുംബാസൂത്രണ ഉപദേശവും, സേവനങ്ങളും.
6. കിണർ ജലം ക്ലോറിനേഷൻ നടത്തൽ
7. കൃത്യമായ ഇടവേളകളിൽ ഗർഭിണികളെ പരിശോധിക്കൽ
8. മൂത്രം രക്തം പരിശോധനകൾ
9. ഗർഭിണികൾക്ക് ടെറ്റനസ് ടോക്സോയിഡ് കുത്തിവയ്പുകൾ.
10. ഗർഭകാലത്തെ ഭക്ഷണം, അദ്ധ്വാനം, കരുതൽ നടപടികൾ എന്നിവയെക്കുറിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ.
11. ഗുരുതരമായ അപകടസാദ്ധ്യതയുള്ള ഗർഭിണികളെ കണ്ടെത്തി അവരെ റഫർ ചെയ്യുക.
12. ഗർഭിണികൾക്കും, വിളർച്ച ബാധിച്ച മുലയൂട്ടുന്ന അമ്മമാരുടെയും ചികിത്സ, പ്രസവത്തിനു ശേഷമുള്ള പരിശോധനകൾ
13. ശിശുക്കൾക്കുണ്ടാകുന്ന ശ്വാസകോശരോഗ ചികിത്സകൾ
14. ഗർഭനിരോധന ഉപകരണങ്ങൾ വിതരണം ചെയ്യുക
15. സെമിനാറുകളും, ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കുകയും ചെയ്യുന്നു.

നാല് ഉപകേന്ദ്രങ്ങൾ ഉള്ളതിൽ സർക്കാർ കെട്ടിടം ഉള്ളത് രണ്ട് ഉപകേന്ദ്രങ്ങൾക്ക് മാത്രമാണ് രണ്ട് കെട്ടിടങ്ങൾ കൂടി ഉണ്ടാകുന്നതിനുള്ള നടപടി എടുക്കണം.

കല്ലടഗ്രാമത്തിന്റെ ഭൂരിഭാഗം പ്രദേശവും, വെള്ളക്കെട്ടുകളും, ചരിവ് പ്രദേശവുമാണ്. അതിന്റെ പ്രത്യേക പരിഗണന വച്ച് മൂവായിരം ജനങ്ങൾക്ക് ഒരു ഉപകേന്ദ്രം എന്ന തോതിൽ രണ്ട് ഉപകേന്ദ്രങ്ങൾ കൂടി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അതിൽ ഒന്ന് ആറാം വാർഡിലും രണ്ടാമത്തേത് പത്താം വാർഡിലും സ്ഥാപിച്ചാൽ നന്നായിരിക്കും. ഇപ്പോൾ നിലവിലുള്ള ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ആരോഗ്യസേവനങ്ങൾ ഉറപ്പു വരുത്തണം. ഗൃഹസന്ദർശനം തുടങ്ങിയുള്ള കാര്യങ്ങളിൽ കൃത്യനിഷ്ഠയും ചിട്ടയായ പ്രവർത്തനവും ഉണ്ടാകണം.

വ്യക്തമായ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമല്ല എന്നുതു കൊണ്ട് സേവനങ്ങളുടെ നേട്ടങ്ങൾ ഉയർത്തിക്കാണിക്കുവാൻ കഴിയുന്നില്ല. ഇത് പരിഹരിക്കണം.

ഗ്രാമപഞ്ചായത്തിന്റെയും സന്നദ്ധ സംഘടനകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണം.

ക്ഷയരോഗ നിയന്ത്രണപരിപാടികൾ ഗ്രാമത്തിൽ വിലയിരുത്തുകയും പുതിയ പ്രവർത്തനങ്ങൾ രൂപം നൽകുകയും വേണം. രോഗികൾക്ക് കൂടുതൽ സാമ്പത്തിക സഹായം അനുവദിക്കുകയും വേണം.

ഗ്രാമപഞ്ചായത്ത് തലത്തിൽ രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ് നടത്തുകയും രക്തദാതാക്കളുടെ ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്തിൽ സൂക്ഷിക്കുകയും ചെയ്യണം.

60 വയസ്സിനു മുകളിൽ പ്രായമുള്ള വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ ഒരു വൃദ്ധസദനം രൂപീകരിക്കുനനതിന് സന്നദ്ധ സംഘടനകൾക്ക് സാമ്പത്തിക സഹായം ചെയ്യണം.

സ്ത്രീകളുടെയും, കുട്ടികളുടെയും ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനു വേണ്ടി സർക്കാർ സാമ്പത്തിക സഹായത്തോടു കൂടി പ്രവർത്തിക്കുന്ന മഹിളാ സ്വാസ്ഥ്യ സംഘം യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിൽ നിന്നും ധനസഹായം അനുവദിക്കേണ്ടതാണ്.

മാരകമായ എയ്ഡ്സ് രോഗം തടയുന്നതിനും നിയന്ത്രിക്കുന്നതിനും ഗ്രാമതലത്തിൽ വിപുലമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കണം. എയ്ഡ്സിനെക്കുറിച്ച അവബോധം സൃഷ്ടിക്കുക, ഉപദേശം നൽകുക, സുരക്ഷിതമായ ലൈംഗിക വേഴ്ചയ്ക്ക് ഊന്നൽ, ലൈംഗിക രോഗത്തിന് എതിരെയുള്ള പരിപാടികൾ ശക്തിപ്പെടുത്തുക.

നേത്രദാനത്തിന്റെ പ്രാധാന്യത്തേയും പ്രസക്തിയേയും കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും നേത്രദാനത്തിന് ജനങ്ങളെ പ്രേരിപ്പിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ സന്നദ്ധ സംഘടനകളുടെ സഹായത്തോടു കൂടി നടപ്പിലാക്കണം. മദ്യത്തിനും, മയക്കുമരുന്നിനും, എതിരായും ആരോഗ്യവകുപ്പിന്റെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി ഒരു കൗൺസിലിങ് സെന്റർ തുടങ്ങാൻ തയ്യാറുള്ള സന്നദ്ധ സംഘടനയ്ക്ക് പഞ്ചായത്തിൽ സാമ്പത്തിക സഹായം ചെയ്തു കൊടുക്കേണ്ടതാണ്.

കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു ഗവൺമെന്റ് ഹോമിയോ ആശുപത്രി അനുവദിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കണം.

കിഴക്കേ കല്ലട ആയുർവ്വേദ ഡിസ്പെൻസറിയുടെ വികസനം രണ്ടുഘട്ടമായിട്ടാണ് വിവരിക്കുന്നത്

ഇപ്പോൾ നിലവിലുള്ള ഡിസ്പെൻസറിയുടെ വികസനം

1. സ്വന്തമായി കെട്ടിടം

വളരെ പഴക്കമുള്ള ഈ ഡിസ്പെൻസറിക്ക് ഇതുവരെയും സ്വന്തമായി കെട്ടിടമില്ല. മഴ പെയ്താൽ ചോർന്നൊലിക്കുന്ന ഒരു പഴയ കെട്ടിടത്തിലാണ് ഡിസ്പെൻസറി പ്രവർത്തിക്കുനനത്., വളരെ മുമ്പു തന്നെ ഡിസ്പെൻസറിക്ക് കെട്ടിടം പണിയുന്നതിന് സ്ഥലം ലഭിച്ചുവെങ്കിലും ഗതാഗതസൗകര്യം കുറവായതിനാലും മറ്റു പല അസൗകര്യങ്ങൾ ഉള്ള സ്ഥലമായതിനാലും ആസ്ഥലം അനുയോജ്യമല്ലെന്ന് ആശുപത്രി ഉപദേശക സമിതിയും ജില്ലാ മെഡിക്കൽ ഓഫീസറും അഭിപ്രായപ്പെട്ടത്. അതിനാൽ സൗകര്യപ്രദമായ ഒരു സ്ഥലത്ത് കെട്ടിടം നിർമ്മിക്കണം.

കെട്ടിത്തിനു വേണ്ട സൗകര്യങ്ങൾ

കൺസൽട്ടിംങ് റൂം
രോഗികൾക്ക് ഇരിക്കുവാനുള്ള റൂം
സ്റ്റോർ റൂം
കിച്ചൺ
ലാക്ട്രിൻ

2. രോഗികളും ഔഷധവും

വളരെയധികം പാവപ്പെട്ട രോഗികൾ എത്തുന്ന ഒരു സ്ഥാപനമാണ് ഗവ. ആയൂർവ്വേദ ഡിസ്പെൻസറി. എന്നാൽ അവർക്ക് വിതരണം ചെയ്യുവാൻ മതിയായ ഔഷധം ലഭിക്കുന്നില്ല. ഇപ്പോൾ നിലവിലുള്ള ഔഷധങ്ങളുടെ അലോട്ട്മെന്റ് വളരെ അപര്യാപ്തമാണ്. വർഷത്തിൽ 15000 രൂപയുടെ മരുന്ന് മൂന്ന തവണയായിട്ടാണ് വിതരണ് നടത്തുന്നത് അത് 30,0000 രൂപയായി വർദ്ധിപ്പിക്കണം.

3. ഔഷധസസ്യ പരിരക്ഷണം

പൊതുജന പങ്കാളിത്തത്തോടെ പുറമ്പോക്ക് സ്ഥലങ്ങളിലും മറ്റും ഔഷധസസ്യങ്ങൾ വെച്ചു പിടിപ്പിക്കുക. പ്രത്യേകിച്ചും വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന കുമ്പിൾ, പാതിരി പലകപ്പച്ചാനി, കൂവളം, മുഞ്ഞ മുതലായവ. ഇവ തണൽ മരങ്ങളായും പൊതുജനങ്ങൾക്ക്

പ്രയോജനപ്രദമാകും. അതുപോലെ തന്നെ വേപ്പ്, വെളുത്തുള്ളി, കച്ചോലം തുടങ്ങിയ ഔഷധങ്ങൾ പരിസ്ഥിതി മലിനീകരണത്തെ കുറച്ചൊക്കെ തടുക്കുന്നു. ഔഷധസസ്യങ്ങൾ പാലോട് ബൊട്ടണിക്കൽ ഗാർഡൻസിലും സോഷ്യൽഫോറസ്ട്രി വകുപ്പിൽ നിന്നും ലഭിക്കുന്നതാണ്.

II ആശുപത്രിയാക്കി ഉയർത്തുക

കിഴക്കേ കല്ലട പഞ്ചായത്തിലും സമീപപ്രദേശങ്ങളിലും രോഗികളെ കിടത്തി ചികിത്സിക്കുമ്പോൾ എറ്റവും അടുത്ത സ്ഥാപനം കൊല്ലം ജില്ലാ ആശുപത്രിയാണ്. ഈ പഞ്ചായത്തിൽ ഒരു ആയൂർവ്വേദാശുപത്രി ആവശ്യമാണ്.

a. Bed strength

10 bed. 30 bed, 50 bed, എന്നീ ക്രമത്തിലാണ് Bed strength കണക്കാക്കി വരുന്നത്

b. ആശുപത്രി കെട്ടിടം:- സ്ഥലം ***50 cent***

1. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേക വാർഡുകൾ, കക്കൂസ്, കുളിമുറി, മുതലായവ.
2. ഓഫീസ് റൂം
3. സ്റ്റോർ റൂം
4. ഡ്യൂട്ടി റൂം
5. പഞ്ചകർമ്മക്രിയാക്രമങ്ങൾ നടത്തുന്നതിനുള്ള മുറി
6. അടുക്കള
7. ഫാർമസി
8. നൈറ്റ് ഡ്യൂട്ടി സ്റ്റാഫ് റൂം.
9. ഒ.പി. കൺസൽട്ടിംഗ് റൂം.

കുടുംബക്ഷേമം

സന്തുഷ്ടവും ഐശ്വര്യപൂർണ്ണവുമായ ഒരു കുടുംബജീവിതം രൂപപ്പെടുത്തുന്നതിന് ആവശ്യമായ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പരിപാടിയാണ് കുടുംബ സംവിധാനം. സമൂഹത്തിലെ ഏറ്റവും ചെറിയ യൂണിറ്റായ കുടുംബത്തിലെ സൗഭാഗ്യം സമൂഹത്തിന്റെ ഐശ്വര്യത്തിന് ആവശ്യമാണല്ലോ. ഗർഭസ്ഥശിശുമുതൽ വാർദ്ധക്യം വരെയുള്ള ഒരു വ്യക്തിയുടെ പൂർണ്ണമായ ആരോഗ്യത്തിന് വേണ്ട കാര്യങ്ങളെല്ലാം ഈ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യം, ലൈംഗിക വിദ്യാഭ്യാസം, കുടുംബബഡ്ജറ്റിംഗ് വാർദ്ധക്യകാല സേവനങ്ങൾ തുടങ്ങി വിവിധ പരിപാടികൾ ഇതിലുണ്ട്. ചെറിയ കുടുംബം എന്ന ആശയം ഉൾക്കൊണ്ടു കൊണ്ട് ആവശ്യമുള്ളപ്പോൾ മാത്രം ഗർഭധാരണത്തിനും അടുത്തടുത്ത പ്രസവങ്ങൾ ഒഴിവാക്കാനും വേണ്ട പരിപാടികൾ ഉൾപ്പെടുന്നതാണ് കുടുംബസംവിധാനം.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയ 1947-ൽ 37 കോടി ജനങ്ങളാണ് ഉണ്ടായിരുനനത്, 50 വർഷം പിന്നിട്ടപ്പോൾ 95 കോടിയായി വർദ്ധിച്ചു. 1991-ലെ സെൻസിൽ 84.4 കോടിയും. ഇക്കണിക്കിന് പോയാൽ 100 കോടിയിൽ അധികമാകും. (2010 ആകുമ്പോൾ ജനസംഖ്യ 118 കോടിയായ് വർദ്ധിക്കും. ഇത്രയും ജനങ്ങൾക്ക് പട്ടിണി കൂടാതെ കഴിയുവാനുള്ള ഭക്ഷണവും, പാർപ്പിടവും, സാമാന്യവിദ്യാഭ്യാസവും അത്യാവശ്യം വേണ്ട വസ്ത്രങ്ങളും ഉണ്ടാകണം. ഇതെല്ലാം പ്രകൃതി വിഭവങ്ങളിൽ നിന്നു തന്നെ കിട്ടണം. പരിമിതമായ വിഭവശേഷിയെ പരമാവധി സംരക്ഷിച്ച് വിവേകപൂർവ്വം ചൂഷണം ചെയ്താൽ പോലും ഉപഭോക്താക്കളുടെ എണ്ണം കൂടി നിയന്ത്രിച്ചില്ലെങ്കിൽ നമ്മുടെ കണക്കു കൂട്ടലുകളെല്ലാം തെറ്റും. ഇത് ലോകത്തെ ആകമാനം ബാധിക്കുന്ന പ്രധാനപ്രശ്നമാണ്.

കുടുംബാസൂത്രണ പരിപാടി വിശാല അടിസ്ഥാനത്തിലുള്ള ഒരു ജനകീയ പരിപാടിയായി മാറണം. അത് പ്രാവർത്തിക മാക്കാൻ ജനങ്ങളെ പ്രതിനിധീകരിക്കുന്ന സ്ഥാപനങ്ങളും, ആരോഗ്യവകുപ്പും സഹകരിച്ച് മുന്നോട്ടു പോകണം.

പ്രാഥമിക ആരോഗ്യ കേന്ദ്രം, മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ, അംഗനവാടികൾ, ബാലവാടികൾ, മഹിളാസമാജങ്ങൾ മറ്റുവർത്തനം ഏകോപിപ്പിച്ച് പഞ്ചായത്ത് തല ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനത്തെ ഒരു യൂണിറ്റായി മാറ്റുക.

3. നമ്മുടെ ഗ്രാമത്തിലെ ജനനനിരക്ക് കുറയ്ക്കുന്നതിന് പ്രത്യേക പരിഗണന കൊടുത്തു കൊണ്ട് സെമിനാറുകളും

ബോധവൽക്കരണ ക്ലാസ്സുകളും നടത്തണം.

4. കുടുംബക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്ന സംഘടനകൾക്ക് സാമ്പത്തിക സഹായം കൊടുക്കണം.

5. കുടുംബാസൂത്രണം സംബന്ധിച്ച് ഏറ്റവും അടിസ്ഥാനതലത്തിൽ വിദ്യാഭ്യാസ പ്രോത്സാഹനപ്രവർത്തനങ്ങളിൽ സ്ത്രീകളെ ഭാഗഭാക്കുകളാക്കുക.

6. രണ്ടു കുട്ടികൾ എന്ന ചെറിയ കുടുംബ മാനദണ്ഡം ലംഘിക്കുന്ന വ്യക്തികൾക്ക് സർക്കാർ നൽകി വരുനന സാമ്പത്തിക സഹായങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തണം.

7. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ പ്രസവ സൗകര്യം, എക്സ്റേ, ലാബോറട്ടറി എന്നിവയും ഉണ്ടാകണം.

8. പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ നിയന്ത്രണം ഗ്രാമപഞ്ചായത്തിനും, നടത്തിപ്പ് അതിനായി രൂപീകരിക്കുന്ന ഒരു ജനകീയ കമ്മറ്റിയ്ക്കും ആയിരിക്കണം.

9. ജീവനക്കാരെ നിയമിക്കൽ സേവനവേതന നിർണ്ണയം, മരുന്ന് ഉപകരണങ്ങൾ വാങ്ങൽ എന്നിവ ജില്ലാ പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ ആയിരിക്കണം.

10. കുടുംബക്ഷേമ പൊതുജനാരോഗ്യ സംവിധാനങ്ങളും ജനങ്ങളും തമ്മിൽ കൂടുൽ അടുക്കണം.

11. ചിലവാക്കുനന രൂപയ്ക്ക് അനുസരിച്ച് ഫലപ്രാപ്തിയില്ലാത്തതിനാൽ ജനങ്ങളുടെ അസംതൃപ്തി കൂടി വരുന്നു. ഇതിന് പരിഹാരം ഉണ്ടാകണം.

12. ചികിത്സാ ചിലവ് ജനങ്ങൾക്ക് താങ്ങുവാൻ കഴിയാത്ത വിധം വർദ്ധിക്കുന്നു. ഇത് തടയണം.

13. ചികിത്സ നിഷേധിക്കപ്പെടുന്നവരുടെ എണ്ണം കൂടുന്നു. ഇതിന് പരിഹാരം ഉണ്ടാകണം.

14. വിദ്യാഭ്യാസരംഗത്ത് സ്വകാര്യ സ്കൂളുകളുടെ മീതെയുള്ള നിയന്ത്രണം പോലെയെങ്കിലും സ്വകാര്യ ആശുപത്രികളുടെ മേൽ സ്വകാര്യനിയന്ത്രണം ഗ്രാമപഞ്ചയത്തിന് ഉണ്ടായിരിക്കണം. സേവനവേതന വ്യവസ്ഥകൾ നിർണ്ണിയിക്കൽ, ഫീസ്, വാടക, ക്ലിനിക്കൽ പരിശോധന, ഉപകരണപരിശോധന എന്നിവയുടെ നിരക്കുകൾ ഏകീകരിക്കണം.

15. എല്ലാതരം ആശുപത്രികളിലും അവിടുത്തെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ശാസ്ത്രീയമായ സംവിധാനം ഉണ്ടാകണം.

16. കിഴക്കേ കല്ലട ഗ്രാമ പഡ്ചായത്ത് ഭരണസമിതിയുടെ ഉടമസ്ഥതയിൽ ഒരു സഹകരണ ആശുപത്രി (സൂപ്പർ സ്പെഷ്യാലിറ്റി) തുടങ്ങിയാൽ ഉയർന്ന നിലവാരത്തിലുള്ള ചികിത്സ ഗ്രാമവാസികൾക്ക് ലഭ്യമാകും. കൂടാതെ സാധാരണക്കാർക്ക് ചികിത്സാ ചിലവ് കുറയ്ക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുവാൻ കഴിയും. ഇക്കാര്യത്തെക്കുറിച്ച് പഞ്ചായത്ത് ഭരണ,സമിതി ആലോചിക്കുന്നത് നന്നായിരിക്കും.

17. ശ്വാസകോശരോഗങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കുവാൻ ഗ്രാമത്തിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. കൂടാതെ സാമ്പത്തിക സഹായങ്ങളും ചെയ്തു കൊടുക്കണം.

18. മന്ദബുദ്ധികളായ കുട്ടികളെ സംരക്ഷിക്കുന്നതിനു വേണ്ടി കിഴക്കേ കല്ലട ഗ്രാമത്തിലെ അഞ്ചാം വാർഡിൽ ഒരു സംരക്ഷണ കേന്ദ്രം സ്ഥാപിച്ചു പ്രവർത്തിക്കുന്നുണ്ട്. അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി പഞ്ചായത്തിന്റെ സഹായസഹകരണം ഉണ്ടാകണം.

കുടിവെള്ളം

അമൂല്യമായ ഒരു പ്രകൃതി സമ്പത്താണ് ജലം. ഭൂമുഖത്ത് ജീവൻ നാമ്പിടാനും വളർന്നു വികസിക്കാനും ഇടയായത് ജലത്തിന്റെ സാന്നിദ്ധ്യം മൂലമാണ്. ഭൂതലത്തിന്റെ നാലിൽ മൂന്നു ഭാഗവും ജലമാണെങ്കിലും കുടിവെള്ളത്തിന് ലോകത്തിന്റെ പല ഭാഗങ്ങളിലും കടുത്തക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഭാരതത്തിൽ തന്നെ കുടിവെള്ളം വേണ്ടത്ര ലഭ്യമല്ലാത്ത നിരവധി ഗ്രാമങ്ങളുണ്ട്. ശുദ്ധജലത്തിന് ക്ഷാമം നേരിടുമ്പോൾ സമീപത്ത് കിട്ടുന്ന ഏതു തരം ജലവും നിത്യ ആവശ്യത്തിന് എടുത്ത് ഉപയോഗിക്കുവാൻ മനുഷ്യൻ നിർബന്ധിതനാകുന്നു. ഇതുമൂലം പകർച്ചവ്യാധികളും മറ്റു രോഗങ്ങളും പിടിപ്പെടാനും ഇടയാകുന്നു. ജലക്ഷാമം ഉണ്ടാകുമ്പോൾ അത്യാവശ്യം വേണ്ട പരിസരശുചീകരണവും നടക്കാതെ പോകുന്നു.

തന്മൂലം തീരാരോഗങ്ങളും മഹാദുരിതങ്ങളും മനുഷ്യനെ ഗ്രസിക്കുന്നു. അതേ സമയത്ത് തന്നെ ലഭ്യമായ ശുദ്ധജലത്തെ അലക്ഷ്യമായി ഉപയോഗിക്കുന്നവരും ഉണ്ട്. ഒരു വശത്ത് കുടിവെള്ളത്തിന്റെ ഉറവിടങ്ങളെ അറിഞ്ഞോ അറിയാതെയോ മനുഷ്യൻ മലിനമാക്കുന്നു. മറുഭാഗത്ത് ധൂർത്തടിക്കുന്നു. 70% രോഗങ്ങളും ശുദ്ധജലത്തിന്റെ അപര്യാപ്തതയും മലനീകരണവും കൊണ്ട് ഉണ്ടാവുന്നവയാണ്.

ശുദ്ധജലവും ആരോഗ്യപ്രദമായ പരിസരവുമാണ് വ്യക്തിയുടേയും സമൂഹത്തിന്റെയും ആരോഗ്യത്തെ നിയന്ത്രിക്കുന്ന ഘടകങ്ങളെന്ന വസ്തുത ഏറിയ പേർക്കും അറിവില്ല. അതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ഗ്രാമതലത്തിൽ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ആരോഗ്യമെന്ന മഹത്തായ ലക്ഷ്യം സാക്ഷാത്കരിക്കാൻ എല്ലാവർക്കും ശുദ്ധജലം എത്തിക്കുകയും പരിസര ശുചിത്വം സാർവ്വത്രികമാക്കുകയും വേണം. ഇതിന് സഹായകമായ പദ്ധതികൾ അനിവാര്യമായിത്തീർന്നിരിക്കുന്നു.

എല്ലാവർക്കും കുടിവെള്ളം എത്തിക്കുന്നതിനു വേണ്ടി കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തും ജനങ്ങളും ഒത്തൊരുമിച്ച് കാര്യക്ഷമമായി പ്രവർത്തിക്കണം. ശുദ്ധ ജലത്തിലൂടെയും ശുചിത്വത്തിലൂടെയും നല്ല ആരോഗ്യം എന്ന ലക്ഷ്യം ജനപങ്കാളിത്തത്തോടെ കൈവരിക്കുനതിനായി ആശയവിനിമയത്തിന്റെയും സംയുക്തപ്രവർത്തനത്തിന്റെ സാദ്ധ്യതകൾ കണ്ടെത്താൻ താല്പര്യമുള്ള എല്ലാ ജനങ്ങളെയും സന്നദ്ധ സംഘടനകളെയും സ്വാഗതം ചെയ്യണം.

ശുദ്ധജലം ലഭ്യമാക്കുന്നതോടൊപ്പം അത് പാഴാക്കിക്കളയാതിരിക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടിയും പരിസരശുചീകരണ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് നടപ്പിലാക്കണം. മലിനജലനിവാരണവും, ശുദ്ധജലവിതരണവും പരസ്പരപൂരകങ്ങളായ കാര്യങ്ങളാണ്. ശരിയായ രീതിയിൽ മലിനജലം നിർമാർജ്ജനം ചെയ്യുവാൻ സാധിക്കാതിരുന്നാൽ ജലവിതരണ സംവിധാനങ്ങളിൽ അശുദ്ധജലം വന്നു ചേരാൻ ധാരാളം സാദ്ധ്യതകളുണ്ട്. അതുകൊണ്ടുള്ള ആപത്ത് പറഞ്ഞറിയിക്കാൻ കഴിയാത്തവയാണ്. ശുദ്ധജലവിതരണ സംവിധാനം തന്മൂലം പ്രയോജനരഹിതമാകും കൊതുകും, രോഗം പരത്തുന്ന മറ്റു കീടങ്ങളും പെരുകുന്നതിനുള്ള സാഹചര്യം സംജാതമാകും.

എട്ടാം പഞ്ചവത്സരപദ്ധതിക്കാലത്ത് ഗ്രാമീണ ശുദ്ധജലവിതരണരംഘത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാൻ കഴിഞ്ഞുട്ടുണ്ടെങ്കിലും കിഴക്കേ കല്ലട ഗ്രാമത്തിന്റെ ഒരു ഭാഗത്തും ശുദ്ധജലം എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ള വസ്തുത ബോദ്ധ്യപ്പെടാവുന്നതാണ്.

ജീവൻ നിലനിർത്താനുള്ള അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ് ജലം. കിഴക്കേ കല്ലട ഗ്രാമം ജലം കൊണ്ട് സമ്പന്നമാണ്. ചിറ്റുമല ചിറയും കല്ലടയാറും നമ്മുടെ സ്രോതസ്സുകളിൽപ്പെടുന്നു. ഭൂമിയ്ക്കടിയിലും വലിയ ഒരു ജലശേഖരമുണ്ട്. കിണറുകളിലൂടെ ലഭിക്കുന്നത് ഈ ജലമാണ്. നമ്മുടെ ഗ്രാമത്തിലെ ജനങ്ങൾ കുടിവെള്ളത്തിനു വേണ്ടി വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. വെള്ളം ലഭിക്കുന്ന കിണറുകളിൽ ഓര് കലരുകയും ചെയ്യുന്നു. ജലക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി വാഹനങ്ങളിൽ വെള്ളം എത്തിക്കുന്നത് അവസാനിപ്പിക്കുകയും സ്ഥിരമായ ജല വിതരണപദ്ധതികൾ ഉണ്ടാവുകയും വേണം. നദി, തടാകം, ഉറവകൾ കുളങ്ങൾ, കുഴൽക്കിണറുകൾ, സാധാരണ കിണറുകൾ തുടങ്ങിയ നമ്മുടെ ഗ്രാമത്തിൽ തന്നെ ഉളന്മളതു കൊണ്ട് കുടിവെള്ള പ്രശ്നം പരിഹരിക്കാൻ വലിയ ബുദ്ധിമുട്ടുകൾ ഇല്ലെന്ന് പഠനങ്ങളിൽ നിന്ന് മനസ്സിലാക്കാക്കുന്നു.

നമ്മുടെ ഗ്രാമത്തിന്റെ പലഭാഗങ്ങളിലായി 15 പൊതുകിണറുകളുണ്ട്. ഇതിൽ പലതിലും വേനൽക്കാലത്ത് വെള്ളത്തിന്റെ അളവ് കുറയുന്നു. ഇതിന്റെ ആഴം കൂട്ടിയാൽ വേനൽക്കാലത്ത് ജലം ലഭിക്കും. കൂടാതെ പൊതു കിണർ കൂടുതൽ ആവശ്യമുള്ളതായി കാണുന്ന വാർഡുകളിൽ പുതിയതായി കിണർ കുഴിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കണം.

2. ഉപ്പൂട് എം.എം.എച്ച്.എസ്.നു് സമീപത്തുള്ള കുഴൽക്കിണറിൽ നിന്നും ലഭിക്കുന്ന ജലം പൈപ്പുകൾ വഴി കൂടുതൽ പ്രദേശത്ത് എത്തിക്കാൻ കഴിയണം. പത്ത് വാർഡുകളിലും കുഴൽ കിണറുകൾ കുഴിക്കുന്നതിനുള്ള നടപടികർ സ്വീകരിക്കണം.

3. തൊട്ടിക്കരയിൽ ഒരു ശുദ്ധജല സംഭരണവിതരണ പദ്ധതിയ്ക്ക് രൂപം കൊടുത്ത് നടപ്പിലാക്കിയാൽ കല്ലടയിലെ പകുതിയിൽ കൂടുതൽ പ്രദേശത്ത് ശുദ്ധജലം എത്തിക്കാൻ കഴിയും. ശുദ്ധജല വിതരണപദ്ധതി ആവിഷ്കരിക്കുമ്പോൾ പല പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ടിവരും. ഭീമമായ സാമ്പത്തിക ബാദ്ധ്യതകളാണ് ഇതിനുള്ളത്. അതോടൊപ്പം ഉപഭോക്താവിന്റെ ആവശ്യങ്ങൾ നിറവേറ്റുകയും വേണം> ശുദ്ധജലവിതരണ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണമെങ്കിൽ ഉപഭോക്താക്കളുടെ സഹകരണവും, പങ്കാളിത്തവും അത്യാവശ്യമാണ്.

4. കുണ്ടറ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നത് നന്നായിരിക്കും. പത്ത് വാർഡുകളിലും ടാപ്പുകൾ സ്ഥാപിക്കുമ്പോൾ ഗ്രാമവാസികളുമായി ആലോചിച്ച് തീരുമാനമെടുക്കണം.

5. തെങ്ങുവിളഭാഗത്ത് ഒരു ശുദ്ധജലപദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയാൽ കൂടുതൽ ജലം ലഭ്യമാകും. ഇപ്പോഴുള്ള നീരുറവ കഴിയുന്നതും വേഗത്തിൽ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

6. നമ്മുടെ ഗ്രാമത്തിലുള്ള എല്ലാ കോളനികളും പൊതു കിണർ കുഴിച്ച് പമ്പുസെറ്റ് സ്ഥാപിച്ച് ടാപ്പുകൾ വഴി ജലവിതരണം നടത്തുന്നതിന് ഒരു പദ്ധതി ഉണ്ടാവണം.

7. നമ്മുടെ ഗ്രാമത്തിൽ സാമ്പത്തികമായി പിന്നിൽ നിൽക്കുന്നവർക്ക് സ്വന്തമായി കിണറുകൾ കുഴിക്കുന്നതിനും നിലവിലുള്ള കിണറുകൾ ആഴം കൂട്ടുന്നതിനും അറ്റുകുറ്റപണികൾ ചെയ്യുന്നതിനും സാമ്പത്തിക സഹായം ചെയ്തു കൊടുക്കണം.

8. നമ്മുടെ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കുളങ്ങൾ ആഴം കൂട്ടി സംരക്ഷണഭിത്തികൾ കെട്ടി സൂക്ഷിച്ചാൽ വെള്ളം വേനൽക്കാലത്ത് വറ്റിപ്പോകാതിരിക്കുകയും പരിസരത്തുള്ള കിണറുകളിൽ ജലം ലഭിക്കുകയും ചെയ്യും. ഇതിനു ആവശ്യമായ നടപടികൾ ഉണ്ടാകണം.

9. കിഴക്കേ കല്ലട ഗ്രാമത്തിന്റെ വിവിധഭാഗങ്ങളിൽ നീരുറകൾ ഉണ്ട്. ഇത് സംരക്ഷിച്ചാൽ കൂടുതൽ ജലം ലഭിക്കും.

10. കല്ലടയാറ്റിൽ നിന്നും മണൽവാരുന്നതു മൂലം വേനൽക്കാലത്ത് ജലനിരപ്പ് താഴുന്നു. തന്മൂലം കണറുകളിലെ ജലനിരപ്പും താഴുന്നതായി കാണാൻ കഴിയും. ജലനിരപ്പ് താഴുന്നതോടെ ഉപ്പു വെള്ളം ആറ്റിലേക്കും അവിടെ നിന്നും കിണറുകളിലേക്കും വ്യാപിക്കുന്നു. അതുകൊണ്ട് മണൽവാരൽ നിയന്ത്രിക്കുന്തിനുള്ള നടപടികൾ എടുക്കണം.

11. മഴവെള്ളം ഒഴുകിപ്പോകാതെ മണ്ണിൽ പിടിച്ചത് നിർത്തുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തണം.

12. വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും കിണറുകളിലെ ജലം ക്ലോറിനേഷൻ നടത്തണം. ഇതിന് പൊതുജനാരോഗ്യ വുകപ്പിന്റെ സഹകരണം ഉറപ്പ് വരുത്തണം.

13. ഗ്രാമീണ ശുദ്ധജല പദ്ധതി നടപ്പിലാക്കുമ്പോൾ ഹരിജൻ കോളനികളിൽ ടാപ്പുകൾ സ്ഥാപിക്കുന്നതിന് പ്രത്യേക പരിഗണന കൊടുക്കണം.

പരിസര ശുചീത്വം

മനുഷ്യരാശിയുടെ ആരോഗ്യ പരിപാലനത്തിൽ പരിസരശുചിത്വം അത്യന്ത്യാപേക്ഷിതമാണ്. ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ നമ്മുടെ ഗ്രാമീണർക്ക് അത്യാവശ്യമായ കുടിവെള്ളം എത്തിക്കാനും മാലിന്യവസ്തുക്കൾ സംസ്കരണം നടത്താനു് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

1. പരിസരമലിനീകരണത്തിന് വലിയ ഒരളവ് വരെ ചപ്പു ചവറുകൾ കാരണമാകുന്നു. ഇവ ചീഞ്ഞളിഞ്ഞ് ദുർഗന്ധം വമിക്കുന്നത് നിമിത്തം ജലവും, വായുവും മലിനമാകുന്നു. പലതരം കീടങ്ങളും, രോഗാണുക്കളും ഇവയിൽ പെരുകുന്നു. ചപ്പുചവറുകൾ ശാസ്ത്രീയമായി നിർമാർജ്ജനം ചെയ്യേണ്ടത് ഒഴിച്ചു

കൂടാനാവാത്ത ഒരു ആരോഗ്യപ്രശ്നമാണ്. നമ്മുടെ പൊതു മാർക്കറ്റും, നിരത്തുകളും, വെയിറ്റിംഗ് ഷെഡുകളും വൃത്തിയായി സൂക്ഷിക്കുന്നില്ല. വൃത്തിയാക്കുന്നതിനുള്ള നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കണം. ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നത് നന്നായിരിക്കും.

2. പബ്ലിക് മാർക്കറ്റിനുള്ളിൽ വച്ച് കന്നുകാലികളെ കശാപ്പു ചെയ്യുന്നത് അവസാനിപ്പിക്കണം. മാലിന്യങ്ങൾ സംസ്കരിക്കാതെ മാർക്കറ്റിനുള്ളിൽ കിടക്കുന്നു. മാലിന്യങ്ങൾ നിർമാർജ്ജനം ചെയ്യേണ്ടത് അത്യാവശ്യമാണ്. പൊതുജനാരോഗ്യത്തെ കാര്യമായി ബാധിക്കുന്ന ഒരു പ്രശ്നമാണിത്. ആടുമാടുകളെ കശാപ്പു ചെയ്യുന്നതിനു വേണ്ടി കശാപ്പുശാല ഉണ്ടാക്കുകയും മൃഗഡോക്ടറുടെ സേവനം നിർബന്ധമാക്കുകയും വേണം. മാർക്കറ്റിനുള്ളിൽ മേൽക്കൂരയുള്ളതും തറ കഴുകിക്കളയുവാൻ പറ്റുന്ന രീതിയിലുമുള്ള ഷെഡുകൾ നിർമ്മിക്കണം. മലിനജലം ഒഴുകിപ്പോകുന്നതിനുള്ള ഓടകൾ സ്ഥാപിച്ച് മാർക്കറ്റ് സംരക്ഷിക്കണം.

3. മനുഷ്യന്റെ നിത്യജീവിതത്തിൽ ഏറ്റവും പ്രമുഖമായ ആവശ്യമാണ് വിസർജ്ജനം. മലമൂത്രവിസർജ്ജനം അലക്ഷ്യമായി നിർവഹിക്കുന്നത് വ്യക്തിയുടെയും, കുടുംബത്തിന്റെയും, സമൂഹത്തിന്റെയും ആരോഗ്യത്തെ ബാധിക്കുന്ന പ്രശ്നമാണ്. മലത്തിലൂടെ മാരകമായ രോഗാണുക്കൾ മറ്റുള്ളവരിലേക്ക് പകരാൻ ഇടവരും. ആരോഗ്യകരമായ കക്കൂസുകൾ എല്ലാ വീടുകളിലും ഉണ്ടായിരിക്കണം. കക്കൂസുകൾ ചിലവേറിയതാകണം എന്നില്ല.

4. മലിനജലം മനുഷ്യന്റെ ആരോഗ്യത്തോടു ദോഷകരമായി ബാധിക്കുമല്ലോ. കോളറ, വയറുകടി, അമീബിയാസിസ്, സന്നിപാതജ്വരം, വിരശല്യം, മഞ്ഞപ്പിത്തം, പിള്ളവാതം, തുടങ്ങിയവ ജലത്തിലൂടെ പകരുന്ന രോഗങ്ങളാണ്. ഈ രോഗങ്ങൾ നമ്മുടെ ഗ്രാമത്തിൽ ഉണ്ടാകാതിരിക്കാൻ ശുദ്ധജലം നമ്മുടെ ഗ്രാമത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കണം.

5. മലിനജലത്തിലാണ് കൊതുകൾ മുട്ടയിട്ടു പെരുകുന്നത്. ജലം സംഭരിച്ചു വയ്ക്കുന്ന തൊട്ടികളും, വലിയ പാത്രങ്ങളും, വെള്ളം കെട്ടികിടക്കുന്ന കുഴികളും എല്ലാം ആഴ്ചയിൽ ഒരു ദിവസം വറ്റിച്ച് ഉണക്കു ദിവസം ആചരിക്കണം. അതിനുള്ള ബോധവൽക്കരണ പരിപാടി ആവശ്യമാണ്. ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടു കൂടി കക്കൂസുകളുടെ വായു പൈപ്പുകൾ വലയിട്ടു മൂടുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാകണം.

6. നമ്മുടെ ഗ്രാമത്തിൽ ഇപ്പോൾ അമ്പതു ശതമാനം വീടുകളിലെ കക്കൂസുകൾ നിലവിലുള്ളു. അമ്പതു ശതമാനം ആളുകൾ തുറസ്സായ സ്ഥലങ്ങൾ മലവിസർജ്ജനത്തിനു വേണ്ടി ഇന്നും ഉപയോഗിക്കുന്നു. ഇത് ഒരു ആരോഗ്യപ്രശ്നം തന്നെയാണ്. ഇക്കാര്യത്തിൽ ഒരു സമഗ്രപരിപാടി തന്നെ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം. സാമ്പത്തിക പരാധീനതമൂലമാണ് ഗ്രാമവാസികൾ കക്കൂസുകൾ നിർമ്മിക്കാത്തത്. ഗ്രാമപഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണം.

7. മനുഷ്യൻ സാമൂഹ്യജീവിയാണ്. പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്. അശ്രദ്ധയും അജ്ഞതയും മൂലം ഇന്ന് പൊതു സ്ഥലങ്ങൾ മലമൂത്രവിസർജ്ജനം, ഉച്ഛിഷ്ടങ്ങൾ വലിച്ചെറിയൽ, പുകവലി, പാഴ്വസ്തുക്കളും, ഉപയോഗശൂന്യമായ വസ്തുക്കളും അലക്ഷ്യമായി വലിച്ചെറിയൽ എന്നിവയാണ് പൊതുസ്ഥലമലിനീകരണത്തിന് കാരണം. അതുകൊണ്ട് ഗ്രാമപഞ്ചായത്തിലെ പൊതുസ്ഥലങ്ങളിൽ കക്കൂസുകൾ, മൂത്രപ്പുരകൾ നിർമ്മിക്കുക, മാലിന്യങ്ങൾ ഇടുന്നതിനുള്ള വീപ്പകൾ സ്ഥാപിക്കുക, തുടങ്ങിയുള്ള കാര്യങ്ങൾ ചെയ്തു തീർക്കണം.

8. നമ്മുടെ ഗ്രാമത്തിലെ വ്യവസായശാലകളിൽ നിന്നും ബഹിർഗമിക്കുന്ന പുകയും മലിനീകരണം ഉണ്ടാക്കുന്നു. ഇത് ഗ്രാമവാസികളുടെ ആരോഗ്യത്തെ ബാധിക്കുന്നില്ല എന്ന് ഉറപ്പു വരുത്തണം. ദോഷകരമായത്

തടയുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാകണം. ഇക്കാര്യത്തിൽ പൊതു ജനാരോഗ്യപ്രവർത്തകർ ജാഗരൂകരായി ഇരിക്കണം. ശുദ്ധവായുവും, ശുദ്ധജലവും മനുഷ്യന്റെ ജന്മാവകാശമാണ്. ഇന്ത്യൻ ഭരണഘടന ഇത് ഉറപ്പുവരുത്തുന്നു.

9. സ്കൂളുകളിൽ ഖരമാലിന്യങ്ങൾ കുന്നുകൂടി കിടക്കാതിരിക്കാൻ കമ്പോസ്റ്റുകുഴികൾ നിർമ്മിക്കണം. തന്മൂലം ഈച്ചയുടെയും, കീടങ്ങളുടേയും വർദ്ധനവ് തടയാൻ കഴിയും.

10. ഭക്ഷണശാലകൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് കൊടുക്കുമ്പോഴും പുതുക്കുമ്പോഴും ആരോഗ്യവകുപ്പിന്റെ അഭിപ്രായം കൂടി ആരായണം. അവിടെ തൊഴിൽ ചെയ്യുന്നവരെ വൈദ്യപരിശോധനയ്ക്ക് വിധേയരാക്കണം.

11. ശബ്ദമലിനീകരണം ഗ്രാമത്തിന്റെ പല ഭാഗത്തും ഉണ്ടാകുന്നു. ഉച്ചഭാഷിണിയുടെ ഉപയോഗത്തിൽ നിയന്ത്രണങ്ങൾ ആവശ്യമാണ്.

12. ആഹാരസാധനങ്ങളിലെ മായം ചേർക്കൽ തടയുന്നതിന് കുറച്ചു കൂടി കാര്യക്ഷമമായ പ്രവർത്തനം ഉണ്ടാകണം.

13. മദ്യത്തിന്റെയും, പുകവലിയുടെയും, ലൈംഗീക ആസ്ക്തിയുടെയും പ്രചരണ പരസ്യങ്ങൾ നിരോധിക്കണം. ഉദാഹരണമായി ക്രിക്കറ്റ് പന്തുകൾ ചെന്ന് പതിക്കുന്ന സ്ഥലങ്ങളിൽ മദ്യത്തിന്റെയും, സിഗറ്റിന്റെയും കമ്പനികളുടെയും പരസ്യം ടെലിവിഷനിൽ കാണാൻ കഴിയുന്നു. ദിനപത്രങ്ങളിൽ മരുന്നു കമ്പനികളുടെ പരസ്യം സ്ഥിരമാണ്. ഫോട്ടോ സഹിതം പ്രത്യക്ഷപ്പെടുന്നു.

14. ഗ്രാമപഞ്ചായത്ത് അലഞ്ഞു തിരിയുന്ന പട്ടികളെ പിടിച്ച് നശിപ്പിച്ചാൽ മാത്രം പോരാ, വളർത്തുന്ന പട്ടികൾക്ക് ലൈസൻസ് കൂടി ഏർപ്പെടുത്തണം.

15. എലികളെ നശിപ്പിക്കുന്നതിന് പഞ്ചായത്തിൽ സമഗ്രമായ ഒരു പരിപാടി ആവിഷ്ക്കരിക്കണം.

തയ്യറാക്കിയത് : ആർ. രവീന്ദ്രൻനായർ
കെ. രാമചന്ദ്രൻനായർ

ഗതാഗതവും ഊർജ്ജവും

ഗതാഗതം

ഒരു നാടിന്റെ വികസനത്തിന് ഗതാഗത സൗകര്യങ്ങൾ വഹിക്കുന്ന പങ്ക് തിട്ടപ്പെടുത്താനാവത്തതാണ്. എന്നാൽ കഴിഞ്ഞ കുറേ കാലങ്ങളായി നമ്മുടെ വികസന സങ്കൽപം പശ്ചാത്താല സൗകര്യമായ റോഡിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. ഈ റോഡധിഷ്ഠിത വികസന പ്രവർത്തനം വിവിധ തുറകളിൽ ഉണ്ടാക്കുന്ന പ്രത്യാഘാതം പരിശോധിക്കാനുള്ള സമയം അധികരിച്ചിരിക്കുന്നു. കഴിഞ്ഞ ഏതാനും വർഷത്തെ നമ്മുടെ പഞ്ചായത്തിന്റെ മുഖ്യചിലവിനം റോഡിന്റെ നിർമ്മാണത്തിനും അറ്റകുറ്റപണിക്കും വേണ്ടിയുള്ളതായിരിക്കും എന്നത് നിസ്സംശയമാണ്. എന്നിരുന്നാലും നമ്മുടെ പഞ്ചായത്തിന്റെ വികസന ചരിത്രം നമ്മുടെ ഗതാഗതസൗകര്യവുമായി കോർത്തിണങ്ങിയിരിക്കുന്നു.

1953ൽ പഞ്ചായത്ത് രൂപീകൃതമായപ്പോൾ ടാർ ചെയ്ത റോഡുകൾ ഓണമ്പലം മുതൽ മാർത്തണ്ഡപുരം വരെ ഉണ്ടായിരുന്നുള്ളു. അതിന് വളരെ കാലത്തിനു ശേഷമാണ് മൂന്നുമുക്ക് പടപ്പുഴ റോഡ് നിലവിൽ വന്നത്. 1991ൽ പണിപൂർത്തിയായി തുറന്നുകൊടുത്ത കടപുഴപാലം നിലവിൽ വന്നതോടെ നമ്മുടെ പഞ്ചായത്തിലെ ഗതാഗതത്തിന് പുതിയ മാറ്റങ്ങൾ വന്നു. ദീർഘദൂര സർവ്വീസുകൾക്ക് പ്രയോജനകരമാകുന്ന ഈ പാലം പൂർണ്ണ അർത്ഥത്തിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. കൊട്ടിയത്തു നിന്നും ഭരണിക്കാവിലേക്ക് ഒരു ബൈപാസ് നിർമ്മിച്ചാൽ തിരുവനന്തപുരത്ത് നിന്നും എറണാകുളത്തേക്ക് ഏകദേശം 15 കിലോമീറ്റർ ലാഭിക്കാൻ സാധിക്കും.

റെയിൽ ഗതാഗതം ഇതുവരെ കിഴക്കേകല്ലട പഞ്ചായത്തിൽ നിലവിൽ വന്നിട്ടില്ല. ബസ്, ടാക്സി കാറുകൾ, ഓട്ടോ, തുടങ്ങിയവയാണ് പ്രധാനമായി യാത്രയ്ക്ക് ഉപയോഗിക്കുന്നത്. പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന റോഡ് ഏകദേശം 4 കിലോമീറ്റർ ദൂരം വരുന്ന കുണ്ടറ ഭരണിക്കാവ് റോഡിന്റെ ഭാഗമായിട്ടുള്ള ഓണമ്പലം കടപുഴ റോഡാണ്. റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അറ്റകുറ്റ പണികൾ യഥാസമയം നടക്കുന്നില്ല. വർഷകാലത്ത് മിക്ക റോഡുകളിലും വെള്ളം കെട്ടികിടക്കുന്നു. ഓടകളുടെ അഭാവമാണ് ഇതിനുകാരണം.

പട്ടിക - 1

പഞ്ചായത്തിലെ ടാർ റോഡുകൾ

ക്രമ നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം	വീതി	ബസ്/മറ്റ് യാത്ര സൗകര്യങ്ങൾ
1	ഓണമ്പലം - കടപുഴ	PWD	4KM	8M	ഉണ്ട്
2	മൂന്നുമുക്ക് - പടപുഴ	PWD	3KM	8M	ഉണ്ട്
3	ചിറ്റുമല - ഇടിയക്കടവ്	PWD	3KM	8M	ഉണ്ട്
4	കുരശ്ശടി - കിഴക്കേക്കര	പഞ്ചായത്ത്	630KM	6M	ഇല്ല
5	കൊച്ചുപ്ലാന്റ് - മുട്ടം	പഞ്ചായത്ത്	1450KM	6M	ഉണ്ട്
6	കാടുവിള - ശിങ്കാരപ്പള്ളി	പഞ്ചായത്ത്	1500KM	6M	ഉണ്ട്
7	പള്ളിയ്ക്കവിള - ഉപ്പൂട്	പഞ്ചായത്ത്	1KM	6M	ഉണ്ട്
8	പറപ്പള്ളിമുക്ക്- ചിക്കൽകടവ്	പഞ്ചായത്ത്	2KM	6M	ഉണ്ട്
9	ചിറ്റുമല - ബംഗ്ലാവി	പഞ്ചായത്ത്	1.47KM	6M	ഇല്ല
10	ചിറ്റുമലകിഴക്ക്5	പഞ്ചായത്ത്	760KM	6M	ഇല്ല

പ്രശ്നങ്ങൾ

റോഡ്നിർമ്മാണം

1. ടാർ റോഡുകളുടെ പ്രശ്നങ്ങൾ

നിലവിലുള്ള റോഡുകളുടെ അപര്യപ്തതയാണ് പ്രധാന പ്രശ്നം. മികച്ച യാത്രസൗകര്യത്തന് അനുയോജ്യമായ രീതിയിൽ റോഡുകൾ മെച്ചപ്പെടുത്തുക. അപകട കാരണങ്ങളായ വളവുകൾ, വീതികുറവ് എന്നീ പ്രശ്നങ്ങൾ പരിഗണിക്കണം. ചോതിരത്തിൽ പാലം പുതിക്കിപണിത് കുണ്ടറ ഭരണിക്കാവ് റോഡിന്റെ വീതികൂട്ടി പുനർനിർമ്മിച്ചാൽ ദീർഘദൂര സർവ്വീസുകൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

2. മെറ്റൽ റോഡുകളുടെ ശോചനീയാവസ്ഥ

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന നിർദ്ദേശങ്ങളിൽ പലതും നിലവിലുള്ള മെറ്റൽ റോഡുകളുടെ ശോചനീയാവസ്ഥ സൂചിപ്പിക്കുന്നതാണ്. ടാർ ചെയ്യുവാനുള്ള നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുള്ള റോഡുകളുടെ എണ്ണം അനവധിയാണ്.

പുതിയ മൺറോഡുകൾ

പുതിയ മൺറോഡുകൾ ജനപങ്കാളിത്വത്തോടെ നിർമ്മിക്കുന്നതിനും ധാരളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. പുതിയ മൺറോഡുകൾ നിർമ്മിക്കുന്നതോടൊപ്പം തന്നെ പഴയവയെ സംരക്ഷിച്ച് നിർത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നുള്ള നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ ഉയർന്നുവന്നു.

ദീർഘദൂര സർവ്വീസുകൾ

നമ്മുടെ പഞ്ചായത്തിലൂടെ ദീർഘദൂര സർവ്വീസുകൾ തുലോം കുറവാണ്. കടപുഴപാലം നിലവിൽ വന്നതോടുകൂടി തിരുവനന്തപുരം എറണാകുളം റൂട്ടിലുള്ള ദൈർഘ്യ കുറവ് ഉപയോഗപ്പെടുത്തി അർഹിക്കുന്നത്ര കൂടുതൽ സർവ്വീസുകൾ അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നുള്ള വിവരം മിക്ക ഗ്രാമസഭകളിലും ചർച്ചചെയ്യപ്പെട്ടു.

ജലഗതാഗതം

ജലഗതാഗതം കല്ലട പഞ്ചായത്തിൽ പൂർണ്ണമായി ഉപയോഗപ്പെടത്താൻ കഴിഞ്ഞിട്ടില്ല. മുൻപ് കടപുഴ വരെ ഉണ്ടായിരുന്ന ബോട്ട് സർവ്വീസ് നിർത്തലാക്കി അത് പുനഃസ്ഥാപിക്കുവാൻ വേണ്ടുന്ന നടപടികൾ കൈക്കൊള്ളണം.

ഏഴാം വാർഡിൽ മുട്ടവും കൊടുവിള കണാവിൽ കടവുമായി ബന്ധിപ്പിക്കുന്ന കടത്തുവള്ളം സർവ്വീസ് ആരംഭിക്കാൻ നിർദ്ദേശിക്കുന്നു. മൺട്രോതുരുത്തും ശിങ്കാരപ്പള്ളിയും ബന്ധിപ്പിക്കുന്ന കടത്തുവള്ളം പഞ്ചായത്ത് ചുമതലയിൽ ഏർപ്പെടുത്തുക.

പഞ്ചായത്തിലൂടെയുള്ള റോഡുകളെ സംബന്ധിച്ച വിവരങ്ങൾ

(പഞ്ചായത്ത് രജിസ്റ്ററിൽ നിന്നും ലഭിച്ചത്)

(ദൂരം മീറ്ററിൽ)

Ward	കച്ച	പക്ക	മെറ്റൽ	പഞ്ചായത്ത് (ടാർചെയ്ത)	PWD	NH	മറ്റുള്ളവ	ആകെ
1		5.750	1,200	1000	1500 m			9445
2		3075		2000	750			5825
3		3731	1250					4981
4	1040	4455						5495
5		4765			1000			5765
6		1825		1500	800			4125
7		2980		1450	800			5230
8		4355		630	1000			5965
9		2580		1470	1700			5750
10		4705		760				5465

ഗ്രാമസഭകളിൽ നിർദ്ദേശം വന്ന റോഡുകൾ

വാർഡ്	നിർദ്ദേശിക്കുന്ന റോഡ്	ദൂരം
I	കണ്ണൻമൂല - പടപുഴറോഡ് (ചിറയരികിൽകൂടി)	750 m
	തോട്ടത്തുവിള - മനത്തുമുക്ക്	750 m
	പടപുഴ - കോട്ടപ്പുറം	300 m
	പുളിയിൽമുക്ക് - മൂന്നുതേക്കിനൽമുക്ക്	
	കുളങ്ങരമുക്ക് - കുന്നുമ്മേൽ സ്ക്കൂൾ	
	തുണ്ടിൽമുക്ക് - ഭരണിക്കാവ് അമ്പലം	
	തോപ്പിൽമുക്ക് - ആറ്റുവരമ്പ് അവസാനം വരെ	100 m
	മേട്ടേമുക്ക് - മാവണ്ണൂർമുക്ക്	1 k.m
	ചീക്കൽക്കടവ് - ചെറുപൊയ്ക	
	അകാലത്തുമുക്ക് - വള്ളിയിൽഭാഗം - ചീക്കൽക്കടവ്	1½ k.m
	പാട്ടടിമുക്ക് - ചീക്കൽക്കടവ്	
	പള്ളിക്കവിള - ഉപ്പൂട്	
II	പറപ്പള്ളിമുക്ക് - ചീക്കൽക്കടവ്	
	നിലമേൽസ്ക്കൂൾ - പൈങ്ങാവേലി	
	മാതുവള്ളി - ജയന്തികോളിനി	
	ആലുവിള - ആറ്റുവരമ്പ്	
	നിലമേൽ - മാവൂർമുക്ക്	
III	വാറൂർ - കുറ്റിക്കണ്ടം	
	പുളിവേലിൽ - മേപ്പള്ളിൽ - കോയിപ്പുറത്ത്മുക്ക്	
	കടപുഴ ജംഗ്ഷൻ - മുട്ടാറ് - വാറൂർമുക്ക്	
	കുളങ്ങരമുക്ക് - ആറ്റുവരമ്പ്	
	കോയിപ്പുറത്ത് തോപ്പിൽമുക്ക് - ശ്രീനാരായണ ക്ഷേത്രം	
	കുരങ്ങിക്കരമുക്ക് - കോയിപ്പുറം	
	കണത്താടിൽമുക്ക് - കുറ്റിക്കണ്ടം	
	പുതുക്കുളത്ത്മുക്ക് - ഇടത്തോട്	
	മാർത്താണ്ഡപുരം ബസ്സ്റ്റാന്റ് - നെടിയാട്ട്	
IV	മാർത്താണ്ഡപുരം - മൂഴിറോഡ്	3 k.m
	ചോതിരം - അമ്പിത്തോട് റോഡ്	½ k.m
	കിഴക്കേകല്ലട മാർക്കറ്റ് - C. V. K. M. H. S. റോഡ്	1½ k.m
	ഇലവൂർക്കാവ് - കാളുതറകോളനി റോഡ്	
	ഗുരുമന്ദിരം - കുന്നുതറ റോഡ്	2½ k.m
	മാർക്കറ്റിന്പടിഞ്ഞാറ് - കുന്നുതറ - വരിച്ചേരി റോഡ്	
V	വരിച്ചേരി - മുഴിക്കലങ്ക്റോഡ്	
	നെച്ചാറചെരുവിൽ നിന്നും - തോട്ടുവരമ്പ് റോജ്	
	മുക്കടമുക്ക് - ഇടിയക്കടവ്റോഡ്	
	പള്ളിക്കൽമുക്ക് - തെന്നൂർമുക്ക്റോഡ്	

	കോടിയാട്ട്മുക്ക് - മഠത്തിൽ താഴെ റോഡ് ശിവക്ഷേത്രം - പാറപ്പുറം കോളനിറോഡ് കായൽവാരത്തുമുക്ക് - കാവിൽക്കുന്ന്റോഡ് ഉപഹാരമാത ജംഗ്ഷൻ - കണാവിൽകടവ് റോഡ് പാറപ്പുറംകോളനി - മൂഴിക്കലങ്ക് റോഡ് വരിച്ചേരി - പള്ളിയാടിമുക്ക് - കാവിൽമുകൾ റോഡ് മൂഴിക്കലങ്ക് - കണിയാംകുന്ന് റോഡ്	100 m
VI	പത്തംമ്പള്ളി - കോണുവിളറോഡ് ലക്ഷംവീട് - കക്കാടുകടവുറോഡ് അമ്പലമുക്ക് - തേക്കുവിളറോഡ് മണക്കടവ് - മൂഴിയാറ്റുവരമ്പ് റോഡ് മണക്കടവ് - ഓണമ്പലം തീരദേശറോഡ്	
VII	കൊച്ചുപ്ലാംമൂട് - കണ്ണങ്കര പൊയ്കറോഡ് C.V.K.M.S.H.S. തെക്കുവശം - അമ്പുവിളറോഡ് പ്ലാവിള - കായലുവാരം റോഡ് ആറുമുറിക്കട - നാവുംകര ഏലാറോഡ് പന്നപ്ലാവിള - കുറത്തറ പൊയ്ക റോഡ്	
VIII	കക്കാടൻമുക്ക് - വരിച്ചേരിറോഡ് പുത്തൻപുരമുക്ക് - പെരിങ്ങരറോഡ് മേട്ടേമുക്ക് - മാവണ്ണൂർമുക്ക് L. M. S. ജംഗ്ഷൻ - തെക്കേമുറി വള്ളിറോഡ് ഹൈസ്ക്കൂൾ ജംഗ്ഷൻ - മുട്ടംകോളനിറോഡ് ചിറ്റുമലപാറപ്പുറം - കൊട്ടാരത്തുവിള റോഡ് ചാരുവിളമുക്ക് - മലവിളറോഡ് ഒരിപ്പൻചാൽ - പെരിങ്ങററോഡ് ഹെൽത്ത്സെന്റർ - പാറപ്പുറം - ഒലിപ്പൻചാൽ റോഡ് മുള്ളൻചാണിൽനിന്നും - സോസൈറ്റിറോഡ്	
IX	രണ്ടുറോഡ്മുക്ക് - കായൽവാരം റോഡ് തുണ്ടുവിള - പറങ്കിമാംവിള റോഡ് ചിറ്റുമല - ബംഗ്ലാവിൽ ചരുവിൽറോഡ് കൊട്ടാരത്തുവിള - L.M.S ജംഗ്ഷൻ റോഡ് രണ്ടുറോഡ് - പറപ്പള്ളിൽ വിളറോഡ് ഒലിപ്പൻചാലിൽ - ധർമ്മക്കുഴി റോഡ്	
X	തൊട്ടിക്കരതാഴമുതൽ - I.T.I ജഗ്ഷൻ റോഡ് നിലമേൽ - കായിക്കട റോഡ് ചിറ്റുമല പാൽ സോസൈറ്റി - നിലമേൽ റോഡ് ഗുരുമന്ദിരം - കായിക്കട റോഡ് പ്ലാമൂട് ജംഗ്ഷൻ - ചിറ്റുമലകിഴക്ക്	

ഊർജ്ജം

ഒരു പ്രദേശത്തിന്റെ സർവ്വതോന്മുഖമായ അഭിവൃത്തിക്ക് നിദാനം വൈദ്യുതിയാണ്. സംപുഷ്ടമായ ഒരു വൈദ്യുതിമേഖല ഉണ്ടെങ്കിൽ ആസംസ്ഥാനം, സാമ്പത്തികമായും, വ്യവസായിക മായും അനുദിനം വളരുന്നു. കേരളത്തിൽ വൈദ്യുതി ക്ഷാമം ഒരു ശാപമമാണ്. പരിസ്ഥിതിയിലും പരിസരമലിനീകരണത്തിലും കുടുങ്ങികിടക്കുന്ന കേരളത്തിന്റെ ഊർജ്ജ സ്രോതസ്സുകൾ ജനങ്ങൾക്കും ദേശത്തിന് ഉതകത്തക്കരീതിയിൽ ആശാസ്ത്രീയമായ പദ്ധതികളിലൂടെ തിരിച്ചു വിടുകയും, ജനനന്മയ്ക്കു വേണ്ടി വിനിയോഗിക്കുകയും ചെയ്യുക എന്നതാണ് പരമപ്രധാനമായ ലക്ഷ്യം. വരാനിരിക്കുന്ന ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ വൈദ്യുതിക്ക് പ്രാമുഖ്യം കൊടുത്തു കൊള്ളുന്ന ഒരു രൂപരേഖയും പ്രവർത്തനവും ഉണ്ടാകട്ടെ എന്ന് നമുക്കെല്ലാം ആഗ്രഹിക്കാം.

1972-ലാണ് കിഴക്കേ കല്ലടയിൽ ഒരു ഇലക്ട്രിസിറ്റി സെക്ഷൻനാഫീസ് രൂപീകൃത മാകുന്നത്. അന്ന് ചീഫ് എൻജിനീയരായ ശ്രീമാൻ ആർ.എസ്. വാര്യർ കിഴക്കേ കല്ലടയിൽ വാര്യത്ത് കുടുംബത്തെ ബന്ധുവായ തിനാൽ അസ്വാധീനം ഉപയോഗിച്ച് നേടിയെടുത്തതാണ് ഇപ്പോഴുള്ള സെക്ഷനാഫീസ്. അന്ന് ഇവിടെ തന്നെ ബില്ലിംഗ് സമ്പ്രദായം നിലവിലുണ്ടായിരുന്നു. പിൽക്കാലങ്ങളിൽ അത് വേണ്ടെന്നു വയ്ക്കുകയും എഴുകോൺ മേജർ സെക്ഷന്റെ അധികാരപരിധിയിലുള്ള ഒരു സാറ്റ് ലൈറ്റ് ആഫീസറായി തരം താഴ്ത്തുകയും ചെയ്തു. അന്നുമുതൽ തന്നെ വാടകകെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന സെക്ഷനാഫീസ് ഇന്നും വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ സെക്ഷനാഫീസിന്റെ കീഴിൽ മുളവനയും, മൺട്രോതുരുത്തും ഒരു ഓവർസീയർ ഓഫീസുകൾ സ്ഥാപിതമായി എന്നതൊഴിച്ചാൽ ഓഫീസിന്റെ കാര്യത്തിൽ വലിയമാറ്റങ്ങൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല. ആയതിനാൽ ഒൻപതാം പഞ്ചവത്സരപദ്ധതിയിൽ സ്വന്തമായി സ്ഥലവും അതിൽ ഓഫീസകെട്ടിടവും നിർമ്മിക്കുയും മേജർ സെക്ഷനായി ഉയർത്തുകയും വേണം.

കിഴക്കേ കല്ലടയിലേക്ക് വൈദ്യുതി എത്തിക്കുന്നത് കുണ്ടറ 110 KV സബ്സ്റ്റേഷനിൽ നിന്നും സിനിമാപറമ്പ് 110 KV സബ്സ്റ്റേഷൻ മുഖേന്തിരവുമാണ്. ഈ രണ്ടു ഭാഗത്തു നിന്നും വൈദ്യുതി കിഴക്കേ കല്ലടയിൽ എത്തിച്ചേരുമ്പോൾ പ്രസരണ നഷ്ടം ഉണ്ടാകുന്നു. ആയതിനാൽ വോൾട്ടേജ് ക്ഷാമം കൂടുതലായി അനുഭവപ്പെടുന്നു. ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു 110 KV സബ്സ്റ്റേഷൻ കല്ലടയിൽ സ്ഥാപിക്കണം. കിഴക്കേ കല്ലടയോട് അടുത്തുള്ള പവിത്രേശ്വരം, മൺട്രോതുരുത്ത് പേരയം, എന്നീ പഞ്ചായത്തുകൾക്കു മുഴുവനായും, കുന്നത്തൂർ, പടിഞ്ഞാറെകല്ലട, എന്നീ, പഞ്ചായത്തുകൾക്കു ഭാഗികമായും പ്രയോജനം ലഭിക്കും. പള്ളം, കുണ്ടറ 110 KV ലൈൻ കിഴക്കേ കല്ലട, ചിറ്റുമല ചിറയിൽ കൂടിയാണ് കടന്നു പോകുന്നത്. പ്രസ്തുത ലൈനിന് അടിയിലായി ചിറ്റുമലചിറയിൽ ആവശ്യമായി ഭൂമി ഇതിനു വേണ്ടി വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാതെ കണ്ടെത്താവുന്നതാണ്. കിഴക്കേ കല്ലടയുടെ വ്യവസായിക വളർച്ചയ്ക്ക് ഇങ്ങനെ ഒരു സബ് സ്റ്റേഷൻ സ്ഥാപിതമാകുന്നത്. ഗുണകരമാണ്. കിഴക്കേ കല്ലടയിൽ ഊർജ്ജോല്പാദനമേഖലകളുടെ സാദ്ധ്യത തള്ളിക്കളയാവുന്നതല്ല.

1. ചകിരിച്ചോറിൽ നിന്നും വൈദ്യുതി ഉല്പാദിയ്ക്കാമെന്ന് കണ്ടുപിടിച്ചു. മൺട്രോതുരുത്ത് പടിഞ്ഞാറെ കല്ലട, പേരയം, എന്നീ പഞ്ചായത്തുകളിൽ ചകിരിച്ചോറ് സുലഭമായി ലഭിക്കുന്നു. കിഴക്കേ കല്ലട കേന്ദ്രമാക്കി, കല്ലടയാറ്റിന്റെ തീരത്ത് ഇതിനു വേണ്ടിയുള്ള ഒരു പ്രോജക്ട് സ്ഥാപിക്കാവുന്നതാണ്.

2. ചിറ്റുമലചിറയിൽ തന്നെ സൂര്യതാപത്തിൽ നിന്നുമ വൈദ്യുതി ഉല്പാദിയ്ക്കാവുന്ന ഒരു പദ്ധതി ആരംഭിച്ചാൽ ചിറ്റുമലയിലും, പരിസരത്തും വൈദ്യുതി ലഭ്യമാക്കാൻ കഴിയും.

3. ചിറ്റുമലയിൽ കുന്നുംപറത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയെപ്പറ്റി ആലോചിയ്ക്കാവുന്നതാണ്. ചിറ്റുമലചിറയിൽ നിന്നും എപ്പോഴും നല്ല കാറ്റുവീശുന്നതിനാൽ

കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ചു, വൈദ്യുതി ലഭ്യമാക്കാവുന്നതാണ്.

4. കല്ലട പഞ്ചായത്ത് കേന്ദ്രമാക്കി ഒരു പാചക വാതക/ഗ്യാസ് ഏജൻസി പൊതു മേഖലയിൽ തുടങ്ങുവാൻ അടിയന്തിര നടപടി സ്വീകരിക്കണം.

5. പാചകവശ്യങ്ങൾക്ക് ഇപ്പോൾ കൂടുതൽ ജനങ്ങൾ ആശ്രയിക്കുന്നത് വിറകാണ്. ഭക്ഷ്യത കൂടിയ പാചക അടുപ്പുകൾ പഞ്ചായത്തതൃർത്തിയിലുള്ള വീടുകളിൽ പ്രചാരത്തിൽ വരുവാൻ വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

6. മണ്ണെണ്ണ ഉപയോഗിച്ചുള്ള പാചകം വളരെ കുറവാണ്. മണ്ണെണ്ണയുടെ വില വർദ്ധനവും ലഭ്യതകുറവും കാരണങ്ങളാണ്.

വോൾട്ടേജ് ക്ഷാമവും പരിഹാരമാർഗ്ഗങ്ങളും

വൈദ്യുതിയുടെ വിതരണത്തിൽ വോൾട്ടേജ് ക്ഷാമം കല്ലട പഞ്ചായത്തിന്റെ മിക്ക വാർഡുകളിലും അനുഭവപ്പെടുന്നുണ്ട്.

1. ചിറ്റുമല, പുഞ്ചകൃഷി സീസണലായി മോട്ടോർ സ്ഥാപിക്കുകയും അതു പ്രവർത്തിപ്പിക്കുവാൻ താല്ക്കാലിക കണക്ഷൻ കൊടുക്കുകയും ചെയ്യുക പതിവാണ്. എന്നാൽ ചിറ്റുമലയിൽ നിന്നും ഏകദേശം 300 m 11 KV ലൈൻ വലിച്ച് നടവരമ്പിന്റെ സൈഡിലായി, ഇത്തിക്കുന്ന് ഭാഗത്ത് ഒരു 100 KV ട്രാൻസ്ഫോർമർ സ്ഥാപിച്ചാൽ യൂറോപ്യൻ സാമ്പത്തിക സഹായത്താൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന 50 HP മോട്ടോർ ഇതുമൂലം പ്രവർത്തിയ്ക്കാൻ കഴിയും, ചെമ്പു പാടശേഖരം നിലമേൽ ഭാഗത്തുള്ളപാടങ്ങൾ, എന്നിവയ്ക്ക് ജലസേചനം നടത്താൻ കഴിയും. ചിറ്റുമല ചിറയയിൽ തുരുത്ത് കെട്ടി ശേഖരിക്കുന്ന വെള്ളം നടുത്തോട്ടിലേക്ക് പമ്പു ചെയ്തു കൃഷിയ്ക്ക് ജലസേചനം നടത്താൻ കഴിയും.

2. ചിറ്റുമല നിന്നും കൊടുവിള റോഡിൽ കുരിശ്ശടി മുക്കിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ചാൽ എട്ടാം വാർഡിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കഴിയും.

പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും, വൈദ്യുതി എത്തിച്ചേർത്തിട്ടുണ്ടെന്നാണ് ഇലക്ട്രിസിറ്റി ഓഫീസിൽ നിന്നും അറിയാൻ കഴിഞ്ഞത്.

എന്നാൽ, ഒന്നാം വാർഡിൽ കണ്ണൻമൂല മുതൽ പടപുഴ വരെയുള്ള ലൈനിൽ ഒരു നൂറുമീറ്റർ സ്ഥലത്ത് ലൈൻ വലിയ്ക്കണം. ഒന്നാം വാർഡിൽ കുന്നിൻമേൽ സ്കൂളിന് തെക്കുവശത്തു കൂടി P. H. സെന്റർ വരെ തെരുവ് വിളക്കുകൾ സ്ഥാപിയ്ക്കണം.

ഭരണിക്കാവ് അമ്പലം മുതൽ കിഴക്കോട്ട് ആമ്പാടി വീട്ടിന് മുൻവശം വരെ പുതിയ ലൈൻ വലിച്ച് ഒന്നിടവീട്ടിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം. മനയത്ത് കാവിനടുത്തു നിന്നും വടക്കോട്ട് ആറ്റുവരമ്പു വരെ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം. മനയത്ത് കാവിനും തുണ്ടിൽ വീടിനും ഇടയിൽ ഏകദേശം 100 മീ. ലൈൻ വലിച്ച് ഒന്നിടവിട്ടുള്ള പോസ്റ്റിൽ ലൈറ്റു സ്ഥാപിക്കണം. മങ്കാടിൽ ജംഗ്ഷൻ മുതൽ വള്ളിയിൽ വീട്ടിലേയ്ക്കുള്ള ലിങ്ക് റോഡ് ലൈൻ വലിച്ച് ലൈറ്റുകൾ സ്ഥാപിക്കുക. നിലമേൽ യേശുദാസമന്ദിരം മുതൽ ജയന്തി കോളനിയിലേയ്ക്കുള്ള റോഡിൽ ലൈൻ വലിച്ച് ലൈറ്റുകൾ സ്ഥാപിക്കുക.

പുളിന്ത്രക്കാട്ടിൽ ഭാഗം, എലിത്തോലിൽ ഭാഗം, കവരുമുട്ടത്തു ഭാഗം എന്നിവിടങ്ങളിലേയ്ക്ക് ലൈൻ വലിച്ച് ലൈറ്റു സ്ഥാപിക്കുക.

അമ്പിത്തോട്ടു ഭാഗത്തും, ഗുരുമന്ദിരത്തിനു പടിഞ്ഞാറു ഭാഗത്തും ലൈൻ വലിച്ച് വഴിവിളക്കുകൾ സ്ഥാപിക്കുക. എലവൂർ കാവിന് പടിഞ്ഞാറുവശത്തു നിന്നും കാളുതാ കോളനി വരെ ലൈൻ വലിച്ച് വഴിവിളക്കുകൾ സ്ഥാപിക്കുക.

മൂഴിയിൽ കലങ്കുമുതൽ പരിയാരം മഠത്തിൽ താഴെ വരെ ലൈൻ വലിച്ച് വഴി

വിളക്കുകൾ സ്ഥാപിക്കുക. മാമൂട്ടിൽ മുക്കു മുതൽ സ്കൂൾ വരെ ലൈൻ വലിച്ച് ലൈറ്റുകൾ സ്ഥാപിക്കു.

ആനക്കൂഴി പൊതുകുളത്തിലേയ്ക്കു ലൈൻ വലിച്ച് ലൈറ്റു സ്ഥാപിക്കുക.

ഓഡിനറി ബൾബുകൾക്കു പകരം ദക്ഷത കൂടിയ C.F.L. ബൾബുകൾ വാങ്ങി ഉപയോഗിക്കുക.

സ്ട്രീറ്റു ലൈറ്റുകളുടെ വൈദ്യുതി ചാർജ്ജ് മീറ്റർ ഘടിപ്പിച്ച് യൂണിറ്റടിസ്ഥാനത്തിൽ ബോർഡിനു നൽകുക. ബയോഗ്യാസ് പ്ലാന്റുകൾ കൂടുതലായി സ്ഥാപിക്കുക. വീടുകൾ തോറും പരിഷത്ത് അടുപ്പുകൾക്ക് സബ്സിഡി അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് ഇന്നയിച്ചിരിക്കുനനത് എട്ടാം വാർഡിവും വൈദ്യുതി ലൈനിന്റെ ആവശ്യവും വോൾട്ടേജ് ക്ഷാമത്തിന്റെ പരാതികളും ഉന്നയിച്ചിട്ടുണ്ട്.

ചരുവിള മുക്കിൽ നിന്നും ലൈൻ വലിച്ച് മുകളിലോട്ടുള്ള വീടുകൾക്ക് വൈദ്യുതി വിതരണം നടത്തണം. കൊട്ടാരത്തുവിള ജംഗ്ഷൻ തെക്ക് കായൽവാരം വരെ ലൈൻ വിലച്ച് ഒന്നിടവിട്ടുള്ള പോസ്റ്റിൽ വഴി വിളക്കുകൾ സ്ഥാപിക്കുകയും, വീടുകൾക്ക് വൈദ്യുതി വിതരണം നടത്തുകയും ചെയ്യുക.

പത്താം വാർഡിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ വേണ്ടിയാണ്, ചിറ്റുമല ചിറവരമ്പിൽ സ്ഥാപിതമാകുന്ന ട്രാൻസ്ഫോർമറു കൊണ്ടു സാധിക്കുന്നതാണ്. പട്ടോടിമുക്കിൽ നിന്നും വടക്ക് പഴഞ്ഞിയിൽ വാതുക്കൽ ഒരു ട്രാസ്ഫോർമർ സ്ഥാപിക്കണം.

വഴിവിളക്കുകൾ

വള്ളിയിൽ മുക്കുമുതൽ മുഞ്ഞിപ്പുറം മുക്കു വരെ ലൈൻ വലിച്ച് വഴിവിളക്കുകൾ സ്ഥാപിക്കണം. കൈലാത്തുമുക്കുമുതൽ ഭരണിക്കാവ് ക്ഷേത്രം വരെ ഒന്നിടവിട്ട്ള്ള പോസ്റ്റുകളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിയ്ക്കണം.

മുന്നു തെങ്ങിനാൽ മുക്കുമുതൽ പുര ള്ളിയിൽ മുക്കു വരെ സ്ട്രീറ്റുലെയിൻ വലിച്ച് ഒന്നിടവിട്ടുള്ള പോസ്റ്റുകളിൽ വഴിവിളക്കുകൾ സ്ഥാപിക്കണം.

വെള്ളിയോട്ടുമുക്കുമുതൽ മണപ്പുറത്തു വീടു വരെയുള്ള ഭാഗത്ത് സ്ട്രീറ്റുലെയിൻ വലിച്ച് ഒന്നിടവിട്ട്ള്ള പോസ്റ്റുകളിൽ ലൈറ്റുകൾ സ്ഥാപിക്കണം.

തോപ്പിൽ വാതുക്കൽ സ്ഥാപിയ്ക്കാനുദ്ദേശിക്കുന്ന ട്രാൻസ്ഫോർമർ എത്രയും വേഗം സ്ഥാപിയ്ക്കണം. കണ്ണൽ മൂല നിന്നും പടപുഴ വരെയുള്ള ലൈനുകളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക. വേരാണ്ണൂർ മുക്കുമുതൽ ആറ്റുവരമ്പു വരെ JRY സ്ട്രീറ്റിൽ പണിതു കൊണ്ടിരിക്കുന്ന പുതിയ റോഞ്ചിന്റെ പണിപൂർത്തിയാക്കി ജനങ്ങൾക്ക് തുറന്നു കൊടുക്കുകയും, റോഡനു നടുവിൽ നില്ക്കുന്ന പോസ്റ്റുകൾ സൈഡിലേയ്ക്കു മാറ്റി സ്ഥാപിക്കുകയും ചെയ്യുക.

ഹെൽത്ത് സെന്ററിനു മുന്നിൽ ഒരു ട്യൂബ് ലൈറ്റു സ്ഥാപിയ്ക്കണം. മനയത്ത് മുക്കിൽ ഒരു ട്യൂബ് ലൈറ്റു സ്ഥാപിയ്ക്കണം. കുഴിവിളയിൽ ജംഗ്ഷൻ മുതൽ മനയത്ത് മുക്ക് വരെ ഒന്നിടവിട്ടുള്ള പോസ്റ്റിൽ ട്യൂബ് ലൈറ്റു സ്ഥാപിയ്ക്കണം.

ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ സൈഡിലുള്ള ലൈനിൽ ഒന്നിടവിട്ടുള്ള പോസ്റ്റിൽ ലൈറ്റുകൾ സ്ഥാപിയ്ക്കണം. ആറ്റുപുറത്ത് ജംഗ്ഷനിൽ ഒരു ട്യൂബ് ലൈറ്റ് സ്ഥാപിയ്ക്കണം കുന്നംകുടി വീട്ടിനുമുന്നിൽ ഒരു ട്യൂബ് ലൈറ്റ് സ്ഥാപിക്കണം. കുളത്തുംങ്കര വടക്കു വശത്തു നിന്നും നിലമേൽ സ്കൂൾ ജംഗ്ഷൻ വരെയുള്ള റോഡിൽ ഒന്നിടവിട്ടുള്ള പോസ്റ്റിൽ വഴി വിളക്കുകൾ സ്ഥാപിക്കണം. മങ്കാട്ടിൽ ജംഗ്ഷൻ മുതൽ ചാലിൽ വീട്ടിലേയ്ക്കുള്ള ലിങ്ക് റോഡിൽ വഴി വിളക്കുകൾ സ്ഥാപിക്കണം. മങ്കാട്ടിൽ ജംഗ്ഷൻ മുതൽ വള്ളിയിൽ കോളനി വരെയുള്ള റോഡിൽ ഒന്നിടവിട്ടുള്ള പോസ്റ്റിൽ വഴി വിളക്ക് സ്ഥാപിക്കുക.

അപക്സ് കോളേജ് മുതൽ മൊറണോൺ ഭാഗത്തേക്കുള്ള റോഡിൽ വഴിവിളക്കുകൾ സ്ഥാപിക്കുക. ചോതിരത്തിൽ പാലത്തിനു വടക്കു വശത്തു നിന്നും അമ്പിത്തോടു വരെയുള്ള റോഡ്

ഗതാഗതയോഗ്യമാക്കി ഒന്നിടവിട്ടുള്ള പോസ്റ്റിൽ വഴി വിളക്കുകൾ സ്ഥാപിക്കുക. ഗുരുമന്ദിരം മുതൽ പടിഞ്ഞാറോട്ട് കുന്നുതറ കോളനി വരെ റോഡ് നിർമ്മിച്ച് വഴി വിളക്കുകൾ സ്ഥാപിക്കണം കിഴക്കേ കല്ലട ചന്തമുക്കിൽ നിന്നും C.V.K.M. സ്കൂൾ വരെ റോഡ് നിർമ്മിച്ച് ഒന്നിടവിട്ടുള്ള പോസ്റ്റുകളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കണം.

എലവുർകാവിനു പടിഞ്ഞാറു വശം മുതൽ കാളുതറ കോളനിയിലേക്ക് റോഡ് നിർമ്മിച്ച് 500 മീറ്റർ ലൈൻ വലിച്ച് വഴിവിളക്കുകൾ സ്ഥാപിയ്ക്കണം. അമ്പിത്തേടു ഭാഗത്ത് തറയിൽ പടിഞ്ഞാറു ഭാഗത്തും നടപ്പാതവികസിപ്പിച്ച് ലൈൻ പിടിച്ച് വഴിവിളക്കുകൾ സ്ഥാപിയ്ക്കണം.

മാർത്താണ്ഡപുരം മുതൽ മൂഴികലക്കു വരെ ഒന്നിടവിട്ടുള്ള പോസ്റ്റുകളിൽ ട്യൂബ് ലൈറ്റ് സ്ഥാപിയ്ക്കണം. ഇടിയക്കടവു പള്ളിക്കു സമീപം ഉള്ള ട്രാൻസ്ഫോർമറിനടുത്ത് ഒരു ട്യൂബ് ലൈറ്റ് സ്ഥാപിയ്ക്കുക.

മഹാദേവക്ഷേത്രത്തിനു പടിഞ്ഞാറു വശം ട്യൂബ് ലൈറ്റ് സ്ഥാപിയ്ക്കുക. പരിച്ചേരി കുന്നിൽ ചരുവിൽ വടക്കു ഭാഗത്ത് ഒരു ട്യൂബ് ലൈറ്റ് സ്ഥാപിയ്ക്കുക. പരിച്ചേരി മുക്കിൽ ഒരു ട്യൂബ് ലൈറ്റ് സ്ഥാപിക്കുക. കായിൽമേലത്തിൽ മുക്ക് കോടിമേൽ മുക്ക് (വാർഡ് അഞ്ച്) ട്യൂബ് ലൈറ്റ് സ്ഥാപിക്കണം.

തയാറചരുവിൽ, പരിയാരത്ത്, പാറപ്പുറം കോളനി. കുഴിചരുവിൽമുക്ക്, മുക്കടമുക്ക്, ഭരണിക്കാവു ക്ഷേത്രത്തിനു തെക്കുവശം, കന്നിയാകുന്നതു ചരുവിൽ എന്നി ഭാഗങ്ങളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിയ്ക്കണം.

ഭരണിക്കാവ് ക്ഷേത്രത്തിനു കിഴക്കു വശം ഇടിയക്കാടവിനും, സ്കൂളിനും മദ്ധ്യ പാറപ്പുറത്തിനും കുഴിയിൽമുക്കിനും ഇടയ്ക്ക് മണക്കേൽകാവിനു സമീപം സ്ട്രീറ്റ് (ബൾബ്) സ്ഥാപിക്കണം. പരിച്ചേറിയികുന്നിൽ സ്റ്റീഫന്റെ സമീപമുള്ള പോസ്റ്റിൽ ഹരിജൻ കോളനിയിൽ കണക്ഷൻ നല്കുകയും ആവശ്യം വേണ്ട പോസ്റ്റുകളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

മുകളിൽ പറഞ്ഞിരിക്കുന്ന ഭാഗങ്ങളിൽ സ്ട്രീറ്റുകൾ സ്ഥാപിയ്ക്കണം. ആറാം വാർഡിൽ പൊതുവെ 20 ഓളം ലൈറ്റുകൾ അവർ ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെ വോൾട്ടേജ് ക്ഷാമം നിലനില്ക്കുന്ന ഭാഗങ്ങൾ ഉണ്ട് ഇവ പരിഹരിക്കാൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിയ്ക്കണം. ഏഴാം വാർഡും പ്രത്യേകമായി ലൈറ്റുകൾ സ്ഥാപിയ്ക്കേണ്ട 15 സ്ഥലങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വോൾട്ടേജ് ക്ഷാമവും എവിടെ നിലനില്ക്കുന്നു.

വാർഡുതലത്തിൽ മെമ്പർ കൺവീനറായി ഒരു ഊർജ്ജകമ്മറ്റി രൂപീകരിയ്ക്കണം. പുകയില്ലാത്ത ഭക്ഷത കൂടിയ അടുപ്പുകളും ബൾബുകളും ഉപയോഗിയ്ക്കാൻ ജനങ്ങളെ ബോധവാന്മാരാക്കുകയും, സബ്സിഡിയിയിനത്തിൽ വിതരണം ചെയ്യുകയും വേണം.

ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കാൻ വേണ്ട ധനസഹായങ്ങൾ നല്കണം. ഇപ്പോൾ നാമമാത്രണെ പ്രചാരത്തിലുള്ളു. മിനിമം രണ്ടു പശുക്കൾ സ്വന്തമായിട്ടുള്ള എല്ലാ വീട്ടിനും സബ്സിഡി അനുവദിച്ച് ബയോസ്പ്ലാന്റുകൾ പ്രാബല്യത്തിൽ വരുത്താവുന്നതാണ്.

പഞ്ചായത്ത് പ്രദേശങ്ങളിൽ 75% വരുന്ന വീടുകളും പാചകത്തിന് പുയോഗിക്കുന്നത് വിറകാണ്. ഇതിന്റെ പുകയും മണവും മറ്റും ശ്വസിക്കുനനതു കൊണ്ട് ആരോഗ്യപരമായി ബുദ്ധിമുട്ടനുഭവിക്കുന്ന ധാരാളം ആളുകൾ ഉണ്ട്. ആയതിനാൽ പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരം പഞ്ചായത്തടിസ്ഥാനത്തിൽ നടത്തണം.

വേലങ്കാവു വിളമുക്കിൽ നിന്നും കായൽവാരത്തു പോകുന്ന വഴിയിൽ വൈദ്യുതി വിളക്കുകൾ സ്ഥാപിക്കുക. പാറപ്പുറത്തു ജംഗ്ഷനിൽ നിന്നും നേരെ തെക്കോട്ടുള്ള ലൈനിൽ സ്ട്രീറ്റ് മെയിൻ വലിച്ച് വഴിവിളക്കുകൾ സ്ഥാപിക്കുക.

തെക്കേ ചരുവിള മുതൽ ചരുവിള വരെ ഒന്നിടവിട്ടുള്ള പോസ്റ്റുകളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക കക്കാടൻ മുക്കുമുതൽ തെക്കോട്ടു പരിച്ചേരി വരെയുള്ള ഭാഗത്ത് ലൈൻ വലിച്ച് ഒന്നിടവിട്ടുള്ള പോസ്റ്റുകളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

ചരുവിള മുക്കിൽ നിന്നും മുകളിലോട്ട് ലൈൻ വലിച്ച് ഒന്നിടവിട്ടുള്ള പോസ്റ്റുകളിൽ ലൈറ്റുകൾ സ്ഥാപിക്കുക. പ്ലാംതുണ്ടിൽ ഭാഗത്തുള്ള വഴിയിൽ ലൈനുകൾ വലിച്ച് വഴിവിളക്കുകൾ സ്ഥാപിക്കുക. നിലവിലുള്ള പള്ളിചന്ത വിപുലീകരിച്ച് കൃഷിസാധനങ്ങൾ കൂടി ക്രിയവിക്രയം നടത്താൻ വേണ്ട നടപടികൾ പഞ്ചായത്ത് സ്വീകരിക്കണം,.

വാർഡു ഒമ്പതിൽ വൈദ്യുതിയുടെയും തെരുവുവിളക്കുകൾ സന്മഥാപിക്കുവാനുള്ള സ്ഥലങ്ങളുടേയും വഴിവിളക്കുകളുടെയും വിശദവിവരം വാർഡുമെമ്പർ ശേഖരിച്ച് ഈറിപ്പോർട്ടിൽ ഉൾകൊള്ളിയ്ക്കണം. ഒലിപ്പാൻ ചാൽ ധർമ്മക്കുഴി റോഡിൽ ഒന്നിടവിട്ട്ള്ള പോസ്റ്റുകളിൽ ലൈറ്റുകൾ സ്ഥാപിയ്ക്കണം. കൊട്ടാരത്തുവിള ജംഗ്ഷൻ മുതൽ കായാൽവാരം വരെയുള്ള റോഡിൽ വൈദ്യുതി ലൈൻ വലിച്ച് വഴിവിളക്കുകൾ സ്ഥാപിക്കുകയും വീടുകൾക്ക് വൈദ്യുതി നല്കുകയും വേണം. രണ്ടുറോഡുമുക്ക്, കുരിശ്ശടിമുക്ക് പടിഞ്ഞാറുഭാഗത്ത് വൈദ്യുതി ലൈൻ വലിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കുകയും, വീടുകൾക്ക് കണക്ഷൻ കൊടുക്കുകയും വേണം.

എട്ടും ഒമ്പതും വാർകുകൾക്ക് പൊതുവായി ചിറ്റുമല ഭാഗത്ത് ഒരു പൊതു മാർക്കറ്റ് ആവശ്യമാണ്. അതിനുള്ള സ്ഥലം പഞ്ചായത്ത് കണ്ടെത്തുകയും, കൃഷിവസ്തുക്ഖൾ, നടീൽ വിത്തുകൾ, മത്സ്യം, പച്ചക്കറി എന്നിവ പൊതുവായി വിപണം നടത്തുവാൻ സൗകര്യമുള്ള ഒരു ദിവസചന്ത നടത്തണം. ചിറ്റുമല കിഴക്ക് ഏറിയ പങ്കും, കർഷകരും, കർഷക തൊഴിലാളികളുമാണ് പടിഞ്ഞാറുഭാഗം പൊതുവേ അവശ്യവസ്തുക്കൾ പൊതുവെ മാർക്കറ്റിൽ പോയി വാങ്ങുന്നവരുമാണ് പാർക്കുന്നത്. ആയതതിനാൽ ഒരു ചന്ത അനിവാര്യമാണ്. വാർഡിന്റെ വിവിധ ഭാഗങ്ങളിലായി 45 ഓളം ലൈറ്റുകൾ ആവശ്യമായി വരും. റോഡിന്റെ പരിതാപകരമായ സ്ഥിതി, വൈദ്യുതിയുടെ അപര്യാപ്തത നല്ലൊരു പൊതുമാർക്കറ്റിന്റെ അഭാവം എന്നിവ വാർഡിന്റെ വികസനത്തിൽ നിന്നും പിറകോട്ടു കൊണ്ടു പോകുനനു. കൊട്ടാരത്തിവിള കേന്ദ്രമാക്കി ഒരു ട്രാൻസ് ഫോർമർ സ്ഥാപിയ്ക്കണം.

പത്താം വാർഡിലും വൈദ്യുതിയുടെ ആവശ്യകത ഉൗന്നൽ നല്കിയിട്ടില്ല. ഹരിജനങ്ങൾ താമസിക്കുന്ന ആലുവിള കോളനി വൈദ്യുതീകരിയ്ക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. ലൈൻ വലിക്കുന്നതിൽ ഏറെ ബുദ്ധിമുട്ടുകൾ ഉണ്ട്. ആയതിൽ പഞ്ചായത്തും ഇലക്ട്രിസിറ്റി ബോർഡും സംയുക്തമായി ഇതിനു വേണ്ട ഒരു ശ്രമം നടത്തേണ്ടതാണ്. വാർഡിൽ വോൾട്ടേജ് ക്ഷാമം വളരെ കൂടുതൽ ഉള്ള പ്രദേശങ്ങൾ ഉണ്ട്. ഇത് വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടില്ല. അതുപോലെ ട്യൂബ് ലൈറ്റുകൾ ഓർഡനറി ലൈറ്റുകൾ എന്നിവ സ്ഥാപിയ്ക്കേണ്ട ഭാഗങ്ങൾ നിർദ്ദേശിക്കണം. മെമ്പറും നിർദ്ദേശിക്കപ്പെട്ട ആൾക്കാരും കൂടി തയ്യാറാക്കിയ റിപ്പോർട്ടിൽ ഉൾകൊള്ളിക്കണം.

കൈലാത്തുമുക്കിൽ ഒരു സോഡിയം വേപ്പർ ലാംബ് സ്ഥാപിയ്ക്കണം. കൊല്ലംങ്കാവിൽ ജംഗ്ഷനിൽ ഒരു ട്യൂബ് ലൈറ്റ് സ്ഥാപിക്കണം. തൊട്ടിക്കര ചീപ്പിന് ഒരു സൈഡിലും ട്യൂബ് ലൈറ്റുകൾ സ്ഥാപിയ്ക്കണം. സാമൂഹ്യവിരുദ്ധരുടെ ശല്യം ഒഴിവാക്കാൻ പോലീസ് സഹായം ആവശ്യപ്പെടാം.

തെട്ടിക്കരമുതൽ മതിലകം പടിഞ്ഞാറു വശം വരെ ബണ്ട് ബലപ്പെടുത്തി ലൈൻ വലിച്ച് ഒന്നിടവിട്ടുള്ള പോസ്റ്റിലും ട്യൂബ് ലൈറ്റുകൾ സ്ഥാപിയ്ക്കണം. കുന്നിൽവാതുക്കൽ ഒരു ട്യാബ് ലൈറ്റ് സ്ഥാപിയ്ക്കണം. ITC പടിഞ്ഞാറു വശത്തു നിന്നും തോട്ടരുകിൽ കൂടി നിലമേൽ ഭാഗത്തേക്കു പോകുന്ന റോഡ് ലൈനില്ലാത്ത ഭാഗത്ത് ലൈൻ വലിച്ച് ഒന്നിടവിട്ടുള്ള പോസ്റ്റിലും ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കണം.

വയലിൽ കോളനി ഒന്നാം വാർഡിലും പത്താം വാർഡിലുമായി സ്ഥിതി ചെയ്യുന്നു. ഇവിടെ 28 ഹരിജൻ വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകൾ പഞ്ചായത്തിൽ നിന്നു വൈദ്യുതീകരിയ്ക്കണം. തേക്കടി മുക്കിൽ ഒരു ട്യൂബ് ലൈറ്റ് സ്ഥാപിയ്ക്കണം. ചിറ്റുമലകിഴക്ക് പട്ടികജാതിക്കാർ തിങ്ങിപാർക്കുന്ന സ്ഥലങ്ങളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കണം. വാർഡ് അടിസ്ഥാനത്തിലുള്ള ഒരു ക്രോഡീകരണമാണ് ഈ റിപ്പോർട്ട് വാർഡുകളിൽ നിന്നും നിർദ്ദേശിച്ചുള്ള എല്ലാ കാര്യങ്ങളും ഇതിൽ

ഉൾക്കൊള്ളിച്ചിട്ടുണ്ട്. വാർഡുകളുടെ പുരോഗതിയ്ക്ക് അത്യാന്താപേക്ഷിതമാണ്, വൈദ്യുതി ഭൂമിശാസ്ത്രപരമായ കിടപ്പും, റോഡുകളുടെ സ്ഥിതിയും ആശ്രയിച്ചാണ് വൈദ്യുതി വികസിപ്പിയ്ക്കുക. വൈദ്യുതി ധാരാളം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ലൈൻ കടന്നു പോകാനുള്ള റോഡിന്റെ വീതിക്കുറവ് ആകാര്യത്തിൽ ജനങ്ങളുടെ നിസഹകരണം തൊട്ടടുത്ത വീട്ടിലേയ്ക്കു വൈദ്യുതി നീട്ടുവാൻ സമ്മതപത്രം കൊടുക്കാതിരിക്കുക. വീട് വൈദ്യുതീകരിക്കാനുള്ള സാമ്പത്തിക പരാധീനത. എന്നിവ ചില പ്രത്യേക ഘടകങ്ങളാണ്. പഞ്ചായത്ത് കമ്മറ്റികൾ ഈ കാര്യത്തിൽ ബോർഡധികൃതരുമായി സഹകരിച്ച് പല കാര്യങ്ങൾക്കും പരിഹാരം കാണാം. വൈദ്യുതി ഉപഭോഗത്തിന്റെ കാര്യത്തിൽ നാം അജ്ഞരാണെന്ന് തന്നെ പറയാം. ഉപയോഗശൂന്യമായി എരിച്ചു കളയുന്ന വൈദ്യുതി വളരെ കൂടുതലാണ്. വഴിവിളക്കുകൾ പകൽ മുഴുവൻസ്റ്റ കത്തി കിടക്കുന്നുണ്ട്. അതുപോലെ വീടുകളിലെ ഉപയോഗത്തിലും ജനങ്ങൾ ശ്രദ്ധിയ്ക്കണം. ലൈറ്റുകൾ പകൽ സമയങ്ങളിൽ കത്തിച്ചിടരുത്. കത്തിയ്ക്കുന്ന ലൈറ്റുകൾ ആവശ്യം കഴിഞ്ഞാൽ ഉടൻ അണയ്ക്കു. ഫാൻ ആവശ്യമില്ലാതെ പല വീടുകളിലും കറങ്ങുന്നതു കാണാം. മോട്ടോർ പ്രവർത്തിച്ചാൽ ആവശ്യത്തിനുള്ള ജലം സംഭരിച്ചു കഴിഞ്ഞാൽ ഓഫ് ചെയ്യണം. അങ്ങനെ വീട്ടിലോ ഓരോ വൈദ്യുത ഉപകരണങ്ങളും ആവശ്യം കഴിഞ്ഞാൽ ഉടൻ ഓഫ് ചെയ്യണം. വൈദ്യുതി സൂക്ഷിച്ച് ഉപയോഗിച്ചില്ലെങ്കിൽ വളരെ കൂടുതൽ അപകടസാദ്ധ്യതകൾ ഉള്ളതാണ്. ഈ കാര്യത്തിൽ ബോധവൽക്കരണം ആവശ്യമാണ്. പ്ലഗിൽ വയർ കുത്തി കത്തിക്കുന്ന ഏർപ്പാട് അപകടകരമാണ്. ഗ്രഹോപകരണങ്ങൾ പ്രവർത്തിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണം. ഓഫ് ചെയ്തതിനു ശേഷമേ ഉപകരണങ്ങളിൽ തൊടാൻ പാടുള്ളു. ഫാൻ ഉപയോഗിച്ചു മുടി ഉണക്കുന്നത് അപകടമാണ്. അയൺ, മിക്സി, ഹീറ്റർ എന്നിവ ഉപയോഗിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കുക. മരങ്ങളിൽ തട്ടികിടക്കുനന വൈദ്യുതി കമ്പികൾ ശ്രദ്ധിക്കണം. മരത്തിൽ വൈദ്യുതി പ്രവാഹം ഉണ്ടാകും. പൊട്ടിവീഴാൻ സാദ്ധ്യത ഉണ്ട്. ആന്റിനയും സ്റ്റേകമ്പികളും പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടവയാണ്. അപകടങ്ങൾ ഒഴിവാക്കാൻ പരമാവധി ഓരോ പൗരനും ശ്രദ്ധിക്കുക. ദേശീയ സമ്പത്താണ് വൈദ്യുതി. ഓരോ പൽരനും അർഹതപ്പെട്ടതാണ്. വൈദ്യുതി നിഷേധിയ്ക്കാൻ ആർക്കും അവകാശമില്ല.

കിഴക്കേ കല്ലട ഇലക്ട്രിക്കൽ സെക്ഷനെ ആശ്രയിച്ചാണ് കിഴക്കേ കല്ലട പഞ്ചായത്തിൽ വൈദ്യുതി നിതരണം നടത്തുന്നത്. ഒരു പഞ്ചായത്തിന് ഒരു ഇലക്ട്രിക്കൽ സെക്ഷൻ എന്ന കണക്കിൽ സംവിധാനം പുനക്രമീകരിയ്ക്കണം. ഭാവിയിൽ വൈദ്യുതി വിതരണം അതത് പഞ്ചായത്തുകാർ നേരിട്ട് ഏറ്റെടുക്കേണ്ടി വരും. വൈദ്യുതി ബോർഡ് വളരെ കൂടുതൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെട്ടു കൊണ്ടിരിക്കുകയാണ്.

കല്ലട പഞ്ചായത്ത് അതിർത്തിയിൽ 3427 ഗാർഹിക ഉപകഭോക്താക്കളും 322 വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന ഗുണബോക്താക്കളും, കൃഷിയിൽ ഉൾപ്പെടുത്തി 38 കണക്ഷനുകളും വ്യവസായത്തിൽ ഊന്നി 46 ഉപഭോക്താളും കൂടി ആകെ 3833 ഉപഭോക്താക്കളാണ് ഉള്ളത്. 30-9-94 വരെ അപേക്ഷിച്ചിട്ടുള്ള തിന്റെ പേരിൽ നിലവിൽ വന്ന 10/96 വരെ കൊടുത്ത ഉപഭോക്താക്കളുടെ എണ്ണമാണ്. കൊടുത്തു തീർക്കാനുള്ള കണക്ഷനുകൾ ഏകദേശം 170 ഓളം വരും.

പഞ്ചായത്തതിർത്തിയിൽ കുടിൽ ജ്യോതി ഇനത്തിൽപ്പെട്ട 160 കണക്ഷൻ കൊടുത്തിട്ടുണ്ട്. 18 ട്രാൻസ്ഫോർമറുകളും, ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. 15 ഹരിജൻ കോളനികളിൽ, ഏകദേശം 600 ഓളം ഹരിജൻ വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. മണ്ണെണ്ണയുടെ ദുർലഭ്യതയും, വിലക്കൂടുതലും കണക്കിലെടുത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെ നില്ക്കുന്ന പട്ടികജാതി ക്കാർക്കും മുന്നോക്ക വിഭാഗക്കാർക്കും കുടിൽ ജോതി ഇനത്തിൽ പെടുന്ന കണക്ഷനുകൾ പഞ്ചായത്തിന്റെ ചിലവിൽ ചെയ്തു കൊടുക്കാവുന്നതാണ്. മുന്നോക്കവിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വീടുകൾ നിർമ്മിച്ച് വൈദ്യുതി കണക്ഷൻ കൊടുക്കാവുന്നതാണ്. അതിനു വേണ്ട ചിലവുകൾ പഞ്ചായത്തുകളൊ അല്ലെങ്കിൽ ബ്ലോക്കു പഞ്ചായത്തോ വഹിക്കേണ്ടതാണ്. പാർപ്പിട സൗകര്യത്തോടൊപ്പം, വൈദ്യുതി കൊടുക്കാൻ ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ വിഹിതം കണ്ടെത്തേണ്ടതാണ്.

ഊർജ്ജം ഉല്പാദനത്തിലും വിതരണത്തിലും ശ്രദ്ധചെലുത്തുവാനും വിഹിതം കണ്ടെത്തുവാനും പഞ്ചായത്തുകൾ പ്രത്യേക പ്രാധാന്യം നല്കേണ്ടതാണ്. 2000 മാണ്ട് ആകുമ്പോൾ വിദ്യുച്ഛക്തി ലഭ്യതയ്ക്ക് കൂടുതൽ ബുദ്ധിമുട്ടേണ്ടി വരും. പുതുതയി നിർമ്മിക്കുന്ന ഓരോ വീടിനും 500w കണക്ഷൻ ലോഡ് ഉണ്ടാകുന്നു. വൈദ്യുതിയുടെ ഉപഭോഗം (ആവശ്യം) ഏറ്റവും കൂടി നില്ക്കുന്ന സംസ്ഥാനം കേരളമാണ്. ഉല്പാദനനിരക്ക് വളരെ കുറവാണ്. സന്തുലിതാവസ്ഥ നിലനിറുത്താൻ ഓരോ പൗരനും ബാദ്ധ്യസ്ഥരാണ്,. 20 കൊല്ലങ്ങൾക്കു മുമ്പ് വൈദ്യുതിയുടെ കാര്യത്തിൽ നാം സ്വയം പര്യാപ്തത നേടിയിരുന്നു. അയൽ സംസ്ഥാനങ്ങൾക്ക് നമ്മൾ അധികമുള്ള വൈദ്യുതി വാണിജ്യാടിസ്ഥാനത്തിൽ വിതരണം നടത്തിയിരുന്നു.

ഈസ്റ്റ് കല്ലട പഞ്ചായത്തിൽ ആകെ 509 st: light ഉം 97 ട്യൂബ് ലൈറ്റുകളും നിലവിലുണ്ട്. ആകെ 8529 രൂപാ വൈദ്യുതി ചാർജ്ജിനത്തിൽ അടയ്ക്കണം

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

വാർഡ് I	ദൂരം KM	സ്വഭാവം	ട്രാൻസ് ഫോർമർ	S/L	Remarks
1. കണ്ണംമൂല	0.2	Sp 3 unit	-	5	
2. MMHS-PSH	0.3	Sp 2 unit	-	5	
3. ഭരണിക്കാവ് ക്ഷേത്രം അമ്പാടി	0.2	Sp 3 unit	-	5	
4. മങ്കാട്ടുമുക്ക് വള്ളിമുക്ക്	0.2	Sp 3 unit	-	5	
5. മനയത്തുകാവ് തുണ്ടിൽ വീട	0.2	Sp 3 unit	-	5	
6. കോട്ടപ്പുറം ചീത്തൻ	1.6	Sp 3 unit	1	-	convertion
,,	1.5	11kv	1	-	
7. പഴണിമുക്ക് പട്ടോട്ടിമുക്ക്	0.4	11kv	-	5	
8. എറ്റുലൈൻ കൂട്ടിചേർക്കൽ	2.0	station	-	400	vasis location
9. സാധാരണ ബൾബുമാറ്റി ട്യൂബാക്കുക	-	-	-	60	,,
വാർഡ് II					
നിലങ്ങൾ വരിക്കപ്പുള്ളി	0.4	Sp 3 unit	-	5	
മെയിൻ കൂട്ടിചേർക്കൽ	2	station	-	40	
സാധാരണ ബൾബു ട്യൂബാക്കുക	-	-	-	60	
വാർഡ് III					
പുളിത്തറകാടും എലിത്തോടിൻ	0.5	Sp 3 unit	-	6	
സ്ട്രീറ്റു മെയിൻ കൂട്ടി ചേർക്കൽ		2station	-	40	
സാധാരണ ബൾബു മാറ്റി ട്യൂബാക്കുക	60				
IV വാർഡ് IV					
1. പള്ളിയുടെ അടുത്തു നിന്നും	3	Sp 3 unit	-	10	
st. main കൂട്ടി ചേർക്കൽ	2 k.m.	Station	-	60	
ബൾബു മാറ്റി ട്യൂബാക്കുക	-	-	40		
V മാമൂട്ടിൽമുക്ക് സ്കൂൾ മുക്ക്	0.500	SP 3 unit	-	10	
Adding st. main	2	station	-	60	
Changing Bills to tube	-	-	-	40	
VI Adding st main	2	station	-	60	
changing bills of tube	-	-	-	40	
VII Harijan colony					
1. വടക്കേ വിള		05	3 con SP	10	
2. കോടവിള	0.6	,,	-	10	
3. മുട്ടം	0.8	,,	,,	10	
4. അമ്പുവിള	2	,,	-	10	
Adding st. main		2station	-	60	
changing Bills Tube	-	-	-	40	

VIII വേലംകാവ് വിള - കായൽ വാരം	0.5	3 unit	-	7
പാറപ്പുറം - തെക്കോട്ട്	0.2	3 unit	-	5
കക്കാടൻമുക്ക് - പരിച്ചേരി	1.00	3 unit	-	10
ചരുവിള - തെക്ക്	0.3	3 unit	-	5
പ്ലാതുണ്ടിൽ - തെക്ക്	0.3	3 unit	-	5
Adding st. main		2.0station	-	60
changing Bills Tube	-	-	-	40
IX അമ്പുവിള മുതൽ കിഴക്കോട്ട് പ്ലാതുണ്ടിൽ വരെ	0.3	3 unit	-	5
രണ്ടു റോഡ് കുരിശടി മുതൽ കായൽ വാരം	0.3	3 unit	-	5
ബംഗ്ലാചരുവിൽ നിന്നുംകിഴക്കോട്ടു	0.3	3 unit	-	5
കൊട്ടാരത്തുവിള - ചിറ്റുമല	0.8	11kv	1	-
Adding st. main		200station	-	60
changing Bills Tube	-	-	-	40
X നിലമേൽ മുതൽ തൊട്ടിക്കര വരെ	0.8	3 unit	-	15
പട്ടാച്ചേരി മുതൽ പടിഞ്ഞാറോട്ട്	0.3	3 unit	-	6
(ചിറ വരമ്പ് മുഴുവൻ) മതിലും തൊട്ടിക്കര വരെ	2	3 unit	-	20
ചിറവരമ്പിൻ 11 kv lane Transform.	0.3	11 kv	1	-
കൊരങ്ങണി മതിലകം	0.5	3 unit	-	5
റൈയ്യിൻമുക്ക്	0.2	3 unit	-	4
Adding st. main		2.0station	-	60
changing Bills Tube	-	-	-	40
മുള്ളൻ ചാണി				
കടവ് മുതൽ മുട്ടം കടവ് വരെ	2.00	3 unit	-	20

പഞ്ചായത്ത് പ്രദേശത്തെ ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും

നമ്പർ	കപ്പാസിറ്റി	പേര്	നമ്പർ	കപ്പാസിറ്റി	പേര്
1	50 KVA	പള്ളിയ്ക്കവിള	10	63 KVA	താഴം
2.	100 KVA	ഉപ്പൂട്	11	100 KVA	കൊച്ചാപ്ലാംമൂട്
3	100 KVA	മതിലകം	12	100 KVA	തെക്കേമുറി
4	100 KVA	കൈലാത്തുമുക്ക്	13	100 KVA	കൊടുവിള
5	100 KVA	നിലമേൽ	14	100 KVA	ശിങ്കാരപ്പള്ളി
6	160 KVA	ചോദിരം	15	100 KVA	ഇടിയക്കടവ്
7	100 KVA	ഇവലുകാവ്	16	160 KVA	ചിറ്റുമല
8	100 KVA	പൈങ്ങോവേലി	17	100 KVA	വില്ലേജ് ആഫീസ്
9.	63 KVA	വരമ്പ്	18	160 KVA	ഓണമ്പലം

"നന്മകൾ വിളയും നല്ലൊരുനാട്
നമ്മൾ തേടേണം
ഞാനും നീയും തന്നാൽ കഴിവതു
നാടിനു നല്കേണം"

തയ്യാറാക്കിയത് : ശ്രീ. എസ്. അർജ്ജുനൻ

സാങ്കേതിക സഹായം : ശ്രീ. എച്ച്. എ. ലിവിങ്സ്റ്റൺ (AE)
ശ്രീ. പി. ജോർജ്ജുകുട്ടി

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം വായു, വെള്ളം, വസ്ത്രം ഇവ കഴിഞ്ഞാൽ അനുപേക്ഷണീയമായ ഘടകമാണ് വീട്. ഏതൊരുവന്റെയും സങ്കൽപ്പത്തിൽ തന്റെ വീടിനെ കുറിച്ച് മനോഹരമായ ഒരു ഭാവനയുണ്ട്. ആദിമ മനുഷ്യൻ വനാന്തരങ്ങളിൽ ചുറ്റിത്തിരിഞ്ഞ് നടന്നകാലത്ത് അവന് വീട് ആവശ്യമില്ലായിരുന്നു. പ്രകൃതി ക്ഷോഭങ്ങളിൽ നിന്നും വന്യമൃഗങ്ങളിൽ നിന്നും രാത്രിയിൽ നിന്നും സംരക്ഷണം കിട്ടുവാൻ അവൻ കല്ലിടുക്കുകളിലും ഗുഹകളിലും മരച്ചുവട്ടിലും കഴിഞ്ഞു കൂടി. ഈ ഒത്തു കൂടലിൽ നിന്നാണ് അവന് കുടുംബജീവിതത്തെപ്പറ്റിയുള്ള ബാലപാഠങ്ങൾ മനസ്സിലാക്കിയത്. ഒരു കൂരയ്ക്കു കീഴിൽ തന്റെയും തന്റെ കുടുംബത്തിന്റെയും ജീവിതം സുരക്ഷിതമാക്കുവാൻ അവന് പ്രേരണ നൽകിയതോടൊപ്പം മനുഷ്യൻ സാമൂഹ്യ ജീവിയായതും, അതിൽ നിന്ന് സംസ്ക്കാരങ്ങൾ ഉടലെടുത്തതും നാം മനസ്സിലാക്കിയിട്ടുണ്ട്. ബലമുള്ള ഭംഗിയുള്ള ഒരു വീട് മനുഷ്യന് സമൂഹത്തിൽ വിലയും നിലയും നൽകുന്നതോടൊപ്പം അവന് സന്തോഷവും കുടുംബഭദ്രതയും നൽകുന്നു.

കല്ലടയിലെ പാർപ്പിട മേഖല അതീവ ശ്രദ്ധയോടെ പഠനവിധേയമാക്കേണ്ട മേഖലയാണ്. പുരാതന വാസ്തുശില്പത്തിന് മാതൃകയായ അനേകം വീടുകൾ ഈ ഗ്രാമത്തിലുണ്ടായിരുന്നു. 18,19 നൂറ്റാണ്ടുകളിൽ ഉണ്ടായിരുന്നത് കേരളീയ ഭവനങ്ങളുടെ മാതൃക ഈ ഗ്രാമത്തിലെ പുരാതന ഭവനനിർമ്മാണ ശൈലിയിൽ ദൃശ്യമാണ്. ഉയരം കുറഞ്ഞതും മുൻവശത്ത് ഉരുളൻ തൂണുകളോടു കൂടിയതും, കട്ടിയുള്ള തടിയിൽ തീർത്ത ചുവരുകൾ ഉള്ളതുമായ ഇത്തരം വീടുകളിലെ മേൽക്കൂരകളിൽ കോടി എന്ന ഭാഗത്ത് അതിമനോഹരമായി കൊത്തുപണികളാൽ അലങ്കൃതമായ ഒരു ഭാഗമുണ്ട്. ഇവ തികച്ചും സംരക്ഷിയ്ക്കപ്പെടേണ്ടവയാണ്. ഇത്തരം വീടുകളിൽ നിലവറ എന്ന ഒരു ഭാഗവും അറ എന്ന മറ്റൊരു ഭാഗവും വിശാലമായതും തുറസ്സായതുമായ ഒരു മുൻവശവും ഉണ്ടായിരിക്കും. ചുറ്റും തിണയും ഇത്തരം വീടുകളുടെ ഒരു സവിശേഷതയാണ്. ഇവ പലതും നാലുകെട്ടുകളാണ്. അപൂർവ്വം ചിലവ എട്ടുകെട്ടുകളുമായിരുന്നു. വീടുകളോടനുബന്ധിച്ച് പടിപ്പുര എന്ന ഒരു ഭാഗമുണ്ട് ഇവ അതീവ ചാരുത പകരുന്നവയാണ്. ഇവയുടെ വലിപ്പവും ആകൃതിയും വീട്ടുകാരന്റെ പദവി വിളിച്ചറിയിക്കുന്നതായിരുന്നു പിൽക്കാലത്ത് ഇവയ്ക്ക് മാറ്റം വരാൻ തുടങ്ങി. തടിച്ചുവാരുകൾക്കു പകരം കല്ലു കെട്ടിയതും കുമ്മായം പൂശിയതുമായ ചുവരുകളും ഓടു മേഞ്ഞ മേൽക്കൂരകൾ ഉള്ളതുമായ വീടുകൾ നിർമ്മിയ്ക്കുവാൻ തുടങ്ങി ഇരുപതാം നൂറ്റാണ്ടിന്റെ മധ്യകാലഘട്ടത്തിനു ശേഷമാണ് കോൺക്രീറ്റ് വീടുകൾ ഉണ്ടാകുവാൻ തുടങ്ങിയത്. ഇവയുടെ ആവിർഭാവത്തോടെ ഈ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാകുവാൻ തുടങ്ങി ചെറിയ വരുമാനക്കാരനും വലിയ സമ്പന്നനും ഒരു പോലെ ഇത്തരം വീടുകൾ നിർമ്മിക്കുവാൻ തുടങ്ങി. ഇത് പല സാമൂഹ്യസാമ്പത്തിക സാംസ്ക്കാരിക പ്രശ്നങ്ങൾ സൃഷ്ടിക്കുവാനും തുടങ്ങി. ഭൂമിക്കും കട്ടച്ചെളിക്കും പാറക്കും സിമന്റിനും കമ്പിക്കും മണലിനും ക്രമാതീതമായി വില വർദ്ധിക്കുവാൻ തുടങ്ങി. തൊഴിൽ തേടി ധാരാളം അന്യസംസ്ഥാനത്തുകാർ ഇവിടെ എത്തുവാനും ഇത് കാരണമാകുന്നു. തൊഴിൽ രംഗത്ത് മണൽ വാരൽ മെറ്റിലടി, ഇഷ്ടികനിർമ്മാണം കക്കവാരൽ തുടങ്ങി വിപുലമായ തൊഴിലവസരങ്ങൾ തുറക്കപ്പെട്ടു. ഇന്ന് എതൊരാളും ഇത്തരത്തിലുള്ള വീടുകളാണ് നിർമ്മാക്കാറുള്ളത്.

ഭവനനിർമ്മാണരംഗത്ത് സാധനങ്ങളുടേയും സേവനങ്ങളുടേയും വിലയിൽ കഴിഞ്ഞ 20 വർഷമായി ക്രമാതീതവും താങ്ങാനാകാത്തതുമായ വില വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്. ഭൂമിയുടെ കാര്യത്തിൽ 20 സെന്റു മുതൽ താഴോട്ട്

വിസ്തീർണ്ണമുള്ളതും യാത്രാസൗകര്യമുള്ളതുമായ പുരയിടങ്ങൾക്ക് ഇന്ന് ശരാശരി Rs. 8000 ഉയർത്തിരിയ്ക്കുന്നു. നിർമ്മാണസാമഗ്രികളായ പാറ, മണൽ, മെറ്റൽ, കമ്പി, സിമന്റ്, തടി കട്ട ഇവയുടെ വില കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 100 ഇരട്ടി വരെ വർദ്ധിച്ചിട്ടുണ്ട്.

തൊഴിലിന്റെ കാര്യത്തിൽ വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം വളരെ വലുതായി വരുന്നു. മരപ്പണിയ്ക്ക് ആവശ്യത്തിനുള്ള പണിക്കാരെ ഇന്ന് ലഭ്യമല്ല. കട്ട കെട്ടാനും സിമിന്റു പൂശാനും ഇന്ന് തനതു നാട്ടുകാരായ തൊഴിലാളികൾ പരിമിതമാണ്. കമ്പി വളയ്ക്കുക, കെട്ടുക കോൺക്രീറ്റ് തട്ടു പണിയുക, മുതലായവും കോൺക്രീറ്റ് ജോലിയും ഇന്ന് സർവ്വസാധാരണമാണെങ്കിലും ഇതിന്റെ നൂതനത ഇവിടെ ലഭ്യമല്ല. പ്ലംപിങ്ങ്, ഇലക്ട്രിഫിക്കേഷൻ ഫർണിച്ചർ നിർമ്മാണം ഈ മേഖലകൾ വിപുലമായ തൊഴിൽ സാധ്യത ഉള്ളവയാണ്. ഈ മേഖലയിൽ അല്പാല്പമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഈ മുൻ വിരിച്ച മേഖലകളിൽ തൃപ്തികരമായ വേതനഘടനയയാണ് ഇന്ന് നിലവിലുള്ളത്.

കോൺക്രീറ്റ് അടിസ്ഥാനത്തിൽ വീടു പണിഞ്ഞു കൊടുക്കുന്ന രീതി ഇവിടെ വളരെ കുറവാണ്. വീടു നിർമ്മാണശൈലിയിൽ ഇന്ന് കാണുന്ന പ്രവണത കോൺക്രീറ്റ് ഭ്രമമാണ് വീടു നിർമ്മാണത്തിൽ ഇന്ന് മിതവ്യയം എന്നത് ഒരു പഴയ വാക്കാണ്. യാതൊരു കണക്കു കൂട്ടലുമില്ലാതെ വരുമാനത്തിന്റെ കണക്കു പോലും നോക്കാതെയുള്ള വീടു നിർമ്മാണത്തിലെ ധൂർത്ത് സംഭ്രമജനകമാകുന്നു. തന്റെ വരുമാനം മൂലധനമാക്കാനുള്ള ഒരു മനോഭാവം മിക്ക ആളുകൾക്കുമിന്നില്ല. തന്റെ സമ്പാദ്യം മുഴുവനും തന്റെ പകിട്ടാർന്ന ജീവിതത്തിനുവിനിയോഗിക്കുന്ന ഒരു സ്വഭാവത്തിന്റെ പരിതാപകരമായ പരിണതഫലമാണ് ഗൃഹനിർമ്മാണത്തിലെ മിതവ്യയത്തിന്റെ അഭാവം.

ഭവനനിർമ്മാണത്തിന് വായ്പ ലഭിക്കുവാനുള്ള സാധ്യത ഈ ഗ്രാമത്തിൽ വളരെ വിരളമാണ്. വെള്ളിമൺ റൂറൽ ഹൗസിംഗ് സൊസൈറ്റി മാത്രമാണ് സഹകരണമേഖലയിലെ ഒരു സ്ഥാപനം. ഇതിൽ നിന്നുമുള്ള സഹായം നേടിയെടുക്കുവാൻ പലതരത്തിലുള്ള ബുദ്ധിമുട്ടുകളും ഇന്നും നിലനില്ക്കുന്നു. ഈ പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റിയ്ക്ക് മതിയായ എല്ലാ സാദ്ധ്യതകളുമുണ്ട്. കൂടാതെ ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള ഹഡ്കോ മുതലായ ഏജൻസികൾ പരിമിതമായി ഈ രംഗത്തു പ്രവർത്തിക്കുന്നു. ഇതിന്റെ സാധ്യതകളെപ്പറ്റി സാധാരണ ഗ്രാമീണർക്കു വിവരം ലഭിക്കുന്നില്ല എന്നാതാണ് സത്യം.

പ്രശ്നങ്ങൾ

1. കെട്ടിടനിർമ്മാണസാമഗ്രികൾ വളരെ പെട്ടെന്ന് തീർന്നു കൊണ്ടിരിക്കുന്നത് ഇവയുടെ വില അനിയന്ത്രിതമായി വർദ്ധിക്കുവാൻ കാരണമാകുന്നു.

2. വൈദഗ്ദ്ധ്യമുള്ള തൊഴിലാളികൾ വളരെ കുറച്ചു മാത്രമെ ഗ്രാമത്തിലുള്ളു. ആവശ്യത്തിനു മതിയാകുന്ന തരത്തിൽ തൊഴിലാളികൾ ഇല്ല.

3. വായ്പകൾ ആവശ്യമുള്ളവർക്ക് അവയുടെ ലഭ്യതയെക്കുറിച്ചുള്ള അറിവു കുറവും അതിനാവശ്യമായ രേഖകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും.

4. കോളനികളിൽ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളുടെ കുറവ്. ലക്ഷം വീടുകൾ മിക്കവയും അപകടാവസ്ഥയിലാണ്.

5. ചെലവു കുറഞ്ഞതും സുരക്ഷിതവുമായ വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക വിദ്യയുടെ അഭാവം.

6. ഹൗസിംഗ് സൊസൈറ്റികളുടെ അഭാവം.

7. വീടുകളോടനുബന്ധിച്ചു നിർമ്മിക്കുന്ന മതിലുകൾ

8. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്കകാർക്ക് പാർപ്പിടം ഇല്ലാത്ത അവസ്ഥ.

വാർഡ് അടിസ്ഥാനത്തിൽ വീടു വേണ്ടുന്നവരുടെ എണ്ണം

വാർഡ്	വസ്തു ഉള്ളവർ	വസ്തു ഇല്ലാത്തവർ	ആകെ
I	12	7	19
II	30	20	50
III	15	10	25
IV	20	10	30
V	13	12	25
VI	27	16	43
VII	15	10	25
VIII	25	20	45
IX	24	21	45
X	45	30	75

സാധ്യതകൾ

1. പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക. ആവശ്യമുള്ള തൊഴിലാളികളേയും സാങ്കേതിക വിദ്യയും ഇത്തരം സംഘങ്ങൾ വഴി വിതരണം ചെയ്യുക.
2. കെട്ടിടനിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുവാൻ സിവിൽ സപ്ലൈസ്സ് ഇടപ്പെടുക.
3. അനാവശ്യമായി ധൂർത്ത് ഒഴുവാക്കാൻ കർശനനിയന്ത്രണം ഏർപ്പെടുത്തുക.
4. വായ്പ ലഭിക്കുവാനിന്നുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

പഞ്ചായത്ത് മൊത്തം വീട്
ഭേദപ്പെട്ടവ
ഇടത്തരം
ബാക്കി
മൊസൈക്ക് (കട മാർബിൾ)

വീടുകളുടെ തരം തിരുവു പട്ടിക

വാർഡ്	ഓട്	ടെറസ്	ഓല	ഇരു നില	മറ്റുള്ളവ	ആകെ
I	324	157	120	5	11	617
II	300	82	137	3	22	544
III	231	172	62	3	24	492
IV	246	138	163	5	20	577
V	292	56	394	3	36	487
VI	413	76	71	9	37	606
VII	240	52	136	2	38	468
VIII	357	203	109	6	55	730
IX	364	96	72	4	88	644
X	354	79	61	7	89	590

5. എല്ലാത്തരം വായ്പകളും ഗ്രാമപഞ്ചായത്തു വഴി അപേക്ഷി നൽകുവാനും അതു വിതരണം ചെയ്യുവാനുമുള്ള നിർദ്ദേശം ഗവൺമെന്റ് നൽകുക.
6. രജിസ്റ്റാർ ഓഫീസുകളിൽ ഇന്ന് ഈടാക്കുന്ന അമിതഫീസ് ഒഴുവാക്കുക
7. സർട്ടിഫിക്കറ്റുകളും മറ്റു രേഖകളും ലഭിക്കുന്നതിനുള്ള കാലതാമസവും അതിന്റെ പിന്നിലുള്ള അഴിമതിയും ഇല്ലാതാക്കുക.
8. വിവിധ സ്റ്റേജുകളിൽ നൽകുന്ന സർട്ടിഫിക്കറ്റ് പഞ്ചായത്തു നൽകുക.
9. ചെലവു കുറഞ്ഞതും ദുർവ്യയം ഒഴുവാക്കുന്നതുമായ വീട് എന്ന സങ്കല്പം പ്രചരിപ്പിക്കുക.
10. സർക്കാരിൽ നിന്നും ലഭിക്കുന്ന വായ്പകളുടെ തുക വർദ്ധിപ്പിക്കുയും പലിശനിരക്ക് കുറയ്ക്കുകയും ചെയ്യുക.
11. കേന്ദ്രഗവൺമെന്റിൽ നിന്നും മറ്റും ഭവനനിർമ്മാണത്തിനു നൽകുന്ന തുകകൾ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ച് പഞ്ചായത്ത് അധീനതയിൽ അവ വിതരണം ചെയ്യുക.
12. MWS, JRY, RLEGP എന്നിവ 15,800 രൂപയിൽ നിന്ന് 30,000 രൂപയായി ഉയർത്തുക.
13. അഗതി മന്ദിരവും വിനോദശാലയും പഞ്ചായത്തിന്റെ അധീനതയിൽ നിർമ്മിക്കുക.

ഭവനനിർമ്മാണരംഗത്ത് കല്ലട ഗ്രാമത്തിൽ ശേഷിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സമഗ്രമായ ഭവനസർവ്വേ തന്നെ നടത്തേണ്ടതുണ്ട്. മിക്ക വാർഡുകളിലും സ്വന്തമായി ഭൂമിയില്ലാത്ത ധാരാളം കുടുംബക്കാർ ഉള്ളതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. ഒരു വീട്ടിൽ തന്നെ താമസിക്കുന്ന പല കുടുംബങ്ങൾ ഉണ്ട്. ധാരാളം വീടുകൾ പണിതുടങ്ങി പൂർത്തിയാക്കുവാൻ കഴിയാത്തതായും ഉണ്ട്.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ പരിപാടികളുടെ വിപുലമായ ആവശ്യകത ഉള്ള ഒരു ഗ്രാമമാണ് കല്ലട. സാമൂഹ്യ ഉച്ചനീചത്വം പണ്ടുമുതലേ ഈ ഗ്രാമത്തിന്റെ ഒരു ശാപമായിരുന്നു. പണത്തിന്റെ വിതരണത്തിലുള്ള അന്തരമാണ് സാമൂഹ്യ ഉച്ചനീചത്വത്തിനു കാരണം. രാജ്യത്തിന്റെ സമ്പത്ത് ഏതാനും കൈകളിൽ കുന്നു കൂടുന്നത് തടയുവാൻ ജനാധിപത്യ ഗവൺമെന്റുകൾ ജാഗ്രത കാണിക്കാറുണ്ട്. ഈ സങ്കീർണ്ണമായ പ്രശ്നം നിസ്സാരവത്ക്കരിക്കുകയല്ല ഇവിടെ വേണ്ടത്. സമ്പത്ത് എല്ലാ മേഖലയിലും നിർണ്ണായക സ്വാധീനം ചെലുത്തുന്നഘടകമായി തീരുന്ന ഇന്ന് ക്ഷേമപരിപാടിമാത്രമാണ് ഒരു പരിധിവരെ ദരിദ്രർക്ക് അവലംബം.

നമ്മുടെ സമൂഹത്തിൽ പല വിഭാഗങ്ങളും പരിരക്ഷ അർഹിക്കുന്നവരാണ്. സ്ത്രീകൾ, കുട്ടികൾ, വൃദ്ധജനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗക്കാർ, തൊഴിൽരഹിതർ, ദരിദ്രർ ഇങ്ങനെ പലരും ഇവർക്ക് നൽകുന്ന ഭരണഘടനാപരമായ സംരക്ഷണം പരമാവധി ഉറപ്പു വരുത്തുവാൻ വേണ്ട സുതാര്യമായ നടപടികൾ ജനകീയാസൂത്രണത്തിലൂടെ ഉണ്ടാകുമെന്ന് ഉറപ്പാകുന്നു. ഇച്ഛാശക്തിയുള്ള ഒരു കൂട്ടമാളുകളാണ് ഈ ഗ്രാമത്തിന്റെ ഏറ്റവും വലിയ സമ്പത്ത്. അവർക്ക് ഇന്നനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾക്ക് പരമാവധി സഹായകമായ പല പദ്ധതികളും നിലവിലുണ്ട്. ഇവയുടെ ശരിയായ വിനിയോഗം ഇന്നു നടക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ഈ ഗ്രാമത്തിൽ ദരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം 15% താഴെയാണ്. നിരാലംബരായ ആളുകൾ 5% വരും. സ്ത്രീധനപീഡനവും സ്ത്രീമരണനിരക്കും വളരെ കുറവാണ്. സാമൂഹിക പരിരക്ഷയ്ക്കുതകുന്ന ചില സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഏറ്റവും കൂടുതൽ സാമൂഹിക പരിരക്ഷ ആവശ്യമുള്ളത് നിരാലംബരായ വൃദ്ധജനങ്ങൾക്കാണ്. ബുദ്ധിമാന്ദ്യം സംഭവിച്ചു കുട്ടികൾ 3% താഴെയുള്ളു. ഇവർക്ക് മതിയായപരിരക്ഷ നൽകുവാൻ കഴിയുന്ന സ്ഥാപനങ്ങൾ ഇല്ല.

പഞ്ചായത്തിലെ ജനസംഖ്യയും പൊതുവായ വിവരങ്ങളും പട്ടിക നമ്പർ I ചേർത്തിരിക്കുന്നു.

പട്ടിക നമ്പർ I
പഞ്ചായത്തിലെ ജനസംഖ്യയും പൊതുവായ വിവരങ്ങളും

1.	പഞ്ചായത്തിലെ ആകെ ജനസംഖ്യ	22312
	പുരുഷന്മാർ	11159
	സ്ത്രീകൾ	11153
2.	പട്ടികജാതിക്കാർ	4822
3.	അംഗൻവാടികളുടെ എണ്ണം	22
4.	ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം	424
	1-2 വയസ്സിനു താഴെയുള്ള കുട്ടികൾ	
	2-3 വയസ്സിനു താഴെയുള്ള കുട്ടികൾ	672
	3-5 വയസ്സിനു താഴെയുള്ള കുട്ടികൾ	669
5.	95-96 വർഷത്തെ ആകെ ജനനങ്ങൾ	317
	ചാപിള്ള ജനനങ്ങൾ	ഇല്ല.
6.	ഒരു വയസ്സിനു താഴെ മരണമടഞ്ഞ കുട്ടികൾ 95-96	1
7.	ഗർഭസംബന്ധമായി അസുഖം ബാധിച്ചു മരിച്ച സ്ത്രീകൾ	ഇല്ല
10.	അനുപൂരകപോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം	1146
	അനുപൂരകപോഷകാഹാരം ലഭിക്കുന്ന ഗർഭിണികൾ	147
	അനുപൂരകപോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്നഅമ്മമാർ	152

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ജനങ്ങളുടെ എണ്ണം വാർഡ് അടിസ്ഥാനത്തിൽ IRDP സർവ്വേ പ്രകാരമുള്ള കണക്കുകൾ പട്ടിക നമ്പർ 2 കൊടുത്തിട്ടുണ്ട്.

IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം

വാർഡ് നമ്പർ	സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ച തുവഴി ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ (സഹായം) ലഭിച്ചവർ ഉൾപ്പെടെ)
I	168	24	48	15	24	144
II	103	13	40	10	21	82
III	99	14	31	11	17	82
IV	236	16	32	20	20	216
V	102	3	23	2	12	90
VI	229	2	29	2	15	214
VII	173	63	10	6	2	171
VIII	216	60	14	5	5	211
IX	176	56	27	9	13	163
X	175	56	54	33	25	150

ദുർബലജനവിഭാഗങ്ങൾക്ക് വിവിധ ഏജൻസികൾ വഴി നൽകിയിട്ടുള്ള കക്കൂസുകളുടെ കണക്കുകളും ഇനി ആവശ്യമുള്ളയുടെ കണക്കുകളും പട്ടിക നമ്പർ 3 ചേർത്തിരിക്കുന്നു.

പട്ടിക നമ്പർ 3.

കക്കൂസുകൾ സംബന്ധിച്ച വിവരം

വാർഡ് നമ്പർ	സാനിട്ടറി ഇല്ലാത്ത വീടു എണ്ണം	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തികരിച്ച വയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം
I	179	71	71	108
II	179	66	66	113
III	104	29	29	75
IV	206	55	55	151
V	198	61	61	137
VI	264	43	43	123
VII	126	38	32	94
VIII	214	29	27	187
IX	210	34	31	179
X	165	41	41	124
Total	1841	467	454	1290

ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരങ്ങളും അനുവദിച്ച വീടുകളുടെ എണ്ണവും ഇനി പൂർത്തികരിക്കേണ്ടവയുടെ എണ്ണവും ആവശ്യമുള്ളവരുടെ എണ്ണവും IRDP സർവ്വേ പ്രകാരം പട്ടിക നമ്പർ 4ൽ ചേർത്തിരിക്കുന്നു.

പട്ടിക നമ്പർ 4

ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

വാർഡ് നമ്പർ	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം(IRDP സർവ്വേ പ്രകാരം)	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തികരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തിക്കരിക്കാനുള്ള വീട്	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം
I	49	25	3	22	24
II	28	15	2	13	13
III	20	15	1	14	5
IV	52	10	4	6	42
V	22	8	6	2	14
VI	42	1	0	1	41
VII	60	22	5	17	38
VIII	70	13	2	11	57
IX	62	20	3	17	38
X	61	52	11	41	9

1991 മുതൽ 96 വരെ അനുവദിച്ചിട്ടുള്ള പെൻഷനുകൾ, വിവിധ ധനസഹായങ്ങൾ സംബന്ധിച്ച വിവരങ്ങളും പട്ടിക നമ്പർ 5ൽ കൊടുത്തിരിക്കുന്നു.

പട്ടിക നമ്പർ 5

	വില്ലേജ്	അഗതി പെൻഷൻ	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർധക്യ പെൻഷൻ	അവശ കലാകാര സാഹിത്യ പെൻഷൻ	ക്ഷയ കായിക താര	കുഷ്ഠ രോഗി പെൻഷൻ	കാൻസർ രോഗി പെൻഷൻ	കർഷക തൊഴിലാളി	തൊഴിലില്ലായ്മ വേതനം
	കിഴക്കേകല്ലട										
1991										269	129
1992		25	25	14	-	-	23	-	2	269	-
1993		4	7	4	-	-	5	-	3	285	98
1994										293	-
1995		5	2	6			5	-	1	293	-
1996			2							299	-

സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങൾ ബാലവാടികൾ ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. പലതും അവയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ നിന്നും അകന്നു പോകുന്നതായാണ് ഗ്രാമസഭകളിൽ നിന്നും കിട്ടിയ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കുട്ടികൾക്കു ലഭിയ്ക്കുന്ന മരുന്നുകളും പോഷകാഹാരവും വ്യത്തിയായി കൊടുക്കുന്നില്ലെന്നും കുട്ടികളുടെ ശാരീരികശുദ്ധി വേണ്ട പോലെ ശ്രദ്ധിക്കുന്നില്ലെന്നും പരാതികളുണ്ട്. ഗർഭിണികളെ വേണ്ട രീതിയിൽ ബോധവത്ക്കരിക്കുന്നല്ലെന്നും കുടുംബാ സൂത്രണത്തിന്റെ പ്രാധാന്യം ജനങ്ങളിൽ എത്തിയ്ക്കുവാൻ ഈ സ്ഥാപനങ്ങൾ ശ്രമിക്കുന്നില്ലെന്നും വ്യാപകമായി പരാതികളുണ്ടായി. എന്നിരുന്നാലും പലവയും

നല്ല നിലവാരം പുലർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്രശ്നങ്ങൾ

1. 50% വരുനന സ്ത്രീകളുടെ തൊഴിലില്ലായ്മ
2. ഒരേ തൊഴിൽ ചെയ്യുന്ന സ്ത്രീയും പുരുഷനും നൽകുന്ന വേതനത്തിലെ അന്തരം.
3. തൊഴിൽ ശാലകളുടെ നടത്തിപ്പിൽ സ്ത്രീകൾക്കു അർഹമായ പ്രാതിനിധ്യം നൽകാതിരിക്കുന്നത്.
4. ദാരിദ്രനിർമ്മാജ്ജന പദ്ധതികളിൽ സത്രീകളോടു കാട്ടുന്ന അവഗണന
5. പൊതു രംഗത്തെ സ്ത്രീകളുടെ അദൃശ്യത
6. സ്ത്രീധന സമ്പ്രദായവുമായി ബന്ധപ്പെടുണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങളും സ്ത്രീകളുടെ പീഠനാനുഭവങ്ങളും.
7. വിവിധ സാമൂഹ്യപരിരക്ഷാ പരിപാടികൾ ജനങ്ങളിൽ എത്തിക്കുവാൻ കഴിയാത്ത അവസ്ഥ.
9. വൃദ്ധജനങ്ങൾ, തൊഴിലിനു പോകുന്നവരുടെ കുട്ടികൾ രോഗാതുരത, ബുദ്ധിമാന്ദ്യം സംഭവിച്ചവർ ഇവർക്കുള്ള സാമൂഹ്യ പരിരക്ഷയുടെ അപര്യാപ്തത.
10. മദ്യത്തിന്റെ സ്വാധീനം മൂലമുള്ള സ്ത്രീകളുടെ ബുദ്ധിമുട്ടുകളും വാഹനങ്ങളിലും പൊതുസ്ഥലങ്ങളിലും സ്ത്രീകളോടു കാട്ടുന്ന ക്രൂരതയും.

സാധ്യതകൾ

1. പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി എന്നീ ഈ ഗ്രാമത്തിലെ വ്യവസായങ്ങളിൽ ആധുനികത നടപ്പിലാക്കുക.
2. വീടുവളപ്പിൽ കൃഷിത്തോട്ടം നിർമ്മിക്കുവാൻ പ്രേരണ നൽകുക.
3. IRDP സർവ്വേ ലിസ്റ്റിൽ ഉള്ള എല്ലാപേർക്കും ആനുകൂല്യം കാലവിളംബം കൂടാതെ നൽകുക.
4. DWCRA യൂണിറ്റുകൾ സ്ഥാപിക്കുക.
5. ട്രൈസം പദ്ധതി വിപുലമാക്കുകയും, അവർക്ക് തൊഴിലും നൽകുക.
6. ധനസഹായം ആവശ്യമുള്ള വരെ കണ്ടു പിടിയ്ക്കുവാനും സഹായം എത്തിയ്ക്കുവാനും ജനകീയ സംവിധാനം ഏർപ്പെടുത്തുക. ഗ്രാമസഭകൾ വഴി ഗുണഭോക്താക്കളെ കണ്ടെത്തുക.
7. അംഗൻവാടികളുടെ നിയന്ത്രണം പഞ്ചായത്തിന്റെ കീഴിലാക്കുക. ഇവയോടൊന്നിച്ച് പോഷകാഹാരം പ്രതിരോധ ചികിത്സ ഇവ നടപ്പിലാക്കുക.
8. എല്ലാ വിഭാഗം പരിരക്ഷിതരേയും കണ്ടെത്തുവാൻ ജനകീയ സംവിധാന മുണ്ടാക്കുക.
9. വരുമാനസർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരവും വിവിധ പെൻഷനുകളുടെ വിതരണവും നിയന്ത്രണവും പഞ്ചായത്തിനെ ഏല്പിക്കുക.
10. ഫ്ലാറ്റ് മാതൃകയിലുള്ള ഭവനങ്ങൾ നൽകുകയും അവയുടെ പശ്ചാത്തല സൗകര്യങ്ങളും കാര്യക്ഷമമാക്കുക.

സംസ്കാരം

ശ്രേഷ്ഠമായ പാരമ്പര്യത്താൽ സമ്പന്നമായ കല്ലടയുടെ ചരിത്രഭൂമിക മാർത്താണ്ഡവർമ്മ, ശ്രീനാരായണഗുരു, വിശുദ്ധ സെന്റ് ഫ്രാൻസിസ് സേവ്യർ, വേലുത്തമ്പി ദളവ, ചട്ടമ്പിസ്വാമി, കുമ്പളത്തു ശങ്കുപിള്ള, അയ്യൻകാളി തുടങ്ങി ശ്രേഷ്ഠവ്യക്തികളുടെ പാദസ്പർശം കൊണ്ട് അനുഗ്രീതമാണ്. കൊടുവിള ഇടിയക്കടവ് വേലൻചരുവ് പുരയിടത്തിൽ നിന്നും കണ്ടെടുത്ത ബുദ്ധവിഗ്രഹം ഇവിടെ ബുദ്ധമത അനുയായികൾ ഉണ്ടായിരുന്നു എന്നതിന് തെളിവാണ്. മാർത്താണ്ഡപുരം ക്ഷേത്രം, ചിറ്റുമല, കൊടുവിള ക്ഷേത്രങ്ങൾ, കല്ലടവലിയപള്ളി, കൊടുവിള പള്ളി എന്നീ ആരാധനാലയങ്ങളും ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

കേരളത്തിലെ പ്രശസ്തരായ സാഹിത്യ കാരന്മാർ ശ്രീ. കല്ലട വാസുദേൻ, ശ്രീ. പുളിമാനപരമേശ്വരൻ പിള്ള ശ്രീ. കല്ലട ശശി എന്നിവർക്ക് ജന്മം നൽകുവാനും, ആധുനിക കവികളിൽ പ്രശസ്തനായ ശ്രീ. ഡി. വിനയചന്ദ്രനും തന്റെ ബാല്യകാലം ചിലവഴിക്കുന്നതിനും നാടകാചാര്യനായ ശ്രീ. തോപ്പിൽഭാസിക്ക് തന്റെ ഒളിവുകാലജീവിതത്തിൽ അഭയമേകാനും കല്ലട എന്ന ഗ്രാമം അനുവദിച്ചിട്ടുണ്ട്.

ലോകത്തിനു മാതൃകയായി എന്ന് ഇന്ത്യക്ക് അഭിമാനിക്കാൻ കഴിയുന്ന കേരള മാതൃക എന്ന ജനകീയ പദ്ധതിയുടെ അടിസ്ഥാനം തന്നെ പരസ്പര സഹകരണത്തിലും സ്നേഹത്തിലും ഊന്നിയ ഒരു വികസന സംസ്കാരമാണല്ലോ? പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ജനപങ്കാളിത്തത്തോടു നടത്തിയ വികസന പ്രവർത്തനങ്ങൾ ഇതിനു ഉദാഹരണങ്ങളാണ്. തെറ്റിനെ തെറ്റായിട്ടും ശരിയെ ശരിയായിട്ടു കാണുകയും, ഒഴിവാക്കേണ്ടതിനെ ഒഴിവാക്കുകയും ആവർത്തിക്കാതിരിക്കുകയും, ശരിയെ പ്രേതിഹിപ്പിക്കാനും ചെയ്യുന്ന സമാധാനപരമായ ഒരു സംസ്ക്കാര ശൈലിയാണ് നമുക്ക് വേണ്ടത്. കാരുണ്യം സ്നേഹം, മനുഷ്യത്വം മനുഷ്യത്വം, തുടങ്ങിയ ആർദ്രഭാവങ്ങൾ നമുക്ക് അന്യമായി കൊണ്ടിരിക്കുന്നു. നാടിന്റെ ഭാഷയും സംസ്കാരവും ബാലമനസുകൾക്ക് അന്യമാകുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാനുഷ്യക മൂല്യങ്ങളും സൗന്ദര്യബോധവും യുവമനസുകൾക്ക് അന്യമാക്കുന്ന ടെലിവിഷൻ തുടങ്ങിയ ബഹുജന മാധ്യമങ്ങൾ, ജാതിയുടെയും മതത്തിന്റെയും പേരിൽ അധമവികാരങ്ങൾ ഉണർത്തി യുക്തി ചിന്തയേയും ശാസ്ത്രബോധത്തേയും നശിപ്പിക്കുന്ന പ്രതിലോമ പ്രസ്ഥാനങ്ങൾ തുടങ്ങി നമ്മുടെ ജീവിതസാഹചര്യങ്ങളെ നിരന്തരം ദുഷിപ്പിക്കുന്ന ശക്തികൾക്കെതിരെ പൊരുതാൻ ജനങ്ങൾക്ക് ശക്തിയും ആവേശവും നൽകുന്ന ഒരു സംസ്കാര രീതിയാണ് ഞങ്ങൾ വിഭാവന ചെയ്യുന്നത്.

21181 ജനങ്ങൾ അധിവസിക്കുന്ന കല്ലട എന്ന കൊച്ചുഗ്രാമത്തിൽ 10061 പുരുഷന്മാരും 9735 സ്ത്രീകളും സാക്ഷരരാണ്. ഹിന്ദുക്കളും ക്രിസ്ത്യാനികളുമാണ് ഇവിടുത്തെ പ്രധാന മതവിഭാഗങ്ങൾ. മൂന്നു മുസ്ലിം കുടുംബങ്ങളുമുണ്ട്. ഇവിടുത്തെ ആരാധനാലയങ്ങളും ആഘോഷങ്ങളും മതസൗഹാർദ്ദത്തിന്റെ മൂർത്തരൂപങ്ങളാണ്. പള്ളികൾ, ക്ഷേത്രങ്ങൾ, കാവുകൾ, കുടുംബക്ഷേത്രങ്ങൾ എന്നിവ പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും ധാരളമായി കാണാൻ കഴിയും.

നാല് ഹൈസ്കൂളുകൾ ഉൾപ്പെടെ ഒമ്പത് സ്കൂളുകളും ഒരു ഇംഗ്ലീഷ് മിഡീയം ഹൈസ്കൂളും നാല് നഴ്സറി സ്കൂളും ഉൾപ്പെട്ടതാണ് ഇവിടുത്തെ വിദ്യാഭ്യാസമേഖല വിദ്യാഭ്യാസ നിലവാരവും കുട്ടികളുടെ എണ്ണവും ആശവഹമല്ല. രണ്ട് പ്രൈമറി സ്കൂളുകൾ മാത്രമാണ് ഗവൺമെന്റ് ഉടമസ്ഥതയിലുള്ളത്. ഏകദേശം 9 സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. കോളേജ് വിദ്യാഭ്യാസത്തിനായി വിദൂരങ്ങളിലുള്ള സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട ഗതിക്കേടിലാണ് കല്ലടയിലെ ജനങ്ങൾ. ആയിതനാൽ കല്ലട പഞ്ചായത്തിലോ സമീപപ്രദേശങ്ങളിലോ കോളേജ് അത്യാവശ്യമാണ്.

പട്ടിക - 1

നിലവിലുള്ള കലാ-കായിക സാംസ്കാരിക സംഘടനകൾ.

ക്രമ നമ്പർ	പേരും, വിലാസവും	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	കെട്ടിടത്തിന്റെ വിവരം	ധനസഹായത്തിന്റെ വിവരം	ഏത് സ്ഥാപനത്തോട് അഫിലിയേറ്റ് ചെയ്തിരിക്കുന്നു.	പത്രമാസികകൾ	പ്രവർത്തനത്തിന്റെ വിവരങ്ങൾ
1	അക്ഷര, ശിങ്കാരപ്പള്ളി	1975	60	സ്വന്തം	ഇല്ല		2	കലാ-കായിക പ്രവർത്തനം.
2	യുവധാര, ശിങ്കാരപ്പള്ളി.	1994	45	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഓണപരിപാടി.
3	ദീപ കലാസാംസ്കാരികവേദി, പരിച്ചേരി.	1985	50	ഇല്ല	ഇല്ല	ഇല്ല	ഇല്ല	വാർഷിക പരിപാടി.
4	സചിത്ര കലാസമിതി, റേഡിയോ ക്ലബ്.	1990	79	ഇല്ല	ഇല്ല	A.I.R	1	സചിത്ര ദൈവാരിക പ്രസിദ്ധീകരിക്കുന്നു, കുട്ടികൾക്കായി പൊതുവിജ്ഞാന ക്ലാസ്സുകൾ, സംഗീതോപകരണ ക്ലാസ്സുകൾ, കലാപ്രദർശനങ്ങൾ, മത്സരങ്ങൾ
5	ദൃശ്യാഞ്ജലി, അമ്പുവിള.	1993	27	ഇല്ല	ഇല്ല	ഇല്ല	ഇല്ല	വാർഷിക പരിപാടി, കലാകായിക സാമൂഹ്യക പ്രവർത്തനം.
6	നിള, മുട്ടം.	1995	50	ഇല്ല	ഇല്ല	ഇല്ല	ഇല്ല	കലാകായിക പ്രവർത്തനം
7	കലാകൈരളി, തെക്കേമുറി.	1983	76	ഇല്ല	പഞ്ചായത്ത് ഗ്രാന്റ്	നെഹ്രുയുകകേന്ദ്ര ജില്ലാ ഫുഡ്ബാൾ ക്രിക്കറ്റ് ഫെഡറേഷൻ	4	കലാകായിക പ്രവർത്തനം, രക്തദാനം ജനവിദ്യാകേന്ദ്രം, സാമൂഹ്യപ്രവർത്തനം.
8	യുവരശ്മി, കുരിശ്ശടിമുക്ക്.	1988	40	വാടക	ഇല്ല	ഇല്ല	ഇല്ല	കലാകായിക പ്രവർത്തനങ്ങൾ
9	യുവരശ്മി, ചിറ്റുമല.	1995	25	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഓണപരിപാടി.
10	യുവകലാവേദി.	1984	70	ഉണ്ട്	ഇല്ല	കേരള സംഗീത നാടക അക്കാഡമി	1	അമച്വർ നാടകരംഗം, കലാകായിക പ്രവർത്തനം.
11	പെണ്മൈകലാവേദി, മതിലകം.	1995	30	ഇല്ല	ഇല്ല	ഇല്ല	ഇല്ല	കലാകായിക പ്രവർത്തനം.
12	യുവജന ആർട്ട്സ്.	1994	35	ഇല്ല	ഇല്ല	ഇല്ല	ഇല്ല	കലാകായിക പ്രവർത്തനം.
13	ബ്രദേഴ്സ് റിക്രിയേഷൻ, ചിറ്റുമല.	1995	25	ഇല്ല	ഇല്ല	ഇല്ല	ഇല്ല	വാർഷിക പരിപാടി.
14	കാവ്യാഞ്ജലി, നിലമേൽ.	1991	35	ഇല്ല	ഇല്ല	ഇല്ല	ഇല്ല	കലാകായിക പ്രവർത്തനം.
15	കൈരളി ഫൈൻ ആർട്ട്സ് സൊസൈറ്റി.	1994	275	ഇല്ല	സ്വന്തം	രജിസ്ട്രേഷൻ	ഇല്ല	കലാരംഗം.

പട്ടിക - 2

നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ

ക്രമ നമ്പർ	പേരും, വിലാസവും	സ്ഥാപിച്ച വർഷം	കെട്ടിടത്തിന്റെ വിവരം	അംഗങ്ങളുടെ എണ്ണം	പുസ്തകങ്ങളുടെ എണ്ണം	പ്രതിമാസ പുസ്തക വിനിമയം	കീഴിൽ പ്രവർത്തിക്കുന്നവയുടെ വിവരം	സർക്കാർ ഗ്രന്ഥം ലഭിക്കുന്നുണ്ടോ.	പത്രങ്ങളുടെ എണ്ണം	ആനുകാലികങ്ങൾ	മറ്റു പ്രവർത്തനം
1	K.P.P. യൂണിയൻ ഗ്രന്ഥശാല/വായനശാല, കൊച്ചുപ്ലാംമൂട്.	1960	വാടക	286	1226	320	വായനശാല	ഉണ്ട്	2	2	സാക്ഷരതാപ്രവർത്തനം ജനകീയാസൂത്രണ പ്രവർത്തനം സാമൂഹ്യസാംസ്കാരിക പ്രവർത്തനം.
2	K.M.Y.M.A. ഗ്രന്ഥശാല/വായനശാല, കിഴക്കേ കല്ലട.	1982	വാടക	422	1706	300	വായനശാല ബാലവേദി	ഉണ്ട്	1	3	സാമൂഹിക സാംസ്കാരിക പ്രവർത്തനം, സാക്ഷരത
3	പ്രോഗസ്സീവ്, കൈലാത്തുമുക്ക്	1952	സ്വന്തം	1087	8000	100	വായനശാല	ഉണ്ട്	1	2	ഇല്ല.
4	S.M.Y.M.A. ഗ്രന്ഥശാല. ചിറ്റുമല.		വാടക								
5	കലാകൈരളി ഗ്രന്ഥശാല/വായനശാല, തെക്കേമുറി, കിഴക്കേ കല്ലട.	1994	സ്വന്തം	176	740	125	വായനശാല കലാകായികവേദി	ഇല്ല	2	3	രക്തദാനം, സാമൂഹിക പ്രവർത്തനങ്ങൾ,സാക്ഷരത. കലാകായിക പ്രവർത്തനങ്ങൾ

മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഗ്രന്ഥശാലകളും വായനശാലകളും 1952ൽ സ്ഥാപിച്ച പ്രോഗ്രസീവ് ആണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥശാല/ വായനശാല ഇതിന്റെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. എസ്.എം.വൈ.എ, കെ.പി.പി. യൂണിയൻ, കെ.എം.വൈ.എം.എ, കലാകൈരളി എന്നിവയാണ് മറ്റ് ഗ്രന്ഥശാല/ വായനശാലകൾ. ഇവയിൽ കെ.എം.വൈ.എം.എയും കെ.പി.പി. യൂണിയനും പ്രവർത്തനങ്ങളിൽ സജീവ മാണെങ്കിലും സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ പ്രവർത്തനം വിപുലീകരിക്കാൻ സാധിക്കുന്നില്ല. സ്വന്തമായി വസ്തു ഉണ്ടായിരുന്നിട്ടും എസ്. എം. വൈ. എയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനോ പ്രവർത്തനത്തിൽ ഊർജ്ജസ്വലമാകുന്നതിനോ കഴിഞ്ഞിട്ടില്ല. 93.64% സാക്ഷരതയും, വിദ്യാഭ്യാസപരമായും സാംസ്ക്കാരികപരമായും മുന്നിട്ട് നിൽക്കുന്നുവെങ്കിലും വായനയുടെ കാര്യത്തിൽ ഇവിടുത്തെ ജനങ്ങൾ വളരെ പിന്നിലാണ്. പഞ്ചായത്തിൽ മൊത്തം 1410 പത്രങ്ങളും, ഉന്നതനിലവാരത്തിലുള്ള വാരികകൾ 148ഉം ഇതരവാരികകൾ 1427ഉം വനിതാ മാസികകൾ 285ഉം ബാലമാസികകൾ 461ഉം സിനിമാ വാരികകൾ 81ഉം. ശാസ്ത്രപ്രസിദ്ധികരണങ്ങൾ 60ഉം സ്പോർട്ട്സ് മാസികകൾ 30ഉം പ്രചാരത്തിലുണ്ട്.

വാളെടുക്കുന്നവനൊക്കെ വെളിച്ചപാട് എന്ന സ്ഥിതിയാണ് നാട്ടിലെ സാംസ്ക്കാരിക സംഘടനകളുടേത്. നല്ല സമൂഹത്തെ താങ്ങിനിറുത്തുന്ന തൂണുകളാണ് സാംസ്കാരിക സംഘടനകൾ. നാടിന്റെയും ജനങ്ങളുടെയും ക്ഷേമാശൈര്യങ്ങൾ കാത്ത് സൂക്ഷിക്കുകയും വളർന്നു വരുന്ന സാംസ്കാരിക ജീർണ്ണതകളെ കണ്ടെത്തി നശിപ്പിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ ഇത്തരം സംഘടനകൾ ഏതെങ്കിലും സങ്കുചിത താൽപ്പര്യങ്ങൾക്ക് വേണ്ടിയോ ഏതെങ്കിലും വിഭാഗത്തിന്റെ മാത്രമായോ പ്രവർത്തിക്കാൻ പാടില്ല. എല്ലാ വിഭാഗം ജനങ്ങൾക്കും ഇത്തരം സംഘടനകൾ കൊണ്ട് പ്രയോജനം ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധി ക്കുകയും ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

പഞ്ചായത്തിൽ മൊത്തം ഇരുപതോളം സംഘടനകളും കേരളാ ശാസ്ത്രസാഹിത്യ പരിഷത്തിന്റെ 65 അംഗങ്ങളുള്ള മൂന്ന് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. കല്ലടയുടെ സാംസ്ക്കാരികമേഖലയ്ക്ക് അഭിമാനമായി ഒരു ഫൈനാർട്ട്, സൊസൈറ്റിയും പ്രവർത്തിക്കുന്നണ്ട്. ക്ലബ്ബുകൾ പലതും ഓണക്ലബ്ബുകളാണ്. 1984ൽ സ്ഥാപിച്ച യുലകലാവേദി അമച്വർ നാടകരംഗത്ത് നേടിയെടുത്ത പ്രശസ്തി പ്രശംസനീയമാണ്. കേരളാസംഗീത നാടക അക്കാഡമിയോടു അഫിലിയേറ്റ് ചെയ്തിട്ടുള്ള വേദിയിൽ കഴിവുള്ള നടന്മാരും സംവിധായകരും ഉണ്ടായിരുന്നു. എന്നാൽ ഇതിന്റെ പ്രവർത്തനം നിർജീവാവസ്ഥയിലാണ്. കലാകൈരളീ സചിന്ത എന്നിവയാണ് പ്രവർത്തനത്തിൽ മുൻപന്തിയിൽ.

ഈ പഞ്ചായത്തിൽ ചിറ്റുമല കിഴക്ക് മതിലകം കോളനി എന്നിവിടങ്ങളിൽ മാത്രമാണ് ടി.വി.സെന്ററുകൾ ഉള്ളത്. ചിറ്റുമലയിൽ ഒരു സിനിമാതീയേറ്ററും ഉണ്ട്. സ്ഥിരമായി സിനിമ കാണുന്നവർ 2% വരും. കുടുംബമായി സിനിമ കാണുന്ന രീതി ഇവിടെ കാണാൻ കഴിയുന്നില്ല. സിനിമ കാണുന്നവരിൽ പുരുഷന്മാരാണ് മുന്നിൽ രണ്ട് ജിംനേഷ്യവും ഒരു കാരാട്ടേ പരിശീലനകേന്ദ്രവും ഉണ്ട്. പഞ്ചായത്തിൽ സ്വന്തമായി പൊതു കളിസ്ഥലമില്ല.

പ്രശ്നങ്ങൾ

സാംസ്കാരി മണ്ഡലം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. 4,6,9 വാർഡുകളിൽ ഗ്രന്ഥശാലകളോ വായനശാലകളോ ഇല്ല. അഞ്ചാം വാർഡിൽ പണിപൂർത്തിയായ ഗ്രന്ഥശാല ഇപ്പോഴും ഉദ്ഘാടനം ചെയ്തിട്ടില്ല. ഒന്നാം വാർഡിലെ പ്രോഗ്രസീവ് ഗ്രന്ഥാലയത്തിനു സ്വന്തമായി കെട്ടിടം ഉണ്ടായിട്ടും നിർജ്ജീവാ വസ്ഥയിലാണ്. സർക്കാർ ധനസഹായം തടഞ്ഞു വച്ചിരിക്കു ന്നതിനാൽ കെട്ടിടം പണിപൂർത്തിയാകാതെ കിടക്കുന്നു. സ്വന്തമായി വസ്തുവുള്ള S. M. Y. M. A ഗ്രന്ഥശാല നിർജ്ജീവാവസ്ഥയിലാണ് K. P. P. യൂണിയൻ, K. M. Y. M. A എന്നീ ഗ്രന്ഥശാലകൾ പ്രവർത്തനത്തിൽ സജീവമാണെങ്കിലും സ്വന്തമായി കെട്ടിടം

ഇല്ലാത്തതിനാൽ പ്രവർത്തനം വിപുലീകരിയ്ക്കാൻ കഴിയുന്നില്ല.

2. ഒന്നാം ഘട്ടസാക്ഷരതാപ്രവർത്തനം ഊർജ്ജസ്വലമായി നടന്ന പഞ്ചായത്തുകളിൽ പ്രമുഖമാണ് കല്ലട പഞ്ചായത്ത്. എന്നാൽ ആടു കിടന്നിടത്ത് പൂടപോലുമില്ലാത്ത അവസ്ഥയാണ് ഇപ്പോൾ. ജനവിദ്യാ കേന്ദ്രങ്ങൾ നവസാക്ഷരരേയും പ്രവർത്തകരെയും നോക്കി പരിഹസിക്കുന്നു.

3. പ്രാദേശിക കലാരൂപങ്ങളായ തിരുവാതിര, ശാസ്താംപാട്ട്, ഭജന കമ്പടികളി, ചെണ്ടമേളം തുടങ്ങിയവ സമൂഹത്തിൽ നിന്നന്യമായി കൊണ്ടിരിക്കുന്നു.

4. കലാസാഹിത്യാദികളിൽ അഭിരുചിയുള്ള വിദ്യാർത്ഥികളും, യുവാക്കളും ധാരാളമുള്ള പഞ്ചായത്താണ് കല്ലട. എന്നാൽ വളർച്ചയുടെ പടവുകൾ ഇവർക്കു മുന്നിൽ അപ്രത്യക്ഷമാകുന്നു.

5. വർദ്ധിച്ചു വരുന്ന പടിഞ്ഞാറൻ സംസ്കാരത്തിന്റെ സ്വാധീനം പട്ടണങ്ങളിൽ നിന്നും ഗ്രാമങ്ങളിലേക്ക് തള്ളിക്കയറ്റം നടത്തുന്നു. വിദ്യാർത്ഥികളും യുവാക്കളും പരിധിവിട്ട് ഇവയിൽ സ്വാധീനിക്കപ്പെട്ട് നശിക്കുന്നു. സ്നേഹവും സഹകരണവും വിദ്വേഷത്തിനും ശത്രുതയ്ക്കും വേണ്ടി വഴി മാറുന്നു. ലക്ഷ്യബോധമില്ലാതെ യുവാക്കൾ അലഞ്ഞു തിരിയുന്നു.

6. ജനങ്ങളിൽ വായനശീലം കുറഞ്ഞു വരുന്നു എന്ന സത്യം മനസ്സിലാക്കി ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഒഴിവാക്കാൻ തീവ്രയജ്ഞപരിപാടിക്ക് രൂപംക്കൊടുക്കാൻ ഇനിയും അമാന്തിച്ചു കൂടാ. കേരളത്തിൽ മദ്യത്തിനു വേണ്ടി പ്രതിവർഷം 900 കോടി രൂപയിൽ കൂടുതൽ ചെലവാക്കുന്നുണ്ട്. ഇത് ഏകദേശം ഒരാൾക്കു 300 രൂപയിൽ കൂടുതൽ വരും. എന്നാൽ പുസ്തകങ്ങൾക്കോ, കേവലം 3 രൂപയിൽ താഴെ മാത്രവും പ്രസംഗങ്ങൾ പ്രവർത്തിയ്ക്കായി വഴി മാറിയേ പറ്റൂ.

7. മദ്യം കുടിച്ചു മർക്കടത്തെ ഭൂതം ബാധിച്ചാലത്തെ അവസ്ഥയാണ് ജനങ്ങളിൽ, പ്രത്യേകിച്ച് കുട്ടികളിൽ ടി.വി. ചെലുത്തുന്ന സ്വാധീനം, കുട്ടികളുടെയും, യുവാക്കളുടെയും വേഷത്തിലും, ഭാഷയിലും, ജീവിതവീക്ഷണത്തിലും ഈ പേടകം കാഴ്ചവയ്ക്കുന്ന പരിപാടിയ്ക്ക് നല്ല സ്വാധീനം ഉണ്ട്. അതിവിദഗ്ദ്ധമായി നടത്തുന്ന കൊലപാതകങ്ങളിൽ നിന്ന്, തെളിവു നശിപ്പിച്ച് തന്ത്രപൂർവ്വം രക്ഷപ്പെടാൻ വില്ലന്മാർ നടത്തുന്ന ശ്രമങ്ങൾ അനുകരിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നു. അക്രമവും, ബലാക്കാരവും സമൂഹത്തിന്റെ ദിനചര്യയായി മാറിക്കൊണ്ടിരിക്കുന്നില്ലേ? ബഹുഭൂരിപക്ഷം ജനങ്ങളേയും മണിക്കൂറുകളോളം നിശ്ചലരാക്കി ബന്ദുകളേയും ഇവ പരാജയപ്പെടുത്തിന്നില്ലേ? ബോംബേറും, വെട്ടും, കുത്തും കൊലപാതകങ്ങളും ഇവിടെ വർദ്ധിച്ചു വരുന്നില്ലേ? അക്രമാധിപത്യത്തിലെ ഘടകകക്ഷികളിൽ ടി.വി. ഒന്നാം പ്രതി അല്ലെങ്കിലും അത്രമോശക്കാരനല്ല. ഇതുകൊണ്ടുള്ള പ്രയോജനം കുറച്ചു കാണുന്നിമില്ല.

8. സ്ത്രീകളിലെ വായനാശീലം അപകടകരമായി വിധത്തിൽ കുറഞ്ഞു വരുന്നു. 'മ' പ്രസിദ്ധീകരണങ്ങൾ ചെലുത്തുന്ന സ്വാധീനം ചില്ലറയല്ല. 'അരിമണിയൊന്നു കൊറിപ്പാനില്ല. തരിവളയിട്ട് കിലുക്കാൻ മോഹം' എന്ന് കവി പാടിയ പോലെയായി. ഇല്ലാത്ത കാശുണ്ടാക്കി ഇത്തരം വിലക്കുറഞ്ഞ പ്രസിദ്ധീകരണങ്ങൾ വാങ്ങി വായിച്ച് ഉള്ള മാനസിക ശേഷി ശോഷിപ്പിക്കുന്നു എന്നതാണ് പ്രശ്നം. നല്ല പ്രസിദ്ധീകരണങ്ങൾ തഴയപ്പെടുന്നു. ആവശ്യാനുസരണം പുസ്തകങ്ങൾ വായനക്കാരുടെ പക്കൽ എത്തേണ്ടതുണ്ട്.

9. കുട്ടികളിൽ വായനാശീലം തീരെ ഇല്ല എന്നത് നമ്മെ ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്. ഭൂരിപക്ഷം സ്കൂളുകളിലും ഗ്രന്ഥാലയം ഇല്ല, ഉള്ളിടത്തോ പ്രവർത്തനം ആശാവഹവുമല്ല. ഗ്രന്ഥാലയം എന്ന വാക്കു പോലും ഇവർക്ക് അന്യമാണ്. നാളത്തെ പൗരന്മാരുടെ സ്ഥിതി ഇതാണെങ്കിൽ? ഇക്കാര്യത്തിൽ നാം എല്ലാവരും ഒരേ പോലെ കുറ്റക്കാരാണ്.

10. ഈ പ്രദേശത്തെ ജനജീവിതം പൊതുവെ ശാന്തമായിരുന്നെങ്കിലും അടുത്ത കാലത്തായി ജനങ്ങളുടെ സമാധാന

ജീവിതത്തിനെതിരെ ഉണ്ടായിക്കൊണ്ടിരുക്കുന്ന വെല്ലുവിളികൾക്ക് അത്യാവശ്യമായി പരിഹാരം കാണേണ്ടതുണ്ട്. ഇവിടെ ഒന്നാം പ്രതിമദ്യം തന്നെ ആണെങ്കിൽ സംശയമില്ല.

11. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നിരവധി കോളനികളും പാവപ്പെട്ട ജനങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങളും ഉണ്ട്. ഇവിടെയുള്ളവർക്ക് ദേശവിദേശങ്ങളിൽ നടക്കുന്ന കാര്യങ്ങൾ അറിയുന്നതിനും, മനസ്സിലാക്കുന്നതിനും മാർഗ്ഗങ്ങളില്ല. അമ്പുവിളകോളനിയിൽ സ്ഥാപിയ്ക്കാൻ ഉദ്ദേശിച്ചിട്ടുള്ള ടി.വി. സെന്റർ ഇതുവരേയും സ്ഥാപിച്ചിട്ടില്ല.

12. പഞ്ചായത്തിൽ നിലവിലുള്ള രണ്ട് റോഡിയോ പാർക്കുകൾ ഉപയോഗശൂന്യമായി നശിച്ചു കൊണ്ടിരിക്കുന്നു.

13. പഞ്ചായത്തിൽ അരഡസനോളം ഗ്രന്ഥശാലകളും വളരെകൂടുതൽ സാംസ്കാരിക സംഘടനകളും ഉണ്ടെങ്കിലും പലതും ഓണക്ലബ്ബുകളും നിർജ്ജീവവുമാണ്. ഓണത്തിന് ജനത്തെ കൊള്ളയടിച്ച് പലർക്കായി വീതം വയ്ക്കുകയാണ് ഇവയുടെ മുഖ്യപ്രവർത്തനം. ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കത്തക്ക വിധത്തിൽ പഞ്ചായത്ത് തലത്തിൽ ഒരു സംവിധാനം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. കാരണം യുവാക്കളെയും കുട്ടികളെയും വഴിപിഴയ്ക്കാതെ സംരക്ഷിയ്ക്കാൻ കഴിയുന്ന സംഘടനകൾ നല്ല സംസ്കാരത്തിന്റെ അടിസ്ഥാനശിലകളാണ്.

14. പഞ്ചായത്തിന് ഒരു കമ്മ്യൂണിറ്റിഹാൾ ഉണ്ടെങ്കിലും ഉപയോഗപ്രദമല്ല. രണ്ടു പേർ ഒരുമിച്ച് സംസാരിച്ചാൽ മനസ്സിലാക്കാൻ കഴിയാത്ത സ്ഥിതിയാണ്.

കായികസംസ്കാരം

കായികരംഗം നല്ല സംസ്കാരത്തിന്റെ ഉരകല്ലാണ്. കായികപ്രവർത്തനങ്ങളിലെ ജനങ്ങളുടെ പങ്കാളിത്തമാണ്. അതിന്റെ മുഖമുദ്ര മെഡലുകളുടേയോ, ചാമ്പ്യന്മാരുടേയോ എണ്ണമല്ല നമുക്ക് വേണ്ടത്. സാർവ്വത്രികമായ കായിക പരിശീലനവും ആത്മാർത്ഥമായ രാജ്യസ്നേഹമാണ് വേണ്ടത്. ഇച്ഛാശക്തിയും ആത്മവിശ്വാസവുമുള്ള ആരോഗദൃഢഗാത്രരായ ഒരു ജനതതിയെ വാർത്തെടുകയാണ് നമ്മുടെ ഉദ്ദേശ്യം. പക്ഷേ ഇന്ന് പലപ്പോഴും സ്പോർട്സ് തൊഴിൽ സമ്പാദനത്തിനുള്ള കുറുക്കുവഴിയായി പലരും കാണുന്നു. അതിന്റെ തെളിവുകളാണല്ലോ കുനിഞ്ഞശിരസ്സുകളും വെറും കൈയോടെയുമുള്ള മടക്കയാത്രകളും. ഈ അവസ്ഥ മാറ്റേണ്ടിയിരിക്കുന്നു. അതിനുള്ള പോരാട്ടത്തിനായി ഈ കൊച്ചുഗ്രാമത്തിലെ ജനങ്ങൾ ജനകീയാസൂത്രണത്തിലൂടെ ഒരു പുത്തൻ കായിക സംസ്കാരം വാഗ്ദത്തം ചെയ്യുന്നു. നമ്മുടെ ഗ്രാമം ഇന്ത്യൻ കായികരംഗത്ത് സുരേഷ്ബാബു, സത്യൻ, സുശീലൻ എന്നി കായികപ്രതിഭകളെ ഇന്ത്യൻ കായികരംഗത്തിന് സംഭാവനചെയ്യാൻ ഈ ഗ്രാമത്തിന് കഴിഞ്ഞിട്ടുണ്ട്. എല്ലാത്തിനും ഉപരിയായി ആരോഗ്യസംരക്ഷണത്തിന് കായിക പ്രവർത്തനം അത്യാവശ്യമാണെന്ന് മനസ്സിലാക്കി നാം ഇതിന് കൂടുതൽ പ്രാധാന്യം നൽകിയേ മതിയാകൂ.

കായികരംഗം നേരിടുന്ന പ്രശ്നങ്ങൾ

1. പഞ്ചായത്തിന് ഒരു പൊതുകളിസ്ഥമമില്ല എന്നത് കായികരംഗത്തെ മുരടിപ്പിന് പ്രധാനകാരണമാണ്.

2. കായിക പ്രതിഭകളെ വളർത്തിയെടുക്കുന്നതിനാവശ്യയമായ പരിശീലന സൗകര്യങ്ങൾ ഇവിടെ ഇല്ല. ദേശീയ മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യത ലഭിച്ചിട്ടും പങ്കെടുക്കാൻ കഴിയാതെ വന്ന സ്ഥിതി ഇവിടെ യുണ്ടായിട്ടുണ്ട്. സംസ്ഥാനതല കേരളോത്സവങ്ങളിലും, സ്കൂൾ കായികമേളകളിലും വിജയം നേടിയ വനിതകൾ ഉൾപ്പെടെയുള്ള കായിക പ്രതിഭകൾ ഈ പഞ്ചായത്തിലുണ്ട്. ഇവരുടെ കഴിവുകൾ ഇവിടം കൊണ്ട് അവസാനിയ്ക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്.

3. കായികവിദ്യാഭ്യാസത്തിന്റെയും സ്പോർട്സ്മാൻ സ്പിരിറ്റിന്റെയും അപര്യാപ്തത കായിക രംഗം നേരിടുന്ന വെല്ലുവിളികളിൽ പ്രധാനപ്പെട്ടതാണ്. കായിക വിദ്യാഭ്യാസം ഔപചാരികവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കേണ്ടതുണ്ട്.

4. അദ്ധ്യാപകരിലും, വിദ്യാർത്ഥികളിലും കായികപ്രവർത്തനങ്ങളിൽ താൽപര്യം കുറഞ്ഞു വരുന്നു. ഡ്രില്ലുകർ വിശ്രമസമയങ്ങളായി മാറുന്നു. സ്കൂൾ കായികമേളകൾ ആചാരങ്ങളിലൊതുങ്ങുന്നു.

5. പഞ്ചായത്ത് മേളകൾ കായിക പ്രവർത്തകരിൽ നിന്നും ഒറ്റപ്പെടുന്നു. പങ്കാളികളുടെ അഭാവം മൂലം മേളകൾ ശുഷ്കിച്ച് ആചാരങ്ങളായി മാറുന്നു. ഇതിന് പ്രധാനകാരണമായി അധികാരികൾ പണത്തിന്റെ അപര്യാപ്തത പറഞ്ഞ് തടിതപ്പുന്നു.

6. പഞ്ചായത്ത് മേളകളിൽ വനിതകളുടെ പ്രാധിനിത്യം പോലുമില്ലാത്ത സ്ഥിതിയാണ്. അപകടകരമായ ഈ അവസ്ഥയ്ക്ക് പരിഹാരം ഉണ്ടായേ മതിയാകൂ.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. പഞ്ചായത്തിലെ ജനങ്ങൾക്ക് ഒത്തു ചേരുന്നതിനും സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിനും പഞ്ചായത്തിന്റെ കേന്ദ്രമായ ചിറ്റുമലയിൽ ഒരു 'സാംസ്കാരികനിലയം' സ്ഥാപിക്കണം. ഇതിനെ പഞ്ചായത്ത് ലൈബ്രറിയായും, വിവരഗ്രഹണകേന്ദ്രമായും (Information centre) ഉയർത്തി പ്രവർത്തനം വ്യാപിപ്പിക്കാവുന്നതാണ്.

2. പഞ്ചായത്തിന്റെ കലാകായിക സാംസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി പഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ഈ പ്രതിനിധികൾ, കലാകായിക സംഘടനാ പ്രവർത്തകർ, ഈ രംഗങ്ങളിലെ പ്രഗത്ഭർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ സെന്റർ ഫോർ ആർട്ട്സ് ആന്റ് സ്പോർട്സ് കർച്ചറൻ അസോസ്സിയേഷൻസ് (CASCA)എന്ന പേരിൽ ഒരു ഔദ്യോഗിക സംഘടനയ്ക്ക് രൂപം നൽകണം.

3. പഞ്ചായത്തിലെ എല്ലാ കലാകായിക സംഘടനകളും CASCA-യിൽ രജിസ്റ്റർ ചെയ്യുകയും വേണം. ഇതിനായി നാമമാത്രമായ തുക ഈടാക്കാവുന്നതാണ്. സംഘടനകൾക്ക് പഞ്ചായത്ത് ഗ്രാന്റ് നൽകുന്ന അവസരത്തിൽ ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചതിനു ശേഷം ഗ്രാന്റ് നൽകുക.

4. 4,5,9 വാർഡുകളിലെ അവിടുത്തെ സന്നദ്ധസംഘടനകളുടെയും ജനകീയ സമിതികളുടേയും മേൽനോട്ടത്തിൽ വായനശാലകൾ തുടങ്ങുകയും എല്ലാ ഗ്രന്ഥശാലകൾക്കും മൂന്നു വർത്തമാനപത്രമെങ്കിലും അനുവദിയ്ക്കുകയും ചെയ്യുക. അഞ്ചാം വാർഡിൽ പൂർത്തീകരിച്ചിട്ടുള്ള ഗ്രന്ഥശാല എത്രയും വേഗം ജനങ്ങൾക്കായി തുറന്നു കൊടുക്കുക. നിർജ്ജീവാവസ്ഥയിലുള്ള S.M.Y.M.A. പ്രോഗ്രസ്സീവ് ഗ്രന്ഥശാലകൾക്ക് പുതിയ ഭരണസമിതികളെ തെരഞ്ഞെടുത്ത് പ്രവർത്തനം സജ്ജമാക്കുക. ആറാം വാർഡിൽ പ്രവർത്തനമില്ലാതെ കിടക്കുന്ന റേഡിയോ പാർക്ക് വായനശാല നിർമ്മിക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്. K.P.P. യൂണിയൻ, K.M.Y.M.A. ഗ്രന്ഥശാലകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കണം. കൂടാതെ മറ്റ് സംഘടനകൾക്ക് പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

5. സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടി പുനരുജ്ജീവിപ്പിക്കുകയും ജനവിദ്യാ കേന്ദ്രങ്ങളെ വിവരഗ്രഹണ കേന്ദ്രങ്ങളാക്കി ഉയർത്തി, ഇവയുടെ പ്രവർത്തനം ഗ്രന്ഥശാലകളുമായി ബന്ധിപ്പിക്കുകയും വേണം.

6. ജനങ്ങളിലെ പ്രത്യേകിച്ച് സ്ത്രീകളിലെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. പുസ്തകങ്ങൾ നേരിട്ട് വീടുകളിലെത്തിച്ച്, തിരികെ വാങ്ങുന്ന ഒരു സ്ഥിരം പരിപാടി പരിക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാം. സഞ്ചരിക്കുന്ന ഗ്രന്ഥശാലകളുടെ പ്രവർത്തനം ഗ്രാമങ്ങളിലേക്കും വ്യാപിപ്പിക്കുക. പുസ്തകോത്സവങ്ങൾ ഗ്രാമങ്ങളിൽ വ്യാപകമായി നടപ്പിലാക്കുക.

7. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. പ്രൈമറി തലം മുതൽ സ്കൂൾ ലൈബ്രറി നിർബന്ധമാക്കണം. സ്കൂൾ ലൈബ്രറികളിൽ വർത്തമാന പത്രങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണം. കുട്ടികൾ ലൈബ്രറി ഉപയോഗപ്പെടുത്തുന്നുണ്ട് എന്നുറപ്പു വരുത്തണം.

8. ഏറ്റവും നല്ല വായനക്കാരൻ, നല്ല ഗ്രന്ഥശാല, നല്ല സാംസ്കാരിക പ്രവർത്തകൻ, സാക്ഷരാതാപ്രവർത്തനകൻ എന്നിവർക്കായി വർഷംതോറും അവാർഡുകൾ ഏർപ്പെടുത്തി വായനയും, സാക്ഷരതയും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

9. പഞ്ചായത്തിൽ നികുതി പിരിയ്ക്കുന്ന "ലൈബ്രറിഫീസ്" ഗ്രന്ഥശാലാ സംഘത്തിന് നൽകാതെ അതാത് പഞ്ചായത്തുകളിലെ ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിന് മാത്രമായി ഉപയോഗിക്കുവാൻ അനുമതി നൽകുക.

10. അന്യമായി കൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ബന്ധപ്പെട്ട വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തുക. കലാസാഹിത്യാദികളിലെ പ്രതിഭകളെ പരിശീലിപ്പിക്കുന്നിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി പരിശീലനക്ലാസ്സുകൾ നടത്തുക. വിദ്യാർത്ഥികൾക്കായി മദ്ധ്യവേനലവധിക്കാലത്ത് പഠനകളരികൾ നടത്തുക.

11. ടി.വ.പോലെയുള്ള ഇലക്ട്രോണിക്സ് മാധ്യമങ്ങൾ നമ്മുടെയെ ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. ഒഴിവാക്കൽ അസാദ്ധ്യമാണ്. ആയതിനാൽ ടി.വി. പരിപാടികളുടെ സമയം നിയന്ത്രിയ്ക്കുകയും വിജ്ഞാനപ്രദവും പുരോഗമപരവുമായ സൃഷ്ടികൾക്കും, ചിന്തകൾക്കും പ്രാധാന്യം നൽകുകയും വേണം. ഫിലിം സൊസൈറ്റികളും, വീഡിയോക്ലബ്ബുകളും രൂപീകരിച്ചു കൊണ്ട് സന്നദ്ധസംഘടനകൾക്ക് ഒരു ബദൽ പ്രദർശനശൃംഖല സ്ഥാപിക്കാൻ മുൻകൈയെടുക്കണം.

12. ഒരോ വാർഡിലും ഒരോ ദൃശ്യശ്രവണ കേന്ദ്രം വീതം സ്ഥാപിക്കുക. പ്രവർത്തിയ്ക്കാതെ കിടക്കുന്ന ശിങ്കാരപ്പള്ളി, കൈലാത്തുമുക്ക് റേഡിയോ പാർക്കുകൾ പ്രവർത്തനക്ഷമമാക്കുക.

13. മദ്യം ഒരു സാമൂഹിക വിപത്താണെന്നുള്ളതിൽ രണ്ടഭിപ്രായമില്ല. നിരോധനം ഒന്നിനും പരിഹാരമല്ല എന്ന് പാഠങ്ങൾ നമ്മേ പഠിപ്പിട്ടുണ്ട്. എന്നിട്ടും മദ്യം നമ്മുടെ നാടിന്റെ സമാധാനം നശിപ്പിക്കുന്നു. പ്രദേശത്തെ സാംസ്കാരിക സംഘടനാ പ്രവർത്തകരും നാട്ടുകാരും അടങ്ങുന്ന ജനകീയ സമിതികൾ വാർഡുതോറും രൂപീകരിച്ച് ആത്മാർത്ഥമായി ശ്രമിച്ചാൽ പരിഹാരം കാണാവുന്നതാണ്. സർക്കാരിന്റെ ഔദ്യോഗിക സംവിധാനങ്ങൾ ഇവരുടെ സഹായത്തിന് ഉണ്ടാകേണ്ടതുമാണ്.

14. പഞ്ചായത്ത് മേളകൾ ജനകീയ മേളകളാക്കി മാറ്റുക. CASCAയുടെ മേൽനോട്ടത്തിൽ പഞ്ചായത്ത് മേളകൾ നടത്തുക. വിജയികൾക്ക് പാരിതോഷികവും പങ്കാളികൾക്ക് പ്രോത്സാഹനവും നൽകുക.

15. പഞ്ചായത്ത് ബഡ്ജറ്റിൽ കലാകായിക പ്രവർത്തനങ്ങൾക്കായും ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങുന്നതിനും ആവശ്യാനുസരണം തുക വക കൊള്ളിക്കുക.

16. പഞ്ചായത്തിന് ഒരു പൊതു കളിസ്ഥലം (മിനിസ്റ്റേഡിയം) സ്ഥാപിക്കുക. കൂടാതെ രണ്ടുമൂന്നു വാർഡുകൾക്കായി പൊതു കളിസ്ഥലവും ആവശ്യമാണ്. ഇതിനായി സ്കൂൾ ഗ്രൗണ്ടുകൾ പൊതുജനങ്ങൾക്കായി ഉപയോഗപ്രദമാക്കി മാറ്റുക.

17. കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിലും പരിശീലിപ്പിക്കുന്നതിനും, കായിക വിദ്യാഭ്യാസം നൽകുന്നതിനും ഒരു കായിക പരിശീലന കേന്ദ്രം ജനപങ്കാളിത്തത്തോടു കൂടി സ്ഥാപിക്കാവുന്നതാണ്.

18. കായിക വിദ്യാഭ്യാസം ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി മാറ്റുക. പ്രൈമറി തലം മുതൽ കുട്ടികളെ അവർക്ക് ഉൾക്കൊള്ളാൻ കഴിയുന്ന ഏതെങ്കിലും കായിക പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

19. സ്കൂൾ കായികമേളകളിൽ വിദ്യാർത്ഥികളോടൊപ്പം അധ്യാപകർക്കും കായികമത്സരം നിർബന്ധമാക്കുക.

20. പെൺകുട്ടികളേയും, സ്ത്രീകളേയും കായിക പരിശീലനത്തിന്റെ പൊതു ധാരയിലേക്ക് കൊണ്ടു വരുന്നതിന് വേണ്ടി പഞ്ചായത്ത് തലത്തിൽ വനിതാ സമിതികൾ രൂപീകരിച്ച് കായിക പരിശീലനം നൽകുക. ഇതുമൂലം ഇവരിൽ പുതിയ ഒരു ആത്മവിശ്വാസം ഉണ്ടാക്കിയെടുക്കാൻ കഴിയും.

21. പൈങ്ങാവേലി ഉണ്ണിക്കുളം ഏലയിലെ മരമടി മഹോത്സവം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കൂടുതൽ സജീവമാക്കി മാറ്റുക.

22. കല്ലടയിലോ സമീപപ്രദേശങ്ങളിലോ അടിയന്തിരമായി ഒരു കോളേജ് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

23. കമ്മ്യൂണിറ്റിഹാൾ ഉപയോഗപ്രദമാക്കി മാറ്റുക.

തല വളരുന്നുണ്ടെങ്കിലും ഹൃദയം വളരാതിരിയ്ക്കുന്നത് ആധുനിക ഭാരത്തിന്റെ ഒരു പ്രധാനപ്രശ്നം തന്നെയാണ്. സമ്പത്ത് എത്രയുണ്ടെങ്കിലും സംസ്കാരമില്ലാതെ വന്നാൽ കഴുത കുങ്കുമം ചുമക്കുന്ന സ്ഥിതിയാകും. അതുകൊണ്ട് ആദ്യമുണ്ടാകേണ്ടത് മനുഷ്യൻ മനുഷ്യനെ സ്നേഹിയ്ക്കുന്ന, പരസ്പരം മനസ്സിലാക്കി പെരുമാറാൻ അറിയുന്ന ഒരു പുത്തൻ ജനകീയ സഹകരണസംസ്കാരമാണ് ഇതിലേക്ക് ഈ പഞ്ചായത്തിലെ സാംസ്കാരിക മേഖലയുടേയും സംഘടനകളുടേയും സുഗമമായ പ്രവർത്തനത്തിന് ആവിശ്യമായ നിർദ്ദേശങ്ങളെ മുൻഗണനാക്രമത്തിൽ പരിഗണന നൽകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

തയ്യാറാക്കിയത് : ശ്രീ. കെ. ശ്രീധരൻ.
എസ്സ്. വിജയകുമാർ

"ജാതിമതങ്ങളും ഭാഷവേഷാദിയും
ഓതി വഴക്കടിക്കാതെ
നാടിന്റെ പൊതുധാരയിൽ നമ്മുടെ
നാഡിതൻ സ്പന്ദനം ചേർക്കൂ"

വനിത

'ഭാരത സ്ത്രീകൾ തൻ ഭാവ ശുദ്ധി' എന്ന കവിവാക്യം അർത്ഥവത്താക്കുന്ന പാരമ്പര്യമുള്ള ഗ്രാമീണ വനിതകളുടെ നാടാണ് കല്ലട. പൗരാണിക ഭാരതസ്ത്രീ സങ്കൽപം രാമായണത്തിലെ സീതയുടേതാണ്. 'സർവ്വംസഹയായ അമ്മ' ഇതാണ് സ്ത്രീ സങ്കൽപം. ഭൂമി ഉഴുന്നതിനിടയിൽ കണ്ടുകിട്ടിയ ഒരു പെൺകുഞ്ഞ് വളർന്ന് വലുതായി രാജാവിന്റെ ഭാര്യയായി സൗഭാഗ്യത്തിന്റെ ഉത്തുംഗതയിലെത്തി അവിടെ നിന്നും മോഷ്ടിക്കപ്പെട്ട മുതലായി അന്യന്റെ അധീനതയിലായി, യുദ്ധം തന്നെ നടത്തി സ്വതന്ത്രയാകേണ്ടിവന്ന സാഹചര്യത്തിലെത്തി, അവിടെ നിന്നും തിരികെ കൊട്ടാരത്തിൽ എത്തപ്പെട്ട് വീണ്ടും സംശയത്തിന്റെ നീരാളിപ്പിടുത്തത്തിലമർന്ന് കാട്ടിലേക്ക് എറിയപ്പെട്ട്, പുത്രന്മാരും ഭർത്താവും ഇരുവശങ്ങളിലായി നിന്ന് യുദ്ധം ചെയ്യുന്ന രംഗം കണ്ട് ഭൂമിയിലേക്ക് തന്നെ അപ്രത്യക്ഷയായ സ്ത്രീ സംങ്കൽപം. ഭാരതത്തിൽ സ്ത്രീ ഇന്ന് വിൽപനച്ചരക്കായും അധികാരത്തിന്റെ ചവിട്ട് പടിയായും സമ്പത്തിന്റെ മാനദണ്ഡമായും മാറ്റപ്പെടുന്നു. സ്ത്രീകൾ എല്ലാ മേഖലകളിലും വാണിജ്യവത്ക്കരിക്കപ്പെടുന്നു എന്നതാണ് സത്യം. സ്ത്രീയെ ദേവതയായും പ്രകൃതിയായും ആരാധിക്കപ്പെടുന്ന നമ്മുടെ സമൂഹം തന്നെ സതിപോലുള്ള പ്രാകൃത ആചാരങ്ങൾക്ക് അവളെ വിധേയയാക്കി സായൂജ്യമടയുന്നു. ഈ സാഹചര്യങ്ങളുടെ പുതിയ മുഖങ്ങളായ സ്ത്രീധനപീഡനവും മദ്യത്തിന്റെ സ്വാധീനവും കുറഞ്ഞ വേതനവും ഈ ഗ്രാമത്തിലും വർദ്ധിച്ചുവരുന്നുണ്ട്. എന്നിരുന്നാലും പുതിയ സാമൂഹ്യ ഉണർവ് ഈ ഗ്രാമത്തിലെ വനിതകളുടെ ഉന്നതിക്കും പുരോഗതിക്കും കാരണമാകുമെന്ന് ആശിക്കാം.

സതിയും ശൈശവ വിവാഹവും നിലനിന്നിരുന്ന കാലഘട്ടം മുതൽ ഒട്ടേറെ വിലക്കുകളുടെ നടുവിലാണ് ഇന്ത്യൻ സ്ത്രീകളുടെ നിലനിൽപ്പ്. അത്തരം അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ഒരു പരിധിവരെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട് എങ്കിലും മാറ്റത്തിനുവേണ്ടി സ്ത്രീകൾ ഇനിയും ബഹുദൂരം മുന്നോട്ട് സഞ്ചരിക്കേണ്ടിയിരിക്കുന്നു.

ഭരണരംഗത്ത് സ്ത്രീകളുടെ പ്രാതിനിധ്യം വളരെ കുറഞ്ഞുപോയി എന്ന വസ്തുത എല്ലാവരും അംഗീകരിക്കുന്നതാണ്. ഈ വ്യവസ്ഥ മാറ്റുന്നതിന് പുതിയ പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥ കൊണ്ടുവരികയും അതിന്റെ അടിസ്ഥാനത്തിൽ മൂന്നിലൊന്ന് ശതമാനം സീറ്റ് സ്ത്രീകൾക്കായി നീക്കിവയ്ക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഭരണസാരഥ്യം വഹിക്കുന്നവരുടെ എണ്ണത്തിലും സ്ത്രീകൾ മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതലായി. എന്നാൽ പാർലമെന്റിലേയും നിയമസഭയിലേയും അവസ്ഥ ഇതല്ല. ഇന്ത്യൻ പാർലമെന്റിൽ ഒരു കാലത്തും 8% ത്തിലധികം സ്ത്രീകൾ എത്തിയിട്ടില്ല. പുരോഗമന പ്രസ്ഥാനങ്ങൾക്ക് ഏറെ സ്വാധീനമുള്ള കേരളാ സംസ്ഥാനത്തിൽ നിന്നും നിയമസഭയിലേക്ക് ഒരു കാലത്തും കൂടുതൽ അംഗങ്ങൾ ഉണ്ടായിട്ടില്ല.

സ്ത്രീ എന്നും മാധ്യമങ്ങളിലെ ഒരു മുഖ്യ പ്രതിപാദ്യവിഷയമാണ്. ആധുനിക മാധ്യമങ്ങളിൽ സ്ത്രീ ചിത്രീകരണം ഏറ്റവും പ്രധാന വിഷയമായി നിലനിൽക്കുന്നു. പാരമ്പര്യാധിഷ്ഠിതമായ അബലയായ, ചപലയായ, പുരുഷന്റെ ഇംഗിതങ്ങൾക്കനുസരിച്ച് വഴങ്ങുന്ന, പുരുഷനെ കേന്ദ്രീകരിച്ച് ഭ്രമണം ചെയ്യുന്ന ഒരു വികാരജീവിയായിട്ടാണ് മലയാള സിനിമകളിൽ ചിത്രീകരിക്കപ്പെടുന്നത്. അവൾക്ക് സ്വന്തമായി അസ്ഥിത്വമോ വ്യക്തിത്വമോ ഇല്ല. "നസ്ത്രീ സ്വാതന്ത്ര്യം അർഹതി" എന്ന മനുവിന്റെ സിദ്ധാന്തം അഭംഗുരം പിൻതുടരുന്നു. സമൂഹത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റത്തിന്റെ ചെറിയ ഒരലപോലും മാധ്യമങ്ങളിൽ പ്രതിധ്വനിക്കാൻ അനുവദിക്കപ്പെടുന്നില്ല. കമ്പോളത്തിന്റെ ശബ്ദകോലാഹലത്തിൽ വിവേചനത്തിന്റെ മന്ത്രധ്വനികൾ മുങ്ങിപ്പോകുന്നു. സമൂഹ്യാചാരങ്ങളും വിശ്വാസങ്ങളും സ്ത്രീയെ അന്യവൽക്കരിച്ച് സ്തീ എന്താണോ അതല്ലാതായി ചിത്രീകരിക്കുന്നു. മാധ്യമങ്ങൾ ആ പ്രക്രിയ തുടരുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

സ്ത്രീയും പുരുഷനും മനുഷ്യത്വത്തിന്റെ പരസ്പരം പൂരകങ്ങളായ ധ്രുവങ്ങളാണ്. രണ്ടും സന്തുലിതമായ രീതിയിൽ വന്നെങ്കിലും മാനവ വികസനവും സാമൂഹ്യ വികസനവും സാധ്യമാകൂ. സ്ത്രീയെ വെറും അലങ്കാരവസ്തുവായി ചിത്രീകരിക്കുന്നതിന് പകരം വ്യക്തിത്വവും, ആത്മാ

വും സർവ്വശക്തിയുമുള്ള വ്യക്തിയായി ചിത്രീകരിക്കുന്ന സിനിമകളും മാധ്യമങ്ങളും ഇന്ന് ആവശ്യമാണ്. എങ്കിൽ മാത്രമേ സമൂഹത്തിന്റെ ഉയർച്ചയ്ക്കനുസരിച്ച് സ്ത്രീകൾക്ക് ഉയർന്നുവരാൻ സാധിക്കൂ.

സ്ത്രീ സാക്ഷരത, തൊഴിൽ, ആരോഗ്യപരിപാലനം വിദ്യാഭ്യാസം എന്നീ മേഖലകളിൽ കേരളം മുൻപന്തിയിലാണെന്നാണ് ഐക്യരാഷ്ട്ര സംഘടനയുടേയും W.H.O ടേയും കണക്കുകൾ പറയുന്നത്. അതുപോലെ സ്ത്രീകളുടെ ആത്മഹത്യ നിരക്ക് ഏറ്റവും കൂടുതലുള്ള സംസ്ഥാനം കേരളമാണ്. മദ്യപാനത്തിന്റെ കാര്യത്തിലും നാം മുൻപന്തിയിലാണ്. സ്ത്രീകളുടെ തീരാത്ത കണ്ണുനീരിന്റെ പ്രതീകമായ മദ്യപാനത്തിന് അറുതി വരുത്തേണ്ടത് അത്യാവശ്യമാണ്.

സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന കഴിക്കേ കല്ലട പഞ്ചായത്തിലെ ജനസംഖ്യയിൽ ഏതാണ്ട് 52% സ്ത്രീകളാണ്. 25% കുടുംബങ്ങൾ സ്ത്രീ നിയന്ത്രണത്തിലുള്ളതാണ്. വനിതാ വിമോചനപ്രസ്ഥാനങ്ങൾ പ്രുചുരപ്രചാരമേറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അതിനെപ്പറ്റി കൂടുതൽ അവബോധമില്ലാതെ ധാരാളം കുടുംബങ്ങൾ ഈ ഗ്രാമത്തിലുണ്ട്. സാമൂഹ്യപ്രവർത്തനമേഖലകളിൽ മുൻകാലങ്ങളെ അപേക്ഷിച്ച് സ്ത്രീപങ്കാളിത്തം വർദ്ധിച്ചിട്ടുണ്ടെങ്കിലും പുരുഷജനസംഖ്യയുടെ ആനുപാതികമായി എത്തിച്ചേരാൻ സാധിച്ചിട്ടില്ല.

സാക്ഷരതയിൽ കേരളം മുൻപന്തിയിലാണെങ്കിലും ഇന്നും പെൺകുട്ടികളെ സ്ക്കൂളിൽ അയയ്ക്കാനോ അവരുടെ ഉപരിപഠനം ഉറപ്പ് വരുത്താനോ താൽപര്യമില്ലാത്തവർ ഏറെയുണ്ട്. സാമ്പത്തികമായ ബുദ്ധിമുട്ടാണ് ഒരു പരിധിവരെ കാരണം. മുൻകാലങ്ങളിൽ വിദ്യാഭ്യാസത്തിന് പ്രധാന്യം നൽകാതിരുന്നതിനാൽ കൂടുതൽ സ്ത്രീകളും വീട്ടുജോലികളിൽ മാത്രം വ്യാപൃതരാകുകയും പുറം ലോകവുമായി ബന്ധമില്ലാത്തവരായി തീരുകയും ചെയ്തു. ഉയർന്ന തൊഴിൽ മേഖലകളിൽ പുരുഷന്മാരാണ് മുൻപന്തിയിൽ നിൽക്കുന്നതെങ്കിലും അധ്യാപനരംഗത്ത് മുൻപന്തിയിൽ നിൽക്കുന്നത് സ്ത്രീകളാണ്.

ആധുനിക ചികിത്സാസമ്പ്രദായങ്ങൾ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മാതൃശിശുക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

വിദ്യാഭ്യാസത്തിൽ പുരോഗതി ഉണ്ടായിട്ടും വരുമാനമുണ്ടാക്കുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. കയർ, കശുവണ്ടി, മത്സ്യബന്ധനം, കാർഷികമേഖല എന്നിവയിൽ മാത്രമൊതുങ്ങി നിൽക്കുകയാണ് ഇവിടുത്തെ സ്ത്രീകളുടെ തൊഴിൽ. നിർമ്മാണമേഖലകളിൽ സ്തീകളുടെ ഭാഗീകമായി പണിയെടുക്കുന്നുണ്ടെങ്കിലും വേതനം പുരുഷന്മാരെ അപേക്ഷിച്ച് വളരെ കുറവാണ്. സ്ത്രീകൾ മാത്രം പണിയെടുക്കുന്ന കയർ മേഖലയിൽ കൂലി നിരക്ക് വളരെ കുറവാണ്.

വരുമാനമുണ്ടാക്കുന്ന തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീപുരുഷ അനുപാതം.

തൊഴിൽമേഖല	സ്ത്രീകളുടെ	
പുരുഷന്മാരുടെ	എണ്ണം	എണ്ണം
കർഷകതൊഴിലാളി	230	903
കശുവണ്ടി ,,	1200	75
കയർ ,,	210	60
കച്ചവടം ,,	169	364
മത്സ്യതൊഴിലാളി	250	350
മറ്റ് തൊഴിൽ	550	1085

പൊതുപ്രവർത്തനരംഗത്ത് സ്ത്രീപങ്കാളിത്തം വളരെ കുറവാണ്. ബോധവത്ക്കരണത്തിന്റെ അഭാവമാണിതിന് മുഖ്യകാരണം. കൂട്ടായ പ്രവർത്തനവും വൻപിച്ച പ്രചരണവും കൊണ്ട് മാത്രമേ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന ഈ ദുഷിച്ച വ്യവസ്ഥിതിയിൽനിന്നും സ്ത്രീകളെ മോചിതരാക്കി പൊതുപ്രവർത്തനരംഗത്തേയ്ക്ക് കൊണ്ടുവരുവാൻ സാധിക്കൂ.

സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ പൊതുവെ ഈ പഞ്ചായത്തിൽ കുറവാണ്. എന്നാൽ ചുരുക്കം ചില സ്ത്രീപീഢനക്കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

സ്ത്രീധന സമ്പ്രദായം നിയമപരമായി നിരോധിച്ചിട്ടുണ്ടെങ്കിലും ഈ സമ്പ്രദായം അത്തരം അനാചാരം ഇല്ലാതിരുന്ന സമൂഹത്തിലേക്ക് പടർന്ന് പിടിച്ചിരിക്കുകയാണ്. ഇതിന് ശാശ്വതമായ ഒരു പരിഹാരം അനിവാര്യമാണ്.

വനിതാമേഖലകളിൽ നേരിടുന്ന പ്രശ്നങ്ങൾ

- നിലവിലുള്ള വനിതാ സമാജങ്ങൾ കാര്യക്ഷമല്ല.

- എല്ലാ മേഖലകളിലും പുരുഷന്മാർക്കൊപ്പം സ്ത്രീകൾക്ക് പ്രാതിനിധ്യം ഇല്ലാത്തതിനാൽ തൊഴിൽ മേഖലകളിൽ സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുന്നു.
- അംഗനവാടികളിൽ ജോലിചെയ്യുന്നവർ ന്യായമായ കൂലി കിട്ടാതെ വിഷമിക്കുന്നു.
- തൊഴിൽ രംഗത്ത്, ജീവിക്കാനാവശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
- സാമ്പത്തിക ഞെരുക്കം പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് തടസ്സമായി നിൽക്കുന്നു.
- സർക്കാർ സഹായപദ്ധതികൾ നേടുന്നതിനുവേണ്ടി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സ്ത്രീകളെ നിരുത്സാഹപ്പെടുത്തുന്നു.
- അപകർഷതാബോധം നിലനിൽക്കുന്നതിനാൽ സ്വയം ശക്തിയാർജ്ജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള മനോധാർഢ്യംകുറവാണ്.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവം.
- വിധവകൾക്കും മറ്റ് ദുർബലവിഭാഗങ്ങൾക്കും അർഹമായ പ്രതിനിത്യം ലഭ്യമല്ല.

നിർദ്ദേശങ്ങൾ

- എല്ലാ മേഖലകളിലും പുരുഷന്മാർക്കൊപ്പം സ്ത്രീകൾക്കും പ്രാതിനിത്യം ഉറപ്പുവരുത്തുക.
- D.W.C.R.A. വഴി എല്ലാ വാർഡുകളിൽ വനിതാ സംരംഭാഗംങ്ങൾക്ക് ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുക.
- മാതൃശിശുപരിപാലനത്തിനും, പരിസരശുചിത്വം വ്യക്തി ശുചിത്വം എന്നിവയെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിന് വാർഡ് തലത്തിൽ കമ്മ്യൂണിറ്റി ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുക.
- വാർഡുതലത്തിൽ മാതൃശിശുസംരക്ഷണ കേന്ദ്രത്തിന്റെ ഉപകേന്ദ്രങ്ങൾ തുടങ്ങുക.
- സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അംഗൻവാടികൾക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കി പ്രവർത്തനനിലവാരം ഉയർത്തുക.
- കയർ, കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന വനിതകൾക്ക് ജോലിയില്ലാതെവരുന്ന അവസരത്തിൽ പായ്നെയ്ത്ത്, ബീഡിതെറുപ്പ്, ചൂരൽ വ്യവസായം തുടങ്ങിയ കൈതൊഴിൽ ചെയ്യുന്നതിന് പരിശീലനം നൽകുന്നതിനൊപ്പം വേണ്ട സാമ്പത്തികസഹായം ചെയ്യുക.
- വിധവകൾ, ഭർത്താവ് ഉപേക്ഷിക്കപ്പെട്ടവർ, രോഗികളായ ഭർത്താവുള്ളവർ, വികലാംഗർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തണം.
- തുടർവിദ്യാഭ്യാസം നടപ്പിലാക്കുന്നതിന് വാർഡുതലത്തിൽ തൊഴിൽ രഹിതരായ വനിതകളുടെ സഹായത്തോടെ സാക്ഷരതാ പ്രവർത്തനം ഊർജ്ജിതമാക്കണം.
- പുരുഷന്മാരുടെ മദ്യപാനം നിമിത്തം സാമ്പത്തികമായും ശാരീരികമായും മാനസികമായും കഷ്ടതകൾ അനുഭവിക്കുന്ന സ്ത്രീകളുടെ മോചനത്തിനായി ഈ പഞ്ചായത്തിൽ സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.
- ടി പ്രദേശത്ത് ധാരാളമായി ലഭിക്കുന്ന വാഴനാര് ഉപയോഗിച്ച് കൗതുകവസ്തുക്കൾ നിർമ്മിക്കുന്നതിനും സുലഭമായി ലഭിക്കുന്ന പഴവർഗ്ഗങ്ങൾ കൊണ്ട് പഴ സംസ്ക്കരണയൂണിറ്റുകൾ തുടങ്ങുന്നതിനും സഹകരണാടിസ്ഥാനത്തിൽ സാമ്പത്തിക സഹായം ലഭ്യമാക്കണം.
- എല്ലാ വീടുകളിലും പച്ചക്കറി തോട്ടം നിർമ്മിക്കുന്നതിനായി സൗജന്യമായി വിത്തും വളവും കീടനാശിനികളും നൽകുക.

തയ്യാറാക്കിയത് :
കുമാരി. വത്സലാകുമാരി.
കുമാരി. ശാരദ.
ശ്രീമതി. വിജയാരാജൂ.
ശ്രീമതി. ലളിതാംബിക.
ശ്രീമതി. പ്രമീളാ ബാലാചന്ദ്രൻ.

"പെണ്ണിന്റെ കയ്യിൽ മുറുകി കിടക്കുന്ന
ചങ്ങലകൾ പൊട്ടിച്ചെറിയാം
ഈ മണ്ണിലൊരു പുതിയലോകം ചമയ്ക്കാൻ
തോളോടു തോൾ ചേർന്നു നിൽക്കാം"

സഹകരണ മേഖല

ദേശീയ പ്രസ്ഥാനം ഉയർത്തി വിട്ട ജനകീയ അവബോധമായിരുന്നു പഴയ മലബാർ പ്രദേശത്ത്, സഹകരണപ്രസ്ഥാനം ശക്തിപ്പെടാൻ കാരണമായതെങ്കിലും, തിരുവിതാംകൂറിന്റെ ഭാഗമായ കിഴക്കേ കല്ലടയിൽ ദേശീയ പ്രസ്ഥാനം സഹകരണ മേഖലയിൽ കാര്യമായ ഒരു സ്വാധീനവും ചെലുത്തിയിരുന്നില്ല. സ്വാതന്ത്ര്യാനന്തരം, 1949-ലെ തിരു-കൊച്ചി സംയോജനത്തോടുകൂടിയാണ് ഒരു ഏകീകൃത സഹകരണനിയമം നിലവിൽവരുന്നതും ഏതാനും സഹകരണസംഘങ്ങൾ ഇവിടെ രൂപീകരിക്കപ്പെടുന്നതും. 1955-ൽ രജിസ്റ്റർ ചെയ്യപ്പെട്ട Q144-ാം നമ്പർ കയർ വ്യവസായ സഹകരണസംഘമാണ് കിഴക്കേ കല്ലടയിലെ ആദ്യ സഹകരണസംഘം. എന്നാൽ 30.6.1955-ൽ രജിസ്റ്റർ ചെയ്ത് 6.8.1955-ൽ പ്രവർത്തനം ആരംഭിച്ച 3748-ാം നമ്പർ സർവീസ് സഹകരണ സംഘമാണ് ആദ്യം ഇവിടെ പ്രവർത്തനം ആരംഭിച്ച സഹകരണ സ്ഥാപനം. മേൽപറഞ്ഞ രണ്ട് സംഘങ്ങളുടെ രൂപീകരണത്തിൽ ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനവുമായോ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ ബഹുജന പ്രസ്ഥാനങ്ങളുമായോ എടുത്തുപറയത്തക്ക ബന്ധങ്ങളുണ്ടായിരുന്നില്ല. എന്നാൽ കേരള സംസ്ഥാന രൂപീകരണത്തിനുശേഷം നിലവിൽവന്ന എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും ഏതെങ്കിലും ബഹുജനപ്രസ്ഥാനങ്ങളുമായി ബന്ധമുണ്ടായിരുന്നു. സംഘങ്ങളുടെ രൂപീകരണത്തിൽ നേതൃത്വം നൽകിയ ജനകീയ പ്രസ്ഥാനങ്ങൾ പ്രസ്തുത സംഘങ്ങളുടെ തുടർന്നുള്ള പ്രവർത്തന പുരോഗതിയിൽ കാര്യമായ ശുഷ്ക്കാന്തി കാട്ടിയില്ല. എന്നതാണ് വസ്തുത. ഈ പ്രവണത ഏറിയും കുറഞ്ഞും എല്ലാ സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ചും പൊതുവായി പറയാവുന്ന ഒരു ദുഃസ്ഥിതിയാണ്.

സമ്പന്നരുടെയും ഇടത്തട്ടുകാരുടെയും ചൂഷണത്തിൽ നിന്ന്, സാമാന്യജനതയെ മോചിപ്പിക്കുന്നതിനുദ്ദേശിച്ച്, ഒരു നൂണ്ടാറ്റിന് മുമ്പ് ഇംഗ്ലണ്ടിൽ ജന്മമെടുത്തതാണ്. "സഹകരണം" എന്ന ആശയം. പണം പലിശക്ക് കൊടുക്കുന്ന വായ്പക്കാരിൽ (Money Leaders) നിന്ന് കൃഷിക്കാരെയും മറ്റ് ജനവിഭാഗങ്ങളെയും രക്ഷിച്ച് സഹായിക്കുന്നതിനുവേണ്ടി, നാണയ സംഘങ്ങളെന്ന പേരിൽ വായ്പാ സഹകരണസംഘങ്ങളായിരുന്നു ആദ്യകാലത്ത് നിലവിൽ വന്നത്. ക്രമേണ പരമ്പരാഗതവ്യവസായ രംഗങ്ങളിലും, ചെറുകിട-വൻകിട ഉൽപാദനവിതരണ മേഖലകളിലും, വൈദ്യ-ശുശ്രൂഷാരംഗങ്ങൾ തുടങ്ങി ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും സഹകരണ പ്രസ്ഥാനം കടന്നു ചെന്നിട്ടുണ്ട്. എന്നാൽ ഈ പ്രദേശത്ത് പരിമിത മേഖലയിലെ സഹകരണ പ്രസ്ഥാനം പ്രവർത്തിക്കുന്നുള്ളു.

പഴയ തിരുവിതാംകൂർ പ്രദേശത്ത് ഒരു വില്ലേജിൽ ഒന്നിലധികം കാർഷിക വായ്പാ വിതരണസംഘങ്ങൾ പ്രവർത്തിക്കുക സാധാരണയല്ല. എന്നാൽ കിഴക്കേ കല്ലടയിൽ രണ്ട് സർവീസ് സഹകരണ ബാങ്കുകൾ പ്രവർത്തിക്കുന്നു. (പട്ടിക ഒന്ന് നോക്കുക) ഒരു ഗ്രാമപ്രദേശത്തെ പ്രായപൂർത്തിയായ എല്ലാ ജനങ്ങളെയും ക്രെഡിറ്റ് സംഘങ്ങളുമായി ബന്ധിപ്പിക്കുക എന്നത് നമ്മുടെ ദേശീയ നയമാണ്. സംഘങ്ങളിൽ അംഗത്വത്തിന് അർഹതയുള്ള 15026 ജനങ്ങളാണ് ഈ പ്രദേശത്തുള്ളത്. എന്നാൽ രണ്ട് ക്രെഡിറ്റ് സംഘങ്ങളിലെയും മൊത്തം അംഗസംഖ്യ (30.6.1996 വരെ) 9178 ആണ്. ഇത് അംഗത്വത്തിന് അർഹരായവരുടെ 64.67 ശതമാനം വരും. 35.33 ശതമാനം ജനങ്ങളും സഹകരണ പ്രസ്ഥാനത്തിന് പുറത്താണെന്നാണ് മേൽകാണിച്ച കണക്കുകൾ വ്യക്തമാക്കുന്നത്.

പരമ്പരാഗത വ്യവസായ മേഖലയായ കയർ വ്യവസായത്തിൽ 4 സഹകരണസംഘങ്ങൾ ഉണ്ടെങ്കിലും, കൈത്തറി, ഖാദി, വനിത

വ്യവസായ സംരഭങ്ങൾ, യുവാക്കൾക്ക് സ്വയം തൊഴിൽ സംഘങ്ങൾ, കൺസ്യൂമർ, ഭവനനിർമ്മാണം, ഹരിജൻ സംഘങ്ങൾ, കൈയ്തൊഴിൽ എന്നീ രംഗങ്ങളിൽ സഹകരണ സ്ഥാപനങ്ങൾ ഈ പ്രദേശത്ത് ഇല്ല തന്നെ. ഗ്രാമീണ തല ആസൂത്രണത്തിൽ മേൽപറഞ്ഞ വസ്തുതകൾ ഗൗരവതരമായ പരിഗണന അർഹിക്കുന്നതാണ്.

നടപ്പിലാക്കിയതും നടക്കുന്നതുമായ പദ്ധതി പ്രവർത്തനങ്ങൾ, പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവകളെ സംബന്ധിച്ച അവലോകനവും വിലയിരുത്തലും ആസൂത്ര പ്രക്രിയയിൽ അനിവാര്യമാണ്. ആ നിലയിൽ, ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെക്കുറിച്ച് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വസ്തുതകൾ ചൂണ്ടിക്കാണിക്കുന്നു.

1. ക്രെഡിറ്റ് സംഘങ്ങൾ

കിഴക്കേ കല്ലടയിൽ ആദ്യമായി രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങളിലൊന്നായ 3748-ാം നമ്പർ സർവീസ് സഹകരണ ബാങ്കിൽ ഇപ്പോൾ 3548 അംഗങ്ങളുണ്ട്. പഞ്ചായത്ത് 3-ാം വാർഡ് ആസ്ഥാനയുള്ള പ്രസ്തുത ബാങ്ക് വായ്പാ വിതരണത്തിന് പുറമേ, വളം വിതരണം, ചിട്ടി, റേഷൻ കടകൾ എന്നിവയും നടത്തുന്നു. 1995-96 വർഷത്തെ കണക്ക് പ്രകാരം, ഡെപ്പോസിറ്റുകളും വായ്പകളുമായി സംഘം സ്വരൂപിച്ച് 38.28 ലക്ഷം രൂപയിൽ, 26.50 ലക്ഷം രൂപയാണ് വായ്പയായി വിതരണം ചെയ്തിട്ടുള്ളത്. ശേഷിക്കുന്ന 11.78 ലക്ഷം രൂപ, ഉപയോഗിക്കാതെ കൊല്ലം ജില്ലാ ബാങ്കിനും നിക്ഷേപകർക്കും പലിശയായി നൽകാൻ സംഘം ബാദ്ധ്യസ്ഥമായിരിക്കുന്നു. സംഘം ഭരണസമിതിയും കാര്യനിർവഹണ വിഭാഗവും, സംഘം ഭരണകാര്യങ്ങളിൽ കൂടുതലായ ശുഷ്ക്കാന്തി കാണിക്കേണ്ട ആവശ്യകതയാണ് മേൽപറഞ്ഞ അവസ്ഥയിലേക്ക് വിരൽ ചൂണ്ടുന്നത്. സംഘം വാങ്ങിയ വായ്പാ തുകയുടെ 69.22 ശതമാനം മാത്രം ഉപയോഗിക്കുകയും 30.78 ശതമാനം ഉപയോഗിക്കാതെ സൂക്ഷിക്കുകയുമാണ് ചെയ്തത്. നാമമാത്രമായ ലാഭമാണ് (Rs. 21628/-) 1996-ലെ ആഡിറ്റ് ചെയ്യാത്ത കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ നാളിതുവരെയുള്ള മൊത്തം നഷ്ടം Rs. 869580/- ആണ്. ഇത് അംഗങ്ങളിൽ നിന്ന് പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനത്തിന്റെ (Rs. 3.08 ലക്ഷം) 282.14 ശതമാനവും മൊത്തം പിരിഞ്ഞുകിട്ടിയ ഓഹരിയുടെ (Rs. 4.56 ലക്ഷം) 190.57 ശതമാനവുമാണ്. സംഘത്തിന്റെ ഭാവിയിൽ ആശങ്കയുണ്ടാക്കുന്നതാണ് ഈ സ്ഥിതി.

Q187-ാം നമ്പർ സർവീസ് സഹകരണ ബാങ്ക് നിക്ഷേപവും ബാങ്ക് വായ്പയുമായി സ്വരൂപിച്ച 145 ലക്ഷം രൂപയിൽ 141 ലക്ഷം രൂപയും വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. വായ്പാ വിതരണത്തിന് പുറമെ കൊപ്രാ, കശുവണ്ടി എന്നിവയുടെ സംഭരണം, വളം വിതരണം ചിട്ടികൾ, മാവേലി സ്റ്റോറുകൾ എന്നിവയും നടത്തുന്നുണ്ട്. വായ്പാ വിതരണത്തിലും ഇതര പ്രവർത്തനങ്ങളിലും, 3748-ാം നമ്പർ ബാങ്കിനെ അപേക്ഷിച്ചു മുന്നിലാണെങ്കിലും 187 ന്റെ പ്രവർത്തനഫലം തൃപ്തികരമാണെന്ന് പറയുക വയ്യ. 1995-ലെ മാത്രം നഷ്ടം 179860 രൂപായാണ്. തൻചെലവ് 479562 രൂപയും. 1996 വർഷാവസാനം വരെയുള്ള ആകെ നഷ്ടം 6,67,503 രൂപ. മറ്റൊരുതരത്തിൽ പറഞ്ഞാൽ അംഗങ്ങളിൽ നിന്ന് പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനത്തിൽ (10.04 ലക്ഷം) 66.43 ശതമാനവും മൊത്തം ഓഹരി മൂലധനത്തിൽ (11 ലക്ഷം) 60.63 ശതമാനവും , പ്രവർത്തന നഷ്ടം മൂലം, ചോർച്ചയുണ്ടായി എന്നതാണ്.

മേൽപറഞ്ഞ രണ്ട് ക്രെഡിറ്റ് സംഘങ്ങളുടെയും മനേജ്മെന്റ് കാര്യക്ഷമമായി പ്രവർത്തിച്ചില്ലെങ്കിൽ, ഭാവി ശുഭമായിരിക്കുകയില്ല. ഭരണച്ചെലവ് നിയന്ത്രിക്കുകയും പരമ്പരാഗത ശൈലിയിൽനിന്ന് വ്യത്യസ്തമായി ലാഭകരമായ മുതൽമുടക്കും വായ്പാ വിതരണവും നടത്തണം. വായ്പാ വിതരണത്തിൽ ഇന്നുള്ള അനുപാതത്തിൽ മാറ്റം വേണമോ എന്ന കാര്യവും പരിഗണിക്കപ്പെടേണ്ടതാണ്. കാര്യനിർവഹണ വിഭാഗത്തിൽ പ്രൊഫഷണൽ മാനേജ്മെന്റ് പരിശീലനവും നൽകണം.

പട്ടിക No: I

സർവീസ് സഹകരണ ബാങ്കുകൾ

(1995-96)

ക്രമ നമ്പർ	പേര്	ആരം-ഭിച്ച വർഷം	അംഗ സംഖ്യ	ഓഹരി മൂലധനം (തുക ലക്ഷത്തിൽ)			സ്വീകരിച്ച നിക്ഷേപങ്ങളും വായ്പകളും (തുക ലക്ഷത്തിൽ)			നൽകിയ വായ്പാ (തുക ലക്ഷത്തിൽ)	തൻ ചെലവുകൾ (തുക ലക്ഷത്തിൽ) (1995-96)	ലാഭം/നഷ്ടം (1995-96) (ലക്ഷത്തിൽ)
				അംഗ ങ്ങൾ	ഗവ:	ആകെ	നിക്ഷേ പം	ബാങ്ക് വായ്പ	ആകെ			
1	കിഴക്കേ കല്ലട സർവീസ് സഹകരണ ബാങ്ക് **No: 3748**	1955	3548	3.08	1.48	4.56	9.25	29.02	38.28	26.50	1.52	8.69 (നഷ്ടം)
2	കിഴക്കേ കല്ലട (സൗത്ത്) സർവീസ് സഹകരണ ബാങ്ക് **No: 3748**	1962	5630	10.04	0.96	11.00	101.00	44.00	145.00	141.00	4.79	6.67 (നഷ്ടം)

2. കയർ സഹകരണ സംഘങ്ങൾ

നാല് കയർ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും, 1995-96-ൽ പ്രവർത്തനം നടന്നിട്ടുള്ളതായി കാണുന്നത്, കിഴക്കേ കല്ലട (നോർത്ത്) കയർ വ്യവസായ സഹകരണസംഘം No: 630 മാത്രമാണ്. (പട്ടിക No: II കാണുക) എല്ലാം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കയർ ഉൽപാദനമാണ് നടക്കുന്നത്. എന്നാൽ അസംസ്കൃത സാധനം സംഘങ്ങൾക്ക് ലഭിക്കുന്നില്ല. അതിനാൽ പ്രവർത്തന മാന്ദ്യം സാധാരണയാണ്. വേതനവും കുറവാണ്. ഒപ്പം തൊഴിൽ ദിവങ്ങളും. താരതമ്യേന കുറഞ്ഞ നിരക്കിലുള്ള കൂലിയും തൊഴിൽ ദിനങ്ങളുടെ കുറവും കാരണം തൊഴിലാളികൾ തൊഴിൽ തേടി മറ്റ് മേഖലകളിലേക്ക് പോകുന്നു. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത, യന്ത്രവൽക്കരണം, ഉൽപാദനച്ചെലവുമായി ബന്ധപ്പെടുത്തി ഉൽപന്നങ്ങളുടെ വിലനിശ്ചയിക്കൽ, ജീവനക്കാർക്ക് പ്രൊഫഷണൽ മാനേജ്മെന്റ് പരിശീലനം, ഉദാരവ്യവസ്ഥയിൽ വായ്പകളും ധനസഹായങ്ങളും എന്നിവ കൊണ്ടുമാത്രമേ ഈ പരമ്പരാഗത വ്യവസായത്തെ നിലനിർത്തുവാനും തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുവാനും കഴിയുകയുള്ളു.

പട്ടിക No: II
കയർ സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	പേര്	ആരം-ഭിച്ച വർഷം	അംഗ സംഖ്യ	ഓഹരി മൂലധനം (തുക ലക്ഷത്തിൽ)			വായ്പകളും ഗ്രാന്റുകളും. (തുക ലക്ഷത്തിൽ)			അസംസ്കൃത സാധന സാമഗ്രികൾ വാങ്ങിയ വില (ലക്ഷത്തിൽ)	വിറ്റുവരവ് (ലക്ഷത്തിൽ)	തൊഴിലാളികളുടെയും ജീവനക്കാരുടെയും എണ്ണം	ലഭിച്ച തൊഴിൽ ദിനങ്ങൾ	ലാഭം/നഷ്ടം (ലക്ഷത്തിൽ)
				അംഗങ്ങൾ നിന്ന്	ഗവ: ൽ നിന്ന്	ആകെ	ഗവ:	കേന്ദ്ര സംഘം	ആകെ					
1	കിഴക്കേ കല്ലട സഹ: സംഘം **No: 144.**	1955	655	0.52	1.28	1.80	1.37	-	1.37		4.39 (1993-94)	22	-	1.07 നഷ്ടം (1993-94)
2	ചിറ്റുമല കയർ വ്യവ: സഹ: സംഘം **Q 438**	1956	637	-	-	-	1.70	-	1.70		7.41 (1994-95)	-	-	1.69 നഷ്ടം (1994-95)
3	കി: കല്ലട (നോർത്ത്) കയർ വ്യവ: സഹ: സംഘം**No. 630.**	1979	597	0.56	2.08	2.64	0.50	0.86	1.36	3.23 (95-96)	6.75 (95-96)	107	225 (95-96)	2.26 നഷ്ടം (95-96)
4	കി: കല്ലട കയർ വ്യവ: സഹ: സംഘം**No. 854.**	1993	253	-	-	0.49	-	-	-	-	-	-	-	-

പട്ടിക No: III

മറ്റു സഹകരണ സംഘങ്ങൾ (നോൺ ക്രെഡിറ്റ്)

ക്രമ നമ്പർ	പേര്	ആരംഭിച്ച വർഷം	അംഗ സംഖ്യ	ഓഹരി മൂലധനം (തുക ആയിരത്തിൽ)			ലഭിച്ച വായ്പകളും . (തുക ആയിരത്തിൽ)			തൻചെലവും സിൽബസീ ചെലവും (ആയിരത്തിൽ)	ചിരിഞ്ഞു കിട്ടാനുള്ള വായ്പകൾ (ആയിരത്തിൽ)
				അംഗങ്ങൾ നിന്ന്	ഗവ: ൽ നിന്ന്	ആകെ	ഗവ:	കേന്ദ്ര സംഘം	ആകെ		
1	കിഴക്കേ കല്ലട ക്ഷീരോൽപാദക സഹ: സംഘം **No: Q23D.**	1975	380	5.70	-	5.70	-	23.0	23.0	56.00	- (1993-94)
2	കൊടുവിള ക്ഷീരോൽപാദക സഹ: സംഘം **No: Q283.**	1995	35	0.60	-	0.60	-	5.00	5.00	-	11.20
3	മൽസ്യ ഉൽപാദക സഹ: കൊല്ലം ജില്ലാ സംഘം**No. 979.** (കി: കല്ലട, പേരയം പ്രദേശത്ത്)	1993	69	-	-	-	-	-	-	-	-

3. മറ്റ് സഹകരണ സംഘങ്ങൾ

കയർ സഹകരണ സംഘങ്ങളെ കൂടാതെ വായ്പാതര സംഘങ്ങളായി രണ്ട് ക്ഷീരോൽപാദക സഹകരണ സംഘവുമാണ് ഈ പ്രദേശത്തുള്ളത്. (പട്ടിക No: III) ക്ഷീരോൽപാദക സംഘങ്ങളിൽ 415 മത്സ്യ ഉൽപാദക സംഘത്തിൽ 68 എന്നിങ്ങനെയാണ് അംഗസംഖ്യ. ഇത് യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണത്തേക്കാൾ എത്രയോ കുറവാണ്. ഗുണഭോക്താക്കളുടെ പങ്കാളിത്തക്കുറവ്, ഈ സംഘങ്ങളുടെ പ്രവർത്തന ഫലത്തിലും പ്രതിഫലിച്ചുകാണുന്നു. പ്രസ്തുത സംഘങ്ങളുടെ ഭരണനിയന്ത്രണ സമിതികൾ അംഗത്വ കാര്യത്തിൽ സങ്കുചിത വീക്ഷണം വച്ചു പുലർത്തുന്നുണ്ടോ എന്നത് പരിശോധന വിധേയമാക്കേണ്ടതാണ്.

പ്രശ്നങ്ങൾ

സഹകരണ പ്രസ്ഥാനം താരതമ്യേന ദുർബലമാണ് ഈ പ്രദേശത്ത്. സാധാരണ (Convinational) പ്രവർത്തനങ്ങൾക്ക് ഉപരിയായി പ്രാദേശിക വികസനയത്നങ്ങളിൽ ഇടപെടാതെ അത്തരം യത്നങ്ങളെ ത്വരിതപ്പെടാനുമുള്ള ഇച്ഛാശക്തിയും ആർജ്ജവവും നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനത്തിൽ ദൃശ്യമല്ല. സഹകരണ നിയമത്തിന്റെ അയവില്ലായ്മയായിരിക്കാം ഒരു പക്ഷേ ഇതിന് കാരണം. നിലവിലുള്ള ഏറ്റവും നല്ല ജനാധിപത്യ പ്രസ്ഥാനമായിട്ടാണ് സഹകരണ സ്ഥാപനങ്ങൾ വിവക്ഷിക്കപ്പെടുന്നത്. എന്നാൽ ഇവകൾ ഇന്ന്, ബഹുവിധ താൽപര്യങ്ങളുടെ സംഘട്ടന വേദിയായി മാറിയിരിക്കുന്നു. ജനാധിപത്യം അക്ഷരങ്ങളിൽ അവശേഷിച്ചിരിക്കുന്നു. ഭരണസമിതികൾ അംഗങ്ങളെ പ്രതിനിധീകരിക്കുന്നു എന്നത് ഒരു അവകാശവാദം മാത്രമായി ചുരുങ്ങിയിട്ടുണ്ട്. വായ്പകൾക്കും ധനസഹായത്തിനും വേണ്ടി, ചട്ടങ്ങൾ അനുശാസിക്കുന്ന മുൻ ഉപാധികൾ മാത്രമായി ജനറൽ ബോഡികൾ നടത്തപ്പെടുന്നു.

അഭ്യസ്ഥവിദ്യരായ യുവതീയുവാക്കൾ നമ്മുടെ സമ്പത്താണ്. അവരുടെ കർമ്മശേഷി, ലഭ്യമായ വിഭവശേഷി പ്രയോജനപ്പെടുത്തി, സ്വാശ്രയബോധവും പ്രതിബദ്ധതയുമുള്ള ഒരു വിഭാഗമാക്കി രൂപപ്പെടുത്താൻ സഹകരണ പ്രസ്ഥാനത്തിന് കഴിയും. തൊഴിലും വരുമാനവുമാണ് ഒരു വ്യക്തിയുടെ സാമൂഹ്യപദവി നിർണ്ണയിക്കുന്ന പ്രധാന ഘടകങ്ങളിലൊന്ന്. ആ സ്ഥിതി സ്വായത്തമാക്കാൻ സഹകരണ പ്രസ്ഥാനത്തിന്, യുവാക്കളെ സഹായിക്കാൻ കഴിയണം.

കൈത്തൊഴിൽ, ഖാദി-ഗ്രാമവ്യവസായങ്ങൾ, ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, മത്സ്യബന്ധനം, മത്സ്യം വളർത്തൽ, ക്ഷീരോൽപാദനം, മറ്റ് സേവന മേഖലകൾ എന്നിവയിൽ തൊഴിൽ സാദ്ധ്യതകൾ ലഭ്യമാക്കാൻ സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കണം.

സാദ്ധ്യതകൾ

രാജ്യത്തിന്റെ ത്വരിതഗതിയിലുള്ള സാമ്പത്തിക വളർച്ചക്ക് സ്വകാര്യസംരംഭങ്ങളെ ആശ്രയിക്കുകയും പ്രോൽസാഹിപ്പിക്കുകയുമാണ് സ ഏറെക്കുറെ അംഗീകരിക്കപ്പെട്ടിരിക്കുന്ന, നമ്മുടെ ദേശീയനയം. ജനസംഖ്യയിൽ മൂന്നിൽ ഒന്നിൽ കൂടുതൽ വരുന്ന ജനത, ദരിദ്രവിഭാഗത്തിൽപ്പെടുന്നവരാണ്. അവരും മറ്റ് സാധാരണക്കാരും ഉൾപ്പെടുന്ന ബഹുഭൂരിപക്ഷം ജനതയ്ക്കും, സ്വാശ്രയത്വം ലഭിക്കാൻ തൊഴിലും വരുമാന മാർഗ്ഗവും ഉണ്ടായേ കഴിയൂ. ആ ജനവിഭാഗത്തെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക മാത്രമേ, ഇതിനൊരു പോംവഴിയുള്ളു. ആ നിലയിൽ സഹകരണ പ്രസ്ഥാനത്തിന്, സമകാലീന പരിതസ്ഥിതിയിൽ പ്രസക്തി ഏറുന്നു. പഞ്ചായത്തിന്റെ ഭൂപ്രകൃതിയും വിഭവങ്ങളുടെ ലഭ്യതയും കണക്കാക്കി താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണനാർഹമാണ്.

1. ഫാക്ടറി ടൈപ്പിലുള്ള ഒരു കൈത്തറി സഹകരണസംഘം: നെയ്ത്തു പരിശീലനം ലഭിച്ച യുവതീയുവാക്കളുടെ സേവനം അതിനുവേണ്ടി പ്രയോജനപ്പെടുത്താം.
2. നിർമ്മാണതൊഴിലാളികളുടെ ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി: നിർമ്മാണ തൊഴിലാളികൾ ഇവിടെ ധാരാളമായുണ്ട്.
3. ഖാദി-ഗ്രാമ വ്യവസായ മേഖലയിൽ: തീപ്പെട്ടി, സോപ്പ്, ചന്ദനത്തിരി, ചോക്ക് എന്നീ യൂണിറ്റുകൾ.
4. ഹോളോബ്രിക്സ്, സിമന്റുകട്ട നിർമ്മാണ യൂണിറ്റുകൾ: ഇവിടെ മണൽ മറ്റു അസംസ്കൃതവസ്തുക്കളും സുലഭമാണ്.
5. നിലവിലുള്ള ക്ഷീരോൽപാദകസംഘങ്ങൾ: തങ്ങളുടെ അംഗങ്ങൾക്ക് ആവശ്യമായ കറവമാടുകൾ, കാലിതീറ്റ എന്നിവ വാങ്ങുന്നതിനും, ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കു

ന്നതിനും ആവശ്യമായ സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ നൽകണം. ആയതിന് സംഘങ്ങളെ ശക്തിപ്പെടുത്തേണ്ടതാണ്.

6. വനിതകൾക്കുവേണ്ടി പഴം, ഭക്ഷ്യസംസ്ക്കരണ യൂണിറ്റുകൾ: വിവിധതരം പഴവർഗ്ഗങ്ങൾ ലഭ്യമാണ്.
7. തയ്യൽ പരിശീലനം നേടിയ യുവതികളുടെ നേതൃത്വത്തിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ.
8. സാങ്കേതിക വിദ്യാഭ്യാസം നേടിയ യുവതീ-യുവാക്കളുടേതായ ഇലക്ട്രോണിക്സ് ഘടക യൂണിറ്റുകൾ, മറ്റു സാങ്കേതിക ഉപകരണങ്ങൾ.
9. പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായ ഒരു സർവീസ് സഹകരണ ബാങ്ക്.
10. സഹകരണാടിസ്ഥാനത്തിൽ ഒരു പ്രീപ്രൈമറി വിദ്യാലയം. പഞ്ചായത്തിൽ വിദ്യാലയ സ്ഥാപനങ്ങളില്ലാത്ത വാർഡുകളിൽ ഇതാരംഭിക്കാം.
11. നിലവിലുള്ള കയർ സഹകരണ സംഘങ്ങൾ കാര്യക്ഷമമാക്കുന്നതിന്, പച്ചത്തൊണ്ടും അഴുക്കൽ തൊണ്ടും തല്ലി ചകരിയാക്കുന്ന യന്ത്ര സാമഗ്രികൾ ലഭ്യമാക്കണം.
12. ചകരിച്ചാർ ഉപയോഗിച്ചു ജൈവവളം നിർമ്മിക്കുന്ന യൂണിറ്റ്.
13. കയർ ഉപയോഗിച്ച് കയർ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന ഫാക്ടറി. മേൽത്തരം കയറും, ഫാക്ടറിക്ക് ആവശ്യമായ സാമ്പത്തിക-സാങ്കേതിക സഹായങ്ങളും കയർ ബോർഡ്, സംസ്ഥാന ഗവൺമെന്റ് എന്നിവയിൽ ലഭ്യമാക്കണം.
14. തരിശുനിലങ്ങളിൽ ഉൾനാടൻ മത്സ്യകൃഷി.
15. നിത്യോപയോഗസാധാനങ്ങളും ഉപഭോഗവസ്തുക്കളും ശേഖരിച്ച് വിപണനം ചെയ്യുന്ന കൺസ്യൂമർ സഹകരണ സംഘങ്ങൾ.
16. നാളികേര കൃഷിക്കാരെ സഹായിക്കുന്നതിന് കൊപ്രാ സംഭരണയൂണിറ്റ്.
17. ഭവന നിർമ്മാണ സഹകരണ സംഘം. പ്രവർത്തനം നിർമ്മിതികേന്ദ്രവുമായി ബന്ധപ്പെടുത്തണം.
18. സർവീസ് ബാങ്കുകൾ വിദേശ ഇൻഡ്യക്കാരുടെ (N.R.I) നിക്ഷേപങ്ങൾ സ്വീകരിക്കാൻ പ്രാപ്തരാക്കണം.
19. സർവീസ് ബാങ്കുകളുടെ പ്രവർത്തനം യുക്തി സഹമായി വികേന്ദ്രീകരിക്കണം. 3748-ാം നമ്പർ ബാങ്കിന്റെ ഒരു ശാഖ ഉപ്പൂട്ട്/കൈലാത്തുമുക്ക് ഭാഗത്ത്, Q187-ന്റെ ഒരു ശാഖ ശിങ്കാരപ്പള്ളി ഭാഗത്തും തുടങ്ങണം. 20 സർവീസ് ബാങ്കുകളുടെ വായ്പാ അനുപാതം വർദ്ധിപ്പിക്കുകയും പ്രവർത്തനം വൈവിദ്ധ്യവൽക്കരിക്കുകയും വേണം. ജനജീവിതത്തിന്റെ എല്ലാ മേഖലയിലും പ്രവർത്തനം വ്യാപിപ്പിക്കണം. ഭവനനിർമ്മാണം, വിദ്യാഭ്യാസം, തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കൽ വ്യാപാരം ആദിയായ മേഖലകളിൽ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ സർവീസ് ബാങ്കുകൾ ശക്തിപ്പെടുത്തണം. ദേശീയ ബാങ്കുകൾ സ്വകാര്യവൽക്കരണത്തിന്റെ നിഴലിലായിരിക്കുന്ന ഈ ഘട്ടത്തിൽ, സർവീസ് ബാങ്കുകൾ അവയുടെ സാമൂഹ്യ കടമ നിറവേറ്റാൻ പ്രാപ്തമാകണം.
21. സഹകരണ നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ മാറ്റങ്ങൾ വരുത്തണം. സമ്പത്ത്ഘടനയുടെ നിർണ്ണായക ഘടകമാക്കാൻ അങ്ങനെയേ സഹകരണ സംഘങ്ങൾ സജ്ജമാകൂ.
22. ജീവനക്കാർക്ക് പ്രൊഫഷണൽ മാനേജ്മെന്റ് പരിശീലനം ലഭ്യമാക്കണം. തൊഴിലാളികൾക്ക് അതാത് മേഖലയിൽ പരിശീലനം നൽകണം.
23. സോഷ്യൽ ആഡിറ്റിംഗ് സമ്പ്രദായം നടപ്പാക്കണം. ഭരണകാര്യങ്ങളിൽ സുതാര്യത സൃഷ്ടിക്കാൻ കഴിഞ്ഞാൽ നിക്ഷേപ സമാഹരണയജ്ഞത്തിലും പ്രവർത്തനത്തിലും ജനവിശ്വാസം ആർജ്ജിക്കുവാൻ കഴിയും.

തയ്യാറാക്കിയത്: ശ്രീ. ശിവാനന്ദൻ

"തമ്മിലിണങ്ങി നിൽക്കാം. നമ്മുക്കങ്ങനെ
നന്മകൾ നേടിയെടുക്കാം
നല്ലതെല്ലാർക്കും വരാനുള്ള പാതയിൽ
നമ്മളൊന്നായികുതിക്കാം"

പട്ടികജാതിപട്ടികവർഗ്ഗക്ഷേമം

കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിന്റെ 20811 ജനസംഖ്യയിൽ 4275 പേർ പട്ടികജാതിയിൽപ്പെട്ടവരാണ്. 23 അംഗീകൃത കോളനികൾ പഞ്ചായത്തിൽ ഉൾപ്പെടുന്നു. കൂടാതെ ഇടകലർന്ന പട്ടികജാതി കുടുംബങ്ങളും ഉണ്ട്.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ നാമമാത്രമായ നേട്ടങ്ങൾ ഉണ്ടാക്കാനേ കഴിഞ്ഞിട്ടുള്ളു. സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധി കാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹ്യപുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായി മോചനം നേടാൻ കഴിഞ്ഞിട്ടില്ല. എല്ലാ ജാതി മതസ്ഥരുടെയും എല്ലാതരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതു പരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തു വരുന്നുണ്ട്. എന്നാൽ പട്ടികജാതിക്കാരുടെ വീടുകളിൽ നടക്കുന്ന ചടങ്ങുകളിൽ മുന്നോക്കകാരിൽ നിന്ന് ഭാഗികസഹകരണം മാത്രമേ ലഭിക്കുന്നുള്ളു.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്ക് വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവ് ഇല്ലാത്തത് കൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. സർക്കാർ നൽകുന്ന സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടുതൽനേട്ടം കൈവരിക്കുന്നത് കോളനി നിവാസികൾക്കാണ്. എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ കോളനി പ്രദേശങ്ങളിലും മറ്റ് പ്രദേശങ്ങളിലും നിലനിൽക്കുന്നു. പട്ടികജാതിക്കാർക്ക് ഉള്ള ആനുകൂല്യങ്ങൾ ഇടനിലക്കാർ തട്ടിയെടുക്കുന്ന സ്ഥിതി നിലവിൽ ഉണ്ട്. ഉദാഹരണത്തിന് കിഴക്കേ കല്ലട പഞ്ചായത്തിൽ കൊടുവിള വാർഡിലെ പാറപ്പുറം കോളനിയിലെ പട്ടചികജാതിക്കാർക്ക് R.L.E.G.P. പദ്ധതി പ്രകാരം അഞ്ച് വീടുകൾ അനുവദിച്ചിരുന്നു. പുര നിർമ്മിക്കാൻ ചുമതലപ്പെട്ട കൺവീനർ വീട് നിർമ്മിക്കാതെ ഉദ്യോഗസ്ഥന്മാരെ സ്വാധീനിച്ച് പണം കൈപ്പറ്റി 15 വർഷം കഴിഞ്ഞിട്ടും വീട് പൂർത്തികരിച്ചിട്ടില്ല. മാത്രവുമല്ല പുതിയ പദ്ധതി പ്രകാരം വീട് ഇല്ലാത്ത ഈ കുടുംബങ്ങൾക്ക് വീട് അനുവദിക്കാൻ കഴിയാത്ത സ്ഥിതിയാണ് ഉള്ളത്.

ഗ്രാമപഞ്ചായത്തിലെ കോളനികളുടെ വിവരം ഒന്നാം പട്ടികയും ഗ്രാമസഭകളിൽ ചർച്ചയ്ക്കു വന്ന പുതിയ കോളനികളുടെ നിർദ്ദേശങ്ങൾ രണ്ടാം പട്ടികയിലും ചേർക്കുന്നു.

പൊതുവെ സർക്കാരിന്റെ ക്ഷേമപദ്ധതികൾ മൂലം ഈ വിഭാഗത്തിലുള്ളവർക്ക് കുറെ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും ഒട്ടനവധി പ്രശ്നങ്ങൾ വീണ്ടും നിലനിൽക്കുന്നു.

പട്ടിക 1.

ക്രമ നമ്പർ	വാർഡ്	കോളനിയുടെ പേര്
1.	I	ചാലിൽ കോളനി
2.	I	മതിലകം കോളനി
3	II	ജയന്തി കോളനി
4.	II	മറവൂർ കോളനി
5.	II	അംബദ്ക്കർ കോളനി
6.	III	കുളപ്പുറം
7.	IV	കുന്നുതറ
8	IV	കാളുതറ
9.	V	പാറപ്പുറം
10	V	കണിയാം കുന്നത്ത്
11.	VI	ലക്ഷം വീട്
12	VII	അമ്പുവിള
13	VII	ലക്ഷം വീട്, അമ്പുവിള
14	VII	കോടവിള
15	VII	പ്ലന്തപ്ലാവിള
16	VII	മുട്ടം

17	VII	വാറുവിള
18	IX	കല്ലുവെട്ടാംകുഴി
19	IX	മുകളുവിള
20	X	ബംഗ്ലാവ് ചരുവ് ജയന്തി
21	X	ചരുവിള
22	X	ബംഗ്ലാവുചരുവ് ലക്ഷം വീട്
23.	X	വയലിൽ കോളനി

പട്ടിക 2

ഗ്രാമസഭകളിൽ വന്ന പുതിയ കോളനികളുടെ രൂപീകരണത്തെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ

ക്രമ നമ്പർ	വാർഡ്	സ്ഥലം	വാർഡ്
1	II	വിളയിൽ കോളനി	പഴയാർ
2	III	അംബ്ദക്കർ കോളനി (ടോൾജംഗ്ഷൻ)	കോയിക്കൽ
3	IV	പടന്നയിൽ കോളനി (മൂഴി)	താഴം
4	IX	L.M.S. ഭാഗം കേന്ദ്രീകരിച്ച്	തെക്കേമുറി
5	X	നിലമേൽ കോളനി	ചിറ്റുമല
6	VIII	വാടീറ്റുവിള കോളനി	എട്ടാം വാർഡ്

വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. കുടുംബബാധ്യത ഏറ്റെടുക്കേണ്ടി വരുന്നതിനാൽ പഠനം നിർത്തേണ്ടി വന്ന നിരവധി കുട്ടികൾ ഉണ്ട്. സാക്ഷരത പരിപാടിയിലൂടെ സാക്ഷരരായവരുടെ വിദ്യാഭ്യാസം നിലനിർത്താൻ കഴിയണം. പട്ടികജാതിക്കാരായ വിദ്യാർത്ഥികൾ വിവിധ സർട്ടിഫിക്കറ്റുകൾക്ക് വില്ലേജ് ആഫീസറെ സമീപിക്കുമ്പോൾ ലോൺ കുടിശ്ശികയുടെ പേരിൽ സർട്ടിഫിക്കറ്റ് നൽകാറില്ല. ഇതിന് അടിയന്തരപരിഹാരം കാണേണ്ടതാണ്.

പട്ടികജാതിക്കാരായ വിദ്യാർത്ഥികൾ സാമ്പത്തിക പ്രതിസന്ധി മൂലം ഉപരിപഠനത്തിന് പോകാൻ കഴിയാത്ത സ്ഥിതിയുണ്ട്. ഇത് മൂലം പല വിദ്യാർത്ഥികളുടെയും പഠനം മുടങ്ങുന്നു. ആയതിനാൽ ഉപരിപഠനത്തിന് പോകാൻ സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന വർക്ക് ഗ്രാമപഞ്ചായത്ത് വേണ്ട സഹായം നൽകാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മത്സരപരീക്ഷകളിൽ പരമാവധി പ്രയോജനപ്പെടുന്നതിന് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു പരിശീലനകേന്ദ്രം തുടങ്ങാൻ കഴിയണം. ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. പരീക്ഷക്കും മറ്റും പോകുന്നതിന് നൽകുന്ന ടി.എ. കാലതാമസം കൂടാതെ കൊടുക്കുവാൻ നടപടി സ്വീകരിക്കണം.

കോളനികൾ കേന്ദ്രീകരിച്ച് പ്രീ-പ്രൈമറി, അംഗനവാടികൾ തുടങ്ങിയ വിദ്യാഭ്യാസ കേന്ദ്രങ്ങൾ തുടങ്ങാൻ നടപടിയെടുക്കണം.

തൊഴിൽ

പട്ടികജാതിയിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം നടത്തിക്കൊണ്ടിരിക്കുന്നവരാണ്. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴിലിന് വേണ്ടി മറ്റ് മേഖലകളിലേക്ക് പോവാൻ നിർബ്ബന്ധിതരായി,. കശുവണ്ടി മേഖലയയിലും കയർമേഖലയിലും ഭൂരിഭാഗവും എത്തിചേർന്നു. കുറെയധികം തൊഴിലാളികൾ നിർമ്മാണരംഗത്തും കടന്നു വന്നിട്ടുണ്ട്. കാർഷികമേഖലയിൽ ലഭിക്കുന്ന കൂലിയേക്കാൾ കൂടുതൽ കൂലി മറ്റം മേഖലകളിൽ തൊഴിലാളിക്ക് ലഭിക്കുന്നു എന്ന കാരണത്താൽ കാർഷികമേഖല പലരും ഉപേക്ഷിക്കാൻ തയ്യാറാകുന്നു. പട്ടികജാതിക്കാരിൽ നല്ലൊരു വിഭാഗം കശുവണ്ടി മേഖലയിൽ ജോലി ചെയ്യുന്നവരാണ്. ഈ മേഖലയിലെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം. കാർഷിക മേഖലയിൽ ജലസേചനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞാൽ അതുവഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. ചിറ്റുമല പുഞ്ചയിൽ കൃഷി ചെയ്യാതെ കിടക്കുന്ന പ്രദേശത്ത് നെൽകൃഷി നടത്താൻ നടത്താൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കണം.

കോളനികൾ കേന്ദ്രീകരിച്ച് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ കഴിഞ്ഞാൽ കുറെയധികം പേർക്ക് തൊഴിൽ നൽകാൻ കഴിയും. ഖാദി ബോർഡിന്റെ സഹായത്തോട്

കോളനികൾ ചെറുകിടവ്യവസായങ്ങൾ സംഘടിപ്പിക്കാൻ കഴിയണം. മെഴുകുതിരി, ചന്ദനത്തിരി, തീപ്പെട്ടി കമ്പിനി, കയർവ്യവസായയൂണിറ്റുകൾ, റെഡിമെയിഡ് തുണിത്തരങ്ങൾ, കറിപൗഡറുകൾ, ബേക്കറി ഐറ്റങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്ന വ്യവസായയൂണിറ്റുകൾ നടപ്പിലാക്കാൻ കഴിയണം.

പട്ടികജാതിക്കാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് മോട്ടോർ രംഗത്ത് തൊഴിൽ മേഖലകൾ സൃഷ്ടിക്കാൻ കഴിയും. പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണസംഘം ഉണ്ടാക്കി ബസ്സ് സർവ്വീസുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കണം. പട്ടികജാതി വികസന കോർപ്പറേഷനുകൾ നൽകുന്ന ലോണുകൾക്ക് ഉള്ള നിയമങ്ങൾ ലഘൂകരിക്കാനും എളുപ്പത്തിൽ തൊഴിൽ അന്വേഷകന് സഹായം ലഭിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കാൻ കഴിയണം.

പാർപ്പിടം

പാർപ്പിടപ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പാക്കി വരുന്ന പദ്ധതികൾ ഈ വിഭാഗത്തിന് സഹായകരമായിട്ടുണ്ട്. പട്ടികജാതിക്കാർക്ക് കുറെയധികം പേർക്ക് ചെറുകുടിൽ നിന്നും മോചനം ലഭിച്ചിട്ടുണ്ടെങ്കിലും അടിസ്ഥാനസൗകര്യം പരിഹരിച്ചിട്ടില്ല. ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭിക്കുന്നില്ല. പട്ടികജാതിക്കാരിൽ പലരും വിവിധ ഏജൻസികൾ നടപ്പിലാക്കി വരുന്ന വായ്പയെടുക്കുന്നതിന് ഭൂമിയുടെ രേഖകൾ ഓഫീസുകളിൽ പ്പെട്ടു പോയതിനാൽ മറ്റ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയിലാണ്. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തികരിക്കാതെ കിടക്കുന്നു. ഏജൻസി നൽകുന്ന സഹായം കാലതാമസം കൂടാതെ ഉപഭോക്താക്കൾക്ക് കൊടുക്കാൻ കഴിയണം. നിശ്ചിത കാലയളവിനുള്ളിൽ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും വീടുവെയ്ക്കുന്നതിനും അതിനോടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും നടപടികൾ സ്വീകരിക്കണം. ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടും നൽകുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കണം.

ഒട്ടനവധി പട്ടികജാതിക്കാർക്ക് തൃശൂരിലുള്ള പട്ടികജാതി വികസന കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് പുര നിർമ്മിക്കുകയുണ്ടായി. ഇവർക്ക് ഉള്ള വായ്പാ കുടിശ്ശിക എഴുതി തള്ളുന്നതിനും അവിടെയിരിക്കുന്ന പ്രമാണങ്ങൾ തിരികെ ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്തു നടപടി സ്വീകരിക്കണം. ഇങ്ങനെ ലോൺ എടുത്തു വെച്ച പുരകൾ പലതും കാലപഴക്കം മൂലം അപകടസ്ഥിതിയിലാണ്. ആയതിനാൽ പുരയുടെ മെയിന്റനൻസിന് ഗ്രാമപഞ്ചായത്തിൽ നിന്നും ധനസഹായം അനുവദിക്കണം.

മുൻകാലങ്ങളിൽ മറ്റും അനുവദിച്ച പുരയുടെ മെയിന്റനൻസിന് ഗ്രാമപഞ്ചായത്തിൽ നിന്നും ധനസഹായം അനുവദിക്കാൻ കഴിയണം. J.R.Y യിലും മറ്റ് സർക്കാർ ഏജൻസികളും സൗജന്യമായി പുര നിർമ്മിക്കുന്നതിന് നൽകുന്ന ധനസഹായത്തിനുള്ള നിയമങ്ങൾ ലഘൂകരിക്കാൻ കഴിയണം.

ലക്ഷം വീട് പദ്ധതി പ്രകാരം ഇരട്ടവീടുകൾ ലഭിച്ചവരുടെ ദയനീയമായണ്. കാലപഴക്കം മൂലം ഏത് അവസ്ഥയിലും ഇടിഞ്ഞ് പൊളിഞ്ഞ്, വീഴാവുന്ന സ്ഥിതിയാണ് ഉള്ളത്. ആയതിനാൽ അടിയന്തരമായി ലക്ഷം വീടുകളുടെ മെയിന്റനൻസിന് ധനസഹായം ഗ്രാമപഞ്ചായത്തിൽ നിന്നും നൽകണം. ഇരട്ട വീടുകൾ ഒഴിവാക്കി ഒറ്റവീടുകൾ ആക്കി കൊണ്ട് മറ്റുള്ളവർക്ക് പുതിയ സ്ഥലവും വീടും നൽകാൻ ഗ്രാമപഞ്ചായത്തിന് കഴിയണം. എല്ലാ വീട്ടുകാർക്കും ഒരോ നല്ലൊരു കക്കൂസ് നൽകാൻ നടപടികൾ ഉണ്ടാക്കണം. കുടുംബങ്ങളുടെ എണ്ണത്തിനുസരിച്ച് പൊതുകിണറുകൾ നിർമ്മിക്കാനും അതു സംരക്ഷിക്കാനും കഴിയണം.

കോളനികളിൽ ഉൾപ്പെടാത്ത ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് വീടും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കണം.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസപുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞു

പോകുന്നു. സാമ്പത്തിക പ്രതിസന്ധി മൂലം പലവിദ്യാർത്ഥികൾ ഉപരിപഠനത്തിന് പോകാൻ കഴിയാത്ത സ്ഥിതി.

2. കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. തൊഴിൽ സാദ്ധ്യത കുറയുന്നത് മൂലം ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.

3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടുവെയ്ക്കാൻ സ്ഥലമില്ല. വീടു വെയ്ക്കാൻ നൽകുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു.

4. കാലപഴക്കത്താൽ കേടുപറ്റിയ പുരകളുടെ മെയിന്റനൻസിന് കഴിവില്ലാതെ വലയുന്നു. പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

5. കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല. വൈദ്യുതി ഇല്ല. കക്കൂസ് ഇല്ല.

6. പൊതു ശ്മശാനം ഇല്ല.

7. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

8. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.

9. ഗതാഗതത്തിന് ആവശ്യമായ റോഡുകൾ ഇല്ല.

10. നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

11. I.R.D.P.യും മറ്റ് പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

12. പട്ടികജാതി വികസനകോർപ്പറേഷനും ഹരിജനക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായങ്ങളും ലക്ഷ്യം നേടുന്നില്ല.

13. പട്ടികജാതിക്കാരുടെ ക്ഷേമത്തിന് നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അറിവ് വേണ്ടത്ര ഇല്ല.

14 I.R.D.P. കോളനിക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

സാദ്ധ്യതകൾ

വൈദ്യുതി

ഗ്രാമപഞ്ചായത്തിലെ കോളനികളിൽ ഭൂരിഭാഗവും വൈദ്യുകരിച്ചതാണ് എങ്കിൽ തന്നെയും പൂർണമായി വൈദ്യുതികരിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ കോളനികളിലെ വീടുകൾ പൂർണ്ണമായി വൈദ്യുതികരിക്കാൻ നടപടി എടുക്കണം. കൂടാതെ ഒറ്റപ്പെട്ട പട്ടികജാതിക്കാരുടെ വീടുകളും വൈദ്യുതികരിക്കാൻ കഴിയണം. ഒന്നിൽകൂടുതൽ പോസ്റ്റ് വേണ്ടവർക്ക് വൈദ്യുതികണക്ഷൻ കൊടുക്കാൻ അനുവാദം ഉണ്ടെങ്കിലും വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. ഇതിന് പരിഹാരം കാണാൻ ഗ്രാമപഞ്ചായത്തിന് കഴിയണം.

പൊതുജനാരോഗ്യം

കോളനികളിൽ ശുദ്ധജലം എത്തിക്കുന്നതിന് പഞ്ചായത്ത് മുൻഗണന നൽകണം. കോളനികളിൽ കിണറുകൾ കിട്ടാത്ത ഒട്ടനവധി ഉണ്ട്. സൗജന്യ കിണർ കിട്ടുന്നതിന് 10 സെന്റ് ഭൂമി വേണം എന്ന നിയമം ഭേദഗതി ചെയ്യാൻ ഗ്രാമ പഞ്ചായത്ത് ശുപാർശ ചെയ്യണം. ഇപ്പോഴുള്ള പൊതുകിണറുകൾ ഉപയോഗ ശൂന്യമായി കിടക്കുകയാണ്. ശിങ്കാരപ്പള്ളി ലക്ഷം വീടു കോളനിയിലേയും ബംഗ്ലാവ് ചരുവ് ലക്ഷം വീട് കോളനികളിലെയും പൊതുകിണർ ഉപയോഗശൂന്യമാണ്. പൊതുകിണറുകൾ അടിയന്തരമായി നന്നാക്കാൻ കഴിയണം. കുണ്ടറ ജലസേചന പദ്ധതിയുടെ ഭാഗമായി എല്ലാ കോളനികളിലും ആവശ്യത്തിന് ടാപ്പുകൾ സ്ഥാപിക്കുവാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കണം. കല്ലടയുടെ താഴം പ്രദേശങ്ങളിൽ ധാരാളം കിണറുകൾ ഉണ്ടെങ്കിലും ഓര് ജലമാണ് ലഭിക്കുന്നത്. ഇവിടെയും ടാപ്പുകൾ സ്ഥാപിക്കാൻ കഴിയണം. പഞ്ചായത്ത് ബ്ലോക്ക് ഏജൻസികൾ വഴി പുതിയ കിണറുകളും കുഴൽകിണറുകളും സ്ഥാപിക്കാൻ ഗ്രാമപഞ്ചായത്ത് വേണ്ട നടപടി സ്വീകരിക്കണം.

ഗ്രാമപഞ്ചായത്തിലെ മുഴുൽ പട്ടികജാതി കുടുംബങ്ങളിലും കുറഞ്ഞ കാലാവധിക്കുള്ളിൽ കക്കൂസ് നിർമ്മിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. കോളനികളിലെയും ഒറ്റപ്പെട്ട മറ്റ് പട്ടികജാതി കുടുംബങ്ങളിലും കക്കൂസ് ഇല്ലാത്ത

കുടുംബങ്ങൾ ഒട്ടനവധിയുണ്ട്. ഗ്രാമപഞ്ചായത്ത് മുൻഗണന നൽകി ഇതിന് പരിഹാരം കാണാൻ കഴിയണം.

സർക്കാർ ഏജൻസികൾ വഴി നൽകുന്ന വീടുകളിൽ ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വേണ്ട സഹായം നൽകണം. ഈ അടുപ്പുകൾ സ്ഥാപിക്കുന്നത് വഴി സ്ത്രീകളുടെ ആരോഗ്യസ്ഥിതി സംരക്ഷിക്കാനും വിറകിന് വേണ്ടി ചെലവാക്കുന്ന പണം കുറെ ലാഭിക്കാനും കഴിയും. ഈ അടുപ്പ് ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സന്നദ്ധ സംഘടനകളുടെ സഹായത്തോട് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാൻ പഞ്ചായത്തിന് കഴിയണം.

കിഴക്കേ കല്ലടയിൽ ഇപ്പോഴുള്ള പ്രാഥമികാരോഗ്യകേന്ദ്രത്തിനും ആയുർവേദ ഹോസ്പിറ്റലിനും സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞാൽ ഇവിടെ ക്ഷയരോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാകും. ഇവിടെ ഒരു സർക്കാർ ആശുപത്രി ഇല്ലാത്തതിനാൽ ഏറ്റവും കൂടുതൽ ചൂഷണത്തിന് വിധേയരാകുന്നത് ഇവിടുത്തെ പാവപ്പെട്ട ജനങ്ങളാണ് പ്രത്യേകിച്ച് പട്ടികജാതി കുടുംബാംഗങ്ങൾ. ആയതിനാൽ അടിയന്തരമായി ഈ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം പണിയാൻ കഴിയണം. കൂടാതെ ഒരു ഹോമിയോ ആശുപത്രി കിഴക്കേ കല്ലടയിൽ അനുവദിക്കാൻ സർക്കാരിൽ വേണ്ട സമ്മർദ്ദം ചെലുത്താൻ ഗ്രാമപഞ്ചായത്ത് ശ്രമിക്കണം.

കോളനികളിൽ അടിയന്തരമായി ശ്മശാനം നിർമ്മിക്കുന്നതിനുള്ള അടിയന്തരനടപടികൾ സ്വീകരിക്കണം.

ക്ഷേമ പദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ അത്യാവശ്യമാണ്. ക്ഷേമ പദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭിക്കുന്നതിന് സഹായകരമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതുണ്ട്. സർക്കാർ ഏജൻസിൽ ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയണമെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റം വരുത്തിയേ കഴിയൂ. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേനയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കാൻ കഴിയും.

പട്ടികജാതി ക്ഷേമ മുൻനിരുത്തി സത്വര ശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങൾ

- കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക
- കോളനികൾ തോറും ചെറുകിട വ്യവസായ യൂണിറ്റുകൾ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.
- കോളനികളിലെ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നതിന് വേണ്ട സഹായങ്ങൾ ചെയ്യുക.
- കുടിവെള്ളപ്രശ്നം പരിഹരിക്കുക.
- ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ സഹകരണ മേഖലയിൽ വ്യവസായ യൂണിറ്റുകൾ തുടങ്ങുക.
- സർക്കാർ ഏജൻസികൾ നൽകി വരുന്ന വായ്പകളും സഹായ ധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽ നോട്ടം ഗ്രാമപഞ്ചായത്തിനെ ഏല്പിക്കുകയും ചെയ്യുക.
- വ്യവസായ പരശീലനം നൽകുകയും പരിശീലനം ലഭ്യമായവർക്ക് വായ്പ പൂർണ്ണമായും അനുവദിക്കുക.
- പട്ടികജാതി സർവ്വീസ് സഹകരണസംഘം ആരംഭിക്കുക.
- വീടു നിർമ്മാണധനസഹായം വർദ്ധിപ്പിക്കുക. വീട് വെയ്ക്കുന്നതോടൊപ്പം കക്കൂസ് നിർമ്മിക്കുന്നതിനും ധനസഹായം നൽകുക. വീടിന്റെ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഉപഭോക്താക്കൾക്ക് അനുവാദം കൊടുക്കുക.
- എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതി ചുമതലപ്പെടുത്തുക.
- ലക്ഷം വീട് കോളനിയിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റവീടാക്കി മാറ്റുക.
- വീട് പുതുക്കി പണിയുന്നതിനും അറ്റകുറ്റപണികൾക്കും പലിശ രഹിത വായ്പകൾ നൽകുക.
- പഞ്ചായത്തിലെ പൊതു കിണറുകൾ ഉപയോഗപ്രദമാക്കുക.

- ബോധവൽക്കരണത്തിനും സാംസ്കാരിക വളർച്ചയ്ക്കും വേണ്ടി കോളനി തോറും ടി.വി സ്ഥാപിക്കുക.
- ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും വായനശാലകൾ സ്ഥാപിക്കുകയും ചെയ്യുക.
- ശ്മശാനം നിർമ്മിക്കുക
- കോളനികൾ കേന്ദ്രമാക്കി ബാലവാടികളും നഴ്സറികളും സ്ഥാപിക്കുക.
- സ്കൂളിൽ നിന്നും കൊഴിഞ്ഞ പോകുന്ന വിദ്യാർത്ഥികളെ കണ്ടെത്തി പഠനം തുടരുന്നതിന് ആവശ്യമായ ഏർപ്പാടുകൾ ചെയ്യുക.
- സാക്ഷരതാ പരിപാടിയിലൂടെ സാക്ഷരരായവരുടെ തുടർവിദ്യാഭ്യാസത്തിന് വേണ്ടി ജനവിദ്യാ കേന്ദ്രങ്ങളുടെ പ്രവർത്തന ഏർപ്പെടുത്തുകയും ജനവിദ്യാ കേന്ദ്രങ്ങൾക്ക് കെട്ടിടം പണിയുകയും ചെയ്യുക.
- വിദ്യാഭ്യാസ പ്രോത്സാഹനത്തിന് ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്യുക.
- നാല് സെന്റ് ഭൂമിയിലെയും ലക്ഷം വീട് കോളനിയിലെയും വീട് പുതുക്കി പണിയുന്നതിനും ഓട് മേയുന്നതിനും ധനസഹായം അനുവദിക്കുക.
- ചാലിൽ കോളനിയിലേയ്ക്കും മതിലകം കോളനിയിലേയ്ക്കും റോഡ് നിർമ്മിക്കു.
- ഉപ്പൂട് ലിഫ്റ്റ് ഇറിഗേഷൻ കനാൽ മതിലകം കോളനിയിലൂടെ കടന്നു പോകുന്ന ഭാഗത്ത് 250 മീറ്റർ നീളത്തിൽ ഭീത്തി കെട്ടി സുരക്ഷിതമാക്കുക.
- കുളപ്പുറം കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.
- കുന്നുതറ കോളനിയിലേയ്ക്കു് കാളുതറ കോളനിയിലേയും റോഡ് നിർമ്മിക്കുക.
- കാർഷിക മേഖലയിൽ പണിയെടുക്കുന്ന കുന്നുതറ കോളനിയിലെ തൊഴിലാളകൾക്ക് വേണ്ടി ഒരു ആഗ്രോ സർവ്വീസ് സെന്റർ സ്ഥാപിക്കുക.
- കണിയാം കുന്നു കോളനിയിലേയ്ക്ക് റോഡ് നിർമ്മിക്കുക.
- 15 വർഷമായി പൂർത്തിയാകാതെ കിടക്കുന്ന പാറപ്പുറം കോളനിയിലെ പട്ടികജാതിക്കാരുടെ വീട് പൂർത്തികരിക്കുകയോ പുതിയ വീടുകൾ അനുവദിക്കുകയോ ചെയ്യുക.
- ശിങ്കാരപ്പള്ളി ലക്ഷം വീട് കോളനി സെന്റിമെൻസ് കോളനിയായി ഉയർത്തുക. പൊതുകിണർ ഉപയോഗിപ്രദമാക്കുക.
- I.R.D.P. അംഗീകാരമുള്ള അമ്പുവിള അംബദ്ക്കർ കോളനിക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുക.
- അമ്പുവിള ലക്ഷം വീട് കോളനി സെന്റിമെൻസ് കോളനിയായി ഉയർത്തുക.
- ചിറ്റുമല തൊട്ടിക്കര ചരിവ് റോഡ് ഗതാഗതയോഗ്യമാക്കുക.
- ചരുവിള കോളനിയിലേയ്ക്കു റോഡ് ഗതാഗതയോഗ്യമാക്കുക.
- ചിറ്റുമല കിഴക്ക് ശ്മശാനം നിർമ്മിക്കുക.
- മുഴുവൻ പട്ടികജാതി കുടുംബങ്ങളും വൈദ്യുതികരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം.
- ഹരിജൻ വനിതാ സഹകരണസംഘം ആരംഭിക്കുക.
- ഹരിജൻ കൺസ്യൂമർ സംഘം ആരംഭിക്കുക.
- ചില കോളനികളിൽ നടന്നു വരുന്ന വ്യാജമദ്യവില്പന തടയുന്നതിനും സാമൂഹ്യ വിരുദ്ധന്മാരുടെ ശല്യം അവസാനിപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കുക.
- ഗ്രാമസഭയിൽ ഉയർന്നു വന്ന പുതിയ കോളനികൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.
- എല്ലാ ഹരിജൻ കോളനികളിലും ടി.വി. സെറ്റ് വിതരണം ചെയ്യുക.

തയ്യാറാക്കിയത് : ശ്രീ. ജി. വേലായുധൻ

"പുതിയ പാതയിൽ ജനജീവിതം പുക്കുവാൻ
കൊതികളും സ്വാർത്ഥചിന്തയും വെടിയണം
നമ്മുടെ നാട് നമ്മുടേതാണെന്ന
നന്മമാത്രം മനസ്സിലുദിക്കണം"

വിഭവസമാഹരണം

കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത് സാമ്പത്തികമായി എന്നും പിന്നിൽ നിൽക്കുന്ന ഒരു പഞ്ചായത്താണ്. ഈ പിന്നോക്കാവസ്ഥയ്ക്ക് പല കാരണങ്ങളാണ് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളത്. വ്യാവസായിക മേഖലയിൽ മൂലധനം മുടക്കുവാൻ കഴിയുന്നവരുടെ അഭാവം അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം, വിപണനത്തിനും സംസ്ക്കരണത്തിനുമുള്ള അസൗകര്യങ്ങൾ എന്നിവയാണ്. പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി മുതലായവയുടെ അസംസ്കൃത സാധനങ്ങൾ ഒരു കാലത്ത് സുലഭമായി ലഭ്യത ഉണ്ടായിരുന്നുയെങ്കിലും ഈ മേഖലയിലെ നാമമാത്രമായ വ്യവസായങ്ങൾ മാത്രമേ ഇന്നു പുരോഗമിക്കുന്നുള്ളു. ഭൗതികസാഹചര്യങ്ങളും പ്രകൃതി വിഭവങ്ങളും ഗൾഫ് മേഖലയിൽ നിന്നും വന്നെത്തുന്ന മൂലധനവും ഗവൺമെന്റിൽ നിന്നും വായ്പാസ്ഥാപനങ്ങളിൽ നിന്നുമുള്ള സഹായങ്ങളും വിവേകപരമായി ഉപയോഗിക്കപ്പെട്ടാൽ ഈ ഗ്രാമത്തിന്റെ മുഖഛായ തന്നെ മാറ്റിയെടുക്കാം.

ഫലഭൂയിഷ്ഠമായ മണ്ണ് ഈ പഞ്ചായത്തിന്റെ ഒരു പ്രത്യേകതയാണ്. ചിറ്റുമലയിൽ നിന്നു തുടങ്ങി മൺട്രോതുരുത്തിന്റെയും കല്ലടയാറിന്റെയും അരികുവരെ ഉള്ള കുന്നിൽ പുറങ്ങൾ തെങ്ങുകൃഷിക്കും കശുമാവു കൃഷിക്ക് വളരെ യോജിച്ചതാണ്. ഈ പ്രദേശത്തിന്റെ ചില ചരുവുകൾ റബ്ബർ കൃഷിക്ക് പറ്റിയ ഇടങ്ങളാണ്. വ്യാപകമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന തെങ്ങുരോഗങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിഞ്ഞാൽ ഈ നാണ്യവിള അഭിവൃദ്ധിപ്പെടുകതന്നെ ചെയ്യും. കൊല്ലം ജില്ലയിലെ പ്രമുഖ വ്യവസായമായ കശുവണ്ടിയുടെ ഉത്പാദനത്തിന് ഈ പ്രദേശത്തെ ശാസ്ത്രീയമായ ഉപയോഗപ്പെടുത്തുവാൻ കഴിയണം. പാഴായി കിടക്കുന്ന ഒരോ കുടുംബത്തിന്റെയും സ്ഥലങ്ങൾ തെങ്ങ് കശുമാവ്, മാവ്, പ്ലാവ്, മുതലായ വൃക്ഷങ്ങൾ വച്ചു പിടിപ്പിയ്ക്കുയും പപ്പായ, വാഴ മരച്ചീനി, കാച്ചിൽ കിഴങ്ങുവർഗ്ഗങ്ങൾ പയർ മുതലായവ കൃഷി ചെയ്യുവാൻ വേണ്ട സാങ്കേതിക ജ്ഞാനവും ഗുണമെന്മയുള്ള വിത്തിനങ്ങളും കർശനമായ പരിശോധനയും, കൃഷിവകുപ്പിന്റെയും പഞ്ചായത്തിന്റെയും ഭാഗത്തു നിന്നുണ്ടായാൽ തൊഴിലിനോടൊപ്പം ഒരു ഉപഭോഗഗ്രാമമെന്ന ഇന്നത്തെ നിലയിൽ നിന്നും ഒരു ഉത്പാദന ഗ്രാമമാക്കി മാറ്റുവാൻ കഴിയും.

ചിറ്റുമലയ്ക്കു താഴെ കല്ലടയാറിന്റെ ഇടയിലായി ചിന്നിച്ചിതറി കിടക്കുന്ന വിശാലമായ നെൽപ്പാടങ്ങൾ പ്രകൃതിയുടെ ഒരു വരദാനം തന്നെയാണ്. സമൃദ്ധമായ മഴയും വെള്ളം കെട്ടിനിറുത്താൻ വിശാലമായ പുഞ്ചപ്പാടങ്ങളും കായലും ഉള്ള ഭൂപ്രക്തിയും കല്ലടയാറിന്റെ സാമീപ്യവും പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്. ഇത് നമ്മുടെ നെൽപ്പാടങ്ങളെ മൂന്നു പൂകൃഷിയ്ക്ക് യോഗ്യമാക്കുവാൻ കഴിയും. ഇതുവഴി ഭക്ഷ്യദൗർലഭ്യംവും തൊഴിലില്ലായ്മയും കുറച്ചു കൊണ്ടു വരുവാൻ കഴിയും.

മത്സ്യബന്ധത്തിനും വിപണനത്തിനും പറ്റുന്ന ഭൂപ്രകൃതിയാണിവിടെയുള്ളത്. ഏറ്റവും രുചിയുള്ള മത്സ്യസമ്പത്തുള്ള കാഞ്ഞിരകോട് കായൽ വളരെ ഏറെ കനിഞ്ഞ് അനുഗ്രഹിച്ചിട്ടുള്ള ഒരു പ്രദേശമാണിവിടം. ഈ ഉത്പാദന വിപണന മേഖലയിൽ അശാസ്ത്രീയമായതും കാലഹരണപ്പെട്ടതുമായ ഒരു സമ്പ്രദായമാണ് അനുവർത്തിക്കപ്പെടുന്നത്. ശാസ്ത്രീയമായ മത്സ്യകൃഷിയും മത്സ്യബന്ധന രീതികളും ഈ വ്യവസായത്തിന് ആവശ്യമുണ്ട്. കർശനമായ മേൽനോട്ടവും ഗുണപരമായ സമീപനവും ഈ മേഖലയിൽ ഉണ്ടയാൽ തീർച്ചയായും ഈ ഗ്രമത്തിനു പ്രകൃതി കനിഞ്ഞു നൽകിയിട്ടുള്ള ജലസമ്പത്ത് ശാസ്ത്രീയമായി ഉപയോഗിച്ച് വിഭവസമാഹരണം ത്വരിതപ്പെടുത്തുവാൻ കഴിയും.

ഗൾഫ് മേഖലയിലും പാശ്ചാത്യ രാജ്യങ്ങളിലും ജോലി ചെയ്യുന്ന ധാരാളമാളുകൾ ഈ പഞ്ചായത്തിലുണ്ട്. ഇവരുടെ വരുമാനവും

സമ്പാദ്യങ്ങളും പ്രത്യുത്പാദനപരമായ മൂലധനമാക്കി മാറ്റുവാൻ കഴിയാത്തതാണ് നമ്മുടെ ഗ്രാമത്തിന്റെ മറ്റൊരു പ്രധാനമാന്ദ്യത്തിനു കാരണം.

അന്യ സംസ്ഥാനങ്ങളിൽ ജോലി നോക്കുന്നവരുടെ സംഖ്യ കുറഞ്ഞു വരുന്ന ഒരു പ്രവണ കണ്ടു തുടങ്ങിയിട്ട് കുറച്ചു കാലമായി. ഈ മേഖലയിൽ ഇന്നുള്ള മാന്ദ്യത്തിനു കാരണം അവിടങ്ങളിൽ നിന്നുള്ള വരുമാനത്തിന്റെ കുറവും ഗൾഫ് മേഖലയിലെ ധനാഗമ മാർഗ്ഗങ്ങളുടെ കുറവുമാണ് വൈദഗ്ദ്ധ്യ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഗ്രാമത്തിലില്ലാത്തത് പലതരം തൊഴിലുകൾ ചെയ്യുവാൻ ആളില്ലാത്ത സ്ഥിതി ഉണ്ടാക്കിയിട്ടുണ്ട്. ഉദാഹരണത്തിന് നല്ല ഒരു പ്ലംബർ, ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി അറിയാവുന്നവർ എന്നിവർ ഈ ഗ്രാമത്തിൽ ഇല്ല തന്നെ.

മാനവശേഷി വേണ്ടുവോളമുള്ള ഈ ഗ്രാമത്തിന് ഇന്നത്തെ ഏറ്റവും പ്രധാനമായ പ്രശ്നം ശാസത്രീയമായി മാർഗ്ഗനിർദ്ദേശം നൽകി ഈ വിഭവശേഷി പ്രയോജനപ്പെടുത്താതെ പോകുന്നതാണ്. ഒരു പ്രദേശത്തിന്റെ സമഗ്ര വികസനത്തിനാവശ്യമായ മണ്ണ്, പ്രകൃതി വിഭവങ്ങൾ, മൂലധനം ഇവ വേണ്ടുവോളമുണ്ട്. എന്നാൽ ഇവ മൂന്നുഘടകങ്ങളുടേയും ശാസ്ത്രീയമായ സംവിധാനത്തിന്റെ അഭാവം ഈ ഗ്രാമത്തിന്റെ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നു.

കല്ലട ഗ്രാമത്തിന്റെ കിഴക്കു ഭാഗത്തുള്ള പ്രകൃതി രമണീയമായ ചിറ്റുമലയും മതിലകവും ചിറയും കായലും പ്രകൃതിയുടെ കനിഞ്ഞരുളിയ വരദാനം തന്നെയാണ്. ഈ ഭൂപ്രദേശങ്ങൾ ശരിയായി വിനിയോഗിച്ചാൽ ടൂറിസ്റ്റ് വ്യവസായത്തിനും, ജലസേചനത്തിനും, രൂക്ഷമായ കുടിവെള്ള ക്ഷാമപരിഹാരത്തിനും സാധ്യതകളുണ്ട്. കല്ലടയാറ്റിലെ മനോഹരമായ പ്രകൃതി ദൃശ്യങ്ങളും ഈ മേഖലയിൽ ഉൾപ്പെടുത്താവുന്നതാണ്. വിപുലമായ പുൽകൃഷിയ്ക്ക് അനുയോജ്യമായ മണ്ണിനു കല്ലടയിലെ താണപ്രദേശങ്ങൾ ഈ സാധ്യത പ്രയോജനപ്പെടുത്തി പശു, ആട്, മുയൽ, കോഴി, മുതലായ ജന്തുക്കളുടെ വളർത്തൽ പ്രോത്സാഹിപ്പിക്കുക വഴി പാൽ, മാംസം, മുട്ട മുതലായവയുടെ ഉത്പാദനം വർദ്ധിപ്പിയ്ക്കുവാൻ കഴിയും.

പട്ടിക നമ്പർ I വരുമാനത്തിലെ വ്യതിയാനം

തനതു വരുമാനം ഇനം	1991-92	95-96	വ്യത്യാസം	ശതമാനം
തൊഴിൽ നികുതി	78206	128745	50539	
കെട്ടിട നികുതി	96251.55	154517.10	58265.55	
വിനോദനികുതി	9894	17432		
അധിക വിനോദനികുതി	5890		1648	
കാഴ്ചനികുതി	826.25	1718	891.75	
മാർക്കറ്റ്	788641	128913	50049	
അൺടൈഡ് ഫണ്ട്.	146300	313155	166855	
സർക്കാർ ഗ്രാന്റ്	156945	350799	193854	
കൈമാറ്റ നികുതി	127965	209902	81937	
ലൈസൻസ്	8532	8283	249	
ലൈബ്രറി സെസ്സ്		7762		
സർവ്വീസ് നികുതി	17778.75	28581.2	10803	

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം വാർഡ് തലത്തിൽ

I	II	II	IV	V	VI	VII	VIII	IX	X
12	11	12	10	10		3	12	12	3

ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ ഗണ്യമായ പുരോഗതിയ്ക്കു ഉതകുന്ന രീതിയിൽ ഉണർന്നു പ്രവർത്തിക്കുന്നില്ല. ഒരു ദേശസാൽകൃതബാങ്കു മാത്രമാണ വിടെയുള്ളത്. ഈ ബാങ്കിലെ നിക്ഷേപാനുപാതവും വായ്പാനുപാതവും തമ്മിൽ വലിയ അന്തരമാണ്. ഇവിടെയുള്ള ധനം ഈ പ്രദേശത്തിന്റെ വികസനത്തിനാവശ്യമായ മൂലധനമാക്കി മാറ്റുവാൻ കഴിയുന്നില്ല എന്നതാണ് സത്യം. ബാങ്കുകളുടെ വായ്പാപ്രവർത്തനങ്ങളിലും ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ബാങ്കുകളുടെ മേൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് യാതൊരധികാര വുമില്ലാത്തതാണിതിനു കാരണം.

സഹകരണവായ്പാസ്ഥാപനങ്ങൾ രണ്ട് എണ്ണമാണുള്ളത്. ഇതിൽ കിഴക്കേ കല്ലട Q 187-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്ക് ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. എന്നിരുന്നാലും ആ ബാങ്കിന്റെ പ്രവർത്തനമേഖലയിലുള്ള മുഴുവനാളുകളേയും ഈ സ്ഥാപനവുമായി ബന്ധപ്പെടുത്തുവാനും അവരുടെ നിക്ഷേപങ്ങൾ പൂർണ്ണമായി അവിടേക്ക് ആകർഷിയ്ക്കുവാനും കഴിഞ്ഞിട്ടില്ല.

കിഴക്കേ കല്ലട 3748-ാം നമ്പർ സഹകരണ ബാങ്ക് ഒരു കാലത്ത് ലാഭകരമായി പ്രവർത്തിച്ച സ്ഥാപനമായിരുന്നു ഇന്ന് അതിന് താങ്ങാൻ കഴിയാത്ത സാമ്പത്തിക ബാദ്ധ്യത കളിൽ പെട്ടു കിടക്കുകയാണ് ബാങ്കിന്റെ മുൻകാലഭരണസമിതികളിൽ ചിലവ് വരുത്തിയ അശാസ്ത്രീയമായ സമീപനമാണിതനു കാരണം. ഈ ബാങ്കിന് ഗവൺമെന്റിൽ നിന്നും മുൻകടങ്ങൾ എഴുതി തള്ളുവാനുമുള്ള സൗകര്യം ചെയ്തു കൊടുത്താൽ കാര്യമായി പ്രവർത്തി യ്ക്കുവാനും അതുവഴി മൂലധനലഭ്യതവിവിധ മേഖലകളിൽ കാര്യക്ഷമമായി എത്തിയ്ക്കുവാനും കഴിയും.

പ്രശ്നങ്ങൾ

1. കിഴക്കേ കല്ലട പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ചൂഷണം ചെയ്യപ്പെടാതെ കിടക്കുന്ന വരുമാനസാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല.
2. വരുമാനത്തിനേക്കാൾ കൂടുതലുള്ള പഞ്ചായത്തിന്റെ വിവിധ ഭരണകാര്യ ങ്ങളിലുള്ള ചിലവ്.
3. നിർമ്മാണപ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് നീക്കി വയ്ക്കുന്ന തുകകൾ പൂർണ്ണമായി വിനിയോഗിയ്ക്കാൻ കഴിയാത്ത സ്ഥിതി.
4. വിവിധ സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പാ ആവശ്യക്കാർക്ക് യഥാസമയം വായ്പകൾ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ
5. ദീർഘവീക്ഷണത്തോടു കൂടി പഞ്ചായത്തിന്റെ വികസനത്തിനാവശ്യമുള്ള പദ്ധഘതികൾ തയ്യാറാക്കുന്നതിലുള്ള അസൗകര്യങ്ങൾ
6. വായ്പകളുടെ യഥാർത്ഥ ഉദ്ദേശത്തിൽ നിന്നും വഴിമാറുന്ന വിനിയോഗം
7. പൊതു ഫണ്ടുകളുടെ ദുർവിനിയോഗം.
8. സന്നദ്ധപ്രവർത്തനങ്ങളിലെ താത്പര്യക്കുറവ്.
9. സുതാര്യതക്കുറവ്

സാധ്യതകൾ

1. പഞ്ചായത്തുകളുടെ വരുമാനത്തിന്റെ ആനുപാതികമായി കേന്ദ്രസംസ്ഥാന ഗവൺമെന്റ്കളുടെ ഫണ്ട് അനുവദിക്കുക.
1. കല്ലടയാറ്റിന്റെ പഞ്ചായത്തതിർത്തിയിൽ നിന്നു ലഭിക്കുന്ന മണലിന്റെ നികുതി കിഴക്കേ കല്ലട പഞ്ചായത്തിനു തന്നെ ലഭ്യമാക്കുക.
2. മതിയായ ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിൽ ഗർഫ് പണം മൂലധനമായി വിനിയോഗിച്ച് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വ്യവസായങ്ങൾക്കും കൃഷിയ്ക്കും മൃഗസംരക്ഷണത്തിനും പദ്ധതികൾ ആസൂത്രണം ചെയ്യുക.
3. പഞ്ചായത്തതിർത്തിയിൽ ഉള്ള പുറം പോക്കു സ്ഥലങ്ങൾ കണ്ടുപിടിച്ച് അവിടങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിച്ച് മതിയായ ഉറപ്പിന്റെ അടിസ്ഥാനത്തിൽ വാടകയ്ക്ക് കൊടുക്കു.
4. തേങ്ങായുടെ അനുബന്ധ ഉത്പന്നങ്ങളായ ചിരട്ട, ചകിരി തേങ്ങാവെള്ളം ഇവ

സംസ്കരിച്ച് ഉത്പന്നങ്ങൾ ആക്കിമാറ്റുന്ന വ്യവസായശാലകൾ ആരംഭിക്കുക.

5. ചെമ്മീൻ ശേഖരണത്തിലെ അശാസ്ത്രീയത ഒഴുവാക്കി വളർന്ന കൊഞ്ചുകൾ മാത്രം ശേഖരിക്കുന്ന രീതികൾ കർശനമായി നടപ്പാക്കുക.

6. കക്ക ശേഖരണവും അനുബന്ധ തൊഴിലും വികസിപ്പിക്കുക.

7. കടപ്പത്രങ്ങൾ ഇറക്കുക വഴി സ്വകാര്യ വ്യക്തികളിൽ നിന്നും പണം സ്വരൂപിക്കുക.

8. കമ്മ്യൂണിറ്റി ഹാളു പോലുള്ള പഞ്ചായത്തിന്റെ സ്ഥാപനങ്ങൾ ആകർഷകമാക്കു.

9. ചിറ്റുമലയും പരിസരപ്രദേശങ്ങളും ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുക.

10. നികുതി പിരിവ് കാര്യക്ഷമാക്കൽ, നീതിപൂർവ്വമാക്കുക.

11. ഭരണച്ചെലവ് കുറയ്ക്കുകയും പുതിയ അധികാരത്തിലെ നികുതി അധികാരങ്ങൾ ഉപയോഗപ്പെടുത്തൽ

12. സന്നദ്ധ പ്രവർത്തനങ്ങൾ ഉപയോഗിക്കൽ

13. ധനകാര്യസ്ഥാപനങ്ങൾക്കു വേണ്ടി സ്കീമുകൾ തയ്യാറാക്കുക.

14. ഒരു ക്രെഡിറ്റ് പ്ലാൻ തയ്യാറാക്കുക.

15. സന്നദ്ധ സംഘടനകൾക്കായുള്ള സഹായ ധനപദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കുക. പഞ്ചായത്തിന്റെ ചിലവുകൾ പബ്ലിക് ആഡിറ്റിനു വിധേയമാക്കുക.

16. പരസ്യ നികുതികൾ ഏർപ്പെടുത്തുക.

17. ധനികരായ വ്യവസായികൾ

18. മുമ്പുണ്ടായിരുന്ന സ്പെഷ്യൽ ഗ്രേഡിന്റെ മാനദണ്ഡത്തിൽ മാറ്റം വരുത്തി എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റു പുനസ്ഥാപിക്കുക

19. കശുമാങ്ങയും, മാമ്പഴവും അതിന്റെ സീസനിൽ ശേഖരിക്കാനും അതിന്റെ അനുബന്ധവ്യവസായങ്ങൾ പ്രോത്സാഹിപ്പിയ്ക്കാനുള്ള പദ്ധതികൾ

20. ചിറ്റുമല കായലിലും പഞ്ചയിലും മത്സ്യം, കൊഞ്ചും സഹകരണ സ്ഥാപനങ്ങൾക്കോ വ്കതികൾക്കോ ലേലം ചെയ്തു കൊടുക്കുക.

21. പഞ്ചായത്ത് അതിർത്തിയിലുള്ള കടകളിൽ നിന്നും പ്രതിശീർഷ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ കച്ചവടനികുതി ഏർപ്പെടുത്തുക.

22. ഏതു തരം വ്യവസായങ്ങളും പഞ്ചായത്തിന്റെ അനുമിതയോടും ലൈസൻസോടും കൂടി നടത്തുക.

23. ചെറുകിട കച്ചവടക്കാരിൽ നിന്നും അവരുടെ വരുമാനത്തിന്റെ ഒരു നിശ്ചിത വരുമാനം ടാക്സ് ഈടാക്കുക. ഏതു തരം കച്ചവടവും പഞ്ചായത്തിന്റെ ലൈസൻസോടു കൂടി മാത്രം തുടങ്ങാൻ അനുവദിക്കുക.

24. റോഡുപുറംമ്പോക്കിൽ ഫലവൃക്ഷങ്ങൾ നട്ടു പിടിപ്പിക്കുക. വളർന്ന വൃക്ഷങ്ങൾ ലേലം ചെയ്യുക.

25. ടാക്സിസ്റ്റാന്റ്, ടെമ്പോസ്റ്റാന്റ്, ലോറിസ്റ്റാന്റ് ഇവിടങ്ങളിൽ ടാക്സ് ഏർപ്പെടുത്തുക.

26. ഇടയക്കടവിൽ പ്രവർത്തിക്കുന്ന അന്തിച്ചന്ത ചൊവ്വയും വെള്ളിയും പ്രവർത്തിക്കുന്ന ആഴ്ച ചന്തയാക്കി മാറ്റുക.

തയ്യാറാക്കിയത് : ശ്രീ. ബാലചന്ദ്രൻ.ജി.

"ദേവലോകത്തു നിന്നാരോ
പൊഴിയ്ക്കുന്ന
പുമഴയല്ല പുരോഗതി
മണ്ണും മനുഷ്യനും തമ്മിലിണങ്ങുന്ന
കണ്ണിയിൽ നിന്നേ പുരോഗതി"

"നമ്മളാണ് ഭരണവും
നമ്മളാണ് പ്രജകളും
നമ്മളൊന്നുചേരുക
നമ്മളാണ് നമ്മളുടെ
നന്മ തിന്മ തീർക്കുക"

ഉപസംഹാരം

കിഴക്കേ കല്ലട ഗ്രാമ പഞ്ചായത്തിന്റെ ഭാവി വികസന മേഖലയിലേക്ക് ഒരു എത്തി നോട്ടം മാത്രമേ ഈ റിപ്പോർട്ടിലൂടെ നടത്തുവാൻ കഴിഞ്ഞിട്ടുള്ളൂ. സമഗ്രമായ പഠനത്തിന്റെയും സാങ്കേതിക വിദ്യയുടെയും അഭാവവും ഈ ന്യൂനതയ്ക്ക് ഒരു പരിധിവരെ കാരണങ്ങളാണ്. എന്നിരുന്നാലും വരും കാലം കല്ലടയുടെ വികസന പരിപാടികൾക്ക് ഒരു ആദ്യചവിട്ടു പടിയായി ഈ റിപ്പോർട്ടു സഹായിക്കുമെന്ന് ഞങ്ങൾക്ക് വിശ്വാസമുണ്ട്. ഇന്ത്യൻ ഗ്രാമങ്ങളുടെ തനിമ അതേപടി ഒപ്പി എടുത്തിട്ടുള്ള കിഴക്കേ കല്ലട ഗ്രാമം ഈ എളിയ സംരഭത്തിൽ ആത്മാർത്ഥമായി അണിചേർത്തിട്ടുണ്ട്.

വരും തലമുറയ്ക്ക് കൂടുതൽ അറിയുവാനും ഗവേഷണങ്ങൾക്ക് വിധേയമാരക്കുവാനും കഴിയുന്ന ധാരാളം പരാമർശങ്ങളും സത്യസന്ധമായ കുറിപ്പുകളും രേഖകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്പോഴത്തെ തലമുറയിൽ അധികം പേരും മറന്നു പോയതും കാണാതെ പോയതും, ശ്രദ്ധിയ്ക്കുവാൻ ഒരു പരിധി വരെ ശ്രമിച്ചിട്ടുണ്ട്. കല്ലടയുടെ മണ്ണിൽ ജനിച്ച് ഇവിടെ വളർന്ന് ഇവിടെ തന്നെ മണ്ണടിഞ്ഞ അനേകായിരങ്ങളുടെ ജീവിതത്തിന്റെ പച്ചയായ മണം ഈ റിപ്പോർട്ടിന്റെ ഓരോ വാക്കിലും കാണാൻ കഴിയും. അതിവിശാലമായ അറിവിന്റെ സാഗരതീരത്ത് ചെറിയ ചിപ്പികൾ പെറുക്കി നടക്കുന്ന ഒരു കൊച്ചുക്കുഞ്ഞിന്റെ മാനസ്സികാവസ്ഥ മാത്രമേ ഇതു സമർപ്പിയ്ക്കുമ്പോൾ ഞങ്ങൾക്കുള്ളു. തള്ളേണ്ടതിനു തള്ളിയും കൊള്ളേണ്ടതിനെ കൊണ്ടുമുള്ള മഹത്തായ ജനാധിപത്യ പാരമ്പര്യമുള്ള കല്ലട ഗ്രാമവാസികൾ ഈ റിപ്പോർട്ട് സമഗ്രമായി പഠിച്ച് അർത്ഥവത്തായ ചർച്ചകളിലൂടെ ഇതിന് പൂർണ്ണത നൽകണമെന്ന് സവിനയം ഞങ്ങൾ പ്രതീക്ഷിക്കുന്നു.

പ്രസിഡന്റ്

ജനകീയാസൂത്രണ പദ്ധതി കിഴക്കേ കല്ലട ഗ്രാമ പഞ്ചായത്ത്

കോഡിനേറ്റർ : ശ്രീ. പി. വൈ. വർഗ്ഗീസ്.

പഠനപര്യടനത്തിൽ പങ്കെടുത്തവർ

മാത്തുണ്ണി വൈദ്യൻ
സദാശിവൻപിള്ള. എൻ
വടുത്തോപ്പിൽ കുഞ്ഞുരാമൻപിള്ള
വൈ. തോമസ്
കുഞ്ഞുരാമകുറുപ്പ്
കെ. പാപ്പി
ജേക്കബ് വൈദ്യൻ
പ്രകാശിനി.കെ.
ശാരദ
ജി. ബാലകൃഷ്ണപിള്ള
കല്ലട ദാസ്
സുശീലൻ.റ്റി.
ജയകുമാർ.കെ.
ഈട്ടിവിള ബാബു
അപ്പുക്കുട്ടൻപിള്ള, ആനന്ദമഠം
മനയത്ത് രാധാകൃഷ്ണപിള്ള

കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത് ഭൂപടം.



Computer Typeset at DATA TECH, Kollam Ph: 741982 and Printed at JAICEM OFFSET, Kollam Ph: 7617